# സുഭാഷിതസുധാ

സമ്പാ. ഫാ. ജെ. മാഴ്സൽ, C.M.I

JANATHA SERVICES
ERNAKULAM



426.

# സുഭാഷിതസുധാ

JANATHA SERVICES
ERNAKULAM

Sanscrit (Malayalam)
SUBHASHITASUDHA

Poems Compiled by

By

Fr. J. Marcel C. M. I. M. A.

First Published May 1981

Cover Design C. N. Raju

Printed at
Prathibha Training Centre,
Thevara, Cochin-682 013

Price Rs. 7.00

Rights Reserved

Publishers:
Janatha Services,
Thevara, Cochin-682013.

Distributors
Janatha Book Stall,
Thevara—Ernakulam—Alwaye

M/808.88
MAR

426.

# സുഭാഷിതസുധാ

ഫാ. ജെ. മാഴ്സൽ സി.എം.ഐ., എം.ഏ.
(സമ്പാദകൻ)

DHARMARAM COLLEGE LIBRARY BANGALORE-29

10015

ACHARYA PALACKAL JEEVASSKENDRAM LIBRARY ALUVA

വിതരണം

ജനത ബുക്ക് സ്റ്റാൾ
തേവര-എറണാകുളം-ആലുവ
വില : 7.00

# അവതാരിക

പ്രസിദ്ധങ്ങളും പ്രാക്തനങ്ങളുമായ സംസ്കൃത ഗ്രന്ഥങ്ങളിൽനിന്നും ചികഞ്ഞെടുത്ത 500 ലധികം ശ്ലോകങ്ങളുടെ സമാഹാരമാണ് സുഭാഷിതസുധാ.

മനുഷ്യസമൂഹത്തെ സ്ഥായിയായി സ്പർശിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്ന, വിനയാധാനം, സദാചാരം, ധനതൃഷ്ണ, പരിത്യാഗം, കാമം, കോപം, ക്രോധം, തുടങ്ങിയ വിഷയങ്ങളെക്കുറിച്ചും, ഈശ്വരാസ്തിക്യം, ഈശ്വരചിന്ത, ഈശ്വരൈക്യം തുടങ്ങിയ ചിന്തകളെ സംബന്ധിച്ചുള്ള വിശിഷ്ടങ്ങളായ ശ്ലോകങ്ങളുടെ സമുച്ചയമാണ് സുഭാഷിതസുധാ.

വ്യക്തിപരമായ പഠനത്തിനും, വ്യക്തിവളർച്ചക്കും സുഭാഷിതസുധാ തീർച്ചയായും സഹായകമായിരിക്കും. യുവജനങ്ങൾ സുഭാഷിതസുധാ ഹൃദിസ്ഥമാക്കിയാൽ അത് അവർക്കു വ്യക്തിപരമായ ജീവിതത്തിലും, സാമൂഹ്യതലത്തിലും ഒരു വലിയ നേട്ടമായിരിക്കും—തീർച്ച.

ജാതിമതഭേദമെന്യേ ഏവർക്കും ഒരുപോലെ ആസ്വാദ്യമാണ് ഈ സമാഹാരം. പ്രായമോ, രുചിഭേദമൊ സുഭാഷിതസുധയുടെ ആസ്വാദനത്തിന് വിഘാതമാകയില്ല.

നമ്മുടെ സെമ്മിനാരികളിൽ പരിശീലനവും പഠനവും നടത്തുന്ന യുവസഹോദരങ്ങളും യുവ സന്യാസിനി സന്യാസികളും സുഭാഷിതസുധ സ്വന്തമാക്കിയാൽ അത് ഒരു സമ്പാദ്യമായിരിക്കും.

സുഭാഷിതസുധക്കു രൂപം നല്കിയ ബ. മാഴ്സലച്ചന് ആത്മാർത്ഥമായ അനുമോദനങ്ങൾ നേരുന്നു. ഈ അസുലഭഗ്രന്ഥം വഴി ധാരാളം നന്മ കൈവരട്ടെ എന്ന ആശംസയോടെ ഞാനിത് സഹൃദസമക്ഷം അവതരിപ്പിച്ചുകൊള്ളട്ടെ.

ഫാ. തോമസ് അനിസേററസ്, മൈക്കര, സി.എം.ഐ.
പ്രിയോർ ജനറൽ
7-5-81

# സുഭാഷിതസുധാ

## ആമുഖം

സംസ്കൃത പദ്യങ്ങളുമായി പരിചയപ്പെടുവാൻ തുടങ്ങിയ നാളു്മുതൽ എനിക്കു തോന്നാറുണ്ടായിരുന്നു- അവയിൽ വിശിഷ്ടങ്ങളായവയെ സംസ്കൃതാനഭിജ്ഞരായ സുഹൃത്തുക്കൾക്കു പരിചയപ്പെടുത്തിക്കൊടുക്കണമെന്ന്.

ഈ ആഗ്രഹം സഫലമാകാൻ ഇത്രയും കാലം കാത്തിരിക്കേണ്ടിവന്നു. ഐഹിക ജീവിതാന്ത്യം സമീപസ്ഥമായിരിക്കുന്നതുകൊണ്ട് ചിരകാലാഭിലാഷം പൂർത്തീകരിക്കണമെങ്കിൽ അതു വേഗം വേണമെന്ന് ആന്തരികമായി ഒരുണർത്തൽ തുടരെ ഉണ്ടായിക്കൊണ്ടിരുന്നതിനാൽ, സാഹചര്യങ്ങൾ അനുകൂലമല്ലാതിരുന്നിട്ടും കൈവശമുണ്ടായിരുന്ന ചില ഗ്രന്ഥങ്ങളിൽനിന്നും ഹൃദ്യവും സുഗ്രഹവും ആനന്ദദായകവുമായി എനിക്കു തോന്നിയ കുറേ ശ്ലോകങ്ങൾ തിരഞ്ഞെടുക്കുകയാണു ചെയ്തത്.

'ഫാദർ ഇഗ്നേഷ്യസ് സി. എം. ഐ. യുടെ സംസ്കൃത ശ്ലോകങ്ങൾ', ഹിതോപദേശം, നീതി വൈരാഗ്യശതകങ്ങൾ, ഭഗവദ്ഗീത, കുമാരസംഭവം, ബ. തോമ്മാ കത്തനാരുടെ 'മണിമാലിക', മഹാകവിയും ദേശീയ കേന്ദ്ര അക്കാഡമി അവാർഡിനു അർഹനുമായി തീർന്ന എൻെറ ബഹുമാന്യ സുഹൃത്ത് പ്രഫ. പി. സി. ദേവസ്യാ യുടെ ക്രിസ്തു ഭാഗവതം തുടങ്ങിയ ഗ്രന്ഥങ്ങളിൽ നിന്നുമാണ് പദ്യങ്ങൾ എടുത്തിട്ടുള്ളത്. 'ധർമ്മാരാമ' നാമകൃത്തായ മഹാകവി ഈ പദ്യസമാഹാരത്തിനും പേരിട്ടു സുഭാഷിതസുധാ.

സുഭാഷിത സുധാ പുസ്തകരൂപത്തിൽ സഹൃദസമക്ഷം അവതരിപ്പിക്കുന്നതിനു വാർദ്ധക്യദശയിൽ കുടുതൽ ഉന്മേഷം പകരുന്നതിനു മറെറാരു കാരണവുംകൂടിയുണ്ട്. ഒരെനൂററാണ്ടു കാലം മുമ്പ് 14 6-1931-ൽ, കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും വന്ന 11 യുവാക്കന്മാർ അവരുടെ ജീവിതത്തെ സന്യാസവ്രതങ്ങൾ വഴി സ്വയം ഈശ്വരന് സമർപ്പിക്കുകയുണ്ടായി. അവരിൽ 4പേർ ഇതിനകം ഈശ്വരൈക്യം പ്രാപിച്ചുകഴിഞ്ഞു. അവരുടെ പേരുകൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ബ്ര. അർണോൾഡ് ചിറമ്മേൽ | 18 10-1936 |
| 2 | റവ. ഫാ. ജലാസിയോസ് കൊടിയിൽ | 4-5-1968 |
| 3 | റവ. ഫാ. ക്ലിമാക്കോസ് പുന്നൂർ | 4-2-1970 |
| 4 | റവ. ഫാ. ഹെർബർട്ട് കുന്നപ്പിള്ളി | 24-6-1973 |

ജീവിത വിജയത്തിന് നിതരാം നിദാനമായ വ്രതവാഗ്ദാനത്തിൻെറ സൗവർണ്ണ ജ്ജൂബിലി ഈശ്വരസമക്ഷം അവർ സസന്തോഷം ആചരിക്കാതിരിക്കയില്ല.

ഈ സുദിനം കാണുവാൻ ഇന്നുവരെ ജീവിച്ചിരിക്കുന്ന ശതാബ്ധിജരായ ഞങ്ങൾ ഒമ്പതു പേരാണ്.

റവ. ഫാ. ഓസ്വാൾഡ് കല്ലായ്ക്കാവിൽ പള്ളിപ്പുറം, റവ. ഫാ. ഗെരയോൺ വിതയത്തിൽ പുത്തൻപള്ളി, റവ. ഫാ. റെയിനോൾഡ്സ് ചെമ്പകശേശരി പാലാ, റവ. ഫാ. വെർജിൽ കാളിയാടൻ പൊയ്യ, റവ. ഫാ. മാർക്ക് പുൽപറമ്പിൽ കല്ലൂർക്കാട്, റവ. ഫാ. ജോഷ്വാ ചിറമ്മേൽ മണലൂരു, റവ. ഫാ. ആൽസലം പെരുമാലിൽ മാന്നാനം, റവ ഫാ. മാഴ്സൽ പുൽപറമ്പിൽ കല്ലൂർക്കാട്, റവ. ഫാ. റെജിനാൾഡ് ആലപ്പാട്ട് എടത്തുരുത്തി.

അതുല്യമായ ഈ മംഗളാവസരത്തിൽ. സച്ചിദാനന്ദസ്വരൂപനായ ത്രിതൈക ദൈവത്തിനു ഞങ്ങൾ സ്വയം പുനരർപ്പണം ചെയ്യുന്നു. നാളിതുവരെ സ്വീകരിച്ചിട്ടുള്ള നിരന്തരമായ നിരവധി അനുഗ്രഹങ്ങൾക്കു ഈശ്വര സമക്ഷം ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു. സർവതോന്മുഖമായ ഭാവ്യനുഗ്രഹങ്ങൾക്കായി സപ്രശ്രയം പ്രാർത്ഥിക്കുകയും ചെയ്യുന്നു. സഭാനാഥയായ കർമ്മലാമ്മയെ വിവിധ വികാരങ്ങളോടെ നമിക്കുന്നു. സ്വർഗ്ഗം പൂകിയ ഞങ്ങളുടെ പ്രിയ മാതാപിതാക്കന്മാരെ സ്നേഹനിർഭരമായ കൃതജ്ഞതയോടെ വന്ദിക്കുകയും, ഗുരുഭൂതന്മാരെ കൃതജ്ഞതാപൂർവ്വം വണങ്ങുകയും ചെയ്യുന്നു.

രുചിവ്യത്യാസം പരിഗണിക്കുമ്പോൾ, ഈ ശ്ലോകസമാഹാരം – 'സുഭാഷിതസുധാ' ഏവർക്കും ഒരുപോലെ ഹൃദ്യമായിരിക്കണമെന്നില്ല രുചി ഭേദം മനസ്സിലാക്കി കുറെക്കൂടി മെച്ചപ്പെട്ടവ സമാഹരിക്കുവാൻ ഒരുപക്ഷേ സാധിക്കുമായിരുന്നു. എന്നാൽ പ്രതികൂല സാഹചര്യത്തിൽ സാധിച്ചതു ചെയ്തു എന്നു കരുതി ഞാൻ തൃപ്തനാകുന്നു.

സംസ്കൃതശ്ലോകങ്ങൾ മലയാളലിപികളിൽ പകർത്തി, മലയാളത്തിൽ ഓരോന്നിന്റേയും അർത്ഥം യഥാസ്ഥാനം കൊടുത്തിരിക്കയാണ്, പദാർത്ഥങ്ങൾ ശ്ലോകാർത്ഥത്തിൽ നിന്നും ഗ്രഹിക്കാവുന്നതാണല്ലോ.

ശ്ലോകങ്ങൾക്കു ആദ്യത്തിൽ അനുക്രമമായ നമ്പരും, പിന്നീട് മൂലഗ്രന്ഥത്തിലെ അദ്ധ്യായവും നമ്പരും കൊടുത്തിട്ടുണ്ട്. ഓരോ ശ്ലോകത്തിന്റേയും അർത്ഥം സൂത്രവാക്യത്തിൽ അവസാനം കൊടുത്തിരിക്കുന്നത്, ആഗ്രഹിക്കുന്നവർക്ക് ആവശ്യാനുസരണമുള്ള ശ്ലോകം എളുപ്പത്തിൽ കണ്ടെത്തുന്നതിനു സഹായിക്കട്ടെ എന്നു കരുതിയാണ്.

വളരെ ബുദ്ധിമുട്ടിയാണ് സംസ്കൃതം അല്പമെങ്കിലും പഠിച്ചത്. ആ ക്ലേശങ്ങളുടെ ഫലം

സഹൃദയരായ കുറെപ്പേർക്കെങ്കിലും, ഈ 'സുഭാഷിത സുധാ' വഴി ഉപകരിക്കുമെങ്കിൽ ഞാൻ കൃതാർത്ഥനായി, ഈ പദ്യസമാഹാരത്തിലേയ്ക്ക് സ്വന്തമഹാകാവ്യം- ക്രിസ്തുഭാഗവതത്തിൽ നിന്നും കുറെ പദ്യങ്ങൾ ഉദ്ധരിക്കുന്നതിനു അനുവദിക്കുകയും, മററു പലതരത്തിൽ എന്നെ പ്രോത്സാഹിപ്പിക്കുകയും, ചെയ്ത എൻെറ പ്രിയസുഹൃത്ത് മഹാകവി പ്രഫ.പി.സി. ദേവസ്യ ക്കു പ്രത്യേകം നന്ദി. ഈ ഗ്രന്ഥത്തിൻെറ കൈയ്യെഴുത്തി പ്രതി, അച്ചടിക്കു വിധേയമാക്കുന്നതിനു മുമ്പ്, വേണ്ടവിധം പാകപ്പെടുത്തുകയും തെററുകൾ പററാതിരിക്കുവാൻ കരുതലോടെ പരിശ്രമിക്കുകയും ചെയ്ത തി. ഹൃദയ കലാലത്തിലെ സംസ്കൃതാദ്ധ്യാപകനും എൻെറ അനന്തരഗാമിയുമായ ശ്രീ. പി. ബാലകൃഷ്ണൻ നായർക്കു സ്നേഹപൂർവ്വം കൃതജ്ഞത.

കൃത്യാന്തര ബഹുലതയാൽ വീർപ്പുമുട്ടുന്നതിനിടയിൽ, സുഭാഷിതസുധയെ സഹൃദയ സമക്ഷം അവതരിപ്പിക്കുന്നതിന് സസന്തോഷം സമ്മതിച്ച അഭിവന്ദ്യ പ്രിയോർ ജനറൽ ഡോ. തോമസ് ഐക്കരയച്ചനോട് ഞാൻ കൃതഞ്താബദ്ധനാണ്.

ജനതാസർവീസസിൻെറ സെക്രട്ടറിയായ സഹൃദയൻ ബ. സക്കറിയാസ് പായിക്കാട്ടച്ചനും അദ്ദേഹത്തിൻെറ സഹപ്രവർത്തകർക്കും. എൽ എഫ്. ഐ. പ്രസ്സ് മാനേജർ ബ. ജോർജ്ജ് കല്ല്യങ്കകുടിയച്ചനും ധന്യവാദം.

നിത്യജീവനിലേയ്ക്കു കാത്തിരിക്കുന്ന ഞങ്ങളുടെ പ്രിയ മാതാപിതാക്കന്മാർക്ക് ഈ ലഘു ഗ്രന്ഥം— സുഭാഷിതസുധാ- സ്നേഹാദരങ്ങളോടെ ഞങ്ങൾ സമർപ്പിക്കുന്നു.

ജെ. മാഴ്സൽ സി. എം. ഐ,
സി. എം. ഐ, സഭയുടെ 11-5-1981,
150-മത്തെ ജന്മദിനം.



1.



2



3



4



5.



6.



7.



8



9.

1. റവ. ഫാ. ഓസ്‌വാൾഡ്, കല്ലറയ്ക്കകടവിൽ
2. റവ. ഫാ. ഗരയോൻ, വിതയത്തിൽ
3. റവ. ഫാ. റെയിനോൾഡ്സ്, ചെമ്പകശ്ശേരി
4. റവ. ഫാ. വെർജിൽ, കാളിയാടൻ
5. റവ. ഫാ. മാർക്ക്, പുലപ്പറമ്പിൽ
6. റവ. ഫാ. ജോഷ്വാ, ചിറമ്മേൽ
7. റവ. ഫാ. ആൻസ്‌ലം, പെരുമാലിൽ
8. റവ. ഫാ. ജെ. മാഴ്സൽ, പുലപ്പറമ്പിൽ
9. റവ. ഫാ. റജിനാൾഡ്, ആലപ്പാട്ട്

# സുഭാഷിതസുധാ

## ഹിതോപദേശം ആമുഖം

അജരാമരവത് പ്രാജ്ഞോ വിദ്യാമർത്ഥംച
ചിന്തയേത്
ഗൃഹീതഇവകേശേഷുമൃത്യുനാധർമ്മമാചരേത്. 3

വിദ്യയും ധനവും ആർജ്ജിക്കുന്നതിന് പരിശ്രമിക്കുന്ന ബുദ്ധിമാനായ മനുഷ്യൻ ചിന്തിക്കേണ്ടത് താൻ ജരാമരണങ്ങൾക്കു വിധേയനാവുകയില്ലെന്നാണ്. എന്നാൽ തന്റെതലമുടിക്കു മരണം പിടികൂടിയാലെന്നപോലെ അത്യധൃതിയിൽ സ്വകർത്തവ്യങ്ങൾ അവൻ നിർവഹിക്കണം.

2

സർവദ്രവ്യേഷുവിദ്യൈവ ദ്രവ്യമാഹുരനുത്തമം
അഹാര്യത്വാദനർഘത്വാദക്ഷയത്വാച്ചസർവദാ. 4

എല്ലാററിലുംവച്ച് ശ്രേഷ്ഠമായിട്ടുള്ളത് വിദ്യയാണെന്ന് ബുദ്ധിമാന്മാർ പറയുന്നു. കാരണം, അത് അപഹരിക്കപ്പെടുകയില്ല; അത് ഏററവും വിലയുള്ളതും ഒരിക്കലും ക്ഷയമില്ലാത്തതുമാകുന്നു.

3

വിദ്യാ ദദാതിവിനയം വിനയാദ്യാതി പാത്രതാം
പാത്രത്വാദ്ധനമാപ്നോതി ധനാദ്ധർമം തത:
സുഖം. 6

അറിവ് മനുഷ്യനു വിനയം നൽകുന്നു. വിനയം നിമിത്തം ഒരുവൻ ബഹുമാനത്തിനർഹനാകുന്നു. അതുവഴി ധനവും ധനംവഴി സുകൃതങ്ങളും തന്മൂലം സൗഭാഗ്യവും സിദ്ധിക്കുന്നു.

4

വിദ്യാശസ്ത്രസ്യ ശാസ്ത്രസ്യ ദ്വേ വിദ്യേപ്രതിപത്തയേ
ആദ്യാ ഹാസ്യായ വൃദ്ധത്വേ ദ്വിതീയാദ്രിയതേ സദാ. 7

ആയുധവിദ്യ, ശാസ്ത്രവിദ്യ എന്നീ രണ്ടിനം വിദ്യകളും കീർത്തിദായകങ്ങളാണ്. എന്നാൽ വാർദ്ധക്യകാലത്തു ആദ്യത്തേത് അപഹാസത്തിനായി ഭവിക്കുന്നു; രണ്ടാമത്തേതാകട്ടെ എന്നും പ്രശസ്തിക്കായും.

5

യൗവനം ധനസംപത്തി: പ്രഭുത്വമവിവേകിതാ
ഏകൈകമപ്യനർത്ഥായ കിമുയത്രചതുഷ്ടയം 11

യൗവനം, സമ്പത്സമൃദ്ധി, അധികാരം, അവിവേകത എന്നിവ ഓരോന്നും അപകടകാരിയാണ്. ഇവ നാലും ഒരിടത്തു ഒരുമിച്ചുണ്ടായാല് എന്താസ്ഥിതി?

6

കോർഥ: പുത്രേണ ജാതേന യോ നവിദ്വാന്ന ധാർമിക:
കാണേനചക്ഷുഷാ കിംവാ ചക്ഷു:പീഡൈവ കേവലം 12

പണ്ഡിതനോ ധാർമികനോ അല്ലാത്ത ഒരു പുത്രനുണ്ടായതുകൊണ്ട് എന്തുപ്രയോജനം? കാഴ്ചയില്ലാത്ത കണ്ണുകൊണ്ട് എന്തുപകാരം, കണ്ണിനുവേദന ഉണ്ടാക്കുമെന്നതൊഴിച്ച്?

7

അജാതമൃതമൂർഖാണാം വരമാദ്യൗ നചാന്തിമ:
സകൃത്ദു:ഖകരാവാദ്യാവന്തിമസ്തുപദേ പദേ 13

ജനിക്കാത്തവൻ, ജനിച്ചിട്ട് മരിച്ചവൻ, ദുഷ്ടനായ പുത്രൻ ഇവരിൽ ആദ്യത്തെ രണ്ടുമാണ് മെച്ചം, മൂന്നാമത്തവനല്ല. ആദ്യത്തെ രണ്ടുപേരും ഒരിക്കൽ മാത്രമെ വേദനിപ്പിക്കുന്നുള്ളു. മൂന്നാമത്തെവനാകട്ടെ നിരന്തരം ദുഃഖിപ്പിക്കുന്നു.

8

വരമേകോ ഗുണീ പുത്രോ ന ച മൂർഖശതാന്യപി
ഏകശ്ചന്ദ്രസ്തമോ ഹന്തി നച താരാഗണോ
പിച 17

ദുഷ്ടരായ ഒരുശതം പുത്രന്മാരേക്കാരം നന്ന് ഉത്തമനായ ഏകപുത്രനാണ്. ചന്ദ്രൻ ഏകനാണെങ്കിലും ഇരുട്ടിനെ നീക്കം ചെയ്യുന്നു, എന്നാൽ അനേകനക്ഷത്രങ്ങരംക്ക് അതു സാധ്യമല്ല.

9

പുണ്യതീർഥേ കൃതംയേനതപ: ക്വാപ്യതിദുഷ്കരം
തസ്യപുത്രോഭവേദ്വശ്യ: സമൃദ്ധോ ധാർമിക:
സുധീ: 18

ഏതെങ്കിലും തീർഥസ്ഥാനത്തുപോയി ദുഷ്കരമായ തപശ്ചര്യകരം അനുഷ്ഠിച്ചിട്ടുള്ള ആളുടെ പുത്രൻ അനുസരണയുള്ളവനും സമൃദ്ധിയുള്ളവനും സത്യവാനും ബുദ്ധിമാനുമായിരിക്കും.

10

ഹാഹാ പുത്രക, നാധീതം സുഗതൈതാസുരാത്രിഷു
തേനത്വം വിദുഷാം മധ്യേ പങ്കേഗൗരിവസീദസി 24

എന്റെ മകനേ, ഹാ കഷ്ടം. നീ സുഖലോലുപമായ ജീവിതം നയിച്ചതുകൊണ്ട്, കഴിഞ്ഞുപോയ രാത്രികളിൽ ഒന്നും പഠിച്ചില്ല. തത്ഫലമായി, ചെളിയിൽ കാലുറച്ചുപോയ പശുവിനെപ്പോലെ, പണ്ഡിതന്മാരുടെ ഇടയിൽ നീ ദു:ഖിക്കേണ്ടിവരും.

11

ആഹാരനിദ്രാഭയമൈഥുനംച
സാമാന്യമേതത് പശുഭിർനരാണാം
ധർമോ ഹി തേഷാമധികോ വിശേഷോ
ധർമേണ ഹീനാ: പശുഭി:സമാനാ: 25

ആഹാരം, ഉറക്കം, ഭയം, ശാരിരീകസുഖങ്ങരം എന്നിവയെല്ലാം മൃഗങ്ങരംക്കും മനുഷ്യർക്കും പൊതുവായിട്ടുള്ളതാണ്. മനുഷ്യർക്ക് അധികമായും പ്രത്യേകമായിട്ടുള്ളത് കർത്തവ്യ

ബോധമാണ്. ഇതില്ലെങ്കിൽ മനുഷ്യർ മൃഗങ്ങൾക്ക് തുല്യരാണ്

12

ഉദ്യോഗിനം പുരുഷസിംഹമുപൈതി ലക്ഷ്മീർ-
ദൈവേന ദേയമിതി കാപുരുഷാ വദന്തി
ദൈവം നിഹത്യ കുരു പൗരുഷമാത്മശക്ത്യാ
യത്നേകൃതേ യദി നസിദ്ധ്യതി കോത്ര ദോഷ: 31

പരിശ്രമശീലമുള്ള സമർത്ഥനായ ആളിന് ഐശ്വര്യമുണ്ടാകും. വിധി നല്കുമെന്നു പറയുന്നത് അധമരായ മനുഷ്യരാണ്. വിധിയെ മാററിനിറുത്തിയിട്ട്, സ്വശക്തിക്കനുസരിച്ച് പൗരുഷത്തോടെ പ്രവർത്തിക്കുക. ഇപ്രകാരം പരിശ്രമിച്ചിട്ടു ഫലമില്ലെങ്കിൽ നിനക്കു യാതൊരു കുററവുമില്ലല്ലൊ.

13

ഉദ്യമേന ഹി സിദ്ധ്യന്തി കാര്യാണി ന മനോരഥൈ:
നഹി സുപ്തസ്യ സിംഹസ്യ പ്രവിശന്തി മുഖേ
മൃഗാ: 36

കാര്യങ്ങൾ നേടുന്നതിന് പ്രയത്നമാണ് വേണ്ടത്. അലസമായ ആഗ്രഹങ്ങളല്ല. ഉറങ്ങിക്കിടക്കുന്ന സിംഹത്തിൻെറ വായിൽ മാൻ ചെന്നു പെടുകയില്ല.

14

മാതാ ശത്രു: പിതാ വൈരീ യേന ബാലോ നപാഠിത:
നശോഭതേ സഭാമധ്യേ ഹംസമധ്യേ ബകോ യഥാ. 38

തങ്ങളുടെ മകനെ പഠിപ്പിക്കാത്ത മാതാവും പിതാവും അവൻെറ ശത്രുക്കളാകുന്നു. അരയന്നങ്ങളുടെ ഇടയിൽ കൊക്ക് ശോഭിക്കാത്തതുപോലെ അങ്ങനെയുള്ള മകൻ ഇതരരുടെ ഇടയിൽ ബഹുമാനിക്കപ്പെടുകയില്ല.

15

മൂർഖോപി ശോഭതേ താവത് സഭായാം
വസ്ത്രവേഷ്ടിത:
താവച്ച ശോഭതേ മൂർഖോ യാവത് കിംചിന്ന
ഭാഷതേ. 40

മൂഢനായ ഒരുവൻപോലും നല്ല വസ്ത്രങ്ങൾ അണിഞ്ഞ് ഒരു യോഗത്തിൽ ചെന്നാൽ മാനിക്കപ്പെടും. എന്നാൽ അവൻ എത്രനേരം സംസാരിക്കാതിരിക്കുന്നുവോ അത്രയും സമയത്തേക്കു മാത്രമേ ഈ ബഹുമാനം ഉണ്ടാകൂ.

16

ഹീയതേ ഹി മതിസ്താത ഹീനൈ: സഹ
സമാഗമാത്
സമൈശ്ച സമതാമേതി വിശിഷ്ടൈശ്ച
വിശിഷ്ടതാം. 42

സ്നേഹിതാ, അധമരുമായുള്ള സമ്പർക്കത്താൽ ബുദ്ധി അധമമായി തീരും. സമന്മാരുമായി സഹവസിച്ചാൽ ബുദ്ധി വികസിക്കുകയില്ല. ഉത്കൃഷ്ടരുമായി സമ്പർക്കമുണ്ടായാൽ ബുദ്ധി വികസിക്കും.

## ഹിതോപദേശം മിത്രലാഭം

17

കാവ്യശാസ്ത്രവിനോദേന കാലോ ഗച്ഛതി
ധീമതാം
വ്യസനേന ച മൂർഖാണാം നിദ്രയാ കലഹേന വാ. 1

കാവ്യങ്ങളും ശാസ്ത്രങ്ങളും പഠിക്കുന്നതിൽ നിന്നും ഉളവാകുന്ന വിനോദത്തിൽ ബുദ്ധിമാന്മാർ സമയം ചിലവഴിക്കുന്നു. നിസ്സാരന്മാരാകട്ടെ ദുഷ്കൃത്യങ്ങളിലും ഉറക്കത്തിലും കലഹങ്ങളിലും സമയം കടത്തിവിടുന്നു.

18

ശോകസ്ഥാനസഹസ്രാണി ഭയസ്ഥാനശതാനി ച
ദിവസേ ദിവസേ മൂഢമാവിശന്തി ന പണ്ഡിതം. 3

മൂഢന്മാരായിട്ടുള്ളവരെയാണ് ഓരോ ദിവസവും ആയിരക്കണക്കിനു ദുഃഖകാരണങ്ങളും നൂറുകണക്കിന് പേടിപ്പെടുത്തലുകളും പിടി കൂടുന്നത്, ബുദ്ധിമാന്മാരെയല്ല.

19

ഉത്ഥായോത്ഥായ ബോദ്ധവ്യം മഹദ്ഭയ
മുപസ്ഥിതം
മരണവ്യാധിശോകാനാം കിമദ്യ നിപതിഷ്യതി 4

അനുദിനം ഉണരുമ്പോൾ ബുദ്ധിമാൻ ഓർക്കണം ഇന്ന് എനിക്കു വലുതായ വല്ല വിപത്തുമുണ്ടായേക്കാമെന്ന് — മരണമോ ദുഃഖമോ. (അങ്ങനെ ചെയ്താൽ, ഏതെങ്കിലും അത്യാഹിതമുണ്ടാകുമ്പോൾ മുന്നറിവുള്ളവനെപ്പോലെ അവൻ ഒരുങ്ങിയിരിക്കും.)

20

അനിഷ്ടാദിഷ്ടലാഭേപി ന ഗതിർജായതേ ശുഭാ
യത്രാസ്തേ വിഷസംസർഗോമൃതം തദപി
മൃത്യവേ. 6

തെററായ മാർഗത്തിൽകൂടി ഉദ്ദിഷ്ടകാര്യം നേടിയാൽ ഫലം നന്നായിരിക്കയില്ല. അമൃതാണെങ്കിലും വിഷം കലർന്നാൽ മരണത്തിനിടയാകും.

21

ന സംശയമനാരുഹ്യ നരോ ഭദ്രാണി പശ്യതി
സംശയം പുനരാരുഹ്യ യദിജീവതി പശ്യതി. 7

സാഹസകൃത്യങ്ങളിലിടപെടാതെ നല്ലകാലംവരില്ല. എന്നാൽ ഈദൃശകൃത്യങ്ങളിൽ ഇടപെട്ട് അവയെ അതിജീവിച്ചാൽ അവൻ ഭാഗ്യവാനാകും.

22

പ്രാണാ യഥാത്മനോഭീഷ്ടാ ഭൂതനാമ
പി തേ തഥാ
ആത്മൗപമ്യേനഭൂതേഷുദയാം കുർവന്തിസാധവ: 12

അവനവന് സ്വജീവൻ എങ്ങനെ പ്രിയമേറിയതാണോ അപ്രകാരംതന്നെ ജീവൻ ഇതരജീവകൾക്കും വിലപ്പെട്ടതാണ്. മററു ജീവികളെ തന്നോടു തന്നെ താരതമ്യപ്പെടുത്തികൊണ്ട് നല്ലവൻ ഇതരജീവികളോട് കരുണ കാണിക്കുന്നു.

23

ദാതവ്യമിതിയദ്ദാനം ദീയതേനുപകാരിണേ
ദേശേ കാലേച പാത്രേച തദ്ദാനം സാത്വികം
വിദു: 16

തിരികെ കിട്ടുമെന്നു പ്രതീക്ഷയില്ലാത്ത ഒരാൾക്ക്, തക്കസ്ഥലത്തും സമയത്തും നല്കപ്പെടുന്ന ദാനമേതോ അതാണ് ഏററവും ഉത്തമമായ ദാനം.

24

സർവസ്യ ഹി പരീക്ഷ്യന്തേ സ്വഭാവാ നേതരേഗുണാ:
അതീത്യ ഹി ഗുണാൻ സർവാൻ സ്വഭാവോ
മൂർധ്നി വർതതേ 20

ഓരോരുത്തരുടേയും സ്വഭാവമാണ് പരിശോധിച്ചറിയേണ്ടത്, ഇതരഗുണങ്ങളല്ല. മററെല്ലാഗുണങ്ങളെയും മറികടന്നിട്ടു സ്വഭാവം പ്രഥമസ്ഥാനത്തു നില്ക്കുന്നു.

25

സുജീർണമന്നം സുവിചക്ഷണ:സുത:
സുശാസിതാ സ്ത്രീ നൃപതി: സുസേവിത:
സുചിന്ത്യചോക്തം സുവിചാര്യ യത്കൃതം
സുദീർഘകാലേ പി ന യാതി വിക്രിയാം. 22

നന്നായി ദഹിച്ച ആഹാരവും, നല്ലശിക്ഷണം ലഭിച്ച പുത്രനും, നല്ല നിയന്ത്രണമുള്ള ഭാര്യയും, വിശ്വസ്തതാപൂർവ്വം പരിചരിക്കപ്പെടുന്ന രാജാവും, ആലോചനാപൂർവ്വം പറയപ്പെടുന്ന വാക്കും, വേണ്ട പരിചിന്തനത്തിനുശേഷം ചെയ്യുന്ന പ്രവൃത്തിയും ഏറെക്കാലം കഴിഞ്ഞാലും കുഴപ്പമുണ്ടാക്കുകയില്ല.

26

ഈർഷീ ഘൃണീ ത്വസംതുഷ്ട: ക്രോധനോ
നിത്യശംകിത:
പരഭാഗ്യോപജീവി ച ഷഡേതേ ദു:ഖഭാഗിന: 25

അസൂയാലുവും, പരദൂഷകനും, ഏതിലും അസന്തുഷ്ടനും, കോപിഷ്ടനും, സംശയാലുവും, അന്യരുടെ ഭാഗ്യം-

കൊണ്ട് ജീവിക്കുന്നവനും—ഈ ആറുകൂട്ടർക്കും ലഭിക്കുന്നതു ദൗർഭാഗ്യം മാത്രമാണ്.

27

ലോഭാത് ക്രോധ: പ്രഭവതി ലോഭാത് കാമ:
പ്രജായതേ
ലോഭാൻമോഹശ്ച നാശശ്ച ലോഭ:
പാപസ്യ കാരണം 27

അത്യാഗ്രഹത്തിൽ നിന്നും അസ്വസ്ഥത ഉണ്ടാകുന്നു. ലോഭത്തിൽ നിന്നും സുഖാദികൾക്കുള്ള ആഗ്രഹം ജനിക്കുന്നു. അത്യാഗ്രഹമാണ് മൂഢവിചാരങ്ങളെ ഉളവാക്കുന്നത്. നാശത്തിനും കാരണം ലോഭമാണ്. പാപത്തിന്റെ മൂലകാരണം ലോഭമത്രെ.

28

വിപദി ധൈര്യമഥാഭ്യുദയേ ക്ഷമാ
സദസി വാക്പടുതാ യുധി വിക്രമ:
യശസിചാഭിരുചിർവ്യസനം ശ്രുതൗ
പ്രകൃതിസിദ്ധമിദം ഹി മഹാത്മനാം 32

ആപത്തിൽ ധൈര്യവും, ഐശ്വര്യത്തിൽ ആത്മനിയന്ത്രണവും, സദസ്സിൽ വാഗ്മിത്വവും, യുദ്ധരംഗത്ത് പരാക്രമവും, സത്കീർത്തിയിൽ താത്പര്യവും, പഠനത്തിൽ ഔത്സുക്യവും മഹാന്മാർക്ക് സ്വത:സിദ്ധമായിട്ടുള്ളതാണ്.

29

ഷഡ്ദോഷാ:പുരുഷേണേഹ ഹാതവ്യാ ഭൂതി
മിച്ഛതാ
നിദ്രാ തന്ദ്രാ ഭയം ക്രോധ ആലസ്യം ദീർഘ
സൂത്രതാ 34

ഈ ലോകത്ത് ക്ഷേമമാഗ്രഹിക്കുന്ന മനുഷ്യൻ ദോഷകാരികളായ ആറുകാര്യങ്ങളെ വർജിക്കണം: ഉറക്കം, നിഷ്ക്രിയത്വം, ഭീരുത്വം, കോപം, മടി, നീട്ടി നീട്ടി വയ്ക്കുന്ന സ്വഭാവം എന്നിവ.

10015



ARYA PALACKAL JEEVASSKEN...
LIBRARY

30

അല്പാനാമപി വസ്തൂനാം സംഹതി:
കാര്യസാധികാ
തൃണൈർഗുണത്വമാപന്നൈർബദ്ധ്യന്തേ
മത്തദന്തിന: 35

നിസ്സാരവസ്തുക്കളുടെ യോജിപ്പ് കാര്യസിദ്ധി ഉളവാക്കുന്നു. മദയാനകളെ പുല്ലുകൊണ്ട് പിരിച്ച വടംകൊണ്ടു തളച്ചിടുന്നു.

31

സംഹതി: ശ്രേയസീ പുംസാം സ്വകുലൈ
രല്പകൈരപി
തുഷേണാപി പരിത്യക്താ നപ്രരോഹന്തി
തണ്ഡുലാ: 36

സ്വകുടുംബത്തോടുള്ള ബന്ധം എത്ര നിസ്സാരമായിരുന്നാൽപ്പോലും അത് മനുഷ്യരുടെ നന്മയ്ക്കായി ഭവിക്കും. നെൻമണിയുടെ ഉമി നീക്കികളഞ്ഞാൽ അതു മുളക്കുകയില്ലല്ലോ.

32

യസ്യമിത്രേണ സംഭാഷാ യസ്യ മിത്രേണ
സംസ്ഥിതി:
യസ്യമിത്രേണ സംലാപസ്തതോ നാസ്തീഹ
പുണ്യവാൻ 39

സ്നേഹിതനോടുകൂടി സംഭാഷിക്കുകയും സ്നേഹിതനോടൊത്ത് വസിക്കുകയും സ്നേഹിതനുമായി പ്രതിപാദനം നടത്തുകയും ചെയ്യുന്ന ആളെക്കാൾ കൂടുതൽ സുകൃതവാനായി മറ്റൊരാളില്ല.

33

ധനാനി ജീവിതം ചൈവ പരാർത്ഥേ പ്രാജ്ഞ
ഉത്സൃജേത്
സന്നിമിത്തേവരം ത്യാഗോവിനാശേനിയതേസതി 44

ബുദ്ധിമാനായ മനുഷ്യൻ സ്വധനവും ജീവനും അന്യനു വേണ്ടി സമർപ്പിക്കണം. നല്ല കാര്യത്തിനുവേണ്ടി അവ

ത്യജിക്കുന്നത് അഭികാമ്യമാണ്, കാരണം മരണം തീർച്ചയായിട്ടുള്ള സംഗതിയാണല്ലൊ.

34

അജ്ഞാതകുലശീലസ്യ വാസോ ദേയോ ന
കസ്യചിത്
മാർജാരസ്യഹിദോഷേണ ഹതോ ഗൃധ്രോജരദ്ഗവ: 56

ഒരാളുടെ കുടുംബവും സ്വഭാവവും മനസ്സിലാക്കാതെ അവനെ സ്വഭവനത്തിൽ പാർപ്പിക്കരുത്. പൂച്ചയുടെ സ്വഭാവദൂഷ്യംകൊണ്ട് ജരദ്ഗവൻ എന്ന കഴുകൻ വധിക്കപ്പെട്ടു.

35

അരാവപ്യുചിതം കാര്യമാതിഥ്യം ഗൃഹമാഗതേ
ഛേത്തു:പാർശ്വഗതാം ഛായാം നോപ
സംഹരതേദ്രുമ: 59

ശത്രു തന്നെ ആയാലും വീട്ടിൽ അതിഥിയായി വന്നാൽ ഉചിതമായ അതിഥിസത്ക്കാരം നല്കണം. മരത്തെ വെട്ടുന്നതിനായി അരികത്ത് വന്നവനുപോലും മരം തണൽ നല്കാതിരിക്കുന്നില്ല.

36

അതിഥിർയസ്യഭഗ്നാശോ ഗൃഹാത്
പ്രതിനിവർതതേ
സതസ്മൈ ദുഷ്കൃതം ദത്വാ പുണ്യമാദായ
ഗഛതി 63

ഒരു അതിഥി നിരാശനായി വീട്ടിൽ നിന്നും മടങ്ങുമ്പോൾ അയാളുടെ പാപങ്ങളെല്ലാം ആ ഭവനത്തിന് നല്കിയിട്ട് അവിടത്തെ സുകൃതങ്ങളെല്ലാം കയ്യിലാക്കിയാണ് മടങ്ങുന്നത്.

37

ഏക ഏവ സുഹൃദ്ധർമോ നിധനേപ്യ നുയാതി യ:
ശരീരേണ സമം നാശം സർവമന്യത്തു ഗഛതി 66

ധർമ്മം എന്ന ഏക സ്നേഹിതൻ മാത്രമാണ് മരണത്തിൽ കൂടെ പോരുന്നത്. മററുള്ളതെല്ലാം ശരീരത്തോടുകൂടി നശിക്കുന്നു.

38

യോത്തിയസ്യയദാ മാംസമുഭയോ: പശ്യതാന്തരം
ഏകസ്യ ക്ഷണികാ[പീതിരന്യ:[പാണൈർ
വിമുച്യതേ 67

ഒരാൾ മററൊന്നിൻെറ മാംസം ഭക്ഷിക്കുമ്പോൾ അവർ ഇരുവരും തമ്മിലുള്ള വ്യത്യാസം കണ്ടാലും. ഒരാൾക്ക് താല്ക്കാലികമായ സന്തോഷം, ഇതരന് ജീവനാശം.

39

യ[ത വിദ്വജ്ജനോ നാസ്തി ശ്ളാഘ്യസ്ത
[താല്പധീരപി
നിരസ്തപാദപേ ദേശേ ഏരണ്ഡോപി
[ദുമായതേ 70

പണ്ഡിതന്മാരില്ലാത്തിടത്ത് അല്പബുദ്ധികൾപോലും [പകീർത്തിക്കപ്പെടും. മരമില്ലാത്ത നാട്ടിൽ കടലാവണക്കുപോലും മരമായി പരിഗണിക്കപ്പെടും.

40

അയംനിജ: പരോ വേത്തി ഗണനാ ലഘുചേതസാം
ഉദാരചരിതാനാം തു വസുധൈവ കുടുംബകം 71

ഇത് സ്വന്തം അത് അന്യൻ എന്നുള്ള ചിന്ത അല്പബുദ്ധികളുടേതാണ്. വിശാലഹൃദയർക്ക് ഈ ലോകം മുഴുവനും സ്വന്തം കുടുംബമാണ്.

41

ന കശ്ചിത്കസ്യചിന്മി[തം ന കശ്ചിത്
കസ്യചിദ്രിപു:
വ്യവഹാരേണ മി[താണി ജായന്തേ
രിപവസ്തഥാ 72

ആരും ഒരുത്തരുടേയും മി[തമോ ശ[തുവോ അല്ല. സ്നേഹിതരും ശ[തുക്കളും ഉണ്ടാകുന്നത് [പവർത്തനം വഴിയാണ്

42

ആപത്സു മി[തം ജാനീയാദ് യുദ്ധേ
ശൂരമൃണേശുചിം

ഭാര്യാം ക്ഷീണേഷു വിത്തേഷു വ്യസനേഷു
ച ബാന്ധവാൻ 73

ആപത്തു കാലത്താണ് സ്നേഹിതരുടെആത്മാർത്ഥത മനസ്സിലാകുന്നത്. യുദ്ധത്തിൽ യോദ്ധാവിൻെറയും, കട ബാധ്യതയുണ്ടാകുമ്പോഠം സത്യസന്ധൻെറയും, സമ്പത്ത് ക്ഷയിക്കുമ്പോഠം ഭാര്യയുടെയും, ബുദ്ധിമുട്ടുകഠം ഉണ്ടാകുമ്പോഠം ബന്ധു ജനങ്ങളുടെയും ആത്മാർത്ഥത തെളിവാകും.

43

സുഹൃദാം ഹിതകാമാനാം യ: ശൃണോതി ന ഭാഷിതം
വിപത്സംനിഹിതാ തസ്യ സ നര: ശത്രുനന്ദന: 75

നന്മ ആഗ്രഹിക്കുന്ന സ്നേഹിതരുടെ ഉപദേശം ശ്രവിക്കാത്തവൻെറ അരികെ ആപത്ത് നില്പുണ്ട്. അവൻ ശത്രുക്കളുടെ ആനന്ദവിഷയമാണ്.

44

ദുർജന: പ്രിയവാദീ ച നൈതദ്വിശ്വാസകാരണം
മധു തിഷ്ഠതി ജിഹ്വാഗ്രേ ഹൃദി ഹലാഹലം
വിഷം 83

ദുഷ്ടനായ മനുഷ്യൻ ഹിതകരമായവ പറയുന്നു എന്നത് അവനിൽ വിശ്വാസമർപ്പിക്കുന്നതിന് കാരണമാകരുത്. അവൻെറ ജിഹ്വാഗ്രത്തിൽ തേനുണ്ട്. പക്ഷേ ഹൃദയത്തിൽ മരണകാരിയായ വിഷമാണുള്ളത്.

45

ത്രിഭിർവർഷൈസ്ത്രിഭിർമാസൈസ്ത്രിഭി:
പക്ഷൈസ്ത്രിഭിർദിനൈ:
അത്യുത്കടൈ: പാപപുണ്യൈരിഹൈവ
ഫലമശ്നുതേ 84

ഒരാളുടെ ദുഷ്കർമ്മങ്ങളോ സുകൃതങ്ങളോ അതിൻെറ അത്യുച്ചിയിൽ എത്തുമ്പോഠം തൻെറ പ്രവൃത്തിയുടെ ഫലം മൂന്നു വർഷത്തിനകമോ, മൂന്നു മാസത്തിനകമോ, മൂന്നു പക്ഷങ്ങഠക്കകമോ മൂന്നു ദിനങ്ങഠക്കകമോ അനുഭവിക്കുന്നതാണ്.

46

നാരികേലസമാകാരാ ദൃശ്യന്തേ ഹി സുഹൃജ്ജനാഃ
അന്യേ ബദരികാകാരാ ബഹിരേവ മനോഹരാഃ 95

ഇഷ്ടജനങ്ങൾ നാളികേരതുല്യരായി (കടുപ്പമുള്ളതും പരുപരുത്തതുമായി) കാണപ്പെടുന്നു. എന്നാൽ ഉള്ളിൽ മാധുര്യമുള്ളവർ. അന്യരാകട്ടെ കാഴ്ചയ്ക്ക് മനോഹരമായ ബദിരാഫലം (ലന്തക്കുരു) പോലെയല്ലേത്ര.

47

ശുചിത്വം ത്യാഗിതാ ശൗര്യം സാമാന്യം
സുഖദുഃഖയോഃ
ദാക്ഷിണ്യം ചാനുരക്തിശ്ച സത്യതാച
സുഹൃദ്ഗുണാഃ 97

ഉദ്ദേശശുദ്ധി, ഔദാര്യം, ധൈര്യം, സുഖത്തിലും ദുഃഖത്തിലും ഒരുപോലെയുള്ള പെരുമാററം, മര്യാദ, സ്നേഹം, സത്യസന്ധത എന്നിവയെല്ലാമാണ് ഒരു യഥാർത്ഥ സ്നേഹിതൻെറ ലക്ഷണങ്ങൾ.

48

മനസ്യന്യദ്വചസ്യന്യത് കാര്യമന്യദ്ദുരാത്മനാം
മനസ്യേകം വചസ്യേകം കർമണ്യേകം
മഹാത്മനാം. 102

ദുഷ്ടജനങ്ങളുടെ മനസ്സിലൊന്ന്, വാക്കിൽ മറെറാന്ന്, പ്രവൃത്തിയിൽ വേറൊന്ന്. മഹത്തുക്കളുടെ മനസ്സിലും വാക്കിലും പ്രവൃത്തിയിലും ഒന്നു തന്നെയാണ്.

49

ചലത്യേകേന പാദേന, തിഷ്ഠത്യേകേന
ബുദ്ധിമാൻ
മാസമീക്ഷ്യ പരം സ്ഥാനം പൂർവമായതനം
ത്യജേത് 103

ബുദ്ധിമാനായ മനുഷ്യൻ ഒരു പാദംകൊണ്ടു നടക്കുകയും മറേറതുകൊണ്ട് നില്ക്കുകയും ചെയ്യുന്നു. ഒരുത്തനും പഴയ വസതി ഉപേക്ഷിക്കരുത്, പുതിയ വസതിയെപ്പററി നന്നായിട്ടു പരിശോധന നടത്താതെ.

50

യസ്മിൻദേശേ ന സംമാനോ ന വൃത്തിർ
നച ബാന്ധവ:
നചവിദ്യാഗമ:കശ്ചിത്തം ദേശം പരിവർജയേത് 105

ബഹുമാനിക്കപ്പെടാത്തതും, നിത്യവൃത്തിക്കു മാർഗ്ഗമില്ലാത്തതും, ബന്ധുജനങ്ങൾ ഇല്ലാത്തതും, വിദ്യാഭ്യാസത്തിനു സൗകര്യമില്ലാത്തതുമായ രാജ്യത്തെ ഉപേക്ഷിക്കേണ്ടതാണ്.

51

ബാലോ വാ യദിവാ വൃദ്ധോയുവാ വാ ഗൃഹമാഗത:
തസ്യപൂജാ വിധാതവ്യാ സർവത്രാഭ്യാഗതോ
ഗുരു: 108

സ്വഗൃഹത്തിൽ ആരുതന്നെ വന്നാലും – ബാലനാകട്ടെ, വൃദ്ധനാകട്ടെ, യുവാവാകട്ടെ – അവന് ബഹുമാനാദരവുകൾ നല്കണം. എവിടെയും അതിഥി സംപൂജ്യനാണ്.

52

ന സ്ത്രീണാമപ്രിയ:കശ്ചിത്
പ്രിയോ വാപി ന വിദ്യതേ
ഗാവസ്തൃണമിവാരണ്യേ പ്രാർഥയന്തി
നവം നവം 119

സ്ത്രീകൾക്കു പ്രിയമില്ലാത്തവരായി ആരുമില്ല. അവർക്ക് പ്രിയമുള്ളവരും ഇല്ല. വനത്തിൽ പശുക്കൾ പുല്ലിനെ എന്നപോലെ അവർ പുതിയ പുതിയ ആളുകളെ തേടുന്നു.

53

ഘൃതകുംഭസമാ നാരീ തപ്താംഗാരസമ: പുമാൻ
തസ്മാദ്ഘൃതം ചവഹ്നിം ച നൈകത്ര
സ്ഥാപയേദ്ബുധ: 120

നെയ്യ് നിറഞ്ഞ പാത്രത്തിനു സമാനയാണ് സ്ത്രീ. പുരുഷനാകട്ടെ കത്തിജ്വലിക്കുന്ന തീക്കട്ടയും. ബുദ്ധിയുള്ള മനുഷ്യൻ തന്മൂലം, ഇവ രണ്ടും, നെയ്യും തീക്കട്ടയും, ഒരുമിച്ച് വയ്ക്കയില്ല.

54

പിതാ രക്ഷതികൌമാരേ ഭർത്താ രക്ഷതി യൗവനേ
രക്ഷന്തി സ്ഥാവിരേ പുത്രാ ന സ്ത്രീസ്വാതന്ത്ര്യ
മർഹതി 122

ഒരു സ്ത്രീയെ ബാല്യത്തിൽ പിതാവും, യൗവനത്തിൽ ഭർത്താവും, വാർദ്ധക്യത്തിൽ പുത്രരും കാത്തു രക്ഷിക്കുന്നു. സ്ത്രീ സ്വാതന്ത്ര്യയായി ജീവിച്ചാൽ അപകടമുണ്ടാകും.

55

ധനവാൻ ബലവാല്ലോകേ സർവ: സർവ്വത്ര സർവദാ
പ്രഭുത്വം ധനമൂലം ഹി രാജ്ഞാമപ്യുപജായതേ 123

ഈ ലോകത്ത് സമ്പത്തുള്ള എല്ലാ മനുഷ്യരും എല്ലായിടത്തും എല്ലായ്പ്പോഴും ശക്തരാണ്. രാജാവിൻെറ പരമാധികാരത്തിനും കാരണം ധനമാണ്.

56

യസ്യാർത്ഥാസ്തസ്യ മിത്രാണി യസ്യാർത്ഥാ-
സ്തസ്യ ബാന്ധവാ:
യസ്യാർത്ഥാ: സ പുമാല്ലോകേ യസ്യാർത്ഥാ
സ ഹി പണ്ഡിത: 127

ആർക്കു ധനമുണ്ടോ അവന് സ്നേഹിതരുണ്ട്, ആർക്ക് ധനമുണ്ടോ അവന് ബന്ധുക്കളുണ്ട്, ആർക്കു ധനമുണ്ടോ അവൻ ലോകത്ത് ഒരാളാണ്, ആർക്ക് ധനമുണ്ടോ അവൻ പണ്ഡിതനുമത്രേ.

57

താനീന്ദ്രിയാണ്യവികലാനി തദേവ നാമ
സാ ബുദ്ധിരപ്രതിഹതാ വചനം തദേവ
അർത്ഥോഷ്മണാ വിരഹിത: പുരുഷ: സ ഏവ
അന്യ: ക്ഷണേന ഭവതീതി വിചിത്രമേതത് 129

കേടുപാടൊന്നും ഭവിക്കാത്ത അവൻെറ അവയവങ്ങൾ പണ്ടത്തേതുതന്നെ, പേരും പഴയതുതന്നെ, ഒരു മാന്യതയും ഉണ്ടാകാത്ത അവൻെറ ബുദ്ധിയും പഴയതുതന്നെ, അവൻെറ വാക്കുകൾക്കും മാററമില്ല; എന്നാൽ അവൻെറ പണക്കൊഴുപ്പ്

അവസാനിച്ചപ്പോറം, നിമിഷത്തിൽ അവൻ വേറൊരാളായി മാറുന്നു. ഇത് വിചിത്രമായിരിക്കുന്നു.

58

മനസ്വീ മ്രിയതേ കാമം കാർപണ്യം തു ന ഗഛതി
അപിനിർവാണമായാതി നാനലോയാതിശീതതാം 133

അഭിമാനിയായിട്ടുള്ളവൻ ഹിനമായിട്ടു വർത്തിക്കുന്നതിനേക്കാറം മരിക്കുന്നതിനു തയ്യാറാകും. അഗ്നികെട്ടു പോയേക്കാം; എന്നാലും തണുത്തു പോകയില്ല.

59

ലോഭേന ബുദ്ധിശ്ചലതി ലോഭോ
ജനയതേ തൃഷാം
തൃഷാർതോ ദു:ഖമാപ്നോതി പരത്രേഹ ച
മാനവ: 142

അത്യാഗ്രഹം ബുദ്ധിയെവ്യതിചലിപ്പിക്കുന്നു. അത്യാഗ്രഹം അതിരുകടന്ന ആർത്തിഉളവാക്കുന്നു. അത്യാർത്തിയിൽ മഗ്നനായിരിക്കുന്നവന് ഇവിടെയും പരലോകത്തും ദുരിതമായിരിക്കും.

60

സർവാ: സംപത്തയസ്തസ്യ സംതുഷ്ടം
യസ്യമാനസം
ഉപാനദ്ഗൂഢപാദസ്യ നനു ചർമാവൃതേവ ഭൂ: 143

ആരുടെ മനസ്സ് സന്തുഷ്ടമായിരിക്കുന്നുവോ അവന് സർവ്വസമ്പത്തുമുണ്ട്. ചെരിപ്പുകറം ധരിച്ചിരിക്കുന്ന പാദങ്ങറക്കു ഭൂമി തുകലുകൊണ്ടാവൃതമല്ലയോ.

61

തേനാധീതം ശ്രുതം തേന തേന സർവമനുഷ്ഠിതം
യേനാശാ: പൃഷ്ഠത: കൃത്വാ നൈരാശ്യ
മവലംബിതം 145

ആര് ആഗ്രഹങ്ങളെ പിന്തള്ളിയിട്ട് സന്തുഷ്ടി പ്രാപിക്കുന്നുവോ, അവൻ എല്ലാം പഠിക്കുകയും, ശ്രദ്ധിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തവനാകുന്നു.

62

കോ ധർമോ ഭൂതദയാ
കിം സൗഖ്യമരോഗിതാ ജഗതി ജന്തോ:
ക: സ്നേഹ: സദ്ഭാവ:
കിം പാണ്ഡിത്യം പരിച്ഛേദ: 148

ഇഹത്തിൽ ഒരുവൻെറ കടമയെന്താണ് ? ജീവികളോടുള്ള സഹാനുഭൂതി. എന്താണ് സൗഭാഗ്യം ? ആരോഗ്യം. എന്താണ് സ്നേഹം ? സഹൃദയത്വം. എന്താണ് അറിവ് ? തീരുമാനം എടുക്കുവാനുള്ള കഴിവ്.

63

ത്യജേദേകം കുലസ്യാർഥേ ഗ്രാമസ്യാർഥേ
കുലം ത്യജേത്
ഗ്രാമം ജനപദസ്യാർഥേ സ്വാത്മാർഥേ പൃഥിവീം
ത്യജേത് 150

ഒരു കുടുംബത്തെ രക്ഷിക്കുന്നതിന് ഒരു വ്യക്തിയേയും ഒരു ഗ്രാമത്തെ രക്ഷിക്കുന്നതിന് ഒരു കുടുംബത്തേയും ഒരു രാജ്യത്തെ രക്ഷിക്കുന്നതിനു ഒരു ഗ്രാമത്തേയും ത്യജിക്കുവാൻ തയ്യാറായിരിക്കണം. എന്നാൽ സ്വയം രക്ഷിക്കുന്നതിനുവേണ്ടി ലോകം മുഴുവനും ഉപേക്ഷിക്കണം.

64

ഉപാർജിതാനാം വിത്താനാം ത്യാഗ ഏവഹി രക്ഷണം
തഡാഗോദരസംസ്ഥാനാം പരിവാഹ ഇവാം
ഭസാം 155

സമ്പാദിച്ച ധനം ദാനമായി കൊടുക്കുന്നതുവഴി അത് നിലനില്ക്കുന്നു. ഒരു തടാകത്തിൽ സംഭരിച്ചിരിക്കുന്ന ജലം സൂക്ഷിക്കുന്നതിന് ഒരു ഓവു പോലെ.

65

അസംഭോഗേന സാമാന്യം കൃപണസ്യധനം പരൈ:
അസ്യേദമിതി സംബന്ധോ ഹാനൗ ദു:ഖേന
ഗമ്യതേ 159

ചിലവഴിക്കാതെ സൂക്ഷിച്ചു വയ്ക്കുന്ന ലുബ്ധൻെറ ധനം അന്യരുടെ പൊതുസ്വത്താണ്. അത് നഷ്ടപ്പെടുമ്പോഴം ഉണ്ടാകുന്ന ദുഃഖം വഴിയാണ് ഈ ധനം അവൻേറതാണെന്ന് തെളിയുന്നത്.

66

ദാനം പ്രിയവാക് സഹിതം
ജ്ഞാനമഗർവം ക്ഷമാന്വിതം ശൗര്യം
വിത്തം ത്യാഗനിയുക്തം
ദുർലഭമേതച്ചതുഷ്ടയം ലോകേ 160

മധുരവാക്കുകളോടുകൂടിയ ദാനവും, അഹങ്കാരം കലരാത്ത അറിവും, ക്ഷമയോടുകൂടിയ ധൈര്യവും, ദാനത്തിനായിട്ടുള്ള ധനവും—ഈ നാലും ലോകത്തിൽ എത്ര ദുർലഭമാണ്!

67

യദ്ദദാതി വിശിഷ്ടേഭ്യോ യച്ചാശ്നാതി
ദിനേ ദിനേ
തത്തേ വിത്തമഹം മന്യേ ശേഷം കസ്യാപി
രക്ഷസി 166

നിങ്ങഠം അർഹരായിട്ടുള്ളവർക്ക് എന്ത് ദാനം ചെയ്യുന്നുവോ, അനുദിനം നിങ്ങഠം എന്തു ഭക്ഷിക്കുന്നുവോ അതാണ് നിങ്ങളുടെ ധനമായി ഞാൻ കരുതുന്നത്. ബാക്കിയുള്ളതെല്ലാം നിങ്ങഠം വേറെ ആർക്കോവേണ്ടി കാത്തു സൂക്ഷിക്കുകയാണ്.

68

നാപ്രാപ്യമഭിവാഞ്ഛന്തി നഷ്ടം നേച്ഛന്തി
ശോചിതും
ആപത്സ്വപി ന മുഹ്യന്തി നരാഃ പണ്ഡിത
ബുദ്ധയഃ 167

ബുദ്ധിമാൻമാരായ മനുഷ്യർ അപ്രാപ്യമായിട്ടുള്ളതിനെ ആഗ്രഹിക്കുന്നില്ല. നഷ്ടമായതിനെ ചൊല്ലി വിലപിക്കാറുമില്ല. വിപത്തുകഠം ഉണ്ടാകുമ്പോഠം നഷ്ടധൈര്യരായി തീരുന്നുമില്ല.

69

ശാസ്ത്രാണ്യധീത്യാപി ഭവന്തി മൂർഖാ
യസ്തു ക്രിയാവാൻ പുരുഷ: സ വിദ്വാൻ
സുചിന്തിതം ചൗഷധമാതുരാണാം
ന നാമമാത്രേണ കരോത്യരോഗം 168

പല ശാസ്ത്രങ്ങൾ പഠിച്ചവർപോലും ഭോഷന്മാരാകാം. പഠിച്ച വിദ്യകൾ പ്രായോഗികമാക്കുന്നവനാണ് ബുദ്ധിമാൻ. വേണ്ട പരിശോധനയ്ക്കു ശേഷം നിർദ്ദേശിക്കപ്പെടുന്നതായാലും ഔഷധത്തിൻെറ പേരുകൊണ്ടുമാത്രം ഒരാളുടെ രോഗം നീങ്ങുന്നില്ല.

70

സുഖമാപതിതം സേവ്യം ദു:ഖമാപതിതം തഥാ
ചക്രവത്പരിവർത്തന്തേ ദു:ഖാനിച സുഖാനിച 174

സുഖവും ദു:ഖവും അവ ഉണ്ടാകുന്നതനുസരിച്ച് നാം സസന്തോഷം സ്വീകരിക്കണം. വണ്ടിച്ചക്രംപോലെ സുഖവും ദു:ഖവും കറങ്ങിക്കൊണ്ടിരിക്കും.

71

ധനവാനിതി ഹി മദസ്തേ
കിം ഗതവിഭവോ വിഷാദമുപായാസി
കരനിഹതകന്ദുകസമാ:
പാതോത്പതാ മനുഷ്യാണാം 177

ഞാൻ ധനവാനാണ് എന്ന് കരുതി നീ എന്തിന് നിഗളിക്കുന്നു? സമ്പത്തെല്ലാം നഷ്ടമാകുമ്പോൾ നീ എന്തിന് വിഷാദിക്കുന്നു? കൈകൊണ്ടടിക്കപ്പെടുന്ന ഒരു പന്ത് ഉയരുകയും താഴുകയും ചെയ്യുന്നതു പോലെയാണ് മനുഷ്യജീവിതത്തിലെ ഉയർച്ചയും താഴ്ചയും.

72

വൃത്യർഥം നാതിചേഷ്ടേത സാ ഹി
ധാത്രൈവ നിർമിതാ
ഗർഭാദുത്പതിതേ ജന്തൗ മാതു: പ്രസ്രവത:
സ്തനൗ 179

നിത്യവൃത്തിക്കായി അതിരുകടന്ന അദ്ധ്വാനം ചെയ്യേണ്ടതില്ല. സ്രഷ്ടാവാണ് അതു പ്രദാനം ചെയ്യുന്നത്. ഏതൊരു ജീവിയും പ്രസവിക്കപ്പെടുന്ന ക്ഷണത്തിൽ തന്നെ അതിൻെറ തള്ളയുടെ സ്തനങ്ങളിൽ നിന്നും പാല് ഒഴുകുന്നു.

73

യേന ശുക്ളീകൃതാ ഹംസാ: ശുകാശ്ച ഹരി
തീകൃതാഃ
മയൂരാശ്ചിത്രിതാ യേന സ തേ വൃത്തിം
വിധാസ്യതി 180

വെളുത്ത അരയന്നങ്ങളെയും പച്ചനിറമുള്ള തത്തകളെയും പല വർണ്ണങ്ങളുള്ള മയിലുകളെയും സൃഷ്ടിച്ച ആരം നിന്നെയും സംരക്ഷിച്ചുകൊള്ളും.

74

ജനയന്ത്യർജനേ ദു:ഖം താപയന്തി വിപത്തിഷു
മോഹയന്തിച സംപത്തൗ കഥമർഥാ: സുഖാവഹാ: 181

സമ്പാദനത്തിൽ ദു:ഖമുളവാക്കുന്നതും, വിപത്തിൽ വ്യസനകരവും, പെരുകുമ്പോരം വ്യമോഹിപ്പിക്കുന്നതുമായ സമ്പത്ത് എങ്ങനെയാണ് ആനന്ദദായകമായി തീരുക?

75

ധർമാർഥം യസ്യവിത്തേഹാ വരംതസ്യ നിരീഹതാ
പ്രക്ഷാളനാദ്ഹി പങ്കസ്യ ദൂരാദസ്പർശനം
വരം 182

ദാനധർമാദികരംക്കുവേണ്ടി ആരെങ്കിലും ധനമാഗ്രഹിക്കുന്നുണ്ടെങ്കിൽ, അതിലും മെച്ചമായിട്ടുള്ളത് ധനമോഹം ഇല്ലാതിരിക്കുകയാണ്. ചെളിപററിയിട്ടു കഴുകി കളയുന്നതിലും ഭേദം ചെളിപററാതെയിരിക്കാൻ ദൂരെ നില്ക്കുന്നതാണ്.

76

രാജത: സലിലാദഗ്നേശ്ചോരത: സ്വജനാദപി
ഭയമർഥവതാം നിത്യം മൃത്യോ: പ്രാണഭൃതാമിവ 184

ജീവിച്ചിരിക്കുന്നവർ മരണത്തെ ഭയപ്പെടുന്നതുപോലെ ധനവാൻമാർക്കു രാജാവിൽ നിന്നും, ജലത്തിൽ നിന്നും, തീയിൽ നിന്നും, കള്ളനിൽ നിന്നും, സ്വജനത്തിൽ നിന്നും എന്നും ഭയമുണ്ടാകുന്നു.

77

ധനം താവദസുലഭം ലബ്ധം കൃച്ഛ്രേണ
രക്ഷ്യതേ
ലബ്ധനാശോ യഥാ മൃത്യുസ്തസ്മാദേ
തന്ന ചിന്തയേത് 186

ഒന്നാമതായി ധനാർജനം അത്ര എളുപ്പമല്ല. ലഭിച്ചധനം സൂക്ഷിക്കുന്നതിന് വളരെ ക്ലേശങ്ങൾ സഹിക്കണം, ധനനാശം മരണത്തിനുതുല്യമാണ്. തന്മൂലം ധനത്തെപ്പററി ചിന്തിക്കുകപോലും ചെയ്യരുത്.

78

തൃഷ്ണാംചേഹ പരിത്യജ്യ കോ ദരിദ്ര: ക ഈശ്വര:
തസ്യാശ്ചേത് പ്രസരോ ദത്തോ ദാസ്യം
ച ശിരസി സ്ഥിതം 187

ധനാശ ഉപേക്ഷിച്ചാൽ പിന്നെ ദരിദ്രനോ ധനവാനോ ഉണ്ടോ? എന്നാൽ അതിനിടം കൊടുത്താൽ അടിമത്തമായിരിക്കും തലയിൽ കയറുക.

79

ആമരണാന്താ: പ്രണയാ:
കോപാസ്തത്ക്ഷണഭംഗുരാ:
പരിത്യാഗാശ്ച നി:സംഗാ
ഭവന്തി ഹി മഹാത്മനാം 189

മഹത്തുക്കളുടെ സ്നേഹബന്ധം മരണംവരെ നീണ്ടുനില്ക്കുന്നു. കോപമുണ്ടായാൽ ആ നിമിഷത്തിൽ തന്നെ അപ്രത്യക്ഷമാകുന്നു. അവരുടെ സേവനങ്ങൾ നിസ്വാർത്ഥങ്ങളുമാണ്.

80

സന്ത ഏവ സതാം നിത്യമാപദുദ്ധരണക്ഷമാ:
ഗജാനാം പങ്കമഗ്നാനാം ഗജാ ഏവ ധുരംധരാ: 190

നല്ലവർക്കു മാത്രമേ നല്ലവരെ ആപത്തുകളിൽ നിന്നും രക്ഷിക്കുന്നതിനുസാധിക്കൂ. ചെളിയിൽ താണുപോയ ആനകളെ വലിച്ചു കയററുന്നതിനു ആനകൾക്കു മാത്രമേ കഴിയൂ.

81

ശ്ലാഘ്യഃ സ ഏകോ ഭുവി മാനവാനാം
സ ഉത്തമ: സത്പുരുഷ: സ ധന്യ:
യസ്യാർഥിനോ വാ ശരണാഗതാ വാ
നാശാഭിഭംഗാദ്വിമുഖാ:പ്രയാന്തി 191

ആരുടെ അടുക്കൽ സഹായത്തിനോ സംരക്ഷണത്തിനോ ചെന്നിട്ടു നിരാശരായി മുഖം തിരിക്കാതെ പോകുന്നുവൊ അയാൾ മാത്രമാണ് ഭൂമിയിൽ, മനുഷ്യരിൽ വച്ച് സ്തുത്യർഹനും, ഉത്തമനും, മാതൃകാപുരുഷനും, അനുഗൃഹീതനുമായ വ്യക്തി.

82

ഔരസം കൃതസംബന്ധം തഥാ വംശക്രമാഗതം
രക്ഷിതം വ്യസനേഭ്യശ്ച മിത്രം ജ്ഞേയം
ചതുർവിധം 192

നാലുതരത്തിലുള്ള മിത്രങ്ങളുണ്ട്: രക്തബന്ധം വഴിയുള്ളവർ, സംബന്ധം മുഖേനയുള്ളവർ, പരമ്പരാഗതമായിട്ടുള്ളവർ, ഏതെങ്കിലും വിപത്തിൽ നിന്നും രക്ഷിച്ചവർ.

83

സാഭാര്യായാ ഗൃഹേദക്ഷാ സാഭാര്യാ യാപ്രജാവതീ
സാ ഭാര്യാ യാ പതിപ്രാണാ സാ ഭാര്യായാ
പതിവ്രതാ 197

കുടുംബകാര്യങ്ങളിൽ താല്പര്യമുള്ളവളാണ് യഥാർത്ഥ ഭാര്യ. അവൾ സന്താനങ്ങളുള്ളവളും, സ്വഭർത്താവിനെ സ്വന്തജീവനെ പോലെ കരുതുന്നവളും പതിവ്രതയുമായിരിക്കും.

84

യദി സത്സംഗനിരതോ ഭവിഷ്യസി ഭവിഷ്യസി
തഥാ സജ്ജനഗോഷ്ടീഷു പതിഷ്യസി
പതിഷ്യസി 204

നല്ല ആളുകളുമായി ഇടപെടുന്നതിന് നിനക്കു താത്പര്യമുണ്ടെങ്കിൽ നീ അഭിവൃദ്ധി പ്രാപിക്കും. എന്നാൽ ചീത്തകൂട്ടുകാരോടുകൂടിനടന്നാൽ നീ നശിച്ചു പോകും

85

മിത്രം പ്രീതിരസായനംനയനയോരാനന്ദനം ചേതസ:
പാത്രം യത്സുഖദു:ഖയോ: സഹ ഭവേന്മി
ത്രേണ തദ്ദുർലഭം
യേ ചാന്യേ സുഹൃദ: സമൃദ്ധിസമയേ
ദ്രവ്യാഭിലാഷാകുലാ
സ്തേ സർവത്ര മിലന്തി തത്ത്വനികഷഗ്രാവാ തു
തേഷാം വിപത് 211

കണ്ണുകൾക്ക് ആനന്ദപീയൂഷവും, ഹൃദയത്തിന് ആനന്ദവും, സ്നേഹിതന്റെ സുഖാസുഖങ്ങളിൽ ഒരുപോലെ പങ്കുചേരുന്നവനുമായ ഒരു സ്നേഹിതൻ ദുർല്ലഭനാണ്. എന്നാൽ ഇതരസ്നേഹിതരാകട്ടെ ദ്രവ്യാഗ്രഹത്താൽ ആകൃഷ്ടരായിട്ട്, ഐശ്വര്യകാലത്ത് ഓടിക്കൂടുന്നു. ഇങ്ങനെയുള്ളവരെ എവിടെയും കാണാം. അവരുടെ ആത്മാർത്ഥത തെളിയിക്കുവാനുള്ള ഉരകല്ല് അനർത്ഥങ്ങൾ മാത്രമാണ്.

86

യോ ഭദ്രാണി പരിത്യജ്യ അധ്രുവാണി നിഷേവതേ
ധ്രുവാണി തസ്യ നശ്യന്തി അധ്രുവം
നഷ്ടമേവ ഹി 212

ആരു കയ്യിലിരിക്കുന്നതിനെ ഉപേക്ഷിച്ചിട്ടു തീർച്ചയില്ലാത്തതിന്റെ പുറകെ പോകുന്നുവൊ, അവന് കയ്യിലുണ്ടായിരുന്നത് നഷ്ടപ്പെടും, മറേറത് നേരത്തെതന്നെ പോയല്ലൊ.

## ഹിതോപദേശം – സുഹൃദ്ഭേദം

87

അവ്യവസായിനമലസം
ദൈവപരം സാഹസാച്ച പരിഹീണം

പ്രമദേവ ഹി വൃദ്ധപതിം
നേഛത്യുപഗൂഹിതും ലക്ഷ്മീ: 4

ഒരു യുവവധു വൃദ്ധനായ തൻെറ ഭർത്താവിനെ ആശ്ലേഷിക്കുന്നതിന് ഇഷ്ടപ്പെടാത്തതുപോലെ, പരിശ്രമശീലമില്ലാത്തവനും, അലസനും, ഭാഗ്യം കാത്തു നില്ക്കുന്നവനും, തുനിവില്ലാത്തവനുമായ ആളെ ധനദേവതയും ആശ്ലേഷിക്കുന്നതിനു ആഗ്രഹിക്കുകയില്ല.

88

അലബ്ധം ചൈവ ലിപ്സേത ലബ്ധം
രക്ഷേദവേക്ഷയാ
രക്ഷിതം വർധയേത് സമ്യഗ്വൃദ്ധം തീർഥേഷു
നിക്ഷിപേത് 8

അപ്രാപ്തമായ ധനത്തിനുവേണ്ടി ആഗ്രഹമുണ്ടാകണം. ലഭിച്ച ധനത്തെ ബുദ്ധിപൂർവ്വം കാത്തുസൂക്ഷിക്കണം. സൂക്ഷിച്ചുവച്ചിരിക്കുന്ന ധനത്തെ വർദ്ധിപ്പിക്കണം. ധനം വേണ്ട പോലെ വർദ്ധിക്കുമ്പോരം തക്ക ആളുകരംക്ക് നല്കുകയും വേണം.

89

ധനേന കിം യോ ന ദദാതി നാശ്നുതേ
ബലേന കിം യശ്ച രിപൂന്ന ബാധതേ
ശ്രുതേന കിം യോ ന ച ധർമമാചരേത്
കിമാത്മനാ യോ ന ജിതേന്ദ്രിയോ ഭവേത് 9

മററുള്ളവർക്കു കൊടുക്കാതിരിക്കയും, സ്വയം അനുഭവിക്കാതിരിക്കുകയും ചെയ്യുന്നധനംകൊണ്ട് എന്തുപ്രയോജനം? ശത്രുക്കളെ തടഞ്ഞു നിറുത്താൻ ഉപകരിക്കാത്ത ബലംകൊണ്ടെന്തുപകാരം? സ്വധർമ്മാനുഷ്ഠാനങ്ങരം നടത്തുന്നില്ലെങ്കിൽ വേദഗ്രന്ഥജ്ഞാനം കൊണ്ടെന്തുഫലം? പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രിക്കാതിരുന്നാൽ ആത്മാവിനെന്തുഗുണം?

90

ജലബിന്ദുനിപാതേന ക്രമശ: പൂര്യതേ ഘടഃ
സ ഹേതു:സർവവിദ്യാനാം ധർമസ്യച ധനസ്യച 11

ഒരു കുടത്തിൽ വെള്ളം തുള്ളിതുള്ളിയായി വീണുകൊണ്ടിരുന്നാൽ അത് പടിപടിയായി നിറയും, വിദ്യാസമ്പാദനത്തെയും, സുകൃതാചരണത്തെയും, ധനാർജനത്തെയും സംബന്ധിച്ചും ഇതു ശരിയാണ്.

91

ദാനോപഭോഗരഹിതാ ദിവസാ യസ്യ യാന്തി വൈ
സ കർമകാരഭസ്ത്രേവ ശ്വസന്നപി ന ജീവതി 12

ദാനം ചെയ്യാതെയും ജീവിതാനന്ദങ്ങൾ ഇല്ലാതെയും ആരുടെ ദിനങ്ങൾ കടന്നു പോകുന്നുവോ അവൻ, ഇരുമ്പു പണിക്കാരന്റെ ആലയിലെ ഉലപോലെ ശ്വസിക്കുന്നുണ്ടെങ്കിലും, ജീവിക്കുന്നില്ല.

92

കോതിഭാര: സമർത്ഥാനാം കിം ദൂരം
വ്യവസായിനാം
കോവിദേശ: സവിദ്യാനാം ക: പര: പ്രിയവാദിനാം 13

സമർത്ഥന്മാർക്ക് ഭാരമേറിയാതായിട്ടെന്തുണ്ട്? കർമ്മനിരതരായിട്ടുള്ളവർക്ക് അപ്രാപ്യമായി എന്താണുള്ളത്? അറിവുവർക്ക് അന്യമായിട്ടുള്ള നാടുണ്ടോ? മധുരമായി സംസാരിക്കുന്നവർക്ക് അപരിചിതരായി ആരുണ്ട്?

93

വിസ്മയ: സർവഥാ ഹേയ: പ്രത്യൂഹ:
സർവകർമാണം
തസ്മാദവിസ്മയമുത്സൃജ്യ സാധ്യേ
സിദ്ധിർവിധീയതാം 15

സർവ്വ പ്രവർത്തനങ്ങൾക്കും തടസ്സമായിരിക്കുന്ന തീരുമാനമില്ലായ്ക എല്ലാവിധത്തിലും ഉപേക്ഷിക്കേണ്ടതാണ്. അതിനാൽ തീരുമാനമില്ലായ്ക ഉപേക്ഷിച്ചിട്ട് ചെയ്യേണ്ടതു ചെയ്തു വിജയം കൈവരിക്കണം.

94

നാഭിഷേകോ ന സംസ്ക്കാര: സിംഹസ്യ
ക്രിയതേ മൃഗൈ:
വിക്രമാർജിതരാജ്യസ്യ സ്വയമേവ മൃഗേന്ദ്രതാ 19

കിരീടധാരണമോ മറേറതെങ്കിലും ചടങ്ങുകളോ മൃഗങ്ങറം സിംഹത്തിനു നടത്താറില്ല. സ്വശക്തികൊണ്ട് മൃഗസാമ്രാജ്യം സ്ഥാപിച്ചിട്ടുള്ള സിംഹത്തിന് അത് സ്വത:സിദ്ധമാണ്.

95

ശീതവാതാതപക്ളേശാൻ സഹന്തേ യാൻ പരാശ്രിതാ:
തദംശേനാപി മേധാവീ തപസ്തപ്ത്വാ
സുഖീ ഭവേത് 21

അന്യരെ ആശ്രയിച്ച് ജീവിക്കുന്നവർ തണുപ്പ്, കാററ്, ചൂട്, എന്നിവ മൂലമുള്ള ക്ളേശങ്ങറം സഹിക്കുമ്പോറം, കാര്യകാരണവിവേചനമുള്ളവർ ഇവയുടെ ഒരംശം മാത്രം സഹിച്ച്, താപസജീവിതമനുഷ്ഠിച്ച് സന്തുഷ്ടരായി ജീവിക്കുന്നു.

96

ഏതാവജ്ജന്മസാഫല്യം യദനായത്തവൃത്തിതാ
യേ പരാധീനതാം യാതാസ്തേ വൈ ജീവന്തി
കേ മൃതാ: 22

പരാധീനതകൂടാതെ സ്വതന്ത്ര ജീവിതം നയിക്കുന്നതിലാണ് ജന്മസാഫല്യം അടങ്ങിയിരിക്കുന്നത്, ആര് പരാധീനരായിട്ടുണ്ടോ അവർ ജീവിക്കുന്നവരാണെങ്കിൽ, മരിച്ചവർ പിന്നെ ആരാണ്?

97

ഏഹി ഗച്ഛ പതോത്തിഷ്ഠ വദ മൗനം സമാചര
ഏവമാശാഗ്രഹഗ്രസ്തൈ: ക്രീഡന്തി
ധനിനോർഥിഭി: 23

വരൂ, പോകൂ, വീഴൂ, എഴുന്നേല്ക്കൂ, സംസാരിക്കൂ, മിണ്ടാതിരിക്കൂ, എന്നിങ്ങിനെ പറഞ്ഞുകൊണ്ട് ആശയുടെ കടുംപിടുത്തത്തിൽപ്പെട്ട ജനങ്ങളെ ധനവന്മാർ പന്താടുന്നു!

98

യാ പ്രകൃത്യൈവ ചപലാ നിപതത്യശുചാവപി
സ്വാമിനോ ബഹുമന്യന്തേ ദൃഷ്ടിം താമപി
സേവകാ: 25

സ്വതവേ ചപലവും, അർഹതയില്ലാത്തവരിൽ പതിയുന്നതുമായ യജമാനന്റെ ദയാദൃഷ്ടിയെ സേവകന്മാർ വളരെ കാര്യമായി കരുതുന്നു,

99

മൌനാൻമൂർഖ: പ്രവചനപടുർവാതുലോ
ജല്പകോ വാ
ക്ഷാന്ത്യാ ഭീരുർയദി ന സഹതേ പ്രായശോ
നാഭിജാത:
ധൃഷ്ട: പാർശ്വേ വസതി നിയതം
ദൂരതശ്ചാപ്രഗല്ഭ:
സേവാധർമ്മ: പരമഗഹനോ യോഗിനാമപ്യഗമ്യ: 26

ഒരു ദാസൻ മിണ്ടാതിരുന്നാൽ അവൻ മണ്ടനാണ്. സംസാരത്തിൽ പാടവമുണ്ടെങ്കിൽ അവൻ തലതിരിഞ്ഞവനോ വിടുവായനോ ആണ്, ക്ഷമയുള്ളവനെങ്കിൽ ഭീരുവും, ക്ഷമയില്ലെങ്കിൽ ആഭിജാത്യമില്ലാത്തവനും, യജമാനന്റെ അടുത്തു നിന്നാൽ ധിക്കാരിയും, അകലെ നിന്നാൽ കഴിവില്ലാത്തവനുമായി പരിഗണിക്കപ്പെടുന്നു. ദാസ്യവൃത്തിയുടെ കടമകൾ അതിഗഹനങ്ങളാണ്. യോഗികൾക്കുപോലും അപ്രാപ്യങ്ങളത്രെ!

100

പൃഷ്ടത: സേവയേദർക്കം ജഠരേണ ഹുതാശനം
സ്വാമിനം സർവഭാവേന പരലോകമമായയാ 34

പുറത്ത് ചൂടേററുകൊണ്ട് സൂര്യനേയും ഉദരഭാഗത്ത് ചൂട് സഹിച്ചുകൊണ്ട് അഗ്നിയേയും സേവിക്കണം. യജമാനനെയാകട്ടെ എല്ലാകഴിവുകളും ഉപയോഗിച്ചുകൊണ്ടും പരലോകത്തെ സേവിക്കേണ്ടത് കളങ്കമില്ലാത്ത ഹൃദയത്തോടുകൂടിയുമാണ്.

101

യസ്മിഞ്ജീവതി ജീവന്തി ബഹവ:സ തു ജീവതി
കാകോപി കിം ന കുരുതേ ചഞ്ച്വാ സ്വോദര
പൂരണം 37

യാതൊരുവന്റെ ജീവിതംവഴി അനേകർ ജീവിക്കുന്നുവോ അവനാണ് യഥാർത്ഥത്തിൽ ജീവിക്കുന്നത്. സ്വന്തം ഉദരം

നിറക്കുന്നതിനായി കൊക്കിന്റെ സഹായംകൊണ്ട് കാക്കക്കും കഴിയുന്നില്ലേ?

102

മനുഷ്യജാതൗ തുല്യയാം ഭൃത്യത്വമതിഗർഹിതം
പ്രഥമോ യോ ന തത്രാപി സ കിം ജീവത്സു
ഗണ്യതേ 39

മനുഷ്യരെല്ലാം സമന്മാരായിരിക്കേ അടിമത്തം വെറുക്കപ്പെട്ടതാണ് എന്നാൽ പ്രസ്തുത സേവനത്തിൽ യാതൊരുവൻ ഒന്നാമനല്ലെങ്കിൽ അവനെ ജിവിക്കുന്നവരുടെ ഗണത്തിൽ ചേർക്കാമോ?

103

യജ്ജീവ്യതേ ക്ഷണമപി പ്രഥിതം മനുഷ്യൈർ–
വിജ്ഞാനവിക്രമയശോഭിരഭജ്യമാനം
തന്നാമ ജീവിതമിഹ പ്രവദന്തി തജ്ജ്ഞാ:
കാകോപി ജീവതി ചിരായ ബലിംച ഭുങ്ക്തേ 43

ഒരു നിമിഷത്തേക്കായാലും സ്തുത്യർഹമായി നയിക്കപ്പെടുന്നതും, വിജ്ഞാനം, പരാക്രമം, കീർത്തി എന്നിവയോ കൂടിയതുമായ ജീവിതമാണ് സാക്ഷാത്ജീവിതമെന്ന്, ജീവിതമൂല്യങ്ങളെ ഗ്രഹിച്ചിട്ടുള്ളവർ പറയുന്നു. മറിച്ചാണെങ്കിൽ, ഒരു കാക്ക ദീർഘകാലം ജീവിക്കുന്നു; ബലിവസ്തുക്കളെ ഭക്ഷിക്കുകയും ചെയ്യുന്നുണ്ട്.

104

അഹിതഹിതവിചാരശൂന്യബുദ്ധേ:
ശ്രുതിസമയൈർബഹുഭിസ്തിരസ്കൃതസ്യ
ഉദരഭരണമാത്രകേവലേച്ഛോ:
പുരുഷപശോശ്ച പശോശ്ച കോ വിശേഷ: 45

ഉപകാരമുള്ളതും ഉപദ്രവകരവും ഏവയെന്ന് വിവേചനം ചെയ്യുന്നതിനുള്ള ബുദ്ധിയില്ലാത്തവരും, വേദങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന സദാചാരമുറകളെ തള്ളിക്കളയുന്നവരും, ഉദരപൂരണം മാത്രം ആഗ്രഹിക്കുന്നവരുമായ മനുഷ്യമൃഗങ്ങളും മൃഗങ്ങളും തമ്മിൽ എന്താണ് വ്യത്യാസം?

105

ന കസ്യചിത് കശ്ചിദിഹ സ്വഭാവാദ്
ഭവത്യുദാരോഭിമത: ഖലോ വാ
ലോകേ ഗുരുത്വം വിപരീതതാം വാ
സ്വചേഷ്ടിതാന്യേവ നരം നയന്തി 46

ഈ ലോകത്ത് ഒരുത്തരും സ്വതവേ ഉദാരശീലനോ പ്രിയംകരനോ ദുഷ്ടനോ ആകുന്നില്ല. ഒരുവനെ മഹാനോ അപകൃഷ്ടനോ ആക്കിതീർക്കുന്നത് അവൻെറ പ്രവൃത്തികളാണ്.

106

ആരോപ്യതേ ശിലാ ശൈലേ യത്നേന മഹതാ യഥാ
നിപാത്യതേ ക്ഷണേനാധസ്തഥാത്മാ
ഗുണദോഷയോ: 47

ഒരു കല്ല് മലയുടെ മുകളിൽ കയററുന്നത് വളരെ ബുദ്ധിമുട്ടിയാണ്. എന്നാൽ അവിടെ നിന്നും താഴോട്ടിടുന്നതിന് ഒരു നിമിഷം മതി. സുകൃതജീവിതത്തേയും വഴി പിഴച്ച ജീവിതത്തേയും സംബന്ധിച്ച് ആത്മാവിൻേറയും സ്ഥിതി ഇതുതന്നെയാണ്.

107

യാത്യധോധോ വ്രജത്യുച്ചൈർനര:
സ്വൈരേവ കർമഭി:
കൂപസ്യഖനിതാ യദ്വത് പ്രാകാരസ്യേവ കാരക: 48

ഓരോരുത്തരും ഒന്നിനൊന്ന് അധ:പതിക്കുന്നതും, ഉന്നതിപ്രാപിക്കുന്നതും അവനവൻെറ പ്രവൃത്തികൾ വഴിയാണ്. കിണററു കുഴിക്കുന്നവനേയും കോട്ടകെട്ടുന്നവനേയും പോലെ.

108

ആകാരൈരിംഗിതൈർഗത്യാ ചേഷ്ടയാ
ഭാഷണേന ച
നേത്രവക്ത്രവികാരേണ ലക്ഷ്യതേ
ന്തർഗതം മന: 50

മുഖഭാവംകൊണ്ടും, ആംഗ്യത്താലും, നടപ്പുകൊണ്ടും, പ്രവൃത്തികളാലും, സംഭാഷണത്താലും, കണ്ണുകളുടേയും മുഖ

ത്തിൻെറയും ചലനത്താലും ഒരു മനുഷ്യൻെറ അന്തർഗതം മനസ്സിലാക്കുന്നതിനു സാധിക്കും.

109

ദോഷഭീതേരനാരംഭസ്തത്കാപുരുഷലക്ഷണം
കൈരജീർണഭയാദ്ഭ്രാതർഭോജനം പരിഹീയതേ 57

തെററു പററുമെന്നുകരുതി കാര്യം തുടങ്ങാതിരിക്കുന്നത് ഭീരുക്കളുടെ അടയാളമാണ്. ദഹനക്കേടുണ്ടാകുമെന്ന ഭയത്താൽ സഹോദരാ, ആരാണ് ഭക്ഷണം കഴിക്കാതിരിക്കുന്നത്.

110

കനകഭൂഷണസംഗ്രഹണോചിതോ
യദി മണിസ്ത്രപുണി പ്രണിധീയതേ
ന സ വിരൌതി ന ചാപി ന ശോഭതേ
ഭവതി യോജയിതുർവചനീയതാ 72

സ്വർണ്ണാഭരണത്തിൽ പതിക്കേണ്ട ഒരു മാണിക്യം ഈയത്തിൽ പതിച്ചാൽ അത് പ്രലപിക്കയില്ല. ശോഭിക്കാതിരിക്കുകയുമില്ല. എന്നാൽ ഇതു ചെയ്ത ആരം വിമർശിക്കപ്പെടും.

111

അശ്വ: ശസ്ത്രം ശാസ്ത്രം
വീണാ വാണീ നരശ്ച നാരീച
പുരുഷവിശേഷം പ്രാപ്യ ഹി
ഭവന്തി യോഗ്യാ അയോഗ്യാശ്ച 75

കുതിര, ആയുധം, ശാസ്ത്രം, വീണ, സംഭാഷണം, പുരുഷൻ, സ്ത്രീ എന്നിവ ആരുമായി ഇടപെടുന്നുവോ അവരുടെ വിശേഷതയനുസരിച്ച് യോഗ്യമോ അയോഗ്യമോ ആയിത്തീരും.

112

ബാലാദപി ഗൃഹീതവ്യം യുക്തമുക്തം മനീഷിഭി:
രവേരവിഷയേ കിം ന പ്രദീപസ്യ പ്രകാശനം 79

യുക്തമായിട്ടുള്ളത് ഒരു കുട്ടിയാണ് പറഞ്ഞതെന്നിരുന്നാലും ബുദ്ധിമാന്മാരാൽ പോലും അത് സ്വീകരിക്കപ്പെ

പ്പെടേണ്ടതാണ്. സൂര്യപ്രകാശമില്ലാത്തപ്പോഗ്രം വിളക്കിൻെറ വെളിച്ചം പ്രകാശിപ്പിക്കുന്നില്ലേ?

113

ബാലോപി നാവമന്തവ്യോ മനുഷ്യ ഇതി ഭൂമിപ:
മഹതീ ദേവതാ ഹ്യേഷാ നരരൂപേണ തിഷ്ഠതി 82

രാജാവ് കുട്ടിയായാലും മനുഷ്യനെന്നുവെച്ച് അവമതിയ്ക്കപ്പെട്ടരുത്. മനുഷ്യരൂപത്തിൽ സ്ഥിതി ചെയ്യുന്ന ഒരു മഹാദേവതയാണയാഗ്രം.

114

നിരപേക്ഷോ ന കർതവ്യോ ഭൃത്യൈ:
സ്വാമീ കദാചന
നിരപേക്ഷം പ്രഭും കൃത്വാ ഭൃത്യഃ
സ്യാദ്ദധികർണവത് 83

യജമാനന് ഭൃത്യനെ കൂടാതെ കഴിയാമെന്ന ഒരു സ്ഥിതി ഭൃത്യന്മാർ ഒരിക്കലും ഉളവാക്കരുത്. അങ്ങനെ ചെയ്താൽ ഭൃത്യൻെറ സ്ഥിതി ദധികർണ്ണൻേറതുപോലയാകും.

115

അതിവ്യയോനവേക്ഷാ ച തഥാർജനമധർമത:
മോഷണം ദൂരസംസ്ഥാനം കോഷവ്യസന
മുച്യതേ 93

ദുർവ്യയം, മേൽനോട്ടമില്ലായ്ക, തെററായമാർഗ്ഗത്തിൽ കൂടിയുള്ള സമ്പാദനം. അപഹരണം, ദൂരത്തായിരിക്കുക എന്നിവയെല്ലാമാണ് ഖജനാവിനു ഭവിക്കാവുന്ന വിപത്തുകഗ്രം.

116

ക്ഷിപ്രമായമനാലോച്യ വ്യയമാന:
സ്വവാഞ്ഛയാ
പരിക്ഷീയേത ഏവാസൗ ധനീ
വൈശ്രവണോപമഃ 94

വരവുകണക്കാക്കാതെ ഇഷ്ടംപോലെ ക്ഷണത്തിൽ പണം ചിലവാക്കുന്നവൻ കുബേരനെപ്പോലെ ധനവാനായിരുന്നാലും നിർധനനായിത്തീരും.

117

മുഹുർനിയോഗിനോ ബാധ്യാ വസുധാരാ മഹീപതേ:
സകൃത്കിം പീഡിതം സ്നാനവസ്ത്രം
മുഞ്ചേദ്ബഹൂദകം 105

ഭരണാധിപൻ പണാപഹരണക്കാരായ ഉദ്യോഗസ്ഥന്മാരെ വീണ്ടും വീണ്ടും പിഴ ഇടീക്കണം. കുളിക്ക് ഉപയോഗിക്കുന്ന വസ്ത്രം ഒരിക്കൽ മാത്രം പിഴിഞ്ഞാൽ വെള്ളം മുഴുവൻ പോകയില്ലല്ലോ.

118

തസ്ക്കരേഭ്യോ നിയുക്തേഭ്യ: ശത്രുഭ്യോ
നൃപവല്ലഭാത്
നൃപതിർനിജലോഭാച്ച പ്രജാ രക്ഷേത്
പിതേവ ഹി 108

ഒരു പിതാവിനേപ്പോലെ ഭരണാധിപൻ തന്റെ ജനങ്ങളെ കള്ളന്മാരിൽ നിന്നും, ഉദ്യോഗസ്ഥന്മാരിൽ നിന്നും, ശത്രുക്കളിൽ നിന്നും, തന്റെ സ്വന്തക്കാരിൽ നിന്നും, സ്വന്തം അത്യാഗ്രഹത്തിൽ നിന്നും രക്ഷിക്കണം.

119

അതഥ്യാന്യപി തഥ്യാനി ദർശയന്തി ഹി പേശലാ:
സമേ നിമ്നോന്നതാനീവ ചിത്രകർമ
വിദോ ജനാ: 111

അതിസമർത്ഥരായ മനുഷ്യർ അസത്യത്തെ സത്യമായി പ്രദർശിപ്പിക്കുന്നു. സമർത്ഥനായ ചിത്രകാരൻ നിരപ്പായ ക്യാൻവാസിൽ താഴ്ചയും ഉയർച്ചയും രേഖപ്പെടുത്തുന്നതു പോലെ.

120

ആപദ്യുൻമാർഗഗമനേ കാര്യകാലാത്യയേഷുച
കല്യാണവചനം ബ്രൂയാദപൃഷ്ടോപി
ഹിതോ നര: 122

ആപത്തിലും, ഒരുവൻ തെററായ മാർഗ്ഗത്തിൽകുടി പോകുമ്പോഴും, വേണ്ടതു ചെയ്യേണ്ട സമയംകടന്നിരിക്കുമ്പോ

ഴും, സദുദ്ദേശമുള്ള മനുഷ്യൻ, അവശ്യപ്പെടാതെ തന്നെ ഉപകാരപ്രദമായ ഉപദേശം നല്കണം.

121

അപ്രിയാണ്യപി കുർവാണോ യഃ പ്രിയഃ
പ്രിയ ഏവ സഃ
ദഗ്ധമന്ദിരസാരേപി കസ്യ വഹ്നാവനാദരഃ 131

ഒരുവൻ ഇഷ്ടമില്ലാത്തതു ചെയ്താലും പ്രിയപ്പെട്ടവനാണെങ്കിൽ എന്നും അങ്ങനെ തന്നെ ആയിരിക്കും. അഗ്നി വീടിനകത്തുള്ളത് എല്ലാം ചുട്ടുനശിപ്പിച്ചാലും, ആർക്കാണ് തീയോട് ഇഷ്ടക്കേടുള്ളത്?

122

ദുർജനഃ പ്രകൃതിം യാതി സേവ്യമാനോപി നിത്യശഃ
സ്വേദനാഭ്യഞ്ജനോപായൈഃ ശ്വപുച്ഛമിവ
നാമിതം 135

ദുഷ്ടനായ മനുഷ്യനെ എത്ര തന്നെ ആദരിച്ചു സ്നേഹിച്ചാലും അവൻ പഴയപടി നടക്കും. പട്ടിയുടെ വാൽ നിവർത്തുന്നതിനുവേണ്ടി വിയർപ്പിക്കുകയും തൈലം പുരട്ടിതിരുമ്മുകയും ചെയ്താലും അതു പിന്നേയും വളഞ്ഞിരിക്കും.

123

സ്വേദിതോ മർദിതശ്ചൈവ രജ്ജുഭിഃ
പരിവേഷ്ടിതഃ
മുക്തോ ദ്വാദശഭിർവർഷൈഃ ശ്വപുച്ഛഃ
പ്രകൃതിം ഗതഃ 136

ഒരു പട്ടിയുടെ വാൽ വിയർപ്പിക്കുകയും, തിരുമ്മുകയും, ചരടുകൾകൊണ്ട് വരിഞ്ഞുകെട്ടുകയും ചെയ്തിട്ട് പന്ത്രണ്ടു വർഷങ്ങൾക്കുശേഷം അഴിച്ചിട്ടപ്പോൾ പണ്ടത്തേതുപോലെ അതു വളഞ്ഞുതന്നെ ഇരുന്നു.

124

അപൃഷ്ടോപി ഹിതം ബ്രൂയാദ്യസ്യ നേച്ഛേത്
പരാഭവം

ഏഷ ഏവ സതാം ധർമോ വിപരീതമതോന്യഥാ 138

ഒരാളുടെ നാശം ആഗ്രഹിക്കുന്നില്ലെങ്കിൽ ചോദിക്കാതെ തന്നെ അയാളോട് നന്മ ഉപദേശിക്കണം. നല്ലവരുടെ കടമയാണിത്. ദുഷ്ടന്മാർ മറിച്ച ചെയ്യുന്നു.

125

സ സ്നിഗ്ധോകുശലാന്നിവാരയതി യസ്തത്
കർമ യന്നിർമലം
സാ സ്ത്രീ യാനുവിധായിനീ സ മതിമാൻ യ:
സദ്ഭിരഭ്യർച്യതേ
സാശ്രീർയാ ന മദം കരോതി സ സുഖീ യ
സ്തൃഷ്ണയാ മുച്യതേ
തൻമിത്രം യദകൃത്രിമം സ പുരുഷോ യ:
ഖിദ്യതേ നേന്ദ്രിയൈ: 139

നമ്മെ ആരു തിന്മയിൽനിന്നും തടഞ്ഞു നിർത്തുന്നുവോ അവനാണ് നമ്മെ സ്നേഹിക്കുന്നവൻ. കുററമററ പ്രവൃത്തിയാണ് ശരിയായപ്രവൃത്തി. അനുസരണയുള്ളവളാണ് ഭാര്യ. നല്ലവരാൽ ആരു ബഹുമാനിക്കപ്പെടുന്നുവോ അവനാണ്ബുദ്ധിമാൻ. യഥാർത്ഥമായ ധനം ധനവാനിൽ ഗർവ്വുല്പാദിപ്പിക്കുകയില്ല. വ്യർഥാഗ്രഹങ്ങളിൽനിന്നും വിമുക്തനായവനാണ് സന്തുഷ്ടൻ. ആത്മാർത്ഥതയുള്ളവനാണ് സാക്ഷാൽ സ്നേഹിതൻ. പഞ്ചേന്ദ്രിയങ്ങളെ പൂർണ്ണമായി നിയന്ത്രിച്ചിട്ടുള്ളവനാണ് യഥാർത്ഥമനുഷ്യൻ.

126

ന പരസ്യാപവാദേന പരേഷാം ദണ്ഡമാചരേത്
ആത്മനാവഗമം കൃത്വാ ബധ്നീയാൽ
പൂജയേതവാ 141

അന്യരുടെ കുററാരോപണം കേട്ടിട്ട് മററുള്ളവരെ ശിക്ഷിക്കരുത്. സത്യാവസ്ഥ സ്വയമേവ മനസ്സിലാക്കിയിട്ടുവേണം വേറൊരാളെ ശിക്ഷിക്കുകയോ സ്തുതിക്കുകയോ ചെയ്യാൻ.

127

ഗുണദോഷാവനിശ്ചിത്യ വിധിർന ഗ്രഹനിഗ്രഹേ

സ്വനാശായ യഥാ ന്യസ്തോ ദർപാത്
സർപമുഖേ കര: 142

ആളുകളുടെ ഗുണവും ദോഷവും അറിയാതെ അവർക്ക് സമ്മാനമോ ശിക്ഷയോ നല്കരുത്. ഗർവ്വുകൊണ്ട് മറിച്ചു ചെയ്യുന്നത് സ്വകരം വിഷപ്പാമ്പിൻെറ വായിൽ വയ്ക്കുന്നതുപോലെ സ്വനാശത്തിനായി ഭവിക്കും.

128

ആദേയസ്യ പ്രദേയസ്യ കർതവ്യസ്യ ച കർമണ:
ക്ഷിപ്രമക്രിയമാണസ്യ കാല:പിബതി
തദ്രസം 144

സ്വന്തകർത്തവ്യമനുസരിച്ച് എന്തെങ്കിലും സ്വീകരിക്കേണ്ടതോ, കൊടുക്കേണ്ടതോ, ചെയ്യേണ്ടതോ ഉണ്ടെങ്കിൽ അവ വേഗത്തിൽ ചെയ്തില്ലെങ്കിൽ ഫലസിദ്ധിയുണ്ടാകയില്ല.

129

ദു:ഖമാത്മാ പരിച്ഛേത്തുമേവം യോഗ്യോ ന
വേതി വാ
അസ്തീദൃശ്യസ്യവിജ്ഞാനം സ കൃച്ഛ്രേ
പി ന സീദതി 148

അവനവനെപ്പററി താൻ യോഗ്യനോ അയോഗ്യനോ എന്നുള്ള ശരിയായ അറിവ് ലഭിക്കുക വിഷമമാണ്. ഇങ്ങനെയുള്ള ജ്ഞാനസിദ്ധിയുള്ളവർ ഏതൊരു വിഷമഘട്ടത്തിലും പരുങ്ങലിലാകയില്ല.

130

അനുചിതകാര്യാരംഭ: സ്വജനവിരോധോ
ബലീയസാ സ്പർധാ
പ്രമദാജനവിശ്വാസോ മൃത്യോർദ്വാരാണി
ചത്വാരി 149

വേണ്ടാത്ത കാര്യത്തിലേർപ്പെടുക, സ്വബന്ധുജനങ്ങളോടു വിരോധത്തിൽ കഴിയുക, തന്നേക്കാൾ ശക്തികൂടിയവനോട് ഏററുമുട്ടുക, യുവസ്ത്രീകളിൽ വിശ്വാസം സമർപ്പിക്കുക ഈ നാലും മരണത്തിലേക്കുള്ള നാലു വാതിലുകളാകുന്നു.

131

ശതം ദദ്യാന്ന വിവദേദിതി വിജ്ഞസ്യ സമ്മതം
വിനാ ഹേതുമപി ദ്വന്ദ്വമേതൻമൂർഖസ്യ
ലക്ഷണം 21

ഒരു നൂറുകൊടുക്കേണ്ടിവന്നാലും കലഹമുണ്ടാക്കരുത് എന്നുള്ളത് അറിവുള്ളവരുടെ അഭിപ്രായമാണ്. കാരണമൊന്നുമില്ലാതെ കലഹിക്കുന്നത് മൂഢന്മാരുടെ പ്രകൃതിയാണ്.

132

വർണാകാരപ്രതിധ്വാനൈർനേർത്രവക്ത്രവി
കാരത:
അപ്യൂഹന്തി മനോ ധീരാസ്തസ്മാദ്രഹസി
മന്ത്രയേത് 32

ബുദ്ധിമാന്മാർ മററുള്ളവരുടെ ഉള്ള് അവരുടെ മുഖത്തുനിന്നും ചേഷ്ടകളിൽനിന്നും സ്വരത്തിന്റെ പ്രതിധ്വനിയിൽനിന്നും കണ്ണുകളുടേയും ചൊടികളുടേയും ചലനത്തിൽനിന്നും മനസ്സിലാക്കുന്നു. തന്മൂലം കാര്യങ്ങൾ ആലോചിക്കുമ്പോൾ അത് രഹസ്യത്തിലായിരിക്കണം.

133

മഹതോ ദൂരഭീരുത്വമാസന്നേ ശൂരതാ ഗുണഃ
വിപത്തൗ ച മഹാല്ലോകേ ധീരതാമനുഗച്ഛതി. 44

ആപത്ത് അകലെ ആയിരിക്കുമ്പോൾ അതേപ്പററി പേടിയും, അടുത്ത് എത്തുമ്പോൾ ശൂരതയും ഉണ്ടാവുക മഹത്തുക്കളുടെ ലക്ഷണമാണ്. മഹാനായ മനുഷ്യൻ ഈലോകത്ത് വിപത്തുണ്ടാകുമ്പോൾ ധീരതയോടുകൂടി വർത്തിക്കുന്നു.

134

യോ യത്ര കുശല: കാര്യേ തം തത്ര വിനിയോ
ജയേത്
കർമസ്വദൃഷ്ടകർമാ യ: ശാസ്ത്രജ്ഞോ
പി വിമുഹ്യതി 54

ഏതൊരു കാര്യത്തിൽ ഒരുവൻ സമർത്ഥനാണോ ആ കാര്യത്തിൽ അവനെ നിയോഗിക്കണം. ശാസ്ത്രങ്ങൾ പലതും അറിയാമെങ്കിലും പരിചയസമ്പത്തില്ലാത്തവൻ ഒരോ കാര്യത്തെയും അഭിമുഖീകരിക്കുമ്പോൾ ഭ്രമിച്ചുപോകും.

135

ഖ്യാത: സർവരസാനാം ഹി ലവണോ രസ ഉത്തമ:
ഗൃഹീതം ച വിനാ തേന വ്യഞ്ജനം
ഗോമയായതേ 56

രസങ്ങളിൽ ഉപ്പാണ് ഏററവും നല്ലതെന്നുള്ളത് പ്രസിദ്ധമാണ്. ഏതെങ്കിലും ഒരു കറിക്ക് ഉപ്പില്ലാതിരുന്നാൽ അതു ചാണകം പോലെയിരിക്കും.

136

ന സാ സഭാ യത്ര ന സന്തി വൃദ്ധാ
വൃദ്ധാ ന തേ യേ ന വദന്തി ധർമം
ധർമ: സ നോ യത്ര ന സത്യമസ്തി,
സത്യം ന തദ്യച്ഛലമഭ്യുപൈതി 61

വൃദ്ധന്മാരില്ലാത്ത ഒരു യോഗം യോഗമല്ല. നീതിയായിട്ടുള്ളതു പറയാത്തവർ വൃദ്ധരല്ല. സത്യമില്ലാത്തതു ധർമ്മമല്ല. യാതൊന്നു കാപട്യത്തെ ആശ്രയിക്കുന്നുവോ അത് സത്യവുമല്ല.

137

പരോപി ഹിതവാൻ ബന്ധുർബന്ധുര
പ്യഹിത: പര:
അഹിതോ ദേഹജോ വ്യാധിർഹിതമാരണ്യ
മൗഷധം 93

ശത്രുവാണെങ്കിലും നന്മചെയ്യുന്നവൻ ബന്ധുവാണ്. ബന്ധു ആയിരുന്നാലും ഉപദ്രവകാരിയാണെങ്കിൽ അവൻ ശത്രുവാണ്. രോഗം ശരീരത്തിൽനിന്നുളവാകുന്നതാണെങ്കിലും അത് ഉപദ്രവകാരിയാണ്. വനത്തിൽ വളരുന്ന ഔഷധച്ചെടി ഉപകാരപ്രദമാണ്.

138

ധനാനി ജീവിതം ചൈവ പരാർഥേ പ്രാജ്ഞ
ഉത്സൃജേത്
സന്നിമിത്തം വരം ത്യാഗോ വിനാശേ നിയതേ
സതി 100

ബുദ്ധിമാനായ മനുഷ്യൻ സ്വന്തധനവും ജീവനും മററുള്ളവർക്കായി വിനിയോഗിക്കണം. അവയുടെ നാശം തീർച്ചയായിരിക്കെ, നല്ലകാര്യത്തിനായി അവയെ ത്യജിക്കുന്നതാണു മെച്ചം.

139

പ്രിയം ബ്രൂയാദകൃപണ: ശൂര: സ്യാദവികത്ഥന:
ദാതാ നാപാത്രവർഷീ ച പ്രഗല്ഭ:
സ്യാദനിഷ്ഠുര: 102

ഉദാരമതിയായിരിക്കെ മധുരമായി സംസാരിക്കണം. പരാക്രമമുള്ളവൻ വമ്പു പറയരുത്. ദാനശീലൻ വേണ്ടാത്തിടത്ത് കൊടുക്കരുത്. ധൈര്യവാൻ ക്രൂരത പ്രവർത്തിക്കരുത്.

140

വൈദ്യോ ഗുരുശ്ച മന്ത്രീ ച യസ്യ രാജ്ഞ:
പ്രിയംവദാ:
ശരീരധർമകോശേഭ്യ: ക്ഷിപ്രം സ
പരിഹീയതേ 104

ഒരു ഭരണാധികാരിയുടെ ഡോക്ടറും ധർമ്മോപദേഷ്ടാവും മന്ത്രിയും മുഖസ്തുതി പറയുന്നവരാണെങ്കിൽ, അദ്ദേഹത്തിൻെറ ആരോഗ്യവും, ധാർമ്മികതയും സമ്പത്തും ക്ഷണത്തിൽ അവർ നഷ്ടപ്പെടുത്തും.

141

അവിദ്വാനപി ഭൂപാലോ വിദ്യാവൃദ്ധോപ
സേവയാ
പരാം ശ്രിയമവാപ്നോതി ജലാസന്ന
തരുർയഥാ 114

രാഷ്ട്രീയ വിദ്യ ഇല്ലാത്തവനായാലും ഒരു ഭരണാധിപൻ പണ്ഡിതവരേണ്യനായ ഉപദേഷ്ടാവിൻെറ സഹായത്താ

ടെ വലുതായ ഐശ്വര്യം കൈവരിക്കുന്നതാണ്. ജലസമീപം നിൽക്കുന്ന വൃക്ഷംപോലെ.

142

മുദം വിഷാദ: ശരദം ഹിമാഗമ
സ്തമോ വിവസ്വാൻ സുകൃതം കൃതഘ്നതാ
പ്രിയോപപത്തി:ശുചമാപദം നയ:
ശ്രിയം സമൃദ്ധാമപി ഹന്തി ദുർനയ: 118

വിഷാദം സന്തോഷത്തേയും മഞ്ഞുവീഴ്ച ശരദ്കാലഭംഗിയേയും സൂര്യൻ അന്ധകാരത്തേയും നന്ദികേട് സുകൃതത്തേയും ഇഷ്ടസിദ്ധി ദു:ഖത്തേയും നയം ആപത്തിനേയും തെററായ ജീവിതരീതി ധനസമൃദ്ധിയേയും നശിപ്പിക്കുന്നു.

143

യസ്യ നാസ്തി സ്വയം പ്രജ്ഞാ ശാസ്ത്രം
തസ്യ കരോതി കിം
ലോചനാഭ്യാം വിഹീനസ്യ ദർപണ: കിം
കരിഷ്യതി 119

ഒരാൾക്കു സാമാന്യബുദ്ധിയെങ്കിലും ഇല്ലെങ്കിൽ, ശാസ്ത്രംകൊണ്ട് അവനെന്തു പ്രയോജനം? കണ്ണുകളില്ലാത്തവന് കണ്ണാടികൊണ്ട് എന്തുപകാരം?

144

ആരഭന്തേല്പമേവാജ്ഞാ: കാമം വ്യഗ്രാ ഭവന്തിച
മഹാരംഭാ: കൃതധിയസ്തിഷ്ഠന്തി
ച നിരാകുലാ: 122

അല്പബുദ്ധികൾ ചെയ്യുന്ന പരിശ്രമം നിസ്സാരമാണ്. അവർക്കുള്ള വിഭ്രാന്തിവലുതും. എന്നാൽ മനക്കരുത്തുള്ളവർ മഹത്തായ കാര്യങ്ങൾ ആരംഭിക്കുന്നു; അവർക്ക് ആകുലതയൊന്നുമില്ലതാനും.

145

മൂർഖ: സ്വല്പവ്യയത്രാസാത് സർവനാശം
കരോതിഹി

ക: സുധീസ്ത്യജതേ ഭാണ്ഡം ശുല്കസ്യൈ
വാതിസാധ്വസാത് 125

മൂഢനായ മനുഷ്യൻ അല്പവ്യയത്തെ ഭയന്ന് എല്ലാം നശിപ്പിക്കുന്നു. നികുതി കൊടുക്കേണ്ടി വരുമല്ലോ എന്ന ചിന്തയാൽ വളരെ ഭയന്നിട്ട്, ബുദ്ധിയുള്ള ആരെങ്കിലും വ്യാപാരച്ചരക്ക് ഉപേക്ഷിക്കുമോ ?

146

ക്ഷമീ ദാതാ ഗുണഗ്രാഹീ സ്വാമീ ദു:ഖേന
ലഭ്യതേ
ശുചിർദക്ഷോനുരക്തശ്ച ജാനേ ഭൃത്യോ
പി ദുർലഭ: 41

ക്ഷമാശീലനും ദാനശീലനും ഗുണഗണങ്ങളെ മനസ്സിലാക്കുന്നവനും ആയിട്ടുള്ള ഒരു യജമാനനെ അത്ര എളുപ്പത്തിൽ ലഭിക്കയില്ല. സത്യസന്ധനും ഉത്സാഹശീലനും യജമാനനോട് ആത്മാർത്ഥമായ സ്നേഹമുള്ളവനുമായ ഒരു ഭൃത്യനേയും ലഭിക്കുക അത്ര എളുപ്പമല്ല.

147

ഭവേസ്മിൻ പവനോദ്ഭ്രാന്തവീചിവിഭ്രമഭംഗുരേ
ജായതേ പുണ്യയോഗേന പരാർഥേ
ജീവിതവ്യയ: 143

കാററിനാൽ ചലിപ്പിക്കപ്പെട്ടതും ഉരുണ്ടുമറിഞ്ഞു വരുന്നതുമായ തിരമാലകൾപോലെ ക്ഷണികമായ ഈ ഐഹികജീവിതത്തിൽ (ഭവേ) വേറൊരുവനുവേണ്ടി സ്വന്തജീവനെ ബലികഴിക്കുക എന്നത് സ്വന്തസുകൃതത്തിന്റെ ഫലമാണ്.

148

യത്ര യത്ര ഹത: ശൂര: ശത്രുഭി: പരിവേഷ്ടിത:
അക്ഷയാല്ലഭതേ ലോകാന്യദി ക്ലൈബ്യം
ന ഗഛതി 149

എവിടെയെല്ലാം, ശത്രുക്കളാൽ വളയപ്പെട്ട് ധീരന്മാരായ പടയാളികൾ ധീരതവെടിയാതെ മരിക്കുന്നുണ്ടോ, അവർക്കെല്ലാം നിത്യമായ ലോകങ്ങൾ ലഭിക്കുന്നു.

149

വിഗ്രഹ: കരിതുരംഗപത്തിഭിർ
നോ കദാപി ഭവതാം മഹീഭൃതാം
നീതിമന്ത്രപവനൈ: സമാഹതാ:
സംശ്രയന്തു ഗിരിഗഹ്വരം ദ്വിഷ: 150

ആന, കുതിര, കാലാൾപ്പട എന്നിവ ഉപയോഗിച്ച് രാജാക്കന്മാർ ഒരിക്കലും യുദ്ധം ചെയ്യരുത്. രാജ്യതന്ത്രം നയം തുടങ്ങിയ സമരായുധങ്ങളാകുന്ന കൊടുങ്കാററിനാൽ സംവഹിക്കപ്പെട്ടിട്ട് ശത്രുക്കൾ പർവ്വതഗുഹകളിൽ അഭയം തേടട്ടെ.

## ഹിതോപദേശം—സന്ധി

150

പ്രണയാദുപകാരാദ്വാ യോ വിശ്വസിതി ശത്രുഷു
സ സുപ്ത ഇവ വൃക്ഷാഗ്രാത് പതിത:
പ്രതിബുദ്ധ്യതേ 11

സ്നേഹപ്രകടനത്താലോ പ്രവൃത്തിയാലോ ശത്രുക്കളിൽ വിശ്വാസമർപ്പിച്ചാൽ, വൃക്ഷത്തിൽ നിന്ന് ഉറക്കത്തിൽ താഴെ വീണ ആളെപ്പോലെ, നശിച്ചുകഴിയുമ്പോൾ മാത്രമേ അറിയൂ.

151

കൃതകൃത്യസ്യ ഭൃത്യസ്യ കൃതം നൈവ
പ്രണാശയേത്
ഫലേന മനസാ വാചാ ദൃഷ്ട്യാ ചൈനം
പ്രഹർഷയേത് 12

സ്വന്തം കടമ നിർവഹിച്ച ഭൃത്യന്റെ സേവനത്തെ ഫലശൂന്യമാക്കരുത്. പ്രതിഫലംകൊണ്ടും, മനസ്സുകൊണ്ടും, വാക്കുകൊണ്ടും, കണ്ണുകൾകൊണ്ടും അവനെ സമ്മാനിച്ച് പ്രോത്സാഹിപ്പിക്കണം.

152

അവിചാരയതോ യുക്തികഥനം തുഷകണ്ഡനം
നീചേഷൂപകൃതം രാജൻ വാലുകാസ്വിവ
മൂത്രിതം 13

കേറക്കാൻ തയ്യാറില്ലാത്തവനെ ഉപദേശിക്കുന്നത് ഉമികുത്തുന്നതിനു തുല്യമാണ്. അധമനായ ഒരുവനുചെയ്യുന്ന സേവനം മണലിൽ മൂത്രമൊഴിക്കുന്നതുപോലെയാണ്.

153

സത്യോനുപാലയൻ സത്യം സംധിതോ
നൈതി വിക്രിയാം
പ്രാണബാധേപി സുവ്യക്തമാര്യോ നായാത്യ
നാര്യതാം 28

സത്യസന്ധനായവൻ എന്നും സത്യം പാലിക്കും. മറ്റുള്ളവരുമായി സന്ധിയിലേർപ്പെട്ടാലും അവനിൽ മാററമുണ്ടാകുകയില്ല മാഹാത്മ്യമുള്ള മനുഷ്യൻെറ ജീവൻ തന്നെ അപകടത്തിലായാലും അവൻ അധമമായി വർത്തിക്കുകയില്ലെന്നത് വ്യക്തമാണ്.

154

കാഗതാ: പൃഥിവീപാലാ: സസൈന്യബലവാഹനാ:
വിയോഗസാക്ഷിണീ യേഷാം ഭൂമിരദ്യാപി
തിഷ്ഠതി 69

സൈന്യങ്ങളും അംഗരക്ഷകരും മററു പരിവാരങ്ങളുമുണ്ടായിരുന്ന ഭരണാധിപന്മാർ എങ്ങുപോയി? അവരുടെ തിരോധാനത്തിന്നു സാക്ഷിയായിരുന്ന ഭൂമി ഇന്നും സ്ഥിതി ചെയ്യുന്നു.

155

കായ:സന്നിഹിതാപായ: സംപദ: പദമാപദാം
സമാഗമാ: സാപഗമാ: സർവമുത്പാദി ഭംഗുരം 70

ശരീരം വിപത്തുകരക്ക് വിധേയമാണ്. സമ്പത്താകട്ടെ ആപത്തുകളുടെഇരിപ്പിടമാണ്. ഐക്യതകൾ അനൈക്യത്തിൽ കലാശിക്കുന്നു. സൃഷ്ടമായിട്ടുള്ളതെല്ലാം നശ്വരമാകുന്നു.

156

പ്രതിക്ഷണമയം കായ: ക്ഷീയമാണോ
ന ലക്ഷ്യതേ
ആമകുംഭ ഇവാംഭ:സ്ഥോ വിശീർണ:
സൻ വിഭാവ്യതേ 71

ഈ ശരീരം ക്ഷണം പ്രതി ക്ഷയിച്ചുകൊണ്ടിരിക്കയാണ്, പക്ഷേ നാമതറിയുന്നില്ല. എന്നാൽ ചുടാത്ത ഒരു കലം ജലത്തിൽവച്ചാൽ അലുത്തലുത്തുപോകുന്നതുപോലെ ദേഹത്തിനും സംഭവിക്കുമ്പോൾ നാമതറിയും.

157

ആസന്നതരതാമേതി മൃത്യുർജന്തോർദിനേ ദിനേ
ആഘാതം നീയമാനസ്യ വധ്യസ്യേവ പദേ പദേ 72

മരണം ഒരു ജീവിയെ അനുദിനം സമീപിച്ചുകൊണ്ടിരിക്കയാണ്. കഴുമരത്തിലേക്കു നയിക്കപ്പെടുന്ന ഒരുവന്റെ ഓരോ കാല്വയ്പിലും മരണം അടുത്തുവരുന്നതുപോലെ.

158

അനിത്യം യൗവനം രൂപം ജീവിതം ദ്രവ്യസംചയഃ
ഐശ്വര്യം പ്രിയസംവാസോ മുഹ്യേത്തത്ര ന
പണ്ഡിത: 73

യൗവനവും, അഴകും, ജീവിതവും, സമ്പാദിച്ച ധനവും, പ്രതാപവും, പ്രിയജനങ്ങളുമായിട്ടുള്ള സഹവാസവും, എല്ലാം താത്ക്കാലികങ്ങളാകുന്നു. ബുദ്ധിമാനായ മനുഷ്യൻ ഇവയിൽ വ്യാമോഹിക്കരുത്.

159

യഥാ കാഷ്ഠംച കാഷ്ഠംച സമേയാതാം മഹോദധൗ
സമേത്യ ച വ്യപേയാതാം തദ്വദ്ഭൂതസമാഗമ: 74

മഹാസമുദ്രതലത്തിൽ രണ്ടു മരക്കഷണങ്ങൾ പരസ്പരം അടുക്കുകയും അകലുകയും ചെയ്യുന്നതുപോലെയാണ് ഇഹത്തിൽ ജീവികളുടെ പരസ്പരവേഴ്ച.

160

യഥാ ഹി പഥിക: കശ്ചിച്ഛായായാമാശ്രിത്യ
തിഷ്ഠതി
വിശ്രമ്യ ച പുനർഗച്ഛേത്തദ്വദ്
ഭൂതസമാഗമ: 75

ഒരു യാത്രക്കാരൻ ഒരു മരത്തണലിൽ എത്തിയിട്ട് അവിടെ ഇരുന്നു വിശ്രമിച്ചതിൻെറശേഷം വീണ്ടും യാത്ര തുടരുന്നതുപോലെയാണ് ഇഹത്തിൽ ജീവികളുടെ സമ്പർക്കം.

161

പഞ്ചഭിർനിർമിതേ ദേഹേ പഞ്ചത്വം ച പുനർഗതേ
സ്വാം സ്വാം യോനിമനുപ്രാപ്തേ തത്ര കാ
പരിദേവനാ 76

പഞ്ചഭൂതങ്ങൾകൊണ്ട് നിർമ്മിതമായ ശരീരം വീണ്ടും പഞ്ചഭൂതങ്ങളായി പിരിയുന്നു. ഇവ ഓരോന്നും അവയവയുടെ മൂലഘടകങ്ങളായി പരിണമിക്കുന്നു. ഇങ്ങനെയിരിക്കെ വിഷാദിക്കുവാൻ വല്ല ന്യായവമുണ്ടോ?

162

യാവത: കുരുതേ ജന്തു: സംബന്ധാൻ മനസ:
പ്രിയാൻ
താവന്തോപി നിഖന്യന്തേഹൃദയേ ശോകശംകവ: 77

മനസ്സിനിണങ്ങിയ എത്രകൂടുതൽ ബന്ധങ്ങൾ മനുഷ്യർ സ്ഥാപിക്കുന്നുവോ, അത്രയുമധികം ദു:ഖശരങ്ങൾ അവരുടെ ഹൃദയങ്ങളിൽ തറച്ചുകയറും.

163

നായമത്യന്തസംവാസോ ലഭ്യതേ യേനകേനചിത്
അപി സ്വേന ശരീരേണ കിമുതാന്യേന
കേനചിത് 78

സ്വശരീരത്തോടുപോലും നിത്യമായിട്ടുള്ള സഹവാസം ഒരുത്തർക്കും ലഭിക്കാതിരിക്കെ, അന്യമായിട്ടുള്ളതിനോടുള്ള ബന്ധം ഏതുതരമായിരിക്കും?

164

സംയോഗോ ഹി വിയോഗസ്യ സംസൂചയതി
സംഭവം
അനതിക്രമണീയസ്യ ജന്മ മൃത്യോരിവാഗമം 79

സംബന്ധങ്ങൾ വേർപാടിനെ തീർച്ചയായും സൂചിപ്പിക്കുന്നു, ജന്മം അനിവാര്യമായ മരണത്തെ ഓർമ്മിപ്പിക്കുന്നതു പോലെ.

165

വ്രജന്തി ന നിവർതന്തേ സ്രോതാംസി
സരിതാം യഥാ
ആയുരാദായ മർത്യാനാം തഥാ രാത്ര്യഹനീ സദാ 81

നദീജലം ഒരിക്കലും പുറകോട്ട് തിരിയാതെ മുമ്പോട്ടു ഒഴുകുന്നതുപോലെ മർത്യായുസ്സും വഹിച്ചുകൊണ്ട് രാത്രിയും പകലും കടന്നുപോകുന്നു.

166

സുഖാസ്വാദപരോ യസ്തു സംസാരേ
സത്സമാഗമ:
സ വിയോഗാവസാനത്വാദ്ദു:ഖാനാം
ധുരി യുജ്യതേ 82

ഇഹത്തിൽ നല്ലവരുമായിട്ടുള്ള വേഴ്ച ഏററവും സന്തോഷപ്രദമാണെങ്കിലും, വേർപാടിൻെറ അവസരത്തിൽ അത് ഏററവും വലിയ ദു:ഖത്തിനു കാരണമാകുന്നു.

167

യാമേവ രാത്രിം പ്രഥമാമുപൈതി
ഗർഭേ നിവാസം നരവീര ലോക:
തത: പ്രഭൃത്യസ്ഖലിതപ്രയാണഃ
സ പ്രത്യഹം മൃത്യുസമീപമേതി 86

അല്ലയോ രാജവേ, ഗർഭത്തിൽ വാസമാരംഭിക്കുന്ന ആദ്യരാത്രിമുതൽതുടർച്ചയായി യാത്രചെയ്ത് ഓരോദിവസവും മനുഷ്യൻ മരണത്തോടടുത്തടുത്തു വരികയാണല്ലോ.

168

അകാണ്ഡപാതജാതാനാമാർദ്രാണാം മർമഭേദിനാം
ഗാഢശോകപ്രഹാരാണാമചിന്തൈവ മഹൗഷധീ 88

അവിചാരിതമായി ഉണ്ടാകുന്നതും പുതിയതും ഹൃദയഭേദകമായതുമായ തീവ്രദു:ഖത്തിനുള്ള സിദ്ധൗഷധം, അവയെക്കുറിച്ച് ഓർക്കാതിരിക്കുന്നതാണ്.

169

വനേപി ദോഷാ: പ്രഭവന്തി രാഗിണാം
ഗൃഹേപി പഞ്ചേന്ദ്രിയനിഗ്രഹസ്തപ:
അകുത്സിതേ കർമണി യ: പ്രവർത്തതേ
നിവൃത്തരാഗസ്യ ഗൃഹം തപോവനം 89

രാഗദോഷാദികളുള്ള മനുഷ്യന് വനാന്തരത്തിൽപോലും പ്രലോഭനങ്ങളുണ്ടാകാം. പഞ്ചേന്ദ്രിയങ്ങളെ അടക്കി സ്വഭവനത്തിൽ ജീവിച്ചാൽ അതു തപസ്സായിരിക്കും. ദുരാഗ്രഹങ്ങളെ നിയന്ത്രിച്ച്, കുററമററതായ കാര്യങ്ങളിൽ വ്യാപൃതനായിരിക്കുന്നവന് സ്വഭവനം ഒരു തപോവനമാണ്.

170

വൃത്ത്യർഥം ഭോജനം യേഷാം സന്താനാർഥം ച
മൈഥുനം
വാക്സത്യവചനാർഥാ ച ദുർഗാണ്യപി
തരന്തി തേ 91

ജീവിക്കുന്നതിനുവേണ്ടതുമാത്രം ഭക്ഷിക്കുകയും, സന്താനാലാഭത്തിനുവേണ്ടി വിവാഹജീവിതം നയിക്കുകയും സത്യം പറയുന്നതിനുവേണ്ടി സംസാരിക്കുകയും ചെയ്യുന്ന മനുഷ്യൻ ഏതൊരു വിഷമതയും തരണംചെയ്യും.

171

ആത്മാ നദീ സംയമപുണ്യതീർഥാ
സത്യോദകാ ശീലതടാ ദയോർമി:
തത്രാഭിഷേകം കുരു പാണ്ഡുപുത്ര
ന വാരിണാ ശുധ്യതി ചാന്തരാത്മാ 92

ആത്മാവ് ഒരു നദിയാണ്. ആത്മനിയന്ത്രണമാണ് അതിലെക്കിറങ്ങുവാനുള്ള വിശുദ്ധപടികൾ. സത്യസന്ധതയാണ് അതിലെ ജലം, നല്ലശീലങ്ങൾ നദിയുടെ ഇരുകരകൾ, ദയാശീലം, അതിലെ ചെറുതിരികൾ. പാണ്ഡു പുത്രാ, നീ അവിടെ കുളിക്കൂ. ആന്തരികശുദ്ധീകരണം പ്രകൃതിജലത്താൽ സിദ്ധിക്കയില്ല.

## 172

ജന്മമൃത്യുജരാവ്യാധിവേദനാഭിരുപദ്രുതം
സംസാരമിമമത്യന്തമസാരം ത്യജത: സുഖം 93

ജനനം, മരണം, വാർദ്ധക്യം, രോഗം, വേദന എന്നിവകളാൽ ആക്രമിക്കപ്പെട്ടതും നിശ്ശേഷം വിലയില്ലാത്തതുമായ ഈ ലോകജീവിതം ത്യജിക്കുന്നവനാണ് സുഖം.

## 173

ആദാനസ്യ പ്രദാനസ്യ കർതവ്യസ്യ ച കർമണ:
ക്ഷിപ്രമക്രിയമാണസ്യ കാല: പിബതി
തദ്രസം 100

സ്വീകരിക്കാനും കൊടുക്കാനും ചെയ്യാനുമുള്ള കാര്യങ്ങൾ വേഗം ചെയ്യാതിരുന്നാൽ കാലം കാത്തിരിക്കയില്ല.

## 174

കാമ: ക്രോധസ്തഥാ മോഹോ ലോഭോ
മാനോ മദസ്തഥാ
ഷഡ്വർഗമുത്സൃജേദേനമസ്മിം
സ്ത്യക്തേ സുഖീ നര: 101

വിഷയാസക്തി, കോപം, കാര്യകാരണവിവേചനമില്ലായ്ക, അത്യാഗ്രഹം, വ്യാർത്ഥാഭിമാനം, അഹങ്കാരം എന്നീ ആറുകാര്യങ്ങളെ ഉപേക്ഷിക്കണം. ഇവ നീക്കം ചെയ്തുകഴിഞ്ഞാൽ മനുഷ്യൻ സന്തുഷ്ടനാകുന്നു.

## 175

സഹസാ വിദധീത ന ക്രിയാം
അവിവേക: പരമാപദാം പദം
വൃണുതേ ഹി വിമൃശ്യകാരിണം
ഗുണലുബ്ധാ: സ്വയമേവ സംപദ: 103

വീണ്ടുവിചാരമില്ലാതെ ഒന്നും ചെയ്യരുത്. അവിവേകം നിർഭാഗ്യത്തിന്റെ ഇരിപ്പിടമാണ്. വിവേചനാശക്തിയുള്ളവന്റെ ഗുണങ്ങളാൽ ആകൃഷ്ടമായിട്ട് സമ്പത്ത് സ്വയമേവ അവനെ തേടുന്നു.

176

അജ്ഞ: സുഖമാരാധ്യ: സുഖതരമാരാധ്യതേ
വിശേഷജ്ഞ:
ജ്ഞാനലവദുർവിദഗ്ധം ബ്രഹ്മാപി നരം
ന രഞ്ജയതി 105

അറിവില്ലാത്തവനെ എളുപ്പത്തിൽ തൃപ്തനാക്കാം. നല്ല അറിവുള്ളവരെ അതിലും എളുപ്പത്തിൽ പ്രസാദിപ്പിക്കാം. എന്നാൽ അല്പജ്ഞാനംകൊണ്ട് ഗർവിഷ്ഠനായിരിക്കുന്നവനെ സന്തുഷ്ടനാക്കുന്നതിന് ബ്രഹ്മാവിനുപോലും സാധ്യമല്ല.

177

സരസി ബഹുശസ്താരാഛായേ ക്ഷണാൽ
പരിവഞ്ചിത:
കുമുദവിടപാന്വേഷീ ഹംസോ നിശാസു
വിചക്ഷണ:
ന ദശതി പുനസ്താരാശംകീ ദിവാപി
സിതോത്പലം
കുഹകചകിതോ ലോക:സത്യേപ്യപായ
മപേക്ഷതേ 107

താമരവള്ളികളന്വേഷിച്ച് ഒരു തടാകത്തിൽ എത്തിയ അരയന്നം, നക്ഷത്രങ്ങളുടെ പ്രതിബിംബം തടാകത്തിൽ കാണുകയാൽ അനേകം പ്രാവശ്യം താമരവള്ളി തിരിച്ചറിയുവാൻ സാധിക്കാതെ കുഴങ്ങി. തത്ഫലമായി പകൽ സമയത്തുപോലും വെളുത്ത താമരവള്ളി, താരബിംബമാണെന്ന് ശങ്കിച്ച്, തിന്നാതിരുന്നു. അന്യരുടെ വഞ്ചനയിൽ കുടുങ്ങിയ മനുഷ്യനും സത്യമായിട്ടുള്ളതിൽ അപകടശങ്കയുണ്ടാകുന്നു.

178

ദുർജനദൂഷിതമനസ: സുജനേഷ്വപി നാസ്തി
വിശ്വാസ:
ബാല: പായസദഗ്ധോ ദധ്യപി ഫൂൽകൃത്യ
ഭയക്ഷയതി 108

ദുഷ്ടമനുഷ്യനാൽ വഞ്ചിതനായ മനുഷ്യന് സജ്ജനങ്ങളിൽപോലും വിശ്വാസമില്ലാതെയാകുന്നു. പായസം കുടിക്ക

വേ ചൂടേററ കുട്ടി തൈരുപോലും ഊതി തണുപ്പിച്ചശേഷം ഭക്ഷിക്കുന്നു.

179

സദ്ഭാവേന ഹരേന്മിത്രം സംഭ്രമേണ തു
ബാന്ധവാൻ
സ്ത്രീഭൃത്യൗ ദാനമാനാഭ്യാം ദാക്ഷിണ്യേനേ
തരാഞ്ജ്നാൻ 110

ഒരു മനുഷ്യൻ ആത്മാർത്ഥമായ സൗഹൃദംവഴി സ്നേഹിതനേയും, ബന്ധുജനങ്ങളെ സസന്തോഷം സ്വീകരിച്ചുകൊണ്ടും, സ്വന്തഭാര്യയേയും ഭൃത്യരേയും ദാനങ്ങളാലും മാന്യമായ പെരുമാററത്താലും മററു ജനങ്ങളെ ആദരപൂർവ്വമുള്ള വർത്തമാനംകൊണ്ടും സ്വാധീനിക്കണം.

180

അയം നിജ: പരോ വേതി ഗണനാ
ലഘുചേതസാം
ഉദാരചരിതാനാം തു വസുധൈവ കുടുംബകം 133

ഇയാം നമ്മുടെ സ്വന്തം, മറേറയാം അന്യൻ എന്നുള്ള പരിഗണന അധമമനസ്ഥിതിയുള്ളവരുടെതാണ്. വിശാലമാനസർ ലോകത്തെ ആകമാനം സ്വന്തകുടുംബമായി കരുതുന്നു.

181

ആധിവ്യാധിപരീതാപാദദ്യ ശ്വോ വാ വിനാശിനേ
കോ ഹി നാമ ശരീരായ ധർമാപേതം
സമാചരേത് 135

മാനസികവും ശാരീരികവും ആയ രോഗങ്ങളാൽ ബാധിക്കപ്പെട്ടിട്ടു ഇന്നോ നാളെയോ നശിച്ചു പോകുന്ന ശരീരത്തിനുവേണ്ടി ആരാണ് ധാർമ്മികതവെടിഞ്ഞു പ്രവർത്തിക്കുന്നതു ?

182

ജലാന്തചന്ദ്രചപലം ജീവിതം ഖലു ദേഹിനാം
തഥാവിധാമിതി ജ്ഞാത്വാ ശശ്വത്
കല്യാണമാചരേത് 136

ജലത്തിൽ പ്രതിബിംബിക്കുന്ന ചന്ദ്രനെപ്പോലെ ചഞ്ചലമാണ് മനുഷ്യരുടെ ജീവിതം. ഈ വസ്തുത മനസ്സിലാക്കി എപ്പോഴും മംഗളകരമായതുമാത്രമേ ചെയ്യാവൂ.

183

മൃഗതൃഷ്ണാസമം വീക്ഷ്യ സംസാരം
ക്ഷണഭംഗുരം
സജ്ജനൈ: സംഗതം കുര്യാദ്ധർമായ ച
സുഖായ ച 137

ഇഹലോകജീവിതം മരീചിക പോലെ വഞ്ചനാപരമാകുന്നു. തന്മൂലം കർത്തവ്യനിർവഹണത്തിനും ആനന്ദത്തിനും വേണ്ടി നല്ല ആളുകളുമായി ഇടപെടണം.

184

അശ്വമേധസഹസ്രാണി സത്യം ച തുലയാ ധൃതം
അശ്വമേധസഹസ്രാദ്ധി സത്യമേവാ
തിരിച്യതേ 138

ഒരായിരം അശ്വമേധങ്ങൾ ത്രാസിൻെറ ഒരു തട്ടിലും സത്യം മറേറതട്ടിലും വച്ച് തൂക്കിയാൽ സത്യത്തിന് ആയിരം അശ്വമേധങ്ങളേക്കാൾ ഭാരമുണ്ടായിരിക്കും.

## ഭർതൃഹരിയുടെ നീതിശതകം

185

ലഭേത സികതാസു തൈലമപി യത്നത:
പീഡയൻ
പിബേച്ച മൃഗതൃഷ്ണികാസു സലിലം
പിപാസാർദിത:
കദാചിദപി പര്യടഞ്ശശവിഷാണമാസദയേ
ന്നതു പ്രതിനിവിഷ്ടമൂർഖജനചിത്ത
മാരധയേത് 5

ഒരു പക്ഷേ മണലു് ശക്തിയായി പിഴിഞ്ഞാൽ എണ്ണ കിട്ടിയേക്കാം. ദാഹംകൊണ്ടു വലയുന്നവന് മരീചികയിൽ നിന്നും ജലം ലഭിച്ചേക്കാം. ചുററികറങ്ങി നടക്കുമ്പോൾ ഒരു

പക്ഷേ മുയലിൻെറ കൊമ്പുകണ്ടെത്തിയെന്നുവരാം. എന്നാൽ മർക്കടമുഷ്ടിയുള്ള ഒരു മരത്തലയനെ പ്രസാദിപ്പിക്കുക സാധ്യമല്ല.

186

വ്യാലം ബാലമൃണാലതന്തുഭിരസൗ രോദ്ധും
സമുജ്ജൃംഭതേ
ഛേത്തും വജ്രമണീഞ്ശിരീഷകുസുമ
പ്രാന്തേന സംനഹ്യതേ
മാധുര്യം മധുബിന്ദുനാ രചയിതും ക്ഷാരാം
ബുധേരീഹതേ
നേതും വാഞ്ഛതി യ: ഖലാൻ പഥി സതാം
സൂക്തൈ: സുധാസ്യന്ദിഭി: 6

കാട്ടാനയെ മൃദുലമായ താമര നൂലുകൊണ്ട് ബന്ധിക്കുന്നതിന് ശ്രമിക്കുന്നതും, ശിരീഷപുഷ്പത്തിൻെറ അരികിനാൽ വജ്രംമുറിക്കുന്നതിന് ഒരുമ്പെടുന്നതും, ഒരു തുള്ളി തേൻകൊണ്ട് കടലിലെ ഉപ്പുവെള്ളം മാധുര്യമുള്ളതാക്കി തീർക്കുന്നതിനു പരിശ്രമിക്കുന്നതിനും തുല്യമാണ് പീയൂഷമയമായ സദുപദേശംകൊണ്ട് ഒരുവനെ പിഴച്ച വഴിയിൽനിന്നും നേർവഴിയിലേക്ക് തിരിക്കുന്നതിന് യത്നിക്കുന്നത്.

187

സ്വായത്തമേകാന്തഗുണം വിധാത്രാ വിനിർമിതം
ഛാദനമജ്ഞതായാ:
വിശേഷത: സർവവിദാം സമാജേ വിഭൂഷണം
മൗനമപണ്ഡിതാനാം 7

അജ്ഞതയെ ഗോപനം ചെയ്യുന്നതിന് പര്യാപ്തമായതും സ്വാധീനത്തിലുള്ളതുമായ ഒന്ന് സ്രഷ്ടാവ് നിർമ്മിച്ചിട്ടുണ്ട്-മൗനമാണത്. പണ്ഡിതന്മാരുടെ സദസ്സിൽ അജ്ഞരായവർക്ക് പ്രത്യേകരീതിയിൽ ഒരലങ്കാരമായിത്തീരുന്നു അത്.

188

യദാ കിംചിജ്ജ്ഞോഹം ദ്വിപ ഇവ മദാന്ധ:
സമഭവം
തദാ സർവജ്ഞോസ്മീത്യഭവദവലിപ്തം മമ മന:

യദാ കിംചിത്കിംചിദ്ബുധജനസകാശാദവഗതം
തദാ മൂർഖോസ്മീതി ജ്വര ഇവ മദോ മേ
വ്യപഗത: 8

അല്പജ്ഞാനി ആയിരുന്നപ്പോൾ, മദമിളകിയ ആനയെപ്പോലെ ഞാൻ ഗർവ്വിതനായിരുന്നു. അപ്പോൾ ഞാൻ എല്ലാമറിയാവുന്നവനാണെന്ന ധാരണയാൽ എന്റെ മനസ്സ് വഷളായി. എന്നാൽ ബുദ്ധിമാന്മാരോടുള്ള സമ്പർക്കം വഴി അല്പാല്പമായി പഠിച്ചപ്പോൾ, ഞാനൊരു മണ്ടനാണെന്ന് തോന്നുകയും അഹങ്കാരമാകുന്ന പനി എന്നെ വിട്ടുമാറുകയും ചെയ്തു.

189

ശക്യോ വാരയിതും ജലേന ഹുതഭുക് ഛത്രേണ
സൂര്യാതപോ
നാഗേന്ദ്രോ നിശിതാംകുശേന സമദൗ
ദണ്ഡേന ഗോഗർദഭൗ
വ്യാധിർഭേഷജസംഗ്രഹൈശ്ച വിവിധൈർ
മന്ത്രപ്രയോഗൈർവിഷം
സർവസ്യൗഷധമസ്തി ശാസ്ത്രവിഹിതം
മൂർഖസ്യ നാസ്ത്യൗഷധം 11

ജലംകൊണ്ട് തീ കെടുത്താൻ സാധിക്കും. കുടകൊണ്ട് വെയിൽ തടുക്കാം. മൂർച്ചയുള്ള തോട്ടികൊണ്ട് ആനയെ നിയന്ത്രിക്കാം. മദംപൂണ്ടുനില്ക്കുന്ന കാളയേയും കഴുതയേയും വടികൊണ്ട് കീഴ്പ്പെടുത്താം. രോഗത്തിന് ഔഷധം ശമനമുണ്ടാക്കും. പലതരത്തിലുള്ള മന്ത്രപ്രയോഗംകൊണ്ട് വിഷമിറക്കാം. എല്ലാററിനും പ്രത്യൗഷധം ശാസ്ത്രം വിധിച്ചിട്ടുണ്ട്. എന്നാൽ അറിവ് സമ്പാദിച്ചിട്ടില്ലാത്തവന് ഒരൗഷധവുമില്ല.

190

സാഹിത്യസംഗീതകലാവിഹീന:
സാക്ഷാത് പശു: പുഛവിഷാണഹീന:
തൃണം ന ഖാദന്നപി ജീവമാന
സ്തദ്ഭാഗധേയം പരമം പശൂനാം 12

സാഹിത്യം സംഗീതം മററു സുകുമാരകലകൾ എന്നിവ സമ്പാദിച്ചിട്ടില്ലാത്തവൻ മൃഗംതന്നെയാണ്. കൊമ്പുകളു

വാലുമില്ലെന്നേയുള്ളു. അവൻ പുല്ലുതിന്നാതിരിക്കുന്നത് മൃഗങ്ങളുടെ വലിയഭാഗ്യമാണ്.

191

യേഷാം ന വിദ്യാ ന തപോ ന ദാനം
ജ്ഞാനം ന ശീലം ന ഗുണോ ന ധർമ:
തേ മർത്യലോകേ ഭുവി ഭാരഭൂതാ
മനുഷ്യരൂപേണ മൃഗാശ്ചരന്തി 13

ശരിയായ വിദ്യാഭ്യാസമില്ലാത്തവരും തപശ്ചര്യകൾ അഭ്യസിക്കാത്തവരും, ദാനം ചെയ്യാത്തവരും അറിവും സത്സ്വഭാവവും സുകൃതങ്ങളും മതാചാരങ്ങളും ഇല്ലാത്തവരും, നശ്വരമായ ഈലോകത്ത് മനുഷ്യരൂപത്തിൽ ചുററികറങ്ങുന്ന മൃഗങ്ങളാണ്. അവർ ഭൂമിക്ക് ഒരു ഭാരമാണ്.

192

വരം പർവതദുർഗേഷു ഭ്രാന്തം വനചരൈ: സഹ
ന മൂർഖജനസമ്പർക: സുരേന്ദ്രഭവനേഷ്വപി 14

ദേവേന്ദ്രന്മാരുടെ ഭവനങ്ങളിൽ മൂഢന്മാരോടുകൂടി സഹവസിക്കുന്നതിലും നന്ന് അപ്രാപ്യങ്ങളായ പർവതപ്രദേശങ്ങളിൽ കാട്ടാളന്മാരുമായി ജീവിക്കുന്നത്.

193

ഹർതുർയാതി ന ഗോചരം കിമപി ശം പുഷ്ണാതി യത്സർവദാ
ഹ്യർഥിഭ്യ: പ്രതിപാദ്യമാനമനിശം പ്രാപ്നോതി വൃദ്ധിം പരാം
കല്പാന്തേഷ്വപി ന പ്രയാതി നിധനം വിദ്യാഖ്യമന്തർധനം
യേഷാം താൻ പ്രതി മാനമുജ്ഝത നൃപാ: കസ്തൈഃ സഹ സ്പർധതേ 16

ലോകാവസാനത്തിൽ പോലും നശിക്കാത്തതും രഹസ്യധനവുമായ അറിവ് കള്ളന്മാരുടെ കണ്ണിൽ പെടുകയില്ല, എന്നും എന്തെങ്കിലും ആനന്ദം പ്രദാനം ചെയ്യുന്നതും, ആവശ്യക്കാർക്ക് നല്കുംതോറും എപ്പോഴും വർദ്ധിക്കുന്നതുമാകുന്നു.

അല്ലയോ രാജാക്കന്മാരേ, ഈ ധനമുള്ളവരോടുള്ള അസൂയ വെടിയുവിൻ. അവരെ മറികടക്കാൻ ആർക്കു സാധിക്കും ?

194

കേയൂരാ ന വിഭൂഷയന്തി പുരുഷം ഹാരാ ന
ചന്ദ്രോജ്ജ്വലാ
ന സ്നാനം ന വിലേപനം ന കുസുമം നാലംകൃതാ
മൂർധജാ:
വാണ്യേകാ സമലംകരോതി പുരുഷം
യാ സംസ്കൃതാ ധാര്യതേ
ക്ഷീയന്തേ ഖലു ഭൂഷണാനി സതതം
വാഗ്ഭൂഷണം ഭൂഷണം 19

തോൾവളകൾ ഒരുവനെ അഴകുള്ളവനാക്കുന്നില്ല, ചന്ദ്രനെപ്പോലെ പകിട്ടുള്ള കഴുത്താരങ്ങളോ, സ്നാനമോ, കുറിക്കൂട്ടോ, പുഷ്പങ്ങളോ, അലംകൃതമായ തലമുടിയോ ഒരുവനെ അഴകേറിയവനാക്കുന്നില്ല. സംസ്കാരമുള്ള വാക്ക് മാത്രമാണ് ഒരുവനെ സമലംകൃതനാക്കുന്നത്. ആഭരണങ്ങൾ തേഞ്ഞുപോകും. സംസാരമെന്ന അലംകാരമാണ് എന്നും നില നില്ക്കുന്നത്.

195

വിദ്യാ നാമ നരസ്യ രൂപമധികം പ്രച്ഛന്ന
ഗുപ്തം ധനം
വിദ്യാ ഭോഗകരീ യശ:സുഖകരീ വിദ്യാ ഗു
രൂണാം ഗുരു:
വിദ്യാ ബന്ധുജനോ വിദേശഗമനേ വിദ്യാ
പരാ ദേവതാ
വിദ്യാ രാജസു പൂജിതാ ന തു ധനം വിദ്യാ
വിഹീന: പശു: 20

മറഞ്ഞിരിക്കുന്നതും സുരക്ഷിതവും മനുഷ്യന്റെ ഏററവും വിശിഷ്ടമായ അലങ്കാരവുമാണ് വിദ്യ. അത് ആനന്ദവും കീർത്തിയും സുഖവും പ്രദാനം ചെയ്യുന്നു. വിദ്യ ഗുരുഭൂതരുടേയും ഗുരുവാണ്. അന്യദേശങ്ങളിലായിരിക്കുമ്പോൾ വിദ്യ, ബന്ധുവെപ്പോലെ വർത്തിക്കും. അത് ഏററവും ഉയർന്ന ദേവതയാകുന്നു. രാജാക്കന്മാർപോലും അതിനെ

ആദരിക്കുന്നു, ധനത്തെ ആദരിക്കുന്നില്ല. വിദ്യയില്ലാത്തവൻ വെറും മൃഗമാണ്.

196

ക്ഷാന്തിശ്ചേത് കവചേന കിം കിമരിഭി:
ക്രോധോസ്തി ചേദ്ദേഹിനാം
ജ്ഞാതിശ്ചേദനലേന കിം യദി സുഹൃദ്
ദിവ്യൗഷധൈ: കിം ഫലം
കിം സർപൈർയർദി ദുർജനാ: കിമു ധനൈർ
വിദ്യാനവദ്യാ യദി
വ്രീഡാ ചേത്കിമു ഭൂഷണൈ: സുകവിതാ
യദ്യസ്തി രാജ്യേന കിം 21

മനുഷ്യർക്കു ക്ഷമാശീലമുണ്ടെങ്കിൽ പടച്ചട്ടകൊണ്ടാവശ്യമുണ്ടോ? കോപിഷ്ഠനാണെങ്കിൽ നശിപ്പിക്കാൻ ശത്രുക്കൾ വേണ്ട. ബന്ധുജനങ്ങളുണ്ടെങ്കിൽ അഗ്നിയെന്തിന്? യഥാർത്ഥ സ്നേഹിതനുണ്ടെങ്കിൽ വിശിഷ്ടൗഷധങ്ങൾ എന്തിന്? ദുഷ്ടജനങ്ങളുണ്ടെങ്കിൽ സർപ്പങ്ങളെന്തിനാണ്? യഥാർത്ഥവിദ്യയുണ്ടെങ്കിൽ ധനമെന്തിന്? ശാലീനതയുണ്ടെങ്കിൽ ആഭരണങ്ങളെന്തിന്? ഉത്കൃഷ്ടമായ പാണ്ഡിത്യമുണ്ടെങ്കിൽ രാജ്യംതന്നെ എന്തിന്?

197

ദാക്ഷിണ്യം സ്വജനേ ദയാ പരജനേ ശാഠ്യം
സദാ ദുർജനേ
പ്രീതി: സാധുജനേ നയോ നൃപജനേ
വിദ്വജ്ജനേപ്യാർജവം
ശൗര്യം ശത്രുജനേ ക്ഷമാ ഗുരുജനേ
നാരീജനേ ധൂർത്തതാ
യേ ചൈവം പുരുഷാ: കലാസു കുശലാ
സ്തേഷ്വേവ ലോകസ്ഥിതി: 22

താഴെപറയുന്ന കലകളിൽ പ്രാവീണ്യം നേടിയിട്ടുള്ളവരെ ആശ്രയിച്ചുമാത്രമാണ് സാമൂഹ്യസുസ്ഥിതി ഉണ്ടാകുന്നത്:– സ്വജനങ്ങളോട് സ്നേഹപൂർവമുള്ള പെരുമാററം, അന്യരോട് ദയാപൂർവം വർത്തിക്കുക, ദുർജനങ്ങളോട് തന്ത്രപൂർവം ഇടപെടുക, സുകൃതികളോട് സ്നേഹാദരങ്ങളോടും

ഭരണാധികാരികളോട് നയോപായത്തോടും, പാണ്ഡിത്യമുള്ളവരോട് വിനയത്തോടും, ശത്രുക്കളോട് ശൌര്യത്തോടും, പ്രായമുള്ളവരോട് ക്ഷമാശീലത്തോടും. സ്ത്രീകളോട് വിവേകത്തോടും കൂടിവർത്തിക്കുക.

198

ജാഡ്യം ധിയോ ഹരതി സിഞ്ചതി വാചി സത്യം
മാനോന്നതിം ദിശതി പാപമപാകരോതി
ചേത: പ്രസാദയതി ദിക്ഷു തനോതി കീർതിം
സത്സംഗതി: കഥയ കിം ന കരോതി പുംസാം 23

നല്ലവരുമായിട്ടുള്ളസഹവാസം ബുദ്ധിമാന്ദ്യം നീക്കികളയുന്നു, സംസാരത്തിൽ സത്യം പകരുന്നു, ഉന്നതമായ ബഹുമാനം നല്കുന്നു, പാപം തുടച്ചുമാററുന്നു, മനസ്സിന് ആനന്ദമരുളുന്നു, എങ്ങും കീർത്തി വിതറുന്നു, പറയുക, സത്സംഗം എന്താണ് ചെയ്യാത്തത് !

199

പ്രാരഭ്യതേ ന ഖലു വിഘ്നഭയേന നീചൈ:
പ്രാരഭ്യ വിഘ്നവിഹതാ വിരമന്തി മധ്യാ:
വിഘ്നൈ: പുന: പുനരപി പ്രതിഹന്യമാനാ:
പ്രാരബ്ധമുത്തമജനാ ന പരിത്യജന്തി 27

അധമരായമനുഷ്യർ പ്രതിബന്ധങ്ങളെ ഭയന്ന് യാതൊന്നും പ്രവർത്തിക്കുവാൻ തുടങ്ങുന്നില്ല. ഇടത്തരക്കാർ പ്രവർത്തിക്കുവാൻ തുടങ്ങിയിട്ട്, പ്രതിബന്ധങ്ങളെ കാണുമ്പോ‌ൾ പ്രവർത്തനം നിറുത്തുന്നു. എന്നാൽ ശ്രേഷ്ഠരായിട്ടുള്ളവർ, വീണ്ടും, വീണ്ടും പ്രതികൂലസാഹചര്യങ്ങൾ ഉണ്ടായാലും. തുടങ്ങിയത് നിറുത്തിവയ്ക്കുകയില്ല.

200

ക്ഷുത്ക്ഷാമോപി ജരാകൃശോപി
ശിഥില്പ്രായോപി കഷ്ടാം ദശാ
മാപന്നോപി വിപന്നദീധിതിരപി
പ്രാണേഷു നശ്യത്സ്വപി

മത്തേഭേന്ദ്രവിഭിന്നകുംഭകവലഗ്രാസൈക
ബദ്ധസ്പൃഹ:
കിം ജീർണം തൃണമത്തി മാനമഹ
താമഗ്രേസര: കേസരീ 29

വിശപ്പുകൊണ്ട് ക്ഷീണിച്ചാലും പ്രായംമൂലം അവശനായാലും വീര്യം നഷ്ടപ്പെട്ട് ദയനീയാവസ്ഥയെ പ്രാപിച്ചവനായാലും ഓജസ്സററ് മൃതപ്രായനായിരുന്നാലും, മദമിളകിയ ഉഗ്രനായ ആനയുടെ അടിച്ചുപൊളിച്ച മസ്തകത്തിൽനിന്നു ഭക്ഷിക്കണമെന്ന സ്ഥിരമായ ആഗ്രഹത്തോടുകൂടിയ സിംഹം ഉണങ്ങിയ പുല്ലു തിന്നുമോ ?

201

കുസുമസ്തബകസ്യേവ ദ്വയീ വൃത്തിർമ
നസ്വിന:
മൂർധ്നി വാ സർവലോകസ്യ വിശീര്യേത
വനേഥവാ 33

ഒരുകുല പൂക്കൾക്കെന്നപോലെ, ഉത്തമാദർശമുള്ള മനുഷ്യർക്കും രണ്ടു രീതിയാണുള്ളത്. ഒന്നുകിൽ എല്ലാവരുടെയും മുമ്പിൽ നേതൃത്വം വഹിക്കുക (പൂക്കൾ ശിരസ്സിലെന്നപോലെ) അല്ലെങ്കിൽ വനാന്തരത്തിൽ അജ്ഞാതനായികഴിയുക. (പുഷ്പങ്ങൾ അഴുകിപോകുന്നതുപോലെ)

202

സിംഹ. ശിശുരപി നിപതതി
മദമലിനകപോലഭിത്തിഷു ഗജേഷു
പ്രകൃതിരിയം സത്ത്വവതാം
ന ഖലു വയസ്തേജസോ ഹേതു: 38

സിംഹം കുട്ടിയായിരുന്നാലും മദമൊഴുകുന്ന ആനകളുടെ ചെന്നിയിൽ അതു ചാടി വീഴുന്നു. ഇതു ശക്തന്മാരുടെ സ്വഭാവമാണ്. ധീരോദാത്തതയുടെ കാരണം പ്രായമല്ല.

203

താനീന്ദ്രിയാണി സകലാനി തദേവ കർമ
സാ ബുദ്ധിരപ്രതിഹതാ വചനം തദേവ

അർഥോഷ്മണാ വിരഹിത: പുരുഷ: സ ഏവ
ത്വന്യ: ക്ഷണേന ഭവതീതി വിചിത്രമേതത് 40

ഒരുവൻെറ ഇന്ദ്രിയങ്ങൾക്കൊന്നിനും മാററമില്ല. പ്രവൃത്തികളും ഒന്നുതന്നെ. ബുദ്ധിക്കും ഒരു തകരാറുമില്ല. സംസാരരീതിയും പഴയതുതന്നെ. എന്നാൽ ധനക്ഷയമുണ്ടാകുമ്പോൾ അതേ വ്യക്തി വേറിട്ടൊരാളായിതീരുന്നു. ഇതു വിചിത്രമല്ലെ!

204

യസ്യാസ്തി വിത്തം സ നര: കുലീന:
സ പണ്ഡിത: സ: ശ്രുതവാൻ ഗുണജ്ഞ:
സ ഏവ വക്താ സ ച ദർശനീയഃ
സർവേ ഗുണാ: കാഞ്ചനമാശ്രയന്തേ 41

ധനമുള്ളവനെ ആഭിജാത്യമുള്ളവനായി പരിഗണിക്കുന്നു. അവൻ പണ്ഡിതനാണ്. എല്ലാമറിയാവുന്നവനാണ്, ഗുണാഗുണങ്ങളെ വിവേചിച്ചറിയുവാൻ പ്രാപ്തനാണ്, അവൻ നല്ലവാഗ്മിയാണ്. സുന്ദരനാണ്. എല്ലാഗുണങ്ങളും സ്വർണ്ണത്തെ (ധനത്തെ) ആശ്രയിച്ചിരിക്കുന്നു.

205

ദൗർമന്ത്ര്യാന്നൃപതിർവിനശ്യതി യതി:
സംഗാത് സുതോ ലാലനാ
ദ്വിപ്രോഽനധ്യയനാത്കുലം കുതനയാ
ച്ഛീലം ഖലോപാസനാത്
ഹ്രീർമദ്യാദനവേക്ഷണാദപി കൃഷി:
സ്നേഹ: പ്രവാസാശ്രയാ
ന്മൈത്രീ ചാപ്രണയാത് സമൃദ്ധിരനയാത്
ത്യാഗപ്രമാദാദ് ധനം 42

രാജാവ് ദുരുപദേശത്താലും, സന്യാസിലോകസുഖങ്ങളാലും പുത്രൻ ലാളനയാലും ബ്രാഹ്മണൻ വേദാധ്യായനരാഹിത്യത്താലും കുടുംബം ചീത്തപുത്രനാലും സത്സ്വഭാവം ചീത്തകൂട്ടുകെട്ടിനാലും നശിക്കുന്നു. വിനയം നഷ്ടമാകുന്നത് മദ്യപാനത്താലും, കൃഷിനാശം അശ്രദ്ധമൂലവും സ്നേഹം ശോഷിക്കുന്നത് ദീർഘവേർപാടിനാലും മിത്രബന്ധം ഇല്ലാതാകുന്നത് സ്നേഹപ്രകടനാഭാവത്താ

ലും സമ്പത്ത്സമൃദ്ധി നശിക്കുന്നത് നടത്തിപ്പിലുള്ള തകരാറിനാലും, ധനം ചോർന്നുപോകുന്നത്, വേണ്ടിടത്തു വേണ്ടതുപോലെ ചിലവഴിക്കാൻ അറിയാത്തതുമൂലവുമാകുന്നു.

206

ദാനം ഭോഗോ നാശ
സ്തിസ്രോ ഗതയോ ഭവന്തി വിത്തസ്യ
യോ ന ദദാതി ന ഭുംക്തേ
തസ്യ തൃതീയാ ഗതിർഭവതി 43

ധനം ചിലവഴിക്കപ്പെടുന്നത്, മൂന്നു വിധത്തിലാണ്, ദാനം, സ്വാനുഭവം നാശം എന്ന്, ദാനം ചെയ്യുകയോ, സ്വയം അനുഭവിക്കയോ ചേയ്യാത്തവൻെറ ധനത്തിന് മൂന്നാമത്തെ ഗതിഭവിക്കുന്നു.

207

രാജൻ ദുധുക്ഷസി യദി ക്ഷിതിധേനുമേതാം
തേനാദ്യ വത്സമിവ ലോകമമും പുഷാണ
തസ്മിംശ്ച സമ്യഗനിശം പരിപോഷ്യമാണേ
നാനാഫലം ഫലതി കല്പലതേവ ഭൂമി: 46

അല്ലയോ ഭരണാധിപ, ഭൂമിയാകുന്ന ഈ പശുവിനെ കറക്കുന്നതിന് അങ്ങ് ആഗ്രഹിക്കുന്നെങ്കിൽ ആദ്യമെതന്നെ, കിടാവിനെ എന്നപോലെ. രാജ്യത്തെ പോഷിപ്പിക്കുക (സമ്പന്നമാക്കുക) രാജ്യം നിരന്തരമായി പരിപോഷിതമാകുമ്പോൾ, കല്പവൃക്ഷം എന്നപോലെ, ഭൂമി നാനാതരത്തിലുള്ള ഫലങ്ങൾ ഉളവാക്കും.

203

ദുർജന: പരിഹർതവ്യോ വിദ്യയാ
ഭൂഷിതോപി സൻ
മണിനാലംകൃത: സർപ: കിമസൗ ന ഭയംകര: 53

വിദ്യാലംകൃതനായാലും ദുഷ്ടമനുഷ്യനുമായി കൂട്ടുകെട്ടുണ്ടാകരുത്. സർപ്പം മാണിക്യംകൊണ്ടലംകൃതനാണെങ്കിലും അത് അപകടകാരിയല്ലേ?

209

പ്രദാനം പ്രച്ഛന്നം ഗൃഹമുപഗതേ
സംഭ്രമവിധി:
പ്രിയം കൃത്വാ മൗനം സദസി കഥനം
നാപ്യുപകൃതേ:
അനുത്സേകോ ലക്ഷ്മ്യാം നിരഭിഭവസാരാ:
പരകഥാ:
സതാം കേനോദ്ദിഷ്ടം വിഷമമസിധാരാ
വ്രതമിദം 64

രഹസ്യത്തിലുള്ള ദാനം, വീട്ടിൽവരുന്നവർക്കു താത്പര്യപൂർവമുള്ള സ്വീകരണം, നന്മ ചെയ്തിട്ടു മൗനമായിരിക്കുക, അന്യനുചെയ്ത സേവനം പരസ്യമാക്കാതിരിക്കുക, സമ്പത്തുണ്ടാകുമ്പോഠം അഹങ്കരിക്കാതിരിക്കുക, അന്യരെ കുററപ്പെടുത്തി സംസാരിക്കാതിരിക്കുക: അസിധാരവ്രതംപോലെ (വാളിൻെറ വായ്ത്തലയിൽ കിടന്നുള്ള തപസ്) ഇത്രവിഷമമുള്ള ഇവയെല്ലാം നല്ലആളുകളെ ആരാണ ഭ്യസിപ്പിച്ചത്?

210

കരേ ശ്ളാഘ്യസ്ത്യാഗ: ശിരസി ഗുരു
പാദപ്രണയിതാ
മുഖേ സത്യാ വാണീ വിജയിഭുജഃയാർ
വീര്യമതുലം
ഹൃദി സ്വച്ഛാ വൃത്തി; ശ്രുതമധിഗതം
ച ശ്രവണയോ
ർവിനാപ്യൈശ്വര്യേണ പ്രകൃതിമഹതാം
മണ്ഡനമിദം 65

കൈയ്ക്കു സ്തുത്യർഹമായ ദാനവും, ശിരസ്സിൽ ഗുരുപാദങ്ങഠംക്കുള്ള പ്രണാമവും, മുഖത്തിനു സത്യവാക്കുകളും വിജയശീലമുള്ള ഭുജങ്ങഠംക്കു അസാമാന്യമായ പരാക്രമവും ഹൃദയത്തിന് ശാന്തതയും. കാതുകഠംക്കു വേദപഠനവും, ധനസമ്പത്തൊന്നുമില്ലെങ്കിലും മഹാന്മാരുടെ ഭൂഷണങ്ങഠം ആണ്.

211

സമ്പത്സു മഹതാം ചിത്തം ഭവത്യുത്പലകോമളം

ആപത്സു ച മഹാശൈലശിലാസംഘാത
കർകശം 66

ധനസമൃദ്ധിയുള്ളപ്പോൾ മഹാന്മാരുടെ മനസ്സ് താമരയുടെ ഇതൾപോലെ മൃദുലമായിത്തീരുന്നു. എന്നാൽ വിപത്തുണ്ടാകുമ്പോൾ അതു പാറപോലെ ഉറപ്പുള്ളതായിരിക്കും.

212

നമ്രത്വേനോന്നമന്ത: പരഗുണകഥനൈ:
സ്വാൻഗുണാൻ ഖ്യാപയന്ത:
സ്വാർഥാൻ സമ്പാദയന്തോ വിതതപൃഥു
തരാരംഭയത്ന: പരാർഥേ
ക്ഷാന്ത്യൈവാക്ഷേപരൂക്ഷാക്ഷര
മുഖരമുഖാൻ ദുർമ്മുഖാൻ ദൂഷയന്ത:
സന്ത: സാശ്ചര്യചര്യാ ജഗതി ബഹുമതാ:
കസ്യ നാഭ്യർചനീയാ: 69

എളിമവഴി ഉന്നതിപ്രാപിക്കയും, അന്യരുടെ ഗുണവിശേഷങ്ങൾ പറയുന്നതുവഴിസ്വമേന്മയെ പ്രഖ്യാപിക്കുകയും, അന്യരുടെ ക്ഷേമാർത്ഥം വലുതായ പദ്ധതികൾ നടപ്പാക്കുന്നതുവഴി സ്വന്തകാര്യം നേടുകയും, പരുഷഭാഷയിൽ ബഹളമുണ്ടാക്കി തെററായ ആരോപണങ്ങൾ നടത്തുന്നവരെ ക്ഷമാശീലത്താൽ കുററപ്പെടുത്തുകയും ചെയ്യുന്ന, ആശ്ചര്യജനകരും ലോകത്തിൽ പുകഴ്ത്തപ്പെടുന്നവരുംആയ നല്ല ആളുകളെ ആരാണ് പൂജിക്കാത്തത്?

213

ഭവന്തി നമ്രാസ്തരവ: ഫലോദ്ഗമൈർ
നർവാംബുഭിർഭൂരിവിലംബിനോ ഘനാ:
അനുദ്ധതാ: സത്പുരുഷാ: സമൃദ്ധിഭി:
സ്വഭാവ ഏവൈഷ പരോപകാരിണാം 70

വൃക്ഷങ്ങളിൽ ഫലങ്ങൾ ധാരാളമുണ്ടാകുമ്പോൾ അവയുടെ ശിഖരങ്ങൾ വളഞ്ഞുതാഴുന്നു. കാർമേഘങ്ങൾ പുതുജലത്താൽ വളരെ താഴോട്ടുവരുന്നു. നല്ലവർ ധനസമൃദ്ധിയുണ്ടാകുമ്പോൾ വിനീതരാകുന്നു. പരോപകാരം ചെയ്യുന്നവരുടെ സ്വഭാവമാണിത്.

214

ശ്രോത്രം ശ്രുതേനൈവ ന കുണ്ഡലേന
ദാനേന പാണിർന തു കങ്കണേന
വിഭാതി കായ: കരുണാപരാണാം
പരോപകാരൈർന തു ചന്ദനേന 71

കാതിനുഭൂഷണം കുണ്ഡലമല്ല, വേദശാസ്ത്രം ശ്രവിക്കലാണ്, കൈയുടെ ശോഭ വളകളണിയുന്നതിലല്ല, ദാനം ചെയ്യുന്നതിനാലാണ്; ദയാലുക്കളുടെ ശരീരം കാന്തിമത്തായിതീരുന്നത് പരോപകാരപ്രവൃത്തികൾ വഴിയാണ്, ചന്ദനലേപനം കൊണ്ടല്ല.

215

പാപാന്നിവാരയതി യോജയതേ ഹിതായ
ഗുഹ്യം ച ഗൂഹതി ഗുണാൻ പ്രകടീകരോതി
ആപദ്ഗതം ച ന ജഹാതി ദദാതി കാലേ
സൻമിത്രലക്ഷണമിദം പ്രവദന്തി സന്ത: 72

ഒരു യഥാർത്ഥ സ്നേഹിതൻെറ ലക്ഷണങ്ങൾ ഇങ്ങനെയാണ് പണ്ഡിതന്മാർ വിവരിക്കുന്നത്. അയാൾ നിങ്ങളെ പാപത്തിൽനിന്നു പിന്തിരിപ്പിക്കുന്നു, സത്പ്രവർത്തിക്കായിപ്രേരിപ്പിക്കുന്നു. നിങ്ങളുടെ രഹസ്യങ്ങൾ കാത്തുസൂക്ഷിക്കുന്നു, നിങ്ങളുടെ സത്കൃത്യങ്ങളെ പരസ്യപ്പെടുത്തുന്നു, അപകടത്തിലുൾപ്പെട്ടാൽ കൈവെടിയുകയില്ല. ആവശ്യാനുസരണം സഹായിക്കുന്നു.

216

പദ്മാകരം ദിനകരോ വികചീകരോതി
ചന്ദ്രോ വികാസയതി കൈരവ ചക്രവാളം
നാഭ്യർഥിതോ ജലധരോപി ജലം ദദാതി
സന്ത: സ്വയം പരഹിതേഷു കൃതാഭിയോഗാ: 73

സൂര്യൻ താമരമൊട്ടുകളെ വികസിപ്പിക്കുന്നു. ആമ്പൽപൂക്കളെ ചന്ദ്രനും വികസിപ്പിക്കുന്നു. കാർമേഘങ്ങൾ സ്വയമേവ മഴവർഷിക്കുന്നു നല്ല മനുഷ്യരും, ആവശ്യപ്പെടാതെതന്നെ, പരോപകാരത്തിനായി ഉത്സാഹപൂർവം പരിശ്രമിക്കുന്നു.

217

ഏതേ സത്പരുഷാ: പരാർഥഘടകാ:
സ്വാർഥം പു രിത്യജ്യ യേ
സാമാന്യാസ്തു പരാർഥമുദ്യമഭൃത:
സ്വാർഥാവിരോധേന യേ
തേമീ മാനവരാക്ഷസാ: പരഹിതം
സ്വാർഥായ നിഘ്നന്തി യേ
യേ തു ഘ്നന്തി നിരർഥകം പരഹിതം
തേ കേ ന ജാനീമഹേ 74

ആരു സ്വന്ത താത്പര്യങ്ങൾ ഉപേക്ഷിച്ചിട്ട് അന്യർക്ക് നന്മ ചെയ്യുന്നുവോ അവരാണ് മഹത്തുക്കൾ. സ്വന്തകാര്യങ്ങൾക്കു കുഴപ്പമൊന്നും കൂടാതെ പരോപകാരത്തിനായി പരിശ്രമിക്കുന്നവർ സാമാന്യം നല്ലവരാണ്. സ്വാർത്ഥതയ്ക്ക് വേണ്ടി പരഗുണത്തെ തടയുന്നവർ മനുഷ്യരൂപത്തിലുള്ള പിശാചുക്കളത്രെ. അവനവന് യാതൊരുഗുണവും ഇല്ലാതിരുന്നിട്ടും പരോപകാരത്തിനു തടസ്സം ചെയ്യുന്നവർ എങ്ങനെയുള്ളവരാണെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ.

218

ക്ഷീരേണാത്മഗതോദകായ ഹി ഗുണാ
ദത്താ: പുരാ തേഖിലാ:
ക്ഷീരേ താപമവേക്ഷ്യ തേന പയസാ
സ്വാത്മാ കൃശാനൗ ഹുതഃ
ഗന്തും പാവകമുൻമനസ്തദഭവദ്
ദൃഷ്ട്വാ തു മിത്രാപദം
യുക്തം തേന ജലേന ശാമ്യതി സതാം
മൈത്രീ പുനസ്ത്വീദൃശീ 75

പാല് അതിൽ ചേർന്ന ജലത്തിന് ആദ്യമെതന്നെ അതിനുള്ള സർവഗുണങ്ങളും നല്കി. പാലിന് ചൂടുപിടിക്കുന്നതു കണ്ട് (ദു:ഖിച്ച്) ജലംസ്വയമേ അഗ്നിയിൽ ഹോമിച്ചു. (നിരാവിയായി പോയി) സ്വമിത്രമായ ജലത്തിൻെറ ദയനീയത കണ്ടിട്ടുസ്വയം തീയിൽ ചാടുന്നതിന് പാല് ഉദ്യമിച്ചു. (തിളച്ചുപുറത്തൊഴുകി) വീണ്ടും ജലവുമായി യോജി

ച്ചപ്പോൾ സമാധാനമായി. മഹത്മാക്കൾ തമ്മിലുള്ള സൗഹൃദം ഇത്തരത്തിലുള്ളതാണ്.

219

തൃഷ്ണാം ഛിന്ധി ഭജ ക്ഷമാം ജഹി മദം
പാപേ രതിം മാ കൃഥാ:
സത്യം ബ്രൂഹ്യനുയാഹി സാധുപദവീം
സേവസ്വ വിദ്വജ്ജനം
മാന്യാൻ മാനയ വിദ്വിഷോപ്യനുനയ
പ്രഛാദയ സ്വാൻ ഗുണാൻ
കീർതിം പാലയ ദുഖിതേ കുരു ദയാ
മേതത്സതാം ലക്ഷണം 77

ആഗ്രഹങ്ങൾ വർജ്ജിക്കുക, ക്ഷമ അവലംബിക്കുക, അഹങ്കാരം ഉപേക്ഷിക്കുക, പാപകൃത്യത്തിൽ താത്പര്യം വയ്ക്കാതിരിക്കുക, സത്യം പറയുക, നല്ലവരുടെ കാലടികളെ അനുഗമിക്കുക, അറിവുള്ളവരെ സേവിക്കുക, മാന്യന്മാരെ മാനിക്കുക, വിരോധികളുമായി രമ്യപ്പെടുക, സ്വന്തഗുണങ്ങളെ ഗോപനം ചെയ്യുക, സത്പേര് പാലിക്കുക. സങ്കടപ്പെടുന്നവരോട് ദയാപൂർവം വർത്തിക്കുക—നല്ല ആളുകളുടെ ലക്ഷണങ്ങളാണിവ.

220

മനസി വചസി കായേ പുണ്യപീയൂഷപൂർണാ
സ്ത്രിഭുവനമുപകാരശ്രേണിഭി: പ്രീണയന്ത:
പരഗുണപരമാണൂൻ പർവതീകൃത്യ നിത്യം
നിജഹൃദി വികസന്ത: സന്തി സന്ത: കിയന്തഃ 78

സുകൃതാമൃതംകൊണ്ട് നിറഞ്ഞ മനസ്സും, വാക്കുകളും പ്രവൃത്തികളും ഉള്ളവരും, വളരെ സേവനങ്ങൾചെയ്ത് മൂന്നുലോകത്തേയും സന്തോഷിപ്പിക്കുന്നവരും, അന്യരുടെ വളരെ നിസ്സാരങ്ങളായ ഗുണങ്ങളെപോലുംഎന്നും പൊലിപ്പിച്ചുപറഞ്ഞു സ്വഹൃദയത്തിൽ ആനന്ദിക്കുന്നവരുമായ നല്ല മനുഷ്യർ വളരെ ചുരുക്കമാണ്.

221

രത്നൈർമഹാർഹൈസ്തുതുഷുർന ദേവാ
ന ഭേജിരേ ഭീമവിഷേണ ഭീതിം

സുധാം വിനാ ന പ്രയയുർവിരാമം
ന നിശ്ചിതാർഥാദ്വിരമന്തി ധീരാ: 80

വിലയേറിയ രത്നങ്ങൾ ലഭിച്ചതുകൊണ്ട് ദേവന്മാർ തൃപ്തരായില്ല; കാളകൂടംപോലുള്ള വിഷംകണ്ടപ്പോൾ അവർ സംഭീതരായില്ല; അമൃതം ലഭിക്കുന്നതുവരെ അവരുടെ പരിശ്രമത്തിൽനിന്നും അവർ പിന്മാറിയില്ല. ധീരന്മാർ നിശ്ചയിച്ചകാര്യത്തിൽനിന്നും പിന്മാറുകയില്ല.

222

കദാചിദ്ഭൂമീശായീ കദാചിദപി ച പര്യംകശയന:
കദാചിച്ഛാകാഹാരീ കദാചിദപി ച ശാല്യോദനരുചി:
കദാചിത് കൻഥാധാരീ കദാചിദപി ച ദിവ്യാംബരധരോ
മനസ്വീ കാര്യാർഥീ ഗണയതി ന ദു:ഖം ന ച സുഖം 81

ഉദ്ദിഷ്ടകാര്യത്തിനുവേണ്ടി യത്നിക്കുന്ന ധീരനായ മനുഷ്യൻ അനുഭവപ്പെടുന്ന ദു:ഖമോ സുഖമോ അത്ര കാര്യമായി പരിഗണിക്കാറില്ല. അവൻ ചിലപ്പോൾ തറയിൽ കിടക്കും, ചിലപ്പോൾ വിശിഷ്ടമായ കിടക്കയിൽ. അവൻെറ ഭക്ഷണം ചിലപ്പോൾ വെറും ചീരയായിരിക്കും, ചിലപ്പോൾ രുചികരമായ മിഷ്ടാന്നഭോജനവും. അയാളുടെ വസ്ത്രം ചിലപ്പോൾ കീറത്തുണിയും മററു ചിലപ്പോൾ വിലയേറിയ വസ്ത്രങ്ങളും ആയിരിക്കാം.

223

ഐശ്വര്യസ്യ വിഭൂഷണം സുജനതാ ശൗര്യസ്യ വാക്സംയമോ
ജ്ഞാനസ്യോപശമ: ശ്രുതസ്യ വിനയോ വിത്തസ്യ പാത്രേ വ്യയ:
അക്രോധസ്തപസ: ക്ഷമാ പ്രഭവിതുർ ധർമസ്യ നിർവ്യാജതാ
സർവേഷാമപി സർവകാരണമിദം ശീലം പരം ഭൂഷണം. 82

ഐശ്വര്യമുള്ളവരുടെ അലങ്കാരം സൗശീല്യമാണ്. ധീരതയുടേതു മൗനവും, അറിവിൻേറത് ആത്മസംയമനവും, ജ്ഞാനത്തിൻേറത് വിനയശീലവും, സമ്പത് സമൃദ്ധിയുടേത് ഉചിതമായ വ്യയവും, തപശ്ചര്യയുടേത് കോപരാഹിത്യവും, മതപരമായ അനുഷ്ഠാനങ്ങളിൽ നിഷ്കളങ്കതയും, ആകുന്നു, എന്നാൽ,എല്ലാററിൻേറയും മൂലകാരണമായിരിക്കുന്നത് ഏററവും ഉത്കൃഷ്ടമായ സത്സ്വഭാവമാണ്.

224

നിന്ദന്തു നീതിനിപുണാ യദി വാ സ്തുവന്തു
ലക്ഷ്മീ: സമാവിശതു ഗച്ഛതു വാ യഥേഷ്ടം
അദ്യൈവ വാ മരണമസ്തു യുഗാന്തരേ വാ
ന്യായ്യാത്പഥ: പ്രവിചലന്തി പദം ന ധീരാ: 83

നീതിനിപുണന്മാർ നിന്ദിക്കുകയോ പുകഴ്ത്തുകയോ ചെയ്യട്ടെ, ധനദേവത ഇഷ്ടംപോലെ വരികയോ പോകയോ ചെയ്യട്ടെ, മരണം ഇന്നുതന്നെയോ വേറൊരു യുഗത്തിലോ വരട്ടെ. ധീരന്മാർ ഒരിക്കലും നീതിയുടെ വഴിയിൽ നിന്ന് വ്യതിചലിക്കയില്ല.

225

കദർഥിതസ്യാപി ഹി ധൈര്യവൃത്തേർ
ന ശക്യതേ ധൈര്യഗുണ: പ്രമാർഷ്ടും
അധോമുഖസ്യാപി കൃതസ്യ വഹ്നേർ
നാധ: ശിഖാ യാതി കദാചിദേവ 84

ധൈര്യവാനായ ഒരുവൻ വിഷമതയിലായിരുന്നാലും അദ്ദേഹത്തിൻെറ ധൈര്യഗുണം ഇല്ലാതാക്കുവാൻ സാധ്യമല്ല. കത്തുന്ന തീകീഴോട്ടു പിടിച്ചാലും അതിൽെറ ജ്വാല ഒരിക്കലും കീഴോട്ടു തിരിയുകയില്ല.

226

പാതിതോപി കരാഘാതൈരുത്പത
ത്യേവ കന്ദുക:
പ്രായേണ സാധുവൃത്താനാമസ്ഥായിന്യോ
വിപത്തയ: 86

ഒരു പന്ത് കൈകൊണ്ട് നിലത്തടിക്കപ്പെട്ടാൽ അതുമേ

ലോട്ട് തെറിക്കുമല്ലോ. ഇതുപോലെ നല്ലവരായ ആളുകൾക്കു ണ്ടാകുന്ന വിപത്ത് സാമാന്യമായിട്ട് നിലനില്ക്കുന്നതല്ല.

227

വഹ്നിസ്തസ്യ ജലായതേ ജലനിധി:
കുല്യായതേ തത്ക്ഷണാൻ
മേരു: സ്വല്പശിലായതേ മൃഗപതി:
സദ്യ: കുരംഗായതേ
വ്യാളോ മാല്യഗുണായതേ വിഷരസ:
പീയൂഷവർഷായതേ
യസ്യാങ്ഗേഖിലലോകവല്ലഭതമം ശീലം
സമുൻമീലതി 88

സർവ്വരാലും അത്യന്തം വിലമതിക്കപ്പെടുന്ന സത്സ്വഭാവം ഏതൊരു വ്യക്തിയിൽ വ്യക്തമായി കാണപ്പെടുന്നുവോ, അങ്ങിനെയുള്ളവനെ സംബന്ധിച്ച് അഗ്നി ജലമായാലെന്നപോലെ വർത്തിക്കും. സമുദ്രം ഒരരുവി എന്നപോലെയും, മേരുപർവ്വതം ഒരു ചെറിയ കല്ലുപോലെയും, സിംഹം ഇണക്കമുള്ള മാനിനേപോലെയും, വിഷസർപ്പം പൂമാലപോലെയും വിഷരസം തേൻ ധാരപോലെയും ആയിത്തീരും.

228

ഛിന്നോപി രോഹതി തരു:
ക്ഷീണോപ്യുപചീയതേ പുനശ്ചന്ദ്ര:
ഇതി വിമൃശന്ത: സന്ത:
സംതപ്യന്തേ ന വിപ്ളുതാ ലോകേ 89

മുറിക്കപ്പെട്ട മരം വീണ്ടും കിളിർത്തു വരുന്നുണ്ടല്ലോ, തീരെ ലോലമായ ചന്ദ്രക്കല പുഷ്ടിപ്രാപിക്കുന്നുണ്ടല്ലോ. ഇങ്ങനെ ചിന്തിക്കുന്ന നല്ല മനുഷ്യർ വിഷമതകളിൽ കുടുങ്ങിയാലും നിരാശരാകുന്നില്ല.

229

ഖല്വാടോ ദിവസേശ്വരസ്യ കിരണൈ:
സംതാപിതോ മസ്തകേ
വാഞ്ഛൻ ദേശമനാതപം വിധിവശാത്
താലസ്യ മൂലം ഗത:

തത്രാപ്യസ്യ മഹാഫലേന പതതാ ഭഗ്നം
സശബ്ദം ശിരഃ
പ്രായോ ഗഛതി യത്ര ഭാഗ്യരഹിതസ്തത്ര
ത്രൈവ യാന്ത്യാപദഃ 9?

കഷണ്ടിയായ ഒരു മനുഷ്യൻ തലയിൽ സൂര്യന്റെ ചൂടേററ് പൊള്ളിയിട്ട് തണലുള്ള സ്ഥലം ആഗ്രഹിച്ച് ഒരു കരിമ്പനയുടെ ചുവട്ടിൽ എത്തി. അവിടെ വച്ചാകട്ടെ പനയിൽ നിന്നും ഒരു വലിയ തേങ്ങ അയാളുടെതലയിൽ വീഴുകയും, ഒരു ശബ്ദത്തോടുകൂടി തല പൊളിയുകയും ചെയ്തു. ദുർഭാഗ്യനായ മനുഷ്യൻ എവിടെപോയാലും, അവിടെ ആപത്തും എത്തിച്ചേരും.

## 230

വനേ രണേ ശത്രുജലാഗ്നിമധ്യേ
മഹാർണവേ പർവതമസ്തകേ വാ
സുപ്തം പ്രമത്തം വിഷമസ്ഥിതം വാ
രക്ഷന്തി പുണ്യാനി പുരാകൃതാനി 102

നേരത്തേ ചെയ്തിട്ടുള്ള സുകൃതങ്ങൾ ഒരുവനെ വനാന്തരത്തിലും യുദ്ധഭൂമിയിലും ശത്രു, ജലം, അഗ്നി എന്നിവയുടെ മധ്യത്തിലും, മഹാസമുദ്രത്തിലും, പർവ്വതശിഖരത്തിലും, ഉറക്കത്തിലും അബോധാവസ്ഥയിലും, വിഷമസ്ഥിതിയിലും കാത്തു രക്ഷിക്കുന്നു.

## 231

ഗുണവദഗുണവദ്വാ കുർവതാ കാര്യമാദൗ
പരിണതിരവധാര്യാ യത്നതഃ പണ്ഡിതേന
അതിരഭസകൃതാനാം കർമണാമാവിപത്തേർ-
ഭവതി ഹൃദയദാഹീ ശല്യതുല്യോ വിപാകഃ 105

ഗുണസഹിതമോ ഗുണരഹിതമോ ആയ ഒരു കാര്യംചെയ്യുന്നതിന് ഉദ്യമിക്കുന്നവൻ ആദ്യമേതന്നെ അതിന്റെ ഭവിഷ്യത്തുകളെപ്പററി ശ്രദ്ധാപൂർവ്വം ആലോചിക്കണം. വളരെ ധൃതിയിൽ (ആലോചനകൂടാതെ) ചെയ്യുന്ന കാര്യം മരണംവരെ ഹൃദയത്തെ മുറിവേല്പിക്കുന്ന ഒരു ശരമായി ഭവിക്കും.

232

ആലസ്യംഹി മനുഷ്യാണാം ശരീരസ്ഥോ
മഹാൻ രിപു:
നാസ്ത്യുദ്യമസമോ ബന്ധു:
കൃത്വാ യം നാവസീദതി 1

മനുഷ്യശരീരത്തിൽ സ്ഥിതിചെയ്യുന്ന ഒരു മഹാശത്രുവാണ് അലസത. പരിശ്രമശീലത്തിനു സമമായിട്ടുള്ള ഒരു സ്നേഹിതനുമില്ല. പരിശ്രമശീലമുണ്ടെങ്കിൽ നാശമുണ്ടാകയില്ല.

233

ക്ഷുദ്രാ: സന്തി സഹസ്രശ:
സ്വഭരണവ്യാപാരമാത്രോദ്യതാ:
സ്വാർത്ഥോ യസ്യ പരാർത്ഥ ഏവ സ
പുമാൻ ഏക: സതാമഗ്രണീ: 15

അവനവന്റെ കാര്യം മാത്രം അന്വേഷിക്കുന്ന അധമരായ മനുഷ്യർ ആയിരക്കണക്കിനുണ്ട്. മററുള്ളവരുടെ ആവശ്യങ്ങൾ സ്വന്തമെന്നപോലെ കരുതുന്നവൻ മാത്രമാണ് സജ്ജനങ്ങളിൽ ഒന്നാമൻ.

234

പ്രായ: കന്ദുകപാതേനോത്പതത്യാര്യ: പതന്നപി
തഥാ ത്വനാര്യ: പതതി മൃത്
പിണ്ഡപതനം യഥാ 18

മഹത്തുക്കൾ വീണാൽ തന്നേയും താഴെവീണ പന്തുപോലെ വീണ്ടും മേല്പോട്ട് ഉയരുന്നു. ചളിക്കട്ട വീഴുന്നതുപോലേയാണ് അധമന്മാരുടെ പതനം.

235

യദി നാമ ദൈവഗത്യാ
ജഗദസരോജം കദാചിദപി ജാതം
അവകരനികരം വികിരതി
തത്കിംകൃകവാകുരിവ ഹംസ: 19

യാദൃഛികമായി ലോകത്തിൽ ഒരിടത്തും താമരയില്ലാതായാൽ കോഴിയെപ്പോലെ അരയന്നം ചാണകക്കൂന ചികയുമോ?

236

രക്തത്വം കമലാനാം
സത്പുരുഷാണാം പരോപകാരിത്വം
അസതാം ച നിർദയത്വം
സ്വഭാവ സിദ്ധം ത്രിഷു ത്രിതയം 21

താമരയുടെ ചുവപ്പുനിറം, നല്ല മനുഷ്യരുടെ പരോപകാരിത. നീചന്മാരുടെ കരുണയില്ലായ്മ ഇവ മൂന്നും ഓരോരുത്തർക്കും സ്വാഭാവികമായിട്ടുള്ളതാണ്

'ശീലം ഹി സർവസ്യ നരസ്യ ഭൂഷണം.' 22

ഏവർക്കും ഭൂഷണമായിട്ടുള്ളത് സത്സ്വഭാവമാണ്.

## വൈരാഗ്യശതകം

237

ബോദ്ധാരോ മത്സരഗ്രസ്താ:
പ്രഭവ: സ്മയദൂഷിതാ:
അബോധോപഹതാശ്ചാന്യേ
ജീർണമംഗേ സുഭാഷിതം 2

പണ്ഡിതന്മാർ അസൂയക്കടിമകളാണ്, ധനവന്മാരാകട്ടെ അഹന്തമൂലം അന്ധരാണ്, ബാക്കിയുള്ളവരെല്ലാം അജ്ഞാനഗ്രസ്തരായിട്ടുള്ളവരാണ്. തന്മൂലം സുഭാഷിതങ്ങൾ കേൾക്കുന്നതിനാളില്ലാതെ ശരീരത്തിൽ തന്നെ ലയിച്ചു പോകുന്നു.

238

വലിഭിർമുഖമാക്രാന്തം പലിതൈരംകിതം ശിര:
ഗാത്രാണി ശിഥിലായന്തേ തൃഷ്ണൈ
കാ തരുണായതേ 9

മുഖം ചുളിവുകൾകൊണ്ട് നിറഞ്ഞിരിക്കുന്നു. നരച്ചതലമുടിയാൽ ശിരസ്സംകിതമാണ്. ശരീരാവയവങ്ങളെല്ലാം ക്ഷീണിച്ചു. എന്നാൽ അത്യാർത്തി മാത്രം ശക്തിപ്പെട്ടുവരികയാണ്.

## 239

നിവൃത്താ ഭോഗേച്ഛാ പുരുഷ
ബഹുമാനോ വിഗലിതഃ
സമാനാഃ സ്വര്യാതാഃ സപദി
സുഹൃദോ ജീവിതസമാഃ
ശനൈര്യഷ്ട്യുത്ഥാനം ഘനതി
മിരരുദ്ധേ ച നയനേ
അഹോ ധൃഷ്ടഃ കായസ്തദപി
മരണാപായചകിതഃ 10

സുഖഭോഗത്തിനുള്ള താത്പര്യമെല്ലാം അവസാനിച്ചു; യൗവനത്തിന്റെ അഹങ്കാരമെല്ലാം കെട്ടടങ്ങി; സമപ്രായക്കാരും സ്വജീവനെപ്പോലെ കരുതിയിരുന്നവരുമായ സ്നേഹിതന്മാരെല്ലാം വേഗം സ്വർഗത്തെത്തി. ഊന്നുവടിയിൽ താങ്ങിവേണം സാവകാശം എഴുന്നേൽക്കുന്നതിന്. കണ്ണുകൾ രണ്ടും കട്ടിയായ തിമിരംകൊണ്ട് അന്ധമാണ്. കണ്ടാലും, ശരീരത്തിന്റെ ധിക്കാരം! ഇങ്ങനെയെല്ലാമാണെങ്കിലും മരണം വരുമല്ലോ എന്ന ചിന്തയാൽ ഭയപ്പെടുന്നു.

## 240

ഭിക്ഷാശനം തദപി നീരസമേകവാരം
ശയ്യാച ഭൂഃ പരിജനോ നിജദേഹമാത്രം
വസ്ത്രം സുജീർണശതഖണ്ഡമയീ ച കന്ഥാ
ഹാ ഹാ തഥാപി വിഷയാൻ ന ജഹാതി ചേതഃ 16

ഭിക്ഷാടനം വഴിലഭിക്കുന്ന ഭക്ഷണം, രുചിയില്ലാത്തത്, ദിവസത്തിൽ ഒരു പ്രാവശ്യം മാത്രം, കിടക്കയാണെങ്കിൽ വെറും ഭൂമി, ശുശ്രൂഷകനായിട്ടുള്ളതു താൻ തന്നെ, വസ്ത്രമാകട്ടെ പത്തുനൂറ് പഴന്തുണിക്കഷണങ്ങൾ തുന്നിച്ചേർത്തത്. ഇങ്ങനെയെല്ലാമായിരുന്നാലും ഹാ കഷ്ടം! മനസ്സ് വിഷയാസക്തി വെടിയുന്നില്ല.

## 241

അജാനൻ മാഹാത്മ്യം പതതു ശലഭോ ദീപദഹനേ
സ മീനോപ്യജ്ഞാനാദ്ബഡിശ
യുതമശ്നാതു പിശിതം

വിജാനന്തോപ്യേതേ വയമിഹ വിപജ്ജാലജടിലാ-
ന്ന മുഞ്ചാമ: കാമാനഹഹ ഗഹനോ
മോഹമഹിമാ 19

നിശാശലഭം തീജ്വാലയുടെ ശക്തി ഗ്രഹിക്കാതെ ദീപശിഖയിൽ നിപതിച്ചു ചാകട്ടെ. അറിവില്ലായ്മകൊണ്ട് മത്സ്യം ചൂണ്ടയിൽ കൊളുത്തിയിരിക്കുന്ന ഇര തിന്ന് തുലയട്ടെ. എന്നാൽ അറിവുള്ളവരായ നാം വിപത്തുകളുടെ ശൃംഖലകൊണ്ട് കെട്ടുപിണഞ്ഞ ഭോഗസക്തിയെ ഉപേക്ഷിക്കുന്നില്ലല്ലോ. ഹാ കഷ്ടം! മോഹാസക്തിയുടെ ശക്തി എത്ര അജ്ഞാതമാണ്!

242

 യേ സന്തോഷനിരന്തരപ്രമുദിതാ
സ്തേഷാം ന ഭിന്നാ മുദോ
യേ ത്വന്യേ ധനലോഭസംകുലധിയ
സ്തേഷാം ന തൃഷ്ണാ ഹതാ
ഇത്ഥം കസ്യ കൃതേ കൃത:
സ വിധിനാ താദൃക്പദം സംപദാം
സ്വാത്മന്യേവ സമാപ്തഹേമ
മഹിമാ മേരുർന മേ രോചതേ. 30

സംതൃപ്തിയിൽ ആനന്ദിക്കുന്നവരുടെ സന്തോഷം ഇടമുറിയാത്തതാണ്. ധനാശകൊണ്ട് ആകുലപ്പെടുന്നവരുടെ സമ്പത്തിനുവേണ്ടിയുള്ള അത്യാശ ശമിക്കുന്നില്ല. ഇങ്ങനെയെങ്കിൽ സമ്പത്തിന്റെ അതുല്യമായ കലവറയായിരിക്കുന്ന മേരുപർവതത്തെ ആർക്കുവേണ്ടിയാണ് ബ്രഹ്മാവ് സൃഷ്ടിച്ചത്. എനിക്കതിൽ താത്പര്യമില്ല. അതിന്റെ സ്വർണ്ണസമ്പത്തിന്റെ മാഹാത്മ്യം അതിനുതന്നെ.

243

ഭോഗേ രോഗഭയം കുലേ ച്യുതിഭയം
വിത്തേ നൃപാലാദ്ഭയം
മാനേ ദൈന്യഭയം ബലേ രിപുഭയം
രൂപേ ജരായാ ഭയം
ശാസ്ത്രേ വാദഭയം ഗുണേ ഖലഭയം
കായേ കൃതാന്താദ്ഭയം

സർവം വസ്തു ഭയാന്വിതം ഭുവി
നൃണാം വൈരാഗ്യമേവാഭയം 32

ഭോഗാസക്തർക്ക് രോഗമുണ്ടായേക്കുമെന്ന പേടിയുണ്ടാകാം, ഉന്നതകുലത്തിൽ ജനിച്ചവന് കുടുംബത്തിന് അധ:പതനമുണ്ടായേക്കുമോ എന്ന് ഭയമുണ്ടാകാം, സമ്പത്ത് അധികമുണ്ടെങ്കിൽ കരംകൊടുക്കേണ്ടി വരുമല്ലോ എന്ന ഭയവും ഐശ്വര്യത്തിൽ കഴിയുന്നവർക്ക് എന്തെങ്കിലും അത്യാഹിതം ഉണ്ടായെങ്കിലോ എന്ന ഭയവും, സൈന്യത്തിനു ശത്രു ഭയവും, സൗന്ദര്യത്തിന് വാർദ്ധക്യത്തിൽ നിന്നുള്ള ഭയവും ശാസ്ത്രങ്ങളിൽ നിന്നുള്ള അറിവിന് വിമർശകരിൽ നിന്നുള്ള ഭയവും സത്കീർത്തിക്ക് ദുർജനങ്ങളിൽ നിന്നുള്ള ഭയവും, ശരീരത്തിനു മരണത്തിൽ നിന്നുള്ള ഭയവും ഉണ്ടാകുന്നു. ലോകത്തുള്ള സർവ്വവും അരക്ഷിതമാണ്. അപകടമില്ലാത്തതു ഒന്നു മാത്രമേയുള്ളു—വിരക്തി.

244

ആധിവ്യാധിശതൈർജനസ്യ വിവി
ധൈരാരോഗ്യമുൻമൂല്യതേ
ലക്ഷ്മീര്യത്ര പതന്തി തത്ര വിവൃത
ദ്വാരാ ഇവ വ്യാപദ:
ജാതം ജാതമവശ്യമാശു വിവശം മൃത്യു:
കരോത്യാത്മസാത്
തത്കിം നാമ നിരംകുശേന
വിധിനാ യന്നിർമിതം സുസ്ഥിരം 34

മനുഷ്യൻെറ ആരോഗ്യം മാനസികവും ശാരിരീകവുമായ നൂറു കണക്കിന് രോഗങ്ങളാൽ നശിക്കുന്നു. ധനസമൃദ്ധിയുള്ളിടത്ത് അനർത്ഥങ്ങൾ തുറന്ന പാതയിൽകൂടി എന്നപോലെ തുടരെ തുടരെ ഉണ്ടാകുന്നു. ജനിക്കുന്ന ഓരോരുത്തനിലും അവൻെറ നിസ്സഹായതമൂലം മരണം വേഗതയിൽ അതിൻെറ ആധിപത്യം ചെലുത്തുന്നു. നിരങ്കുശനായ വിധി സുസ്ഥിരമായി സൃഷ്ടിച്ചിട്ടുള്ളതെന്താണ്?

245

ഭോഗാസ്തുംഗതരംഗഭംഗചപലാ:
പ്രാണാ: ക്ഷണധ്വംസിന:

സ്തോകാന്യേവ ദിനാനി യൗവനസുഖം
പ്രീതി: പ്രിയേഷ്വസ്ഥിരാ
തത്സംസാരമസാരമേവ നിഖിലം
ബുദ്ധ്വാ ബുധാ ബോധകാ
ലോകാനുഗ്രഹപേശലേന മനസാ
യത്ന: സമാധീയതാം 35

ഭോഗസുഖങ്ങൾ ഉയർന്നുരുണ്ട് വരികയും ചിതറിപ്പോകയും ചെയ്യുന്ന തിരമാലകൾക്കുസമമാണ്. പ്രാണനാകട്ടെ എളുപ്പത്തിൽ നശിച്ചു പോകുന്നതാണ്. യൗവനത്തിന്റെ ആനന്ദാദികൾ അല്പദിനങ്ങൾക്കകം തീരും. പ്രിയപ്പെട്ടവരുടെ നേർക്കുള്ള സ്നേഹം അസ്ഥിരമാണ്. തന്മൂലം ഈ ലോകജീവിതമത്രയും കഴമ്പില്ലാത്തതാണെന്ന് ഗ്രഹിച്ചിട്ട്, ബുദ്ധിമാനും ഉപദേഷ്ടാവുമായ മനുഷ്യാ, ലോകത്തിന് ഉപകാരം ചെയ്യുന്നതിന് ഉത്സാഹമുള്ള മനസ്സോടുകൂടി ആത്മാർത്ഥമായി പരിശ്രമിച്ചാലും.

246

ഭോഗാ മേഘവിതാനമധ്യവിലസത്
സൗദാമിനീചഞ്ചലാ
ആയുർവായുവിഘട്ടിതാഭ്രപടലീലീ
നാംബുവദ്ഭംഗുരം
ലോലാ യൗവനലാലനാ തനുഭൃതാ
മിത്യാകലയ്യ ദ്രുതം
യോഗേ ധൈര്യസമാധിസിദ്ധിസുലഭേ
ബുദ്ധിം വിധദ്ധ്വം ബുധാ: 36

ശാരീരിക സുഖങ്ങൾ മേഘമാകുന്ന മേലാപ്പിന്റെ ഇടയിൽ മിന്നുന്ന കൊള്ളിമീൻപോലെ ക്ഷണനേരംകൊണ്ട് കടന്നുപോകുന്നതാണ്. കാർമേഘപാളികളിൽ സ്ഥിതിചെയ്യുന്ന ജലം കാററിനാൽ ചിതറിക്കപ്പെടുന്നതുപോലെ മനുഷ്യായുസ്സ് ക്ഷണത്തിൽ അവസാനിക്കും. മനുഷ്യരുടെ യൗവനത്തിന്റെ സന്തോഷങ്ങളെല്ലാം നിമിഷനേരത്തേക്കേ ഉള്ളു. അല്ലയോ ബുദ്ധിമാനായ മനുഷ്യാ, ഈ സംഗതികൾ വേണ്ടവിധം പരിഗണിച്ചിട്ട്, ഉടനടി ധൈര്യപൂർവം ഈശ്വര ചിന്തയിൽ മുഴുകി ജീവിക്കുന്നതിന് സഹായിക്കുന്നതായ യോഗനിഷ്ഠയിൽശ്രദ്ധിക്കുക.

247

വ്യാഘ്രീവ തിഷ്ഠതി ജരാ പരിതർജയന്തീ
രോഗാശ്ച ശത്രവ ഇവ പ്രഹരന്തി ദേഹം
ആയു: പരിസ്രവതി ഭിന്നഘടാദിവാംഭോ
ലോകസ്തഥാപ്യഹിതമാചരതീതി ചിത്രം 39

ഇതാ വാർദ്ധക്യം ഭീതിപ്പെടുത്തുന്ന ഒരു കടുവായെപ്പോലെ നില്ക്കുന്നു; രോഗങ്ങൾ ശത്രുക്കളെപ്പോലെ ശരീരത്തെ ഉഗ്രമായി അടിക്കുന്നു. പൊട്ടിപിളർന്ന ഒരു കുടത്തിൽ നിന്നും വെള്ളം ചോർന്നുപോകുന്നതുപോലെ ആയുസ്സ് ഒലിച്ചുപോയിക്കൊണ്ടിരിക്കുന്നു. ഇങ്ങനെയെല്ലാമാണെങ്കിലും മനുഷ്യൻ തനിക്ക് നാശകരമായിട്ടുള്ളതിനെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നത് വിചിത്രമാണ്.

248

ആദിത്യസ്യ ഗതാഗതൈരഹരഹ:
സംക്ഷീയതേ ജീവിതം
വ്യാപാരൈർബഹുകാര്യഭാരഗുരുഭി:
കാലോ ന വിജ്ഞായതേ
ദൃഷ്ട്വാ ജന്മജരാവിപത്തിമരണം
ത്രാസശ്ച നോത്പദ്യതേ
പീത്വാ മോഹമയീം പ്രമാദമദിരാ
മുന്മത്തഭൂതം ജഗത് 44

സൂര്യന്റെ ഉദയാസ്തമനങ്ങളോടൊപ്പം ദിവസേന ജീവിതം ചുരുങ്ങിവരുന്നു. നാനാതരത്തിലുള്ള കാര്യങ്ങൾകൊണ്ട് ഭാരപ്പെട്ട വ്യാപാരങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നതുകൊണ്ട് കാലം കടന്നുപോകുന്നത് അറിയുന്നില്ല. ജനനം, വാർദ്ധക്യം, വിപത്തുകൾ, മരണം എന്നിവയെല്ലാം കണ്ടിട്ടും ഒരു ഭയവും ഉണ്ടാകുന്നില്ല. വ്യാമോഹിപ്പിക്കുന്ന മദ്യത്താൽ ലഹരിപിടിപ്പിച്ച ലോകത്തിന് ഭ്രാന്തുപിടിച്ചിരിക്കയാണ്.

249

വയം യേഭ്യോ ജാതാശ്ചിരപരിഗതാ
ഏവ ഖലു തേ
സമം യേ സംവൃദ്ധാ: സ്മൃതി
വിഷയതാം തേപി ഗമിതാ:

ഇദാനീമേതേ സ്മ: പ്രതിദിവസമാസന്നപതനാ
ഗതാസ്തുല്യാവസ്ഥാം സികതില
നദീതീരതരുഭി: 49

നാമാരിൽ നിന്ന് ജനിച്ചുവോ അവരെല്ലാം പണ്ടേതന്നെ കടന്നുപോയി. നാമൊരുമിച്ച് വളർന്നുവന്നവരും സ്മരണമണ്ഡലത്തിലേയ്ക്ക് കടന്നിരിക്കുന്നു. ഇപ്പോഠം ഇതാ അനുദിനം മരണം അടുത്തടുത്തുവരുന്ന നാമവിടെ സ്ഥിതി ചെയ്യുന്നു. നമ്മുടെ സ്ഥിതിയാകട്ടെ നദീതീരത്തെ മണൽതിട്ടയിൽ നില്ക്കുന്ന മരങ്ങളോടു തുല്യമാണ്.

250

ആയുർവർഷശതം നൃണാം പരിമിതം
രാത്രൗ തദർധം ഗതം
തസ്യാർധസ്യ പരസ്യ ചാർധമപരം
ബാലത്വവൃദ്ധത്വയോഃ
ശേഷം വ്യാധിവിയോഗദു:ഖസഹിതം
സേവാദിഭിർനീയതേ
ജീവേ വാരിതരംഗചഞ്ചലതരേ സൗഖ്യം
കുത: പ്രാണിനാം 50

മനുഷ്യായുസ്സാമാന്യമായിട്ടുകൂടിയാൽ നൂറ്. അതിൽ പകുതിയും രാത്രിയായിപോകും. ബാക്കിപകുതിയുടെ അർധഭാഗം ബാല്യകാലവും വാർദ്ധക്യകാലവുമായിത്തീരും. അവശേഷിക്കുന്ന കാലം, രോഗങ്ങഠം വേർപാട് എന്നിവ നിമിത്തമുള്ള ദു:ഖത്തോടുകൂടി അടിമത്തത്തിൽ കഴിയുന്നു. ജലത്തിലെ തിരമാലകളേക്കാഠം ചഞ്ചലമായ ജീവിതത്തിൽ മനുഷ്യന് എവിടെ നിന്നാണ് സുഖം ലഭിക്കുന്നത്?

251

ക്ഷണം ബാലോ ഭൂത്വാ ക്ഷണമപി
യുവാ കാമരസിക:
ക്ഷണം വിത്തൈർഹീന:
ക്ഷണമപിച സമ്പൂർണവിഭവ:
ജരാജീർണൈരംഗൈർനട ഇവ
വലീമണ്ഡിതതനുർ

നരഃ സംസാരാന്തേ വിശതി
യമധാനീജവനികാം. 51

ഒരു നടനെപ്പോലെ മനുഷ്യൻ അല്പകാലം ബാലനായിട്ടും, പിന്നീട് അല്പകാലങ്ങളിൽ സുഖസന്തോഷങ്ങളിൽ മുഴുകിയ യുവാവായും അഭിനയിക്കുന്നു. അല്പകാലം ദരിദ്രനായിട്ടും പിന്നീട് സമ്പത്സമൃദ്ധിയുടെ ഉടമയായും ജീവിച്ചിട്ട് വാർദ്ധക്യത്താൽ ജീർണ്ണിച്ച അവയവങ്ങളോടും ചുളിവുകളോടു കൂടിയ ശരീരത്തോടുംകൂടി ജീവിതാന്ത്യത്തിൽ മരണമാകുന്ന തിരശ്ശീലയുടെ മറവിൽ അപ്രത്യക്ഷനാകുന്നു.

252

വയമിഹ പരിതുഷ്ടാ വല്കലൈ
സ്ത്വം ദുകൂലൈഃ
സമ ഇഹ പരിതോഷോ
നിർവിശേഷോ വിശേഷഃ
സ തു ഭവതു ദരിദ്രോ യസ്യ തൃഷ്ണാ വിശാലാ
മനസി ച പരിതുഷ്ടേ കോർത്ഥ
വാൻ കോ ദരിദ്രഃ 54

മരവുരി ധരിച്ച ഞങ്ങൾ സന്തുഷ്ടരാണ്. പട്ടുവസ്ത്രധാരികളായ നിങ്ങളും സന്തുഷ്ടർ. ഇവിടെ സംതൃപ്തി രണ്ടുകൂട്ടർക്കും ഒരുപോലെയാണ്. ഇരുകൂട്ടരും തമ്മിൽ വ്യത്യാസമൊന്നുമില്ല. ആരുടെ അത്യാഗ്രഹം അതിരുകടന്നതാണോ അവൻ ദരിദ്രനെന്ന് വിളിക്കപ്പെടട്ടെ. ഹൃദയത്തിൽ സംതൃപ്തിയുള്ളിടത്ത് ആരാണ് ധനവാൻ, ആരാണ് ദരിദ്രൻ?

253

ഫലമലമശനായ സ്വാദു പാനായ തോയം
ശയനമവനിപൃഷ്ഠം വല്കലേ വാസസീ ച
നവധനമധുപാന ഭ്രാന്തസർവേന്ദ്രിയാണാ-
മവിനയമനുമന്തും നോത്സഹേ ദുർജനാനാം 55

ഭക്ഷണത്തിന് ഫലങ്ങളും കുടിക്കുന്നതിന് ശുദ്ധജലവും കിടക്കയ്ക്ക് ഭൂതലവും, ഉടുക്കുന്നതിന് മരവുരിയും ധാരാളം മതിയാവും. പുതുധനമാകുന്ന മദ്യംകുടിച്ച് സർവ

ന്ദ്രിയങ്ങൾക്കും മത്തുപിടിച്ച ദുഷ്ടജനങ്ങളുടെ അഹങ്കാരം എനിക്കു സഹിക്കവയ്യ.

254

പരേഷാം ചേതാംസി പ്രതിദിവ
സമാരാധ്യ ബഹു ഹാ
പ്രസാദം കിം നേതും വിശസി ഹൃദയ
ക്ളേശകലിലം
പ്രസന്നേ ത്വയ്യന്തഃ സ്വയമുദിതചിന്താ
മണിഗുണേ
വിമുക്തഃ സംകല്പഃ കമഭിലഷിതം
പുഷ്യതി ന തേ 62

എന്റെ ആത്മാവേ, അനുദിനം അന്യരെ സേവിച്ചുകൊണ്ട് അവരുടെ ഹൃദത്തിനാനന്ദം പകരുന്നതിനായി നീ എന്തിന് ഇത്ര അനികം ദു:ഖത്തിനുകാരണമായ ക്ളേശങ്ങളിലേയ്ക്ക് കടക്കുന്നു. നിന്റെ ഉള്ളിൽ സ്വയമേവ ഉണ്ടാകുന്ന ചിന്താമണിപോലെയുള്ള ഗുണങ്ങളുടെ ശക്തിയാൽ എല്ലാ ആഗ്രഹങ്ങളിൽ നിന്നും വിമുക്തനായി നീ സന്തുഷ്ടനാകുമ്പോൾ, നിനക്കു പിന്നെ എന്താണ് വേണ്ടത്?

255

ഗാത്രം സംകുചിതം ഗതിർവിഗലിതാ
ഭ്രഷ്ടാ ച ദന്താവലിർ
ദൃഷ്ടിർനശ്യതി വർധതേ ബധിരതാ
വക്ത്രം ച ലാലായതേ
വാക്യം നാദ്രിയതേ ച ബാന്ധവജനോ
ഭാര്യാ ന ശുശ്രൂഷതേ
ഹാ കഷ്ടം പുരുഷസ്യ ജീർണവയസഃ
പുത്രോപ്യമിത്രായതേ 74

പ്രായമാകുമ്പോൾ ശരീരം ചുങ്ങുന്നു, കാലടികൾ പതറുന്നു, പല്ലുകൾ കൊഴിയുന്നു, കാഴ്ച നഷ്ടപ്പെടുന്നു, കേൾവിക്കുറവ് വർദ്ധിക്കുന്നു, വായിൽ നിന്നും ഉമിനീർ ഒലിച്ചുകൊണ്ടിരിക്കുന്നു, ബന്ധുജനങ്ങൾ അനുസരിക്കാതാകുന്നു, സ്വഭാര്യ പരിചരിക്കാതെയാകുന്നു, ഹാ എത്ര ദയ

നീയം! പ്രായാധിക്യത്തിലെത്തിയ മനുഷ്യനോട് സ്വപുത്രൻപോലും ശത്രുവിനെപ്പോലെ പെരുമാറുന്നു.

256

യാവത് സ്വസ്ഥമിദം ശരീരമരുജം
യാവച്ച ദൂരേ ജരാ
യാവച്ചേന്ദ്രിയശക്തിരപ്രതിഹതാ
യാവത്ക്ഷയോ നായുഷ:
ആത്മശ്രേയസി താവദേവ വിദുഷാ കാര്യ:
പ്രയത്നോ മഹാൻ
സ്രോദ്ദീപ്തേ ഭവനേ തു കൂപഖനനം
പ്രത്യുദ്യമ: കീദൃശഃ 76

ശരീരം സ്വസ്ഥവും ആരോഗ്യപൂർണ്ണവും, വാർദ്ധക്യം വിദൂരസ്ഥവും, ശരീരേന്ദ്രിയങ്ങൾ ഊർജസ്വലങ്ങളും ആയുസ്സ് സുരക്ഷിതവും ആയിരിക്കുന്ന കാലത്താണ് ബുദ്ധിമാനായ മനുഷ്യൻ ആത്മശ്രേയസ്സിനുവേണ്ടി അത്യന്തം പരിശ്രമിക്കേണ്ടത്. വീട്ടിന് തീപിടിച്ച് ആളികത്തുമ്പോൾ വെള്ളത്തിനായി കിണറുകുഴിക്കുന്നതിനുള്ള പരിശ്രമം വിഢ്ഢിത്തമല്ലേ?

257

രമ്യം ഹർമ്യതലം ന കിം വസതയേ
ശ്രവ്യം ന ഗേയാദികം
കിംവാ പ്രാണസമാസമാഗമസുഖം
നൈവാധികം പ്രീതയേ
കിം തൂദ്ഭ്രാന്തപതത്പതംഗപവന
വ്യാലോലദീപാങ്കുര—
ഛായാചഞ്ചലമാകലയ്യ സകലം
സന്തോ വനാന്തം ഗതാ: 81

ഒരുവന് താമസിക്കുന്നതിനായിട്ട് മനോഹരമായ ഒരു ഭവനം പോരേ, ഗാനമേളാദികൾ കേട്ടു സുഖിച്ചിരുന്നാൽ പോരേ, പ്രാണപ്രിയയോടൊപ്പം വസിക്കുന്നതിൽ നിന്നും സംജാതമാകുന്ന ആനന്ദം മതിയാകില്ലേ? ശരി, എന്നിരുന്നാലും ബുദ്ധിമാന്മാരായ മനുഷ്യർ ഇവയെല്ലാം – കത്തിക്കൊണ്ടിരിക്കുന്ന ഒരു വിളക്കിൽ വന്നു പതിക്കുന്ന ഈയാമ്പാററ മുഖേന

ഉണ്ടാകുന്ന നേരിയ കാററിനാൽ മിന്നിയും മങ്ങിയും കത്തുന്ന ദീപനാളത്തിൻെറ നിഴല്പോലെ പരിഗണിച്ച് വനാന്തരങ്ങളിലേയ്ക്ക് പോയിരിക്കുന്നു.

258

ചണ്ഡാല: കിമയം ദ്വിജാതിരഥവാ
ശൂദ്രോഥ കിം താപസ:
കിം വാ തത്വവിവേകപേശല
മതിർയോഗീശ്വര: കോപി കിം
ഇത്യുത്പന്നവികല്പജല്പമുഖരൈ:
സംഭാഷ്യമാണാ ജനൈർ
ന ക്രുദ്ധാ: പഥി നൈവ തുഷ്ടമനസോ
യാന്തി സ്വയം യോഗിനഃ 97

ഇയാരം ഒരു അധ:കൃതനാണോ, അല്ലെങ്കിൽ ബ്രാഹ്മണനാണോ, അഥവാ ശൂദ്രനാണോ, അതോ ഒരു തപസ്വിയോ, തത്വശാസ്ത്രസിദ്ധാന്തങ്ങളെ നന്നായിട്ട് ഗ്രഹിക്കുവാൻ കഴിവുള്ള ഒരു യതിവര്യനോ? ഒരു സന്യാസിയെപ്പററി സംശയം ജനിച്ചിട്ട് ഇപ്രകാരമെല്ലാം നാക്കിട്ടടിക്കുന്ന ജനങ്ങരം പറഞ്ഞാലും അയാരം കോപിക്കുകയോ സന്തോഷിക്കുകയൊ ചെയ്യാതെ വന്നവഴിയെ നടന്നുപോകുന്നു.

259

മാതർമേദിനി താത മാരുത സഖേ തേജ:
സുബന്ധോ ജല
ഭ്രാതർവ്യോമ നിബദ്ധ ഏഷ ഭവതാമന്ത്യഃ
പ്രണാമാജ്ഞലി:
യുഷ്മത്സംഗവശോപജാതസുകൃതോ
ദ്രേകസ്ഫുരന്നിർമല—
ജ്ഞാനാപാസ്തസമസ്തമോഹമഹി
മാ ലീയേ പരേ ബ്രഹ്മണി 101

ഭൂമിയാകുന്ന എൻെറ അമ്മേ, പിതാവാകുന്ന എൻെറ വായു, സുഹൃത്തായ പ്രകാശമേ, നല്ല ബന്ധുവായ ജലമേ, സഹോദരനായ എൻെറ ആകാശമേ, ഇതാ അവസാനത്തതായിട്ട് എൻെറ കൈകരം കൂപ്പി ഞാൻ നിങ്ങളെ നമസ്കരിക്കുന്നു.

നിങ്ങളുമായിട്ടുള്ള എൻെറ സമ്പർക്കം മുഖേന എനിക്കു ലഭിച്ച സുകൃതാധിക്യത്തിൻെറ ഫലമായി എന്നിൽ സംജാതമായ ശുദ്ധജ്ഞാനം എന്നിലുള്ള മൂഢതയെല്ലാം അകററിയിട്ട് ഇതാ ഞാൻ ഈശ്വരനിൽ ലയിക്കുന്നു.

## പലവിധ വിഷയങ്ങൾ

260

ജ്ഞാനം സതാം മാനമദാദിനാശനം
കേഷാംചിദേതൻമദമാനകാരണം
സ്ഥാനം വിവിക്തം യമിനാം വിമുക്തയേ
കാമാതുരാണാമതികാമകാരണം 10

നല്ലവർക്ക് അറിവു വർദ്ധിക്കുന്നതുവഴി അവരിലുള്ള ഗർവ്വ്, വ്യർത്ഥാഭിമാനം തുടങ്ങിയ ദുശ്ശീലങ്ങൾ നീങ്ങിപോകും. എന്നാൽ മററു ചിലരിൽ അത് അഹങ്കാരത്തിനും ദുരഭിമാനത്തിനും ഇടയാക്കുന്നു. നിർജനമായ ഒരു സ്ഥലത്ത് ജീവിക്കുന്നതുവഴി ആത്മനിയന്ത്രണമുള്ളവർ മുക്തി പ്രാപിക്കുന്നു. എന്നാൽ കാമവിചാരങ്ങൾക്കടിപ്പെട്ട് ജീവിവിക്കുന്നവരാണെങ്കിൽ അത് കുടുതൽ താദൃശവികാരങ്ങൾക്കു ഇടയാക്കുന്നു.

261

നായം തേ സമയോ രഹസ്യമധുനാ
നിദ്രാതി നാഥോ യദി
സ്ഥിതഃ്വാദ്രക്ഷ്യസി കുപ്യതി പ്രഭുരി
തി ദ്വാരേഷു യേഷാം വചഃ
ചേതസ്താനപഹായ യാഹി ഭവനം
ദേവസ്യ വിശ്വേശിതുർ
നിർദൌവാരികനിർദയോക്ത്യപരുഷം നിഃ
സീമശർമപ്രദം 14

യജമാനനെ കാണുവാൻ ചെല്ലുന്നവനോട് പടികാവൽക്കാരൻ ഇങ്ങനെ പറയും 'ഇപ്പോൾ സന്ദർശനത്തിനുള്ള സമയമല്ല. അദ്ദേഹം ഏകാന്തതയിലാണ്– ഉറങ്ങുകയാണ്. ഇവിടെ നിന്നാൽ കാണാം, പക്ഷേ അദ്ദേഹം കോപിക്കും– എന്ന്. അല്ലയോ ആത്മാവേ, ഇങ്ങനെയുള്ളവരെ ഉപേക്ഷിച്ചിട്ട് നീ

ലോകപാലകനായ ഈശ്വരന്റെ ഭവനത്തിലേയ്ക്ക് പോവുക. അവിടെ ദ്വാരപാലകന്റെ പരുഷവാക്കുകൾ കേൾക്കേണ്ടി വരികയില്ല. അതിരററ ആനന്ദം ലഭിക്കയും ചെയ്യും.

262

അകിംചനസ്യ ദാന്തസ്യ ശാന്തസ്യ സമചേതസഃ
സദാ സന്തുഷ്ടമനസഃ സർവാഃ സുഖമയാ ദിശഃ 16

ദരിദ്രനും ഇന്ദ്രിയനിഗ്രഹം ശീലിച്ചിട്ടുള്ളവനും ശാന്തനും സമചിത്തനും എപ്പോഴും സംതൃപ്തിയുള്ള മനസ്സോടു കൂടിയവനുമായ ഒരുവന് എല്ലായിടവും സന്തോഷപ്രദമാണ്.

263

ഗാത്രൈർഗിരാ ച വികലശ്ചടുമീശ്വരാണാം
കുർവന്നയം പ്രഹസനസ്യ നടഃ കൃതോസി
തം ത്വാം പുനഃ പലിതകർണ്ണകഭാജമേനം
നാട്യേന കേന നടയിഷ്യതി ദീർഘമായുഃ 22

വിരൂപമായ ശരീരത്തോടും തെളിവില്ലാത്ത സംസാരത്തോടും കൂടിയ നിങ്ങൾ ഒരു നാടകത്തിലെ വിദൂഷകനായിരിക്കയാണ്. ഇരുകർണ്ണപ്രദേശങ്ങളും നരച്ച നിങ്ങൾ ഇനിയും ദീർഘനാൾ ജീവച്ചിരുന്നാൽ ഇനി എന്തു വേഷമാണഭിനയിക്കുവാൻ പോകുന്നതെന്ന് അറിഞ്ഞുകൂടാ.

## ഭഗവദ്ഗീത

264

ഉത്സന്നകുലധർമാണാം മനുഷ്യാണാം ജനാർദന
നരകേ നിയതം വാസോ ഭവതീത്യനുശുശ്രുമ 1–44

അല്ലയോ ജനാർദന, സ്വകുടുംബപാരമ്പര്യങ്ങളെ കൈവെടിയുന്നവർ അനിശ്ചിതകാലത്തേക്കു നരകത്തിൽ കിടക്കേണ്ടിവരുമെന്നു ഞങ്ങൾ കേൾക്കുന്നു.

265

സുഖദുഃഖേ സമേ കൃത്വാ ലാഭാലാഭൗ ജയാജയൗ
തതോ യുദ്ധായ യുജ്യസ്വ
നൈവം പാപമവാപ്സ്യസി 2–38

സുഖവും ദുഖവും, ലാഭവും ഛേതവും ജയവും തോൽവിയും ഒരുപോലെ കരുതുക. അങ്ങനെ ചെയ്താൽ സമരത്തിൽ ഏർപ്പെടുന്നതുകൊണ്ട് നിനക്കു പാപമുണ്ടാകയില്ല.

266

കർമണ്യേവാധികാരസ്തേ മാ ഫലേഷു കദാചന
മാകർമഫലഹേതുർഭൂർമാ തേ
സംഗോസ്ത്വകർമണി 2–47

ജോലി ചെയ്യുക എന്നുള്ളതുമാത്രമാണ് നിൻെറ അവകാശം. അതിൻെറ ഫലത്തെക്കുറിച്ച് ഒരിക്കലും ചിന്തിക്കരുതു. പ്രവൃത്തിയുടെ ഫലമാകരുത് നിൻെറ ലക്ഷ്യം. കർമരഹിതനായിരിക്കുന്നതിലും നിനക്കു ഔത്സുക്യമുണ്ടാകരുത്.

267

യദാ സംഹരതേ ചായം കൂർമോങ്ഗാ
നീവ സർവശ:
ഇന്ദ്രിയാണീന്ദ്രിയാർഥേഭ്യസ്തസ്യ
പ്രജ്ഞാ പ്രതിഷ്ഠിതാ 2–58

ഒരാമ അതിൻെറ അവയവങ്ങൾ എല്ലാഭാഗത്തുനിന്നും ഉള്ളിലേക്കു വലിക്കുന്നതുപോലെ. ഒരുവൻ തൻെറ ഇന്ദ്രിയങ്ങളെ ഇന്ദ്രിയ വിഷയങ്ങളിൽ നിന്നും എപ്പോൾ പിന്തിരിക്കുന്നുവോ അപ്പോൾ അവൻെറ മനസ്സ് സ്വച്ഛമായിതീരും.

268

യതതോ ഹ്യപി കൗന്തേയ പുരുഷസ്യ
വിപശ്ചിത:
ഇന്ദ്രിയാണി പ്രമാഥീനി ഹരന്തി പ്രസഭം മനഃ 2-60

അർജ്ജുന. സ്വയം ഇന്ദ്രിയനിഗ്രഹമനുഷ്ഠിക്കുന്ന പണ്ഡിതനായ ഒരു മനുഷ്യൻെറ ഇന്ദ്രിയങ്ങൾപോലും അവക്ക് സ്വാതന്ത്ര്യപ്പെടുത്തുന്ന സ്വഭാവമുള്ളതുകൊണ്ട്, അയാളുടെ മനസ്സിനെ ബലമായി വലിച്ചിഴച്ചുകൊണ്ടുപോകുന്നു.

269

താനി സർവാണി സംയമ്യ യുക്ത
അസീത മത്പരഃ

വശേ ഹി യസ്യേന്ദ്രിയാണി തസ്യ പ്രജ്ഞാ
പ്രതിഷ്ഠിതാ 2-61

ഈ ഇന്ദ്രിയങ്ങളെ നിയന്ത്രണാധീനമാക്കുകയും, മന:സാന്നിധ്യമാർജിക്കുകയും ചെയ്തിട്ട്, ഹൃദയവും ആത്മാവും എന്നിൽ സമർപ്പിച്ച് ധ്യാനിക്കുന്നതിനായി ഇരിക്കുക. കാരണം ഇന്ദ്രിയങ്ങളെ നിയന്ത്രിച്ചിട്ടുള്ള ആളുടെ മനസ്സ് ഉറച്ചതായിരിക്കും.

270

ധ്യായതോ വിഷയാൻ പുംസ: സംഗസ്തേ
ഷൂപജായതേ
സംഗാത്സംജായതേ കാമ: കാമാത്
ക്രോധോഭിജായതേ 2-62

ഇന്ദ്രിയവിഷയങ്ങളെപ്പററി ചിന്തിച്ചുകൊണ്ടിരിക്കുന്ന മനുഷ്യന് അവയിൽ അഭിനിവേശം ജനിക്കുന്നു. അഭിനിവേശത്തിൽനിന്നും ആഗ്രഹവും, ആഗ്രഹത്തിൽനിന്നും (നിറവേറാത്തപ്പോൾ) കോപവും ഉളവാകുന്നു.

271

ക്രോധാദ്ഭവതി സംമോഹ:
സംമോഹാത് സ്മൃതിവിഭ്രമ:
സ്മൃതിഭ്രംശാദ് ബുദ്ധിനാശോ
ബുദ്ധിനാശാത് പ്രണശ്യതി 2-63

കോപത്തിൽനിന്നും മോഹവും. മോഹത്തിൽനിന്നും ഓർമ്മകുഴപ്പവും, അതിൽനിന്നു ബുദ്ധിനാശവും ബുദ്ധിനാശംവഴി പൂർണ്ണനാശവും ഉണ്ടാകുന്നു.

272

പ്രസാദേ സർവദു:ഖാനാം ഹാനിര
സ്യോപജായതേ
പ്രസന്നചേതസോ ഹ്യാശു ബുദ്ധി:
പര്യവതിഷ്ഠതേ 2-65

പ്രസന്നതയുള്ളപ്പോൾ ഒരുവൻെറ സർവ ദു:ഖങ്ങൾക്കും അറുതിയുണ്ടാകും. ഇങ്ങനെയുള്ളവൻെറ മനസ്സ് എല്ലാററിലും നിന്ന് പിന്തിരിവർത്തിച്ച് ഈശ്വരനിൽ ഉറച്ചുനില്ക്കുന്നു.

273

വിഹായ കാമാൻ യ: സർവാൻ പു
മാംശ്ചരതി നി:സ്പൃഹ:
നിർമമോ നിരഹംകാര: സ ശാന്തി
മധിഗച്ഛതി 2 71

സർവ ആഗ്രഹങ്ങളെയും ഉപേക്ഷിച്ചിട്ട്, ഒന്നിനോടും മമതയില്ലാതെ ആരു ജീവിക്കുന്നുവോ അവൻ എന്റേതെന്നുള്ള ഭാവവും അഹങ്കാരവും ഇല്ലാതായിട്ടു സമാധാനം പ്രാപിക്കുന്നു,

274

ന ഹി കശ്ചിത്ക്ഷണമപി ജാതു
തിഷ്ഠത്യകർമകൃത്
കാര്യതേ ഹ്യവശ: കർമ സർവ:
പ്രകൃതിജൈർഗുണൈ: 3 5

ഒരു നിമിഷനേരത്തേക്കുപോലും എന്തെങ്കിലും പ്രവർത്തിക്കാതിരിക്കുവാൻ ഒരുത്തർക്കും സാധ്യമല്ല. പ്രകൃതിഗുണങ്ങളാൽ പ്രേരിതരായിട്ട് ഗത്യന്തരമില്ലാതെ ഏവരും പ്രവർത്ത്യുൻമുഖരായിരിക്കുന്നു.

275

കർമേന്ദ്രിയാണി സംയമ്യ യ ആസ്തേ
മനസാ സ്മരൻ
ഇന്ദ്രിയാർഥാൻ വിമൂഢാത്മാ
മിഥ്യാചാര: സ ഉച്യതേ 3–6

ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച് പ്രവൃത്തിയൊന്നും ചെയ്യാതെ ഇരിക്കുന്നവൻ തന്നെയും ഇന്ദ്രിയവിഷയങ്ങളെക്കുറിച്ചു മനസ്സിൽ ഓർത്തുകൊണ്ടാണ് കഴിയുന്നത് മിഥ്യാത്മാവായ ഇയാ൦ ഒരു കള്ളസന്യാസിയാണ്.

276

യജ്ഞശിഷ്ടാശിന: സന്തോ മു
ച്യന്തേ സർവകില്ബിഷൈ:

ഭുഞ്ജതേ തേ ത്വഘം പാപാ യേ പച
ന്ത്യാത്മകാരണാത് 3-13

യാഗാനന്തരം ശേഷിക്കുന്നവയെ ഭക്ഷിക്കുന്ന സുകൃതികൾ സകലപാപങ്ങളിൽനിന്നും വിമുക്തരാകുന്നു. സ്വശരീരപോഷണത്തിനായി പാകം ചെയ്യുന്ന പാപികൾ ഭക്ഷിക്കുന്നത് പാപമാകുന്നു.

277

തസ്മാദസക്ത: സതതം കാര്യം കർമ സമാചര
അസക്തോ ഹ്യാചരൻ കർമ പരമാ
പ്നോതി പൂരുഷ: 3-19

ആകയാൽ പ്രത്യേക താല്പര്യമൊന്നും കൂടാതെ എപ്പോഴും സ്വന്തകർത്തവ്യങ്ങൾ നിർവഹിക്കുക. ആസക്തി കൂടാതെ സ്വകൃത്യങ്ങൾ അനുഷ്ഠിക്കുന്ന മനുഷ്യൻ ഈശ്വരനെ പ്രാപിക്കുന്നു.

278

യദ്യദാചരതി ശ്രേഷ്ഠസ്തത്തദേ
വേതരോ ജന:
സ യത് പ്രമാണം കുരുതേ ലോകസ്ത
ദനുവർതതേ 3-21

ഉത്തമനായ മനുഷ്യൻ എന്തെന്ത് ചെയ്യുന്നുവോ, അതു തന്നെ മറ്റുള്ളവരും പ്രവർത്തിക്കുന്നു, അദ്ദേഹം ഏതൊരു മാനദണ്ഡം കാഴ്ച വെയ്ക്കുന്നോ, ജനങ്ങളിൽ അധികം പേരും അത് അനുകരിക്കുന്നു.

279

ഇന്ദ്രിയസ്യേന്ദ്രിയസ്യാർഥേ രാഗ
ദ്വേഷൗ വ്യവസ്ഥിതൗ
തയോർന വശമാഗച്ഛേത്തൗ ഹ്യസ്യ
പരിപന്ഥിനൗ 3-34

ഇന്ദ്രിയ വിഷയങ്ങളിൽ ആകർഷണവും വികർഷണവും സ്ഥിതിചെയ്യുന്നു. മനുഷ്യൻ ഒരിക്കലും അവയ്ക്കടിമപ്പെടരുത്. എന്തെന്നാൽ ഇവ രണ്ടുമാണ് അവന് മാർഗ്ഗതടസ്സമായി നില്ക്കുന്നവ.

280

യദാ യദാ ഹി ധർമസ്യ ഗ്ളാനിർഭവതി ഭാരത
അഭ്യുത്ഥാനമധർമസ്യ തദാത്മാനം
സൃജാമ്യഹം 4–7

എപ്പോഴെല്ലാം ധർമ്മം ക്ഷയിക്കുകയും അധർമ്മം പുഷ്ടിപ്പെടുകയും ചെയ്യുന്നുവോ അപ്പോഴെല്ലാം ഞാൻ വീണ്ടും വീണ്ടും അവതരിക്കുന്നു.

281

പരിത്രാണായ സാധൂനാം വിനാശായ
ച ദുഷ്കൃതാം
ധർമസംസ്ഥാപനാർഥായ സംഭവാമി
യുഗേ യുഗേ 4-8

നല്ലവരുടെ സംരക്ഷണത്തിനും തിന്മചെയ്യുന്നവരെ നശിപ്പിക്കുന്നതിനും ധർമ്മസംസ്ഥാപനത്തിനുമായി യുഗങ്ങൾ തോറും ഞാൻ അവതരിക്കുന്നു.

282

വീതരാഗഭയക്രോധാ മൻമയാ മാമുപാശ്രിതാ:
ബഹവോ ജ്ഞാനതപസാ പൂതാ
മദ്ഭാവമാഗതാ: 4-10

കാമവും ഭയവും കോപവും എല്ലാം ദൂരീകരിച്ച്, പൂർണ്ണമായി എന്നിൽ ലയിക്കയും എന്നെ ആശ്രയിക്കയും ജ്ഞാനമാകുന്ന തപസിനാൽ ശുദ്ധീകരിക്കപ്പെടുകയും ചെയ്തിട്ടു ഞാനുമായി സായൂജ്യം പ്രാപിച്ചിട്ടുള്ളവർ പൂർവകാലത്തും ധാരാളമുണ്ട്.

283

ശ്രോത്രാദീനീന്ദ്രിയാണ്യന്യേ
സംയമാഗ്നിഷു ജുഹ്വതി
ശബ്ദാദീൻ വിഷയാനന്യ
ഇന്ദ്രിയാഗ്നിഷു ജുഹ്വതി 4–26

ചിലർ ശ്രവണം തുടങ്ങിയ ഇന്ദ്രിയങ്ങളെ ഇന്ദ്രിയനിഗ്രഹമാകുന്ന അഗ്നിയിൽ ഹോമിയ്ക്കുന്നു. മററുചിലരാകട്ടെ ശബ്ദം തുടങ്ങിയ ഇന്ദ്രിയഗോചരമായ വിഷയങ്ങളെ ഇന്ദ്രിയമാകുന്ന അഗ്നിയിൽ ഹോമിക്കുന്നു.

284

ശ്രേയാൻ ദ്രവ്യമയാദ്യജ്ഞാജ്ജ്ഞാ
നയജ്ഞ: പരംതപ
സർവം കർമാഖിലം പാർഥ ജ്ഞാനേ
പരിസമാപ്യതേ 4–33

അല്ലയൊ അർജ്ജുന, ബാഹ്യപദാർത്ഥങ്ങൾ കൊണ്ടുള്ള യാഗത്തേക്കാൾ ഉത്കൃഷ്ടമായിട്ടുള്ളത് ജ്ഞാനയജ്ഞമാണ്. കാരണം, അപവാദരഹിതമായ സകല പ്രവൃത്തികളും ജ്ഞാനത്തിൽ കലാശിക്കുന്നു.

285

തദ്വിദ്ധി പ്രണിപാതേന പരിപ്രശ്നേന
സേവയാ
ഉപദേക്ഷ്യന്തി തേ ജ്ഞാനം
ജ്ഞാനിനസ്തത്വദർശിന: 4–34

ബുദ്ധിമാന്മാരുടെ കാല്ക്കൽ പ്രണമിച്ചുകൊണ്ടും, ശുദ്ധഹൃദയത്തോടെ അവരോട് ചോദിച്ചറിഞ്ഞുകൊണ്ടും, എല്ലാവിധത്തിലുമുള്ള ശുശ്രൂഷ അവർക്കു ചെയ്തുകൊണ്ടും, ഏതുവിധേനയെങ്കിലും ഈ ജ്ഞാനം സമ്പാദിക്കണം. സത്യഗ്രാഹികളായ ആ മതിമാന്മാർ നിങ്ങൾക്ക് ഈ ജ്ഞാനം ഉപദേശിച്ചുതരും.

286

അപി ചേദസി പാപേഭ്യ:
സർവേഭ്യ: പാപകൃത്തമ:
സർവം ജ്ഞാനപ്ലവേനൈവ
വൃജിനം സംതരിഷ്യസി 4–36

നീ സർവപാപികളെക്കാളും വലിയ പാപിയാണെങ്കിൽ പോലും ജ്ഞാനമാകുന്ന പൊങ്ങുതടിയിലൂടെ സർവപാപങ്ങളെയും തരണംചെയ്യും.

287

അജ്ഞശ്ചാശ്രദ്ദധാനശ്ച സംശയാത്മാ
വിനശ്യതി
നായം ലോകോസ്തി നപരോ ന
സുഖം സംശയാത്മന: 4–40

വിവേചനബുദ്ധിയില്ലാത്തവരും ശ്രദ്ധയില്ലാത്തവരും സംശയബുദ്ധികളായിതീർന്നിട്ട് നശിച്ചുപോകും, സംശയബുദ്ധികൾക്ക് ഈ ലോകമൊ പരലോകമൊ ഇല്ല. സുഖമെന്തെന്നവരറിയില്ല.

288

ബന്ധുരാത്മാത്മനസ്തസ്യ യേനാത്മൈ
വാത്മനാ ജിത:
അനാത്മനസ്തു ശത്രുത്വേ
വർതേതാത്മൈവ ശത്രുവത് 6–6

എവിടെ സ്വാത്മാവിനാൽ അധമാത്മാവ്– ശരീരവും അവയവങ്ങളും– ജയിക്കപ്പെടുന്നുവോ അവിടെ സ്വാത്മാവിന്റെ സുഹൃത്താണ് അധമാത്മാവ്. എന്നാൽ എവിടെ സ്വാത്മാവ് സ്വാധമാത്മാവിനെ ജയിപ്പിക്കാതിരിക്കുന്നുവോ അവിടെ അതു സ്വശത്രുവിനെപ്പോലെ ശത്രുതയോടെ വർത്തിക്കുന്നു.

289

യതോ യതോ നിശ്ചരതി മനശ്ചഞ്ചല
മസ്ഥിരം
തതസ്തതോ നിയമ്യൈതദാത്മന്യേ
വ വശം നയേത്. 6–26

അടങ്ങിയിരിക്കാത്തതും അങ്ങുമിങ്ങും ഓടിനടക്കുന്നതുമായ മനസ്സിനെ, അത് എന്തിന്റെ എല്ലാം പുറകെ ഓടുന്നുവോ, അവയിൽനിന്നെല്ലാം പിന്തിരിപ്പിച്ച്, നിരന്തരമായി ദൈവത്തിൽ കേന്ദ്രീകരിക്കണം.

290

യോ മാം പശ്യതി സർവത്ര സർവം ച
മയി പശ്യതി
തസ്യാഹം ന പ്രണശ്യാമി സ ച മേ
ന പ്രണശ്യതി 6–30

**സർവ വസ്തുക്കളിലും എന്നെ (ഈശ്വരനെ) കാണുകയും, എന്നിൽ സർവതും കാണുകയും ചെയ്യുന്നവൻ ആരോ അവൻ ഒരിക്കലും എന്റെ ദൃഷ്ടിപഥത്തിൽനിന്നും പുറത്തല്ല. ഞാൻ എപ്പോഴും അവന്റെ ദൃഷ്ടിയിലുണ്ട്.**

291

പാർഥ നൈവേഹ നാമുത്ര

വിനാശസ്തസ്യ വിദ്യതേ

ന ഹി കല്യാണകൃത് കശ്ചിദ്ദുർഗതിം

താത ഗഛതി 6–40

പ്രിയ അർജ്ജുന, മംഗളകരമായവ ചെയ്യുന്നവന് ഒരിക്കലും വിനാശമുണ്ടാകയില്ല. അവന് ഇഹത്തിലും പരത്തിലും ഒരു വിപത്തും വരികയില്ല.

292

സമോഹം സർവഭൂതേഷു ന മേ

ദ്വേഷ്യോസ്തി ന പ്രിയഃ

യേ ഭജന്തി തു മാം ഭക്ത്യാ മയി തേ

തേഷു ചാപ്യഹം 9–29

ഞാൻ സർവജീവികളിലും ഒരുപോലെയാണ്. എനിക്കു ഒരുത്തരോടും വിരോധമോ പ്രിയമോ ഇല്ല. ആര് എന്നെ ഭക്തിപൂർവം പൂജിക്കുന്നുവൊ അവർ എന്നിലും ഞാൻ അവരിലും ഉണ്ട്.

293

അപി ചേത് സുദുരാചാരോ ഭജതേ

മാമനന്യഭാക്

സാധുരേവ സ മന്തവ്യഃ

സമ്യഗ്വ്യവസിതോ ഹി സഃ 9–30

ഏററവും വലിയ പാപിതന്നെ ആയിരുന്നാലും എന്നെ പ്രത്യേകമായ ഭക്തിയോടുകൂടി ഭജിക്കുന്നെങ്കിൽ അവനെ ഒരു വിശുദ്ധനായി പരിഗണിക്കണം, എന്തെന്നാൽ അയാൾ ദൃഢമാനസനാണ്.

294

ക്ഷിപ്രം ഭവതി ധർമാത്മാ

ശശ്വച്ഛാന്തിം നിഗഛതി

കൗന്തേയ പ്രതിജാനീഹി ന മേ ഭക്തഃ

പ്രണശ്യതി 9–31

അവൻ വേഗത്തിൽ സുകൃതിയായിത്തീരുന്നു. ശാശ്വതമായ സമാധാനവും നേടുന്നു. അല്ലയൊ അർജ്ജുന, എന്റെ ഭക്തൻ ഒരിക്കലും നശിക്കയില്ലെന്നു നന്നായി ഗ്രഹിച്ചാലും.

295

മാംഹി പാർഥ വ്യപാശ്രിത്യ യേ
പി സ്യു: പാപയോനയ:
സ്ത്രിയോ വൈശ്യാസ്തഥാ ശൂദ്രാസ്തേ
പി യാന്തി പരാം ഗതിം 9-32

എന്നിൽ അഭയംതേടുന്ന സ്ത്രീകളും വൈശ്യരും, ശൂദ്രരും അധ:കൃതരും പരമലക്ഷ്യം പ്രാപിക്കും.

296

കിം പുനർബ്രാഹ്മണാ: പുണ്യാ
ഭക്താ രാജർഷയസ്തഥാ
അനിത്യമസുഖം ലോകമിമം
പ്രാപ്യ ഭജസ്വ മാം 9-33

അങ്ങനെയെങ്കിൽ പുണ്യമുള്ള ബ്രാഹ്മണരും ഭക്തിയുള്ള രാജർഷികളും ഇതുപ്രാപിക്കുമെന്നതിൽ എന്താണദ്ഭുതം. താല്ക്കാലികവും സന്തോഷരഹിതവുമായ ഈലോക ജീവിതം ലഭിച്ച നീ എന്നെ (ഈശ്വരനെ) ഭജിയ്ക്കുക.

297

അഹം സർവസ്യ പ്രഭവോ മത്ത:സർവം പ്രവർതതേ
ഇതി മത്വാ ഭജന്തേ മാം ബുധാ ഭാവ
സമന്വിതാ: 10-8

സകലത്തിന്റെയും മൂലകാരണം ഞാനാണ്,ഞാൻ മൂലമാണ് സർവ്വ സൃഷ്ടികളും പ്രവർത്തിക്കുന്നത്. ഇത് മനസ്സിലാക്കിയിട്ടുള്ള ഭക്തരായ ബുദ്ധിമാന്മാർ എന്നെ ഭജിക്കുന്നു.

298

മച്ചിത്താ മദ്ഗതപ്രാണാ ബോധയന്ത: പരസ്പരം
കഥയന്തശ്ച മാം നിത്യം തുഷ്യന്തി ച
രമന്തി ച 10-9

അവരുടെ മനസ്സുകൾ എന്നിൽ ഉറപ്പിച്ചിട്ട്, അവരുടെ ജീവനെ എന്നിൽ സമർപ്പിച്ചിട്ട്, എൻെറ മഹത്വത്തെക്കുറിച്ച് അവർ പരസ്പരം ബോധവാന്മാരായിട്ട്, എന്നെക്കുറിച്ച് പരസ്പരം സംസാരിച്ചുകൊണ്ട് സംതൃപ്തരായി ജീവിക്കുകയും എന്നിൽ ആനന്ദംകൊള്ളുകയും ചെയ്യുന്നു.

299

തേഷാമേവാനുകമ്പാർത്ഥമഹമ ജ്ഞാനജം തമ:
നാശയാമ്യാത്മഭാവസ്ഥോ ജ്ഞാ ന
ദീപേന ഭാസ്വതാ. 10–11

അവരോടുള്ള അനുകമ്പനിമിത്തം, അവരുടെ ആത്മാക്കളിൽ വസിക്കുന്ന ഞാൻ ജ്ഞാനമാകുന്ന ദീപത്തിൻെറ ശോഭയാൽ, അജ്ഞതയിൽനിന്നുമുളവാകുന്ന അന്ധകാരത്തെ നീക്കിക്കളയുന്നു.

300

അഹമാത്മാ ഗുഡാകേശ സർവ
ഭൂതാശയസ്ഥിത:
അഹമാദിശ്ച മധ്യം ച ഭൂതാനാ
മന്ത ഏവ ച. 10–20

ഹെ അർജുന, സർവസൃഷ്ടിജാലങ്ങളുടേയും ഉള്ളിൽ ഞാൻ സ്ഥിതിചെയ്യുന്നു. ഞാൻ എല്ലാ ജീവികളുടെയും ആരംഭവും മധ്യവും അന്തവുമാകുന്നു.

301

അക്ഷരാണാമകാരോസ്മി ദ്വന്ദ്വ:
സാമാസികസ്യ ച
അഹമേവാക്ഷയ: കാലോ
ധാതാഹം വിശ്വതോമുഖ: 10–33

അക്ഷരങ്ങളിൽ അകാരമാണു ഞാൻ. സമാസങ്ങളിൽ ദ്വന്ദ്വനാണ്. ഞാൻ ക്ഷയമില്ലാത്ത കാലമാകുന്നു. എല്ലാവശങ്ങളിലേക്കും മുഖമുള്ള ഞാൻ എല്ലാററിനെയും സൃഷ്ടിയ്ക്കുന്നവനാകുന്നു.

302

ദണ്ഡോ ദമയതാമസ്മി നീതിരസ്മി
ജിഗീഷതാം
മൌനം ചൈവാസ്മി ഗുഹ്യാനാം
ജ്ഞാനം ജ്ഞാനവതാമഹം 10–38

ഭരണകർത്താക്കൾക്ക് അധികാരം നല്കുന്നതു ഞാനാണ്. ജേതാക്കൾക്കു നീതിബോധം നല്കുന്നതും ഞാൻതന്നെ. മൗനംവഴി രഹസ്യങ്ങളുടെ എല്ലാം സംരക്ഷകൻ ഞാനാണ്. ബുദ്ധിമാന്മാർക്കു ബുദ്ധിനല്കുന്നതും ഞാനാണ്.

303

നാന്തോസ്തി മമ ദിവ്യാനാം
വിഭൂതീനാം പരംതപ
ഏഷ തൂദ്ദേശത: പ്രോക്തോ
വിഭൂതേർവിസ്തരോ മയാ 10–40

ഹെ അർജ്ജുന, അന്തമില്ലാത്തവയാണ് എൻെറ ദൈവിക മഹത്വങ്ങൾ, എന്നാൽ വിവരിക്കപ്പെട്ട എൻെറ ശക്തിയുടെ ഒരു ചുരുങ്ങിയ വിവരണം മാത്രമാണിത്.

304

ന തു മാം ശക്യതേ ദ്രഷ്ടുമനേനൈവ
സ്വചക്ഷുഷാ
ദിവ്യം ദദാമി തേ ചക്ഷു: പശ്യ മേ
യോഗമൈശ്വരം 11-8

നിൻെറ സ്വാഭാവിക നയനങ്ങൾകൊണ്ട് എന്നെ കാണുക സാധ്യമല്ല. നിനക്കു ദിവ്യദൃഷ്ടി ഞാൻ തരാം. അതുപയോഗിച്ച് എൻെറ യൗഗികൈശ്വര്യത്തെ ദർശിച്ചാലും.

305

ദിവിസൂര്യസഹസ്രസ്യ ഭവേദ്യുഗപദുത്ഥിതാ
യദി ഭാ: സദൃശീ സാ സ്യാദ്ഭാസ
സ്തസ്യ മഹാത്മന: 11–12

ആകാശത്ത് ഒരായിരം സൂര്യന്മാർ ഒരേസമയത്ത് ഉദിച്ചു

യർന്നാലുണ്ടാകുന്ന ശോഭപോലും പ്രഭാവവാനായ ദൈവത്തി ൻെറ ശോഭയോടു തുല്യമാകുമോ?

306

ത്വമക്ഷരം പരമം വേദിതവ്യം
ത്വമസ്യ വിശ്വസ്യ പരം നിധാനം
ത്വമവ്യയ: ശാശ്വതധർമഗോപ്താ
സനാതനസ്ത്വം പുരുഷോ മതോ മേ 11–18

അങ്ങ് അത്യുന്നതനും അക്ഷയനുമായി അറിയപ്പെടണം ഈ പ്രപഞ്ചത്തിൻെറ പരമമായ അഭയസ്ഥാനമാണ് അങ്ങ് സനാതന ധർമ്മത്തിൻെറ സംരക്ഷകനാണ്. അങ്ങയെ ഞാൻ നിത്യനും നാശമില്ലാത്തവനുമായ ഈശ്വരനായി കരുതുന്നു.

307

ദ്യാവാപൃഥിവ്യോരിദമന്തരം ഹി
വ്യാപ്തം ത്വയൈകേന ദിശശ്ച സർവാ:
ദൃഷ്ട്വാദ്ഭുതം രൂപമിദം തവോഗ്രം
ലോകത്രയം പ്രവ്യഥിതം മഹാത്മൻ. 11-20

സ്വർഗത്തിനും ഭൂമിക്കും ഇടക്കുള്ള ശൂന്യാകാശവും എല്ലാദിക്കുകളും നിറയപ്പെട്ടിരിക്കുന്നത് അങ്ങയാൽമാത്രമാണ്. അദ്ഭുതകരവും ഭയാനകവുമായ അങ്ങയുടെ ഈ രൂപം കണ്ടിട്ടു, ശക്തനായ ഈശ്വര, മൂന്നുലോകവും അത്യന്തം ഭയപ്പെടുന്നു.

308

സ്ഥാനേ ഹൃഷീകേശ, തവ പ്രകീർത്യാ
ജഗത് പ്രഹൃഷ്യത്യനുരജ്യതേ ച
രക്ഷാംസി ഭീതാനി ദിശോ ദ്രവന്തി
സർവേ നമസ്യന്തി ച സിദ്ധസംഘാ: 11–36

പ്രഭോ, അങ്ങയുടെ പ്രകീർത്തനംവഴി ഈ പ്രപഞ്ചം ആനന്ദിക്കുകയും സ്നേഹനിർഭരമായിരിക്കുകയും ചെയ്യുന്നത് ഉചിതമാണല്ലോ. സംഭീതരായ പിശാചുക്കൾ പരക്കം പായുന്നു. സിദ്ധന്മാരുടെ സർവഗണങ്ങളും അങ്ങയെ നമിക്കുന്നു.

## 309

നമ: പുരസ്താദഥ പൃഷ്ടതസ്തേ
നമോസ്തു തേ സർവത ഏവ സർവ
അനന്തവീര്യാമിതവിക്രമസ്ത്വം
സർവം സമാപ്നോഷി തതോസി സർവ: 11–40

പ്രഭോ, മുമ്പിൽനിന്നും പിമ്പിൽനിന്നും അങ്ങേക്കു നമസ്ക്കാരം. സർവരുടേയും ആത്മാവായിരിക്കുന്ന അങ്ങേക്ക് എല്ലാവശങ്ങളിൽനിന്നും ഞാൻ അഭിവാദനർമപ്പിക്കുന്നു. അതിരററശക്തനും അനന്തധീരനുമായ അങ്ങ് സർവസൃഷ്ടങ്ങളിലും വ്യാപിച്ചിരിക്കുന്നു, തന്മൂലം അങ്ങ് സർവവുമാകുന്നു.

## 310

പിതാസി ലോകസ്യ ചരാചരസ്യ
ത്വമസ്യ പൂജ്യശ്ച ഗുരുർഗരീയാൻ
ന ത്വത്സമോസ്ത്യഭ്യധിക: കുതോന്യോ
ലോകത്രയേപ്യപ്രതിമപ്രഭാവ 11–43

അങ്ങ് ഈ പ്രപഞ്ചത്തിൻെറ പിതാവും സർവചരാചരങ്ങളുടേയും ആരാധ്യനായ, ഏററവും ശ്രേഷ്ഠനായ ഗുരുവുമാകുന്നു. മൂന്നുലോകത്തും അതുല്യമഹത്വമുള്ളവനായ അങ്ങേക്കു സമനായി ആരുമില്ല. അങ്ങനെയെങ്കിൽ അങ്ങയേക്കാൾ ശ്രേഷ്ഠനായിട്ടാരാണുള്ളത്?

## 311

തസ്മാത് പ്രണമ്യ പ്രണിധായ കായം
പ്രസാദയേ ത്വാമഹമീശമീഡ്യം
പിതേവ പുത്രസ്യ സഖേവ സഖ്യു:
പ്രിയ: പ്രിയായാർഹസി ദേവ സോഢും 11–44

ആകയാൽ പ്രഭോ അങ്ങയുടെ പാദങ്ങളിൽ എൻെറ ശരീരത്തെ സമർപ്പിച്ച് താണുവണങ്ങിയിട്ട് ഞാൻ അങ്ങയെ സ്തുതിക്കുന്നു. അങ്ങ് സകലത്തിൻേറയും ഭരണകർത്താവും സ്തുതിക്കർഹനുമാകുന്നു. ഒരു പിതാവ് മകനോട് ക്ഷമിക്കുന്നതുപോലെയും ഒരു സ്നേഹിതൻ സ്നേഹിതനോടും ഭർത്താവ് സ്വഭാര്യയോടും ക്ഷമിക്കുന്നതുപോലെയും അങ്ങ് എന്നോട് ക്ഷമിക്കണമേ.

312

മത്കർമകൃന്മത്പരമോ മദ്ഭക്ത:

സംഗവർജിത:

നിർവൈര: സർവഭൂതേഷു യ: സ മാമേതി

പാണ്ഡവ. 11–55

ഹേ അർജുന, ആര് എനിക്കുവേണ്ടി പ്രവർത്തിക്കുന്നുവോ, ആര് എന്നിൽ ആശ്രയിക്കുന്നുവോ, ആർക്ക് എന്നോട് ഭക്തിയുണ്ടോ, ആര് നിസ്സംഗനായിരിക്കുന്നുവോ, ആര് സർവ്വജീവികളോടും വിദ്വേഷരഹിതനായിരിക്കുന്നുവോ, അങ്ങനെയുള്ളവൻ എന്നെ പ്രാപിക്കും.

313

അഭ്യാസേപ്യസമർഥോസി മത്കർമപരമോ ഭവ.

മദർഥമപി കർമാണി കുർവൻ

സിദ്ധിമവാപ്സ്യസി 12–10

നിരന്തരാനുഷ്ഠാനം വഴി എന്നിൽ ശ്രദ്ധകേന്ദ്രീകരിക്കുവാൻ നിനക്ക് കഴിവില്ലെങ്കിൽ, എന്നെ പ്രതി പ്രവർത്തിക്കുന്നതിന് പരിശ്രമിക്കുക. എന്നെപ്രതി നീ കർമ്മാനുഷ്ഠാനങ്ങൾ നടത്തുന്നതുവഴി സൗഭാഗ്യം പ്രാപിക്കുന്നതാണ്.

314

അദ്വേഷ്ടാ സർവഭൂതാനാം മൈത്ര:

കരുണ ഏവ ച

നിർമമോ നിരഹംകാര:

സമദു:ഖസുഖ: ക്ഷമീ 12-13

315

സംതുഷ്ട: സതതം യോഗീ യതാത്മാ

ദൃഢനിശ്ചയ:

മയ്യർപിതമനോബുദ്ധിർയോ

മദ്ഭക്ത: സ മേ പ്രിയ: 12–14

യാതൊരു സൃഷ്ടിയോടും വിരോധമില്ലാത്തവനും, സൗഹാർദ്ദതയും കരുണയുമുള്ളവനും, എന്റേതെന്നുള്ള ഭാവ

മോ അഹങ്കാരമോ ഇല്ലാത്തവനും, ദുഃഖത്തേയും സുഖത്തേയും ഒരുപോലെ സ്വീകരിക്കുന്നവനും, ക്ഷമാശീലനും, സദാപി സന്തുഷ്ടനും ഞാനുമായി സായൂജ്യം നേടിയിട്ടുള്ളവനും, സർവേന്ദ്രിയങ്ങളേയും നിയന്ത്രണാധീനമാക്കിയിട്ടുള്ളവനും ദൃഢചിത്തനും, മനസ്സും ബുദ്ധിയും എന്നിലർപ്പിച്ചിട്ടുള്ളവനും ആയ എൻെറ ഭക്തൻ എനിക്ക് പ്രിയപ്പെട്ടവനാണ്.

316

സമ: ശത്രൗ ച മിത്രേ ച തഥാ മാനാപമാനയോ:
ശീതോഷ്ണസുഖദു:ഖേഷു സമ:
സംഗവിവർജിത: 12–18

ശത്രുക്കളോടും മിത്രങ്ങളോടും സമഭാവനയോടും, ബഹുമാനത്തിലും അവമാനത്തിലും സമചിത്തതയോടും, ചൂടിലും തണുപ്പിലും, സുഖത്തിലും ദു:ഖത്തിലും ഒരുപോലെയും വർത്തിക്കുന്നവനും, ഒന്നിനോടും ആസക്തിയില്ലാതിരിക്കുന്നവനും (എനിക്കു പ്രിയമുള്ളവനാണ്.)

317

സർവത: പാണിപാദം തത്സർവതോ
ക്ഷിശിരോമുഖം
സർവത: ശ്രുതിമല്ലോകേ സർവമാവൃത്യ
തിഷ്ഠതി 13–13

അവിടത്തേക്ക് കൈകളും കാലുകളും എല്ലായിടത്തുമുണ്ട്. അതുപോലെതന്നെ കണ്ണുകളും. തലയും മുഖവും. കാതുകളും സർവ്വത്രയുണ്ട്. അദ്ദേഹം (ബ്രഹ്മാവ്) സർവ വ്യാപിയാണ്.

318

ബഹിരന്തശ്ച ഭൂതാനാമചരം ചരമേവ ച
സൂക്ഷ്മത്വാത്തദവിജ്ഞേയം
ദൂരസ്ഥം ചാന്തികേ ച തത് 13–15

സകല ചരാചരങ്ങളുടേയും പുറത്തും അകത്തും അതുണ്ട്. അതിസൂക്ഷ്മതയാൽ അതിനെ ഗ്രഹിക്കുവാൻ സാധ്യമല്ല. അത് ദൂരത്തും സമീപത്തും സ്ഥിതിചെയ്യുന്നു

319

ജ്യോതിഷാമപി തജ്ജ്യോതിസ്തമസ:
പരമുച്യതേ
ജ്ഞാനം ജ്ഞേയം ജ്ഞാനഗമ്യം
ഹൃദി സർവസ്യ വിഷ്ഠിതം 13-17

അത് (ബ്രഹ്മം) സർവപ്രകാശത്തിൻെറയും പ്രകാശമാണ്. അന്ധകാരത്തിനെല്ലാമപ്പുറത്തുള്ളതാണ്. അത് ജ്ഞാനംതന്നെയാണ്. അറിവിൻെറ വിഷയവുമാണ്. ജ്ഞാനം വഴി അത് അറിയപ്പെടേണ്ടതുമാണ്, അത് എല്ലാവരുടേയും ഹൃദയത്തിൽ ആരൂഢമായിരിക്കുന്നു.

320

സത്വം രജസ്തമ ഇതി ഗുണാ:
പ്രകൃതിസംഭവാ:
നിബധ്നന്തി മഹാബാഹോ
ദേഹേ ദേഹിനമവ്യയം 14-5

ഹേ അർജുന, പ്രകൃതിസിദ്ധമായ സത്വം, രജസ്, തമസ് എന്നീ ഗുണങ്ങൾ അനശ്വരമായ ആത്മാവിനെ ദേഹത്തോട് ബന്ധിക്കുന്നു.

321

തത്ര സത്ത്വം നിർമലത്വാത് പ്രകാശകമനാമയം
സുഖസംഗേന ബധ്നാതി
ജ്ഞാനസംഗേന ചാനഘ 14-6

അല്ലയോ അർജുന, ഇവയിൽ സത്ത്വഗുണം നിർമ്മലമായതുകൊണ്ട് അതു പ്രകാശിപ്പിക്കുന്നതും കളങ്കരഹിതവുമാണ്. അത് (ആത്മാവിനെ) ബന്ധിക്കുന്നത് സുഖത്തോടും ജ്ഞാനത്തോടുമുള്ള ആത്മസമീകരണംവഴിയാണ്.

322

രജോ രാഗാത്മകം വിദ്ധി
തൃഷ്ണാസംഗസമുദ്ഭവം
തന്നിബധ്നാതി കൗന്തേയ കർമസംഗേന
ദേഹിനം 14-7

ഹേ അർജുന, രജസ്സ് രാഗദോഷാമർഷാദികളോടുകൂടിയതും അത്യാഗ്രഹം ആസക്തി എന്നിവകളിൽനിന്ന് ഉളവാകുന്നതുമാകുന്നു. അത് ആത്മാവിനെ ബന്ധിക്കുന്നത് പ്രവൃത്തിയോടും അതിന്റെ ഫലത്തോടുമുള്ള ബന്ധം വഴിയാണ്.

323

തമസ്ത്വജ്ഞാനജം വിദ്ധി മോഹനം
സർവദേഹിനാം
പ്രമാദാലസ്യനിദ്രാഭിസ്തന്നി
ബന്ധാതി ഭാരത 14–8

അല്ലയോ അർജുന, തമസ്സ് അജ്ഞാനത്തിൽനിന്നും ജനിക്കുന്നതും ശരീരികളായ സർവരേയും വ്യാമോഹിപ്പിക്കുന്നതുമാകുന്നു. അത് ആത്മാവിനെ ബന്ധിക്കുന്നത് തെററ് മടി, നിദ്ര എന്നിവയിലാണ്.

324

സത്ത്വം സുഖേ സംജയതി രജ: കർമണി ഭാരത
ജ്ഞാനമാവൃത്യ തു തമ: പ്രമാദേ സംജയത്യുത 14–9

ഹേ അർജുന സത്വഗുണം ആനന്ദത്തെ ഉളവാക്കുന്നു. രജസാകട്ടെ കർമ്മത്തേയും. തമസാകട്ടെ അറിവിനെ ആവരണം ചെയ്തിട്ടു തെററു ചെയ്യുന്നതിന് പ്രേരിപ്പിക്കുന്നു.

325

ദ്വാവിമൗ പുരുഷൗ ലോകേ ക്ഷര
ശ്ചാക്ഷര ഏവ ച
ക്ഷര: സർവാണി ഭൂതാനി കൂടസ്ഥോ
ക്ഷര ഉച്യതേ. 15–16

ഈ ലോകത്ത് രണ്ടിനത്തിലുള്ള സത്തകളുണ്ട്. ഒന്ന് നശ്വരം, രണ്ടാമത്തേത് അനശ്വരം. സർവജീവികളുടേയും ശരീരം നശ്വരമാണ്. അന്തസ്ഥിതമായ ആത്മാവ് അനശ്വരവും.

326

അഹിംസാ സത്യമക്രോധസ്ത്യാഗ:
ശാന്തിരപൈശുനം
ദയാ ഭൂതേഷ്വലോലുപ്ത്വം
മാർദവം ഹ്രീരചാപലം 16–2

വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും അക്രമരാഹിത്യം, സത്യസന്ധത. പ്രകോപനമുണ്ടായാൽപോലും കോപിക്കാതിരിക്കുക, ത്യാഗം, മനശ്ശാന്തി, അപവാദം മനഃപൂർവം പറയാതിരിക്കുക, സർവ ജീവജാലങ്ങളോടും ദയ, ഇന്ദ്രിയ വിഷയങ്ങളോട് അവയോടുള്ള സമ്പർക്കത്തിൽപോലും ആസക്തി ഇല്ലാതിരിക്കുക, സൗമ്യത, കുററകരമായ കൃത്യങ്ങളിൽ ലജ്ജ, വ്യർത്ഥമായ കാര്യങ്ങളിൽനിന്നും അകന്നിരിക്കുക (ഇവയെല്ലാമാണ് നല്ലവരുടെ ലക്ഷണങ്ങൾ)

327

തേജഃ ക്ഷമാ ധൃതിഃ ശൌചമദ്രോഹോ
നാതിമാനിതാ
ഭവന്തി സംപദം ദൈവീമഭിജാതസ്യ
ഭാരത 16–3

ഹേ അർജുന, ഔത്കൃഷ്ട്യം, ക്ഷമാശീലം, ധൈര്യം, ബാഹ്യമായ ശുചിത്വം, പകയില്ലായ്ക, ഞാൻ വലിയവനാണെന്നുള്ള ചിന്തയില്ലാതിരിക്കുക, പ്രകൃത്യാ ഈ ദൃശദൈവിക ഗുണങ്ങളുണ്ടായിരിക്കുന്ന ഒരുവൻെറ ലക്ഷണങ്ങളാണ് മേല് പറഞ്ഞവ.

328

ദംഭോ ദർപോതിമാനശ്ച ക്രോധഃ
പാരുഷ്യമേവ ച
അജ്ഞാനം ചാഭിജാതസ്യ പാർത്ഥ
സംപദമാസുരീം 16–4

കാപട്യം, അഹംകാരം, നിഗളം, കോപം, ക്രൂരത, അജ്ഞത എന്നിവയെല്ലാമാണ് പൈശാചികമായ ലക്ഷണങ്ങളോടുകൂടിയവൻെറ സിദ്ധികൾ.

329

ആഢ്യോഭിജനവാനസ്മി കോന്യോസ്തി
സദൃശോ മയാ
യക്ഷ്യേ ദാസ്യാമി മോദിഷ്യ ഇത്യജ്ഞാന
വിമോഹിതാഃ 16–15

330

അനേകചിത്തവിഭ്രാന്താ മോഹജാലസമാവൃതാ:
പ്രസക്താഃ കാമഭോഗേഷു പതന്തി
നരകേശുചൗ 16–16

ഞാൻ ധനവാനാണ്, ഉന്നതകുലജാതനാണ്, എനിക്കു തുല്യനായിട്ട് ആരാണുള്ളത്, ഞാൻ യാഗങ്ങൾ നടത്തും, ദാനം ചെയ്യും, ആനന്ദിക്കും.' അജ്ഞതകൊണ്ട് വഞ്ചിതനായി നാനാതരത്തിലുള്ള ചിന്തകളാൽ വിഭ്രാന്തനായി ചതിയുടെ വലയിൽ അകപ്പെട്ട്, ഇന്ദ്രിയസുഖങ്ങളിൽ മുഴുകി ജീവിക്കുന്ന പൈശാചികസ്വഭാവത്തോടുകൂടിയ ഇങ്ങനെയുള്ള മനുഷ്യൻ വൃത്തികെട്ട നരകത്തിൽ വീഴുന്നു.

331

ത്രിവിധം നരകസ്യേദം ദ്വാരം നാശനമാത്മന:
കാമ: ക്രോധ സ്തഥാ ലോഭസ്തസ്മാ
ദേതത്ത്രയം ത്യജേത്. 16–21

കാമാസക്തി, കോപം, അത്യാഗ്രഹം എന്നിവ നരകത്തിലേക്കുള്ള മൂന്നു വാതിലുകളാണ്. അവ ആത്മനാശത്തിനു കാരണങ്ങളാണ്. തന്മൂലം ഇവ മൂന്നും വർജിക്കേണ്ടതാണ്.

332

യ: ശാസ്ത്രവിധിമുത്സൃജ്യ
വർതതേ കാമകാരത:
ന സ സിദ്ധിമവാപ്നോതി ന
സുഖം ന പരാം ഗതിം 16 23

യാതൊരുവൻ ശാസ്ത്രവിധികളെല്ലാം നിരാകരിച്ച്, സ്വാഭിലാഷാനുസരണം വർത്തിക്കുന്നുവോ അവൻ പൂർണ്ണത പ്രാപിക്കയില്ല, അന്തിമലക്ഷ്യത്തിൽ എത്തുകയില്ല. സുഖം പോലും അനുഭവിക്കയില്ല.

333

തസ്മാച്ഛാസ്ത്രം പ്രമാണം തേ
കാര്യാകാര്യവ്യവസ്ഥിതൗ
ജ്ഞാത്വാ ശാസ്ത്രവിധാനോക്തം
കർമ കർതുമിഹാർഹസി 16-24

ആകയാൽ എന്തുചെയ്യണം, എന്തു ചെയ്യാതിരിക്കണം എന്നുതീരുമാനിക്കുന്നതിന് ശാസ്ത്രം നിനക്കു പ്രമാണരേഖയായിരിക്കട്ടെ.

334

ആയു:സത്വബലാരോഗ്യസുഖപ്രീതി
വിവർധനാ:
രസ്യാ: സ്നിഗ്ധാ: സ്ഥിരാ ഹൃദ്യാ ആഹാരാ:
സാത്വികപ്രിയാ: 17–8

ദീർഘായുസ്സും ബുദ്ധികൂർമ്മയും, ബലവും, ആരോഗ്യവും, ആനന്ദവും സംതൃപ്തിയും വർദ്ധിപ്പിക്കുന്നതും സ്വാദുള്ളതും, ഹിതകരവും, പോഷകാംശമുള്ളതും മനസ്സിനിണങ്ങിയതുമായ ആഹാരം സാത്വികന്മാർക്കു ഇഷ്ടപ്പെട്ടതാണ്.

335

കടവമ്ളലവണാത്യുഷ്ണതീക്ഷ്ണ
രൂക്ഷവിദാഹിന:
ആഹാരാ രാജസസ്യേഷ്ടാ
ദു:ഖശോകാമയപ്രദാ: 17–9

കയ്പ്പുള്ളതും, അമ്ളരസമുള്ളതും, പുളിപ്പുള്ളതും, എരിവേറിയതും, തീക്ഷ്ണഗന്ധമുള്ളതും, വരണ്ടതും, പൊള്ളിക്കുന്നതും, വേദനജനിപ്പിക്കുന്നതും ദു;ഖമുളവാക്കുന്നതും രോഗഹേതുകവും ആയ ആഹാരവസ്തുക്കൾ രജോഗുണപ്രധാനരായ ആളുകൾക്ക് രുചിക്കുന്നവയാണ്.

336

അഫലാകാംക്ഷിഭിർയജ്ഞോ
വിധിദൃഷ്ടോ യ ഇജ്യതേ
യഷ്ടവ്യമേവേതി മന: സമാധായ
സ സാത്വിക: 17–11

ഫലേച്ഛകൂടാതെയും, ഇതെന്റെ കർത്തവ്യമാണെന്നുള്ളചിന്തയോടുകൂടിയും വേദവിധികൾക്കനുസൃതമായി അർപ്പിക്കപ്പെടുന്ന യജ്ഞമാണ് സാത്വികമായ യജ്ഞം.

337

ദേവദ്വിജഗുരുപ്രാജ്ഞപൂജനം
ശൌചമാർജവം
ബ്രഹ്മചര്യമഹിംസാ ച ശാരീരം
തപ ഉച്യതേ. 17-14

ദേവന്മാരേയും ബ്രാഹ്മണരെയും, ഗുരുജനങ്ങളെയും, ജ്ഞാനികളേയും, വണങ്ങുന്നതും, ശരീരശുദ്ധിയും ഋജുബുദ്ധിയും ബ്രഹ്മചര്യവും അക്രമരാഹിത്യവും ആണ് ശാരീരികതപസ്സ്.

338

അനുദ്വേഗകരം വാക്യം സത്യം
പ്രിയഹിതം ച യത്
സ്വാധ്യായാഭ്യസനം ചൈവ
വാങ്മയം തപ ഉച്യതേ 17-15

വികാരങ്ങളെ വ്രണപ്പെടുത്താത്തതും സത്യവും, പ്രിയംകരവും, സുഖകരവുമായ സംസാരവും വേദങ്ങളുടെ പഠനവും അഭ്യാസവും—വാചികമായ തപസ്സെന്ന് വിളിക്കപ്പെടുന്നു.

339

മനഃപ്രസാദഃ സൗമ്യത്വം മൌനമാത്മവിനിഗ്രഹഃ
ഭാവസംശുദ്ധിരിത്യേതത്തപോ
മാനസമുച്യതേ. 17-16

മനഃസന്തുഷ്ടി, പ്രശാന്തത, മൗനാചരണം, ആത്മനിയന്ത്രണം, ഹൃദയശുദ്ധി എന്നിവയാണ് മാനസികതപസ്സ്.

340

ദാതവ്യമിതിയദ്ദാനം ദീയതേനുപകാരിണേ
ദേശേ കാലേ ച പാത്രേ ച തദ്ദാനം
സാത്ത്വികം സ്മൃതം 17-20

ദാനം ചെയ്യേണ്ടത് തൻെറ കടമയാണെന്നുള്ള ബോധ്യത്തോടും, സ്ഥലവും, സമയവും വേണ്ടവിധം പരിഗണിച്ചും വാങ്ങുന്നവനിൽനിന്നും യാതൊന്നും പ്രതീക്ഷിക്കാതെയും ചെയ്യുന്ന ദാനമാണ് സാത്ത്വികദാനം.

341

സുഖം ത്വിദാനീം ത്രിവിധം ശൃണു മേ ഭരതർഷഭ
അഭ്യാസാദ് രമതേ യത്ര ദുഃഖാന്തം ച നിഗച്ഛതി 18-36

342

യത്തദഗ്രേ വിഷമിവ പരിണാമേമൃതോപമം
തത്സുഖം സാത്ത്വികം പ്രോക്ത മാത്മബുദ്ധിപ്രസാദജം 18-37

ഹെ അർജ്ജുന, കേട്ടാലും, ആനന്ദം മൂന്നുതരമുണ്ട്: ഈശ്വരധ്യാനംവഴി ലഭിക്കുന്ന ആനന്ദം; അതുവഴി ദുഃഖമെല്ലാം ദൂരീകരിക്കപ്പെടുന്നു. ആരംഭത്തിൽ വിഷമെന്നപോലെ തോന്നുന്നതും, എന്നാൽ അവസാനം അമൃതുപോലെ മധുരിക്കുന്നതും. മൂന്നാമത്തേത് ഈശ്വരധ്യാനം വഴി മനസ്സിന്റെ പ്രശാന്തതയിൽ നിന്നും ജനിക്കുന്നതും. ഇങ്ങനെയുള്ള ആനന്ദമാണ് സാത്ത്വികം.

343

വിഷയേന്ദ്രിയസംയോഗാദ്യത്തദഗ്രേമൃതോപമം
പരിണാമേ വിഷമിവ തത്സുഖം രാജസം സ്മൃതം 18-38

ഇന്ദ്രിയങ്ങളുടെ വിഷയങ്ങളുമായുള്ള സമ്പർക്കം വഴി ഉളവാകുന്നതും, ആരംഭത്തിൽ അമൃതുപോലെ മധുരിക്കുന്നതും, അവസാനത്തിൽ വിഷംപോലെ അനുഭവപ്പെടുന്നതുമായ സുഖമാണു രാജസസുഖം.

344

യദഗ്രേ ചാനുബന്ധേ ച സുഖം മോഹനമാത്മനഃ
നിദ്രാലസ്യപ്രമാദോത്ഥം തത്താമസമുദാഹൃതം. 18 39

ഏതൊരു ആനന്ദം അതിന്റെ ആരംഭത്തിലും അവസാനത്തിലും ആത്മാവിനെ മരവിപ്പിക്കുന്നതും, നിദ്രയിൽനിന്നും, അലസതയിൽനിന്നും ഉന്മാദത്തിൽനിന്നും ലഭിക്കുന്നതുമാണോ അതാണ് താമസാനന്ദം.

345

സ്വേ സ്വേ കർമണ്യഭിരത: സംസിദ്ധിം
ലഭതേ നര:
സ്വകർമനിരത: സിദ്ധിം യഥാ വി
ന്ദതി തച്ഛൃണു 18–45

അവനവൻെറ കർത്തവ്യനിർവഹണത്തിൽ തല്പരനായി രിക്കുന്നവൻ പൂർണ്ണത്രപാപിക്കുന്നു. ഇത് ഏതുവിധമാണെന്ന് ശ്രവിച്ചാലും.

346

യത: പ്രവൃത്തിർഭൂതാനാം യേന
സർവമിദം തതം
സ്വകർമണാ തമഭ്യർച്യ സിദ്ധിം
വിന്ദതി മാനവ: 18–46

യാതൊന്നിൽനിന്നു സർവസൃഷ്ടികളും ആവിർഭവിക്കുന്നുവോ, ആരു ഇവയിലെല്ലാം വ്യാപിച്ചിരിക്കുന്നുവോ, ആ ഈശ്വരനെ സ്വകർത്തവ്യാനുഷ്ഠാനം വഴി ആരാധിക്കുന്നവൻ സ്വർഗ്ഗം പ്രാപിക്കും.

347

മച്ചിത്ത: സർവദുർഗാണി മത്
പ്രസാദാത്തരിഷ്യസി
അഥ ചേത്ത്വമഹംകാരാന്ന
ശ്രോഷ്യസി വിനങ്ക്ഷ്യസി 18-58

നിൻെറ മനസ്സിനെ എന്നിൽ ഉറപ്പിച്ചുകൊണ്ട്, എൻെറ പ്രസാദത്താൽ എല്ലാ പ്രതിബന്ധങ്ങളേയും തരണം ചെയ്യും. അഹംങ്കാരം നിമിത്തം എന്നെ ശ്രവിക്കാതിരുന്നാൽ നീ നിശ്ശേഷം നശിച്ചുപോകും.

348

തമേവ ശരണം ഗച്ഛ സർവഭാവേന ഭാരത
തത്പ്രസാദാത്പരാം ശാന്തിം സ്ഥാനം
പ്രാപ്സ്യസി ശാശ്വതം 18–62

അവനിൽ (ഈശ്വരനിൽ) നിൻെറ സർവ കഴിവുകളൊടും ക്കൂടി ശരണം പ്രാപിക്കുക. അവൻെറ അനുഗ്രഹം വഴി നീ പ

രമമായ ശാന്തിനേടും, അതോടുകൂടി നിത്യമായ വാസസ്ഥലവും.

349

മന്മനാ ഭവ മദ്ഭക്തോ മദ്യാജീ മാം നമസ്ക്കുരു
മാമേവൈഷ്യസി സത്യം തേ
പ്രതിജാനേ പ്രിയോസി മേ. 18–65

നിൻെറ മനസ്സിനെ എന്നിൽ സമർപ്പിക്കുക, എൻെറ ഭക്തനായിരിക്കുക, എന്നെ ആരാധിക്കുക, എന്നെ നമിക്കുക, എങ്കിൽ നീ എന്നിൽ തന്നെ എത്തിച്ചേരും. ഞാൻ ഇതു നിനക്ക് വാഗ്ദാനം ചെയ്യുന്നു, എന്തെന്നാൽ നീ എനിക്കു പ്രിയമുള്ളവനാകുന്നു.

350

സർവധർമാൻ പരിത്യജ്യ മാമേകം ശരണം വ്രജ
അഹം ത്വാ സർവപാപേഭ്യോ
മോക്ഷയിഷ്യാമി മാ ശുചഃ: 18–66

നിൻെറ കടമകളെല്ലാം എന്നെ ഏല്പിച്ചിട്ടു നീ എന്നെ ശരണംഗമിക്കുക. നീ ദു:ഖിക്കേണ്ട; സകല പാപങ്ങളിൽ നിന്നും നിന്നെ ഞാൻ മോചിപ്പിക്കാം.

351

യ ഇമം പരമം ഗുഹ്യം മദ്ഭക്തേഷ്വഭിധാസ്യതി
ഭക്തിം മയി പരാം കൃത്വാ മാമേവൈ
ഷ്യത്യസംശയ: 18–68

ആര് എന്നോട് അത്യന്തമായ സ്നേഹം പ്രദർശിപ്പിച്ചിട്ടു പരമരഹസ്യമായ ഈ എൻെറ ഉപദേശം എൻെറ ഭക്തർക്ക് പ്രദാനം ചെയ്യുന്നുവോ, അവൻ സംശയമെന്യ എന്നെ പ്രാപിയ്ക്കും.

352

ന ച തസ്മാൻമനുഷ്യേഷു കശ്ചിൻമേ
പ്രിയകൃത്തമ:
ഭവിതാ ന ചമേ തസ്മാദന്യ:
പ്രിയതരോ ഭുവി 18–69

മനുഷ്യരിൽ ഇവനേക്കാൾ കൂടുതൽ എനിയ്ക്കു പ്രിയം ചെയ്യുന്നവൻ വേറെയില്ല. എനിക്ക് അവനെക്കാൾ പ്രിയമുള്ളവനായി ഭൂമിയിൽ ഒരുത്തനും ഉണ്ടാകയുമില്ല.

## കുമാരസംഭവം

353

ക ഈപ്സിതാർത്ഥസ്ഥിരനിശ്ചയം മനഃ
പയശ്ച നിമ്നാഭിമുഖം പ്രതീപയേത്      5–5

ഉദ്ദിഷ്ടകാര്യസിദ്ധിക്കായി ദൃഢനിശ്ചയത്തോടുകൂടിയ മനസ്സിനേയും കീഴോട്ടു ഒഴുകുന്ന ജലത്തേയും പിന്തിരിക്കുന്നതിന് ആർക്കാണ് കഴിയുക?

354

ദിദൃക്ഷവസ്താമൃഷയോഭ്യുപാഗമൻ
ന ധർമവൃദ്ധേഷു വയഃ സമീക്ഷ്യതേ      5–16

(തപസനുഷ്ഠിച്ചു കൊണ്ടിരുന്ന പാർവതിയെ) അവളെ കാണുന്നതിനു അതീവ താത്പര്യത്തോടെ ഋഷിമാർ വന്നെത്തി. സുകൃതസമ്പന്നരായവരെ സംബന്ധിച്ച് പ്രായം പരിഗണിക്കാറില്ല.

355

അപി ക്രിയാർത്ഥം സുലഭം സമിത്കുശം
ജലാന്യപി സ്നാനവിധിക്ഷമാണി തേ
അപി സ്വശക്ത്യാ തപസി പ്രവർതസേ
ശരീരമാദ്യം ഖലു ധർമസാധനം      5–33

ആരാധനക്ക് ആവശ്യമായ സമിത്തും ദർഭപുല്ലും ധാരാളം കിട്ടുന്നുണ്ടോ? അനുഷ്ഠാനത്തിനുള്ള സ്നാനത്തിനു വേണ്ട വെള്ളം കിട്ടാറില്ലേ? നിന്റെ ശക്തിക്കനുസരിച്ചല്ലേ തപസ്സനുഷ്ഠിക്കുന്നത്? സുകൃതങ്ങൾ സമ്പാദിക്കുന്നതിന് പ്രഥമവും പ്രധാനവുമായ ഉപാധി ശരീരമാണ്.

356

യദുച്യതേ പാർവതി പാപവൃത്തയേ
ന രൂപമിത്യവ്യഭിചാരി തദ്വചഃ

തഥാ ഹി തേ ശീലമുദാരദർശനേ
തപസ്വിനാമപ്യുപദേശതാം ഗതം. 5-36

ഹെ പാർവതി, സൗന്ദര്യം ഒരിക്കലും പാപമാർഗത്തിലേക്ക് നയിക്കുന്നില്ലെന്നുള്ള ചൊല്ലിൽ തെററില്ല. ഇതിനൊത്ത വണ്ണം സൗന്ദര്യവതിയായ നിന്റെ ജീവിതരീതി താപസന്മാർക്കുപോലും മാതൃകയായി തീർന്നിരിക്കുന്നു.

357

പ്രയുക്തസത്കാരവിശേഷമാത്മനാ
ന മാം പരം സംപ്രതിപത്തുമർഹസി
യത:സതാം സംനതഗാത്രി സംഗതം
മനീഷിഭി: സാപ്തപദീനമുച്യതേ. 5-39

അല്ലയൊ സന്നതഗാത്രി, ഭവതി പ്രത്യേകവിധം സത്കരിച്ച് സ്വീകരിച്ചതിനാൽ, എന്നെ ഇനി ഒരന്യനായി കരുതരുത്. കാരണം നല്ലവരുമായിട്ടുള്ള സൗഹൃദത്തിന് അവരുമായി ആറേഴുവാക്കുകൾ കൈമാറിയാൽമതി എന്നാണ് പണ്ഡിതമതം.

358

ദിവം യദി പ്രാർഥയസേ വൃഥാ ശ്രമ:
പിതു: പ്രദേശാസ്തവ ദേവഭൂമയ:
അഥോപയന്താരമലം സമാധിനാ
ന രത്നമന്വിച്ഛതി മൃഗ്യതേ ഹി തത്. 5-45

ഭവതി സ്വർഗപ്രാപ്തിക്കാണ് ആഗ്രഹിക്കുന്നെങ്കിൽ, അത് പാഴുവേലാണ്, കാരണം ഭവതിയുടെ പിതാവിന്റെ-ഹിമവാന്റെ ഉപരിതലം ദേവന്മാരുടെ വാസസ്ഥലമാണ്. അല്ല ഒരു വരനുവേണ്ടിയാണെങ്കിൽ ഇനിയും തപസ് ചെയ്തിട്ടാവശ്യമില്ല, രത്നം ആരെയും അന്വേഷിച്ചിറങ്ങാറില്ല. രത്നത്തെത്തേടി ആളുകൾ അടുത്തുവരും.

359

അലോകസാമാന്യമചിന്ത്യഹേതുകം
ദ്വിഷന്തി മന്ദാശ്ചരിതം മഹാത്മനാം 5-75

ഈ ലോകത്തിൽ അസാധാരണമായിട്ടുള്ളതും ചിന്താതീതമായ കാരണങ്ങളാൽ പ്രേരിതവുമായ, സമുന്നതരായ വ്യക്തി

കളുടെ സ്വഭാവത്തെ വിദ്ധിമാത്രമേ കുററപ്പെടുത്തുകയുള്ളൂ.

360

മമാത്രഭാവൈകരസം മന: സ്ഥിരം
ന കാമവൃത്തിർവചനീയമീക്ഷതേ. 5–82

സ്നേഹത്താൽ മാത്രം പ്രേരിതമായ എൻെറ മനസ്സ് അവനിൽ സ്ഥിരമായിരിക്കുകയാണ്. സ്നേഹിക്കുന്ന വ്യക്തി സ്നേഹിക്കപ്പെടുന്ന ആളിലുള്ള കുററങ്ങളും കുറവുകളും കാണുകയില്ല.

361

ന കേവലം യോ മഹതോപഭാഷതേ
ശൃണോതി തസ്മാദപി യഃ സ പാപഭാക് 5–83

മഹത്തുക്കളെപ്പററി കുററംപറയുന്നവർ മാത്രമല്ല, അത് ശ്രവിക്കുന്നവരുംകൂടി തെററുകാരായിതീരും.

362

അദ്യ പ്രഭൃത്യവനതാംഗി തവാസ്മി ദാസ:
ക്രീതസ്തപോഭിരിതി വാദിനി ചന്ദ്രമൗലൗ
അഹ്നായ സാ നിയമജം ക്ളമമുത്സസർജ
ക്ളേശ: ഫലേന ഹി പുനർനവതാം വിധത്തേ 5–86

അല്ലയോ അവനതാംഗി, ഇന്നുമുതൽ ഞാൻ നിൻെറ ദാസനാണ്. നിൻെറ തപശ്ചര്യകൾവഴി വിലക്കുവാങ്ങപ്പെട്ടവനാണ് ഞാൻ' എന്ന് ശിവൻ പറഞ്ഞനിമിഷത്തിൽ തപശ്ചര്യാദികൾ നിമിത്തമുണ്ടായ ക്ഷീണം അവളെ (പാർവതിയെ) വിട്ടുപിരിഞ്ഞു. ഏതദ്ധ്വാനവും ഫലസന്ദായകമാകുമ്പോൾ വീണ്ടും ഉന്മേഷം കൈവരുന്നു.

363

യസ്യ ചേതസി വർത്തേഥാ:
സ താവത്കൃതിനാം വര:
കിംപുനർബ്രഹ്മയോനേർയസ്തവ
ചേതസി വർതതേ 6–18

അങ്ങ് (ഈശ്വരൻ) ആരുടെ ഹൃദയത്തിൽ വസിക്കുന്നുവോ അവൻ സൗഭാഗ്യവാന്മാരിൽ ഏററവും മികച്ചവനാണ്.

അങ്ങനെയെങ്കിൽ വേദങ്ങളുടെ സ്രോതസ്സായിരിക്കുന്ന അങ്ങയുടെ ഹൃദയത്തിൽ വസിക്കുന്നവൻ എത്രയോ കൂടുതൽ ഭാഗ്യവാനാണ്.

364

തവത്സംഭാവിതമാത്മാനം ബഹുമന്യാമഹേ വയം
പ്രായ: പ്രത്യയമാധത്തേ സ്വഗുണേ
ഷൂത്തമാദര: 6–20

അങ്ങയാൽ ബഹുമാനിതരായ ഞങ്ങൾ സ്വയം അഭിമാനം കൊള്ളുന്നു. ഉത്തമന്മാർ ആദരിയ്ക്കുമ്പോൾ ആർക്കും സ്വന്തം ഗുണങ്ങളിൽ വിശ്വാസമേറുമല്ലോ.

365

മൂഢം ബുദ്ധമിവാത്മാനം ഹേമീഭൂതമിവായസം
ഭൂമേർദിവമിവാരൂഢം മന്യേ
ഭവദനുഗ്രഹാത്. 6–55

ഭോഷൻ ബുദ്ധിമാനായാലെന്നപോലെയും, ഇരുമ്പ് സ്വർണ്ണമായതുപോലെയും, ഭൂമിയിൽനിന്നും സ്വർഗ്ഗത്തിലേക്കു ഉയർന്നവനെപ്പോലെയും എനിയ്ക്കു തോന്നുന്നു. നിങ്ങളുടെ (സപ്താർഷികൾ) സന്ദർശനാനുഗ്രഹത്താൽ.

366

അദ്യപ്രഭൃതി ഭൂതാനാമധിഗമ്യോസ്മി ശുദ്ധയേ
യദധ്യാസിതമർഹദ്ഭിസ്തദ്ധി തീർത്ഥം
പ്രചക്ഷതേ. 6–56

ഇന്നുമുതൽ ഞാൻ ജീവികളുടെ ശുദ്ധീകരണത്തിനായുള്ള ഒരു തീർത്ഥസ്ഥാനമായി തീർന്നിരിക്കുന്നു. അഭിവന്ദ്യരായിട്ടുള്ളവർ അധിവസിച്ചിട്ടുള്ള സ്ഥലമാണല്ലൊ തീർത്ഥസ്ഥാനമെന്നറിയപ്പെടുന്നത്.

367

തഥാപി താവത്കസ്മിശ്ചിദാജ്ഞാം
മേ ദാതുമർഹഥ
വിനിയോഗപ്രസാദാ ഹി കിംകരാ:
പ്രഭവിഷ്ണുഷു 6–62

എന്നിരുന്നാലും, ഞാൻ എന്തെങ്കിലും ചെയ്യുന്നതിന് നിങ്ങാം എന്നോട് സദയമാജ്ഞാപിക്കണം. യജമാനന്മാർക്ക് എന്തെങ്കിലും സേവനം ചെയ്യുന്നതിന് ക്ഷണിക്കപ്പെടുന്നത് ഒരു ഭാഗ്യമായിട്ടാണ് ഭൃത്യർ കരുതുക.

368

യാവന്ത്യേതാനി ഭൂതാനി സ്ഥാവരാണി
ചരാണി ച
മാതരം കല്പയന്ത്വേനാമീശോ ഹി
ജഗത:പിതാ. 6–30

ലോകത്തുള്ള സർവചരാചരങ്ങളും അവളെ മാതാവായി കരുതട്ടെ; കാരണം ഈശ്വരൻ ഈ പ്രപഞ്ചത്തിൻെറ പിതാവാണല്ലൊ.

369

കാലേ പ്രയുക്താ ഖലു കാലവിദ്ഭി-
ർവിജ്ഞാപനാ ഭർതൃഷു സിദ്ധിമേതി. 7–19

സമയവും സന്ദർഭവുമറിയാവുന്നവർ അവരുടെ യജമാനന്മാരോട് ചെയ്യുന്ന അഭ്യർത്ഥനകഠം ഫലദായകങ്ങളായിതീരും.

## മണിമാലിക

370

ഭാഷാസു മുഖ്യാ ദിവ്യാ ഗീർവാണഭാരതീ
തസ്മാദ്ധി കാവ്യം മധുരം തസ്മാദപി
സുഭാഷിതം. 1–1

ഭാഷകളിൽവച്ച് മുഖ്യവും ദിവ്യവുമായതു സംസ്കൃതമാകുന്നു. അതിൽ കാവ്യം മാധുര്യമേറിയതും സുഭാഷിതം മധുരതമവുമാകുന്നു.

371

സുഭാഷിതമയദ്രവ്യസംഗ്രഹം ന കരോതി യ:
പ്രസ്താവയജ്ഞേ സംപ്രാപ്തേ കാം
പ്രദാസ്യതി ദക്ഷിണാം 1–3

സുഭാഷിതങ്ങളായ ദ്രവ്യം സമ്പാദിച്ചിട്ടില്ലാത്തവൻ പ്രസംഗിക്കേണ്ടിവരുമ്പോഠം ദക്ഷിണയായിട്ട് എന്തുകൊടുക്കും?

## 372

സംസാരകടുവൃക്ഷസ്യ ദ്വേ ഫലേ അമൃതോപമേ
സുഭാഷിതരസാസ്വാദ: സംഗതി:
സജ്ജനേ ജനേ. 1–4

സംസാരം വിഷവൃക്ഷമാണെങ്കിലും അതിന് അമൃതോപങ്ങളായ രണ്ടു ഫലങ്ങളുണ്ട്. ഇവയിൽ ഒന്ന് സുഭാഷിതരസാസ്വാദനവും, രണ്ടാമത്തേത് സജ്ജനസംസർഗ്ഗവുമാകുന്നു.

## 373

ഹർതുർന ഗോചരം യാതി ദത്താ
ഭവതി വിസ്തൃതാ
കല്പാന്തേപി ന യാ നശ്യേത് കി
മന്യദ്വിദ്യയാ സമം. 1–9

വിദ്യയാകുന്ന സമ്പത്ത് കള്ളന്റെ കണ്ണിൽപെടുന്നില്ല. കൊടുക്കുന്നതനുസരിച്ച് അത് വർദ്ധിക്കുന്നു. കല്പാന്തത്തിൽപോലും അതു നശിക്കുന്നില്ല. ഈദൃശമായ വിദ്യയോടു സമമായി മററെന്താണുള്ളത്.?

## 374

സദ്വിദ്യാ യദി കാ ചിന്താ വരാകോദരപൂരണേ
ശുകോപ്യശനമാപ്നോതി ഹരേ! രാമ!
ഇതിബ്രുവൻ 1–11

അല്ലയോധനമില്ലാത്തവനെ, നിനക്ക് നല്ല അറിവുണ്ടെങ്കിൽ, ഉദരപൂരണത്തിന് ഒരാകുലചിന്തയുംവേണ്ട. ഹരെ രാമ! എന്നിങ്ങനെ പറയുന്ന തത്തയ്ക്കും ഭക്ഷണം ലഭിക്കുന്നുണ്ടല്ലൊ.

## 375

ന ചോരഹാര്യം ന ച രാജഹാര്യം
ന ഭ്രാതൃഭാജ്യം ന ച ഭാരകാരീ
വ്യയേ കൃതേ വർദ്ധതഏവ നിത്യം
വിദ്യാധനം സർവധനപ്രധാനം 1–13

സർവ ധനങ്ങളേക്കാറം വിലയേറിയ വിദ്യാസമ്പത്ത് കള്ളന്മാരാൽ അപഹരിക്കപ്പെടാവുന്നതും, രാജാവിനാൽ എടുക്ക

പ്പെടാവുന്നതും കുടുംബാംഗങ്ങളാൽ വിഭജിക്കപ്പെടാവുന്നതുമല്ല. പ്രത്യേകിച്ച് ഇതൊരു ഭാരവുമല്ല. വ്യയം ചെയ്യുമ്പോൾ അതു വർദ്ധിക്കുകയേയുള്ളു.

376

ശരദി ന വർഷതി ഗർജതി
വർഷതി വർഷാസു നി:സ്വനോ മേഘ:
നീചോ വദതി ന കുരുതേ
ന വദതി സുജന: കരോത്യേവ. 1–18

ശരത്കാലത്ത് മേഘം ഗർജിക്കുന്നു എന്നാൽ മഴ പെയ്യുന്നില്ല. വർഷകാലത്താകട്ടെ ഇടിമുഴക്കം കൂടാതെ മഴപെയ്യുന്നു. ഇതുപോലെ നീചന്മാർ പറയുകയും എന്നാൽ പ്രവർത്തിക്കാതിരിക്കയും ചെയ്യുന്നു. നല്ലവർ ഒന്നും പറയാതെ പ്രവർത്തിക്കുകമാത്രം ചെയ്യുന്നു.

377

പിബന്തി നദ്യഃ സ്വയമേവ നാംഭ:
സ്വയം ന ഖാദന്തി ഫലാനി വൃക്ഷാ:
നാദന്തി സസ്യം ഖലു വാരിവാഹാ:
പരോപകാരായ സതാം വിഭൂതയ: 1–20

നദികൾ സ്വയം വെള്ളം കുടിക്കുന്നില്ല, വൃക്ഷങ്ങൾ അവയുടെ ഫലങ്ങളെ തിന്നുന്നില്ല, മേഘങ്ങൾ സസ്യജാലത്തെ ഭക്ഷിക്കുന്നില്ല. നല്ല ആളുകളുടെ സമ്പത്തെല്ലാം പരോപകാരത്തിനായി ഉപയോഗിക്കുന്നു.

378

ഘൃഷ്ടം ഘൃഷ്ടം പുനരപി പുനശ്ചന്ദനം
ചാരുഗന്ധം
ഛിന്നം ഛിന്നം പുനരപി പുന:സ്വാദു
ചൈവേക്ഷുകാണ്ഡം
ദഗ്ധം ദഗ്ധം പുനരപി പുന:
കാഞ്ചനം കാന്തവർണ്ണം
ന പ്രാണാന്തേ പ്രകൃതിവികൃതിർജായതേ
ചോത്തമാനാം 1–22

ചന്ദനം വീണ്ടും വീണ്ടും അരക്കപ്പെടുമ്പോൾ അതിൻെറ സുഗന്ധം വർദ്ധിക്കുന്നു. കരിമ്പ് എത്ര അധികം നുറുക്കപ്പെടുമൊ അത്രയുമധികം മധുരമുണ്ടാകുന്നു. സ്വർണ്ണം വീണ്ടും വീണ്ടും കാച്ചിയാൽ അതിൻെറ കാന്തി വർദ്ധിക്കുന്നു. ഇതുപോലെ ഉത്തമന്മാർക്കു ജീവനാശമുണ്ടാകത്തക്ക ക്ളേശങ്ങൾ ഉണ്ടായാലും അവരുടെ സ്വഭാവം മോശമാകയില്ല.

## 379

ഗുണായന്തേ ദോഷാ: സുജനവദനേ ദുർജനമുഖേ
ഗുണാ ദോഷായന്തേ തദിദമപി നോ വിസ്മയപദം
മഹാമേഘ: ക്ഷാരം പിബതി കരുതേ വാരി മധുരം
ഫണീ ക്ഷീരം പീത്വാ വമതി ഗരളം
ദു:സഹതരം. 1–23

സജ്ജനങ്ങൾ സംസാരിയ്ക്കുമ്പോൾ, ദോഷകരമായിട്ടുള്ളവ തന്നെയും ഗുണങ്ങളായി തീരുന്നു. ദുർജ്ജനങ്ങളുടെ സംസാരത്തിലാകട്ടെ ഗുണങ്ങൾ കുററങ്ങളായി പരിണമിക്കുന്നു. ഇതു നമുക്ക് ആശ്ചര്യവിഷയമായേക്കാം. എന്നാൽ നോക്കു! വൻമേഘങ്ങൾ ഉപ്പുവെള്ളം കുടിച്ചിട്ടു അതിനെ മധുരജലമാക്കി മാററുന്നു. മൂർഖൻപാമ്പാകട്ടെ പാല്കുടിച്ചിട്ടു് മാരകമായ വിഷം വമിക്കുന്നു.

## 380

ന വിനാ പരവാദേന രമതേ ദുർജനോ ജന:
കാക:സർവരസാൻ ഭുംക്തേ വിനാമേദ്ധ്യം
ന തൃപ്യതി. 1–24

അമേദ്ധ്യം ഭക്ഷിക്കാതെ ഇതരഭക്ഷണംകൊണ്ട് കാക്കയ്ക്കു തൃപ്തി വരാതിരിക്കുന്നതുപോലെ ദുഷ്ടജനങ്ങൾക്ക് അന്യരുടെ കുററംപറയാതെ സന്തുഷ്ടി ഇല്ല.

## 381

വനാനി ദഹതോ വഹ്നേഃ സഖാ ഭവതി മാരുത:
സ ഏവ ദീപനാശായ കൃശേ കസ്യാസ്തി
സൗഹൃദം 2–1

വനങ്ങളെ ചുട്ടുകരിക്കുന്ന കാട്ടുതീയ്ക്കു കാററു കൂട്ടുനി

ല്ക്കുന്നു. എന്നാൽ കത്തുന്നവിളക്കിനെ അതു കെടുത്തികള യുന്നു. നിസ്സാരന്മാരിൽ ആർക്കാണ് മൈത്രിയുള്ളത്?

382

പൂർവേ വയസി തത്കുര്യാദ്യേന വൃദ്ധ:
സുഖം വസേത്
യാവജ്ജീവോപി തത്കുര്യാദ്യേനാമുത്ര
സുഖം വസേത് 2-4

ഏതൊന്നുകൊണ്ട് വാർദ്ധക്യത്തിൽ സുഖമായി കഴിയുവാൻ സാധിക്കുമോ, യൗവനത്തിൽ മനുഷ്യൻ അതുതന്നെ ചെയ്യട്ടെ. പാരത്രികജീവിതത്തിൽ ഭാഗ്യപൂരവം ജീവിക്കുന്നതിന് ആവശ്യമായവ ഏവയാണോ അവ അവൻെറ ജീവിതകാലം മുഴുവൻ സമ്പാദിക്കട്ടെ.

383

ശ്വ: കാര്യമദ്യ കുർവീത പൂർവാഹ്നേ
ചാപരാഹ്നികം
ന ഹി പ്രതീക്ഷതേ മൃത്യു: കൃത
മസ്യ ന വാ കൃതം. 2-5

നാളെ ചെയ്യേണ്ടത് ഇന്നും, ഉച്ചകഴിഞ്ഞു ചെയ്യേണ്ടത് ഉച്ചക്കുമുമ്പും ചെയ്യുക. നമ്മുടെ കർത്തവ്യം നാം നിർവഹിച്ചോ ഇല്ലയോ എന്ന് നോക്കാതെയാണ് മരണം കടന്നു വരുന്നത്.

384

സ്ഥാനഭ്രഷ്ടാ ന ശോഭന്തേ ദന്താ:
കേശനഖാ നരാ:
എതദ്വിജ്ഞായ മതിമാൻ
ആത്മസ്ഥാനം ന സന്ത്യജേത് 2-6

സ്വസ്ഥാനത്തു നിന്നും തെററിയാൽ പല്ല്, തലമുടി, നഖം, മനുഷ്യൻ എന്നിവ അവമതിയ്ക്കപ്പെടുന്നു. ഈ സംഗതി മനസ്സിലാക്കി ബുദ്ധിയുള്ളവരാരും സ്വസ്ഥാനം ഉപേക്ഷിക്കരുത്.

385

നരേശേ ജീവലോകോയം നിമീലതി നിമീലതി
ഉദേത്യുദീയമാനേ ച രവാവിവ സരോരുഹം 2-14

സൂര്യോദയത്തിൽ താമരപ്പൂക്കരം വികസിക്കയും അസ്തമയത്തിൽ കൂമ്പുകയും ചെയ്യുന്നതുപോലെ, ഭരണാധിപൻ ഉദാസീനനായിരിക്കുമ്പോരം ഭരണീയർ അലസന്മാരായിത്തീരും.

3:6

ലാളയേത് പഞ്ചവർഷാണി ദശവർഷാണി
താഡയേത്
പ്രാപ്തേ ഷോഡശവർഷാണി പുത്രേ മിത്ര
വദാചരേത് 2–18

മകനെ അഞ്ചുവയസുവരെ ലാളിച്ചു വളർത്തണം. പത്തു വയസ്സോളം ശിക്ഷിച്ചു വളർത്തണം. പതിനാറു വയസ്സുകഴിഞ്ഞാൽ മകനെ മിത്രത്തെപ്പോലെ കരുതണം.

387

അവിശ്വസൻ ധൂർത്തധുരന്ധരോപി
ജന: പുരന്ധ്രീപുരതോന്ധ ഏവ
അശേഷശിക്ഷാകുശലോപി കാക:
പ്രതാര്യതേ കിന്ന പികാംഗനാഭി: 2-20

ആരെയും വിശ്വസിക്കാത്തവനും, കൗശലക്കാരനും, അതിസമർത്ഥനുമായിരുന്നാൽപോലും പുരുഷൻ സ്ത്രീകളുടെ മുമ്പാകെ അന്ധനായിത്തീരുന്നു. കാക്ക സകല തന്ത്രങ്ങളുമറിയാവുന്നവനാണെങ്കിലും കുയിൽപ്പേടകളാൽ വഞ്ചിക്കപ്പെടുന്നില്ലേ?

388

ന ഹയൈർന്ന ച മാതംഗൈർന്ന രഥൈർ
ന ച പത്തിഭി:
സ്ത്രീണാമപാംഗദൃഷ്ട്യൈവ ജീയതേ
ജഗതാം ത്രയം 2–21

ത്രിലോകവും ജയിക്കപ്പെടുന്നത് കുതിര, ആന, തേരു, കാലാരം എന്നിവയാലല്ലാ പ്രത്യുത സ്ത്രീകളുടെ കുടിലകടാക്ഷംകൊണ്ടു മാത്രമാണ്.

389

ഉഡുരാജമുഖീ മൃഗരാജകടീർ
ഗജരാജ വിരാജിതമന്ദഗതി:

യദി സാ വനിതാ ഹൃദയേ നിഹിതാ
കച ജപ: കച തപ: കച സമാധിരിതി 2–22

ചന്ദ്രമുഖിയും മൃഗരാജകടിയും ആനയെപ്പോലെ മന്ദഗതയുമായ വനിത ഹൃദയത്തിൽ കുടികൊണ്ടാൽ ജപം, തപസ്, ധ്യാനം തുടങ്ങിയവ എവിടെ ?

390

കുടിലാ ലക്ഷ്മീർയത്ര
പ്രഭവതി ന സരസ്വതീർവസതി തത്ര
പ്രായ: ശ്വശ്രൂസ്നുഷയോർ
ന ദൃശ്യതേ സൗഹൃദം ലോകേ. 2–25

കുടിലമായ സമ്പത്തിനു കൂടുതൽ വില കല്പിക്കുന്നിടത്തു അക്ഷരവിദ്യക്കു സ്ഥാനമുണ്ടാകാറില്ല. അമ്മായിഅമ്മക്കും മരുമകൾക്കും തമ്മിൽ സ്നേഹമുള്ളതായി ലോകത്തു അധികം കാണപ്പെടുന്നില്ല.

391

കുസ്ഥാനസ്യ പ്രവേശേന മാനഹാനി: പദേ പദേ
വൈശ്വാനരോപി ലോഹസ്ഥോ മുദ്ഗരൈ രഭിഹന്യതേ 2-27

വേണ്ടാത്തിടത്തു പ്രവേശിച്ചാൽ ഒന്നിനൊന്നു അപമാനമുണ്ടാകുന്നു. ലോഹങ്ങളിൽ പ്രവേശിക്കുന്ന അഗ്നി കൂടങ്ങൾകൊണ്ടുള്ള അടിയേല്ക്കുന്നു.

392

വശ്രീകൃത്യ മന: പൂർവം കാര്യകർമണി യോജയേത്
അവശ്രീകൃതപത്രേണ യവാഗ്വാദി ന പീയതേ. 3–5

മനസ്സിനെ ആദ്യമേതന്നെ ആകർഷിച്ചതിൻെറ ശേഷമേ ചെയ്യേണ്ട കാര്യത്തിൽ അതിനെ ഏർപ്പെടുത്താവൂ. കോട്ടാത്ത പ്ളാവിലകൊണ്ട് കഞ്ഞി തുടങ്ങിയുള്ളവ കുടിക്കാൻ സാധിക്കയില്ലല്ലൊ.

393

ഉദ്യോഗ: കലഹ: കണ്ഡൂർദ്യൂതം മദ്യം
പരസ്ത്രിയ:
ആഹാരോ മൈഥുനം നിദ്രാ സേവനാത്തു
വിവർദ്ധതേ. 3–7

ഉദ്യോഗം, കലഹം, ചൊറിച്ചിൽ, ചൂതുകളി, മദ്യപാനം, പരസ്ത്രീഗമനം, ഭക്ഷണം, സ്ത്രീസംഗം, ഉറക്കം എന്നിവയിലുള്ള ആസക്തി തഴക്കംകൊണ്ട് വർദ്ധിക്കയല്ലാതെ കുറയുന്നില്ല.

394

കിമപ്യസാദ്ധ്യം മഹതാം സിദ്ധിമേതി
ലഘീയസാം
പ്രദീപോ ഭൂമിഗേഹാന്തധ്വാന്തം
ഹന്തി ന ഭാനുമാൻ. 3–10

പ്രബലന്മാർക്കു അസാദ്ധ്യമായ കാര്യങ്ങൾ നിസ്സാരന്മാർക്കു സാദ്ധ്യമായിത്തീരുന്നുണ്ട്. നിലവറയിലെ അന്ധകാരത്തെ സൂര്യന് നീക്കുവാൻ സാധിക്കുന്നില്ല, എന്നാൽ വിളക്കു അതിനെ നിശ്ശേഷം നീക്കികളയുന്നു.

395

സൗവർണാനി സരോജാനി നിർമാതും
സന്തി ശില്പിന:
തത്ര സൗരഭനിർമാണേ ചതുര
ശ്ചതുരാനന: 3–12

സ്വർണ്ണംകൊണ്ട് താമരപ്പൂക്കളെ നിർമ്മിക്കുവാൻ കഴിവുള്ള പണിക്കാരുണ്ട്. എന്നാൽ ഇവക്കു സുഗന്ധം പകരുവാൻ സ്രഷ്ടാവിനു മാത്രമെ കഴിയൂ.

396

ആരംഭഗുർവീ ക്ഷയിണീ ക്രമേണ
ലഘ്വീ പുരോ വൃദ്ധിമതീ ച പശ്ചാത്
ദിനസ്യ പൂർവാർദ്ധപരാർദ്ധഭിന്നാ
ഛായേവ മൈത്രീ ഖലസജ്ജനാനാം. 3–14

ദുർജ്ജനങ്ങളുടേയും സജ്ജനങ്ങളുടേയും സ്നേഹം ഉച്ചക്കു മുമ്പും പിമ്പുമുള്ള നിഴൽ പോലെ ഭിന്നമാണ്. ദുർജ്ജനങ്ങളുടേതു ആരംഭത്തിൽ വലുതായും ക്രമേണ കുറഞ്ഞും പോകുന്നു. നല്ലവരുടേത് ആദ്യത്തിൽ ചെറുതും ക്രമേണ വളരുന്നതുമാകുന്നു.

397

കവി: കരോതി പദ്യാനി ലാളയത്യുത്തമോ ജന:
തരു: പ്രസൂതേ പുഷ്പാണി മരുദ്വഹതി
സൗരഭം 3–18

കവി പദ്യരചന നടത്തുന്നു, പണ്ഡിതജനം അതിനെ അഭിനന്ദിക്കുന്നു. വൃക്ഷലതാദികരം പുഷ്പങ്ങളെ ഉത്പാദിപ്പിയ്ക്കുന്നതുപോലെയും മന്ദമാരുതൻ സൗരഭ്യത്തെ വ്യാപിപ്പിക്കുന്നതുപോലെയും.

398

വയോവൃദ്ധാസ്തപോവൃദ്ധാ യേ
ച വൃദ്ധാ ബഹുശ്രുതാഃ
സർവേ തേ ധനവൃദ്ധാനാം ദ്വാരി തിഷ്ഠന്തി
കിംകരാഃ 3–25

വയോവൃദ്ധരും തപോവൃദ്ധരും ഇതരവൃദ്ധരും—അവർ വളരെ കീർത്തിയുള്ളവരായിരുന്നാലും, ധനവൃദ്ധന്മാരുടെ പടിക്കൽ സേവകരെപോലെ കാത്തുനില്ക്കുന്നു.

399

മദോപശമനം ശാസ്ത്രം ഖലാനാം കുരുതേ മദം
ചക്ഷു:പ്രകാശകം തേജ ഉലൂകാനാമി
വാന്ധതാം. 3·30

നയനങ്ങരംക്കു പ്രകാശം നല്കുന്ന തേജസ്സ് മൂങ്ങകരംക്കു അന്ധകാരത്തെ ഉളവാക്കുന്നതുപോലെ അജ്ഞാനത്തെ നിഷ്ക്കാസനം ചെയ്യുന്ന ശാസ്ത്രജ്ഞാനം ദുർജ്ജനത്തിനു അഹംഭാവത്തെ ജനിപ്പിക്കുന്നു.

400

വൈദ്യരാജ നമസ്തുഭ്യം യമരാജസഹോദര
യമസ്തു ഹരതി പ്രാണാൻ വൈദ്യ:
പ്രാണാൻ ധനാനി ച 4–6

യമരാജന്റെ സഹോദരനായ വൈദ്യരാജാ, അങ്ങക്കു നമസ്ക്കാരം. യമൻ ജീവനെമാത്രം അപഹരിക്കുന്നു. മുറിവൈദ്യൻ ജീവനേയും ധനത്തേയും ഒപ്പം അപഹരിയ്ക്കുന്നു.

401

വികൃതിം നൈവ ഗച്ഛന്തി സംഗദോഷേണ
സാധവ:
ആവേഷ്ടിതം മഹാസർപ്പൈശ്ചന്ദനം
ന വിഷായതേ 4–10

സംസർഗ്ഗദോഷംകൊണ്ട് സജ്ജനങ്ങൾക്കു സ്വഭാവവ്യത്യാസം ഉണ്ടാകുന്നില്ല. മഹാസർപ്പങ്ങൾ ചുററിക്കിടന്നാലും ചന്ദനം വിഷമയമാകുന്നില്ല.

402

ഉദയേ സവിതാ രക്തോ രക്തശ്ചാസ്ത
മയേ തഥാ
സമ്പത്തൗ ച വിപത്തൗ ച മഹതാമേകരൂപതാ. 4–11

സൂര്യൻ ഉദയത്തിലും അസ്തമയത്തിലും രക്തവർണ്ണമുള്ളതാകുന്നു. സമ്പത്തിലും വിപത്തിലും മഹാന്മാർക്ക് സ്വഭാവവ്യത്യാസമൊന്നും ഉണ്ടാകാറില്ല.

403

പരോപദേശേ പാണ്ഡിത്യം സർവേഷാം
സുകരം നൃണാം
ധർമേ സ്വീയമനുഷ്ഠാനം കസ്യചിത്
സുമഹാത്മന: 4–13

അന്യരെ ഉപദേശിക്കുവാൻ എല്ലാവർക്കുംതന്നെ കഴിവുണ്ട്. എന്നാൽ സ്വകർത്തവ്യാനുഷ്ടാനത്തിൽ താത്പര്യമുള്ളവർ ദുർലഭം ചില മഹത്തുക്കൾ മാത്രമാണ്.

404

യഥാ ചിത്തം തഥാ വാചഃ യഥാ വാചഃ
തഥാ ക്രിയാ:
ചിത്തേ വാചി ക്രിയായാം ച സാധൂനാ
മേകരൂപതാ. 4–15

മനസ്സ് എങ്ങനെയൊ അങ്ങനെ വാക്ക്. വാക്ക് എങ്ങനെയൊ അങ്ങനെ പ്രവൃത്തി. വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും സജ്ജനങ്ങൾക്കു ഐക്യരൂപ്യം ഉണ്ടായിരിക്കും.

405

ഉപകാരിഷു യ: സാധു: സാധുത്വേ
തസ്യ കോ ഗുണ:
അപകാരിഷു യ: സാധു: സ: സാധു:
സദ്ഭിരുച്യതേ. 4–16

തനിക്കു ഉപകാരം ചെയ്യുന്നവന് നന്മചെയ്യുന്നെങ്കിൽ അതിനെന്തു മേന്മയാണുള്ളത്? തനിക്കു ഉപദ്രവം ചെയ്യുന്നവർക്കു ഉപകാരം ചെയ്യുന്നതാണ് സുകൃതമെന്നു സജ്ജനങ്ങൾ പറയുന്നു.

406

ഉത്തമ: ക്ലേശവിക്ഷോഭം ക്ഷമ:
സോഢും ന ഹീതര:
മണിരേവ മഹാശാണഘർഷണം
ന തു മൃത്കണ: 4–17

ഉത്കടമായ ക്ലേശങ്ങളെ സഹിപ്പാൻ ഉത്തമന്മാർക്കല്ലാതെ ഇതരർക്കു സാധിക്കയില്ല. മാണിക്യത്തിനല്ലാതെ മണ്ണാംകട്ടക്കു ചാണയുടെ ഉരച്ചിൽ താങ്ങാൻ ശക്തിയില്ല.

407

സ്വഭാവം ന ജഹാത്യേവ സാധുരാപദ്
ഗതോപി സൻ
കർപ്പൂര: പാവകസ്പൃഷ്ട: സൗരഭം
ലഭതേതരാം. 4–19

സജ്ജനം ആപത്തിലകപ്പെട്ടാലും സത്സ്വഭാവത്തെ കൈവെടിയുകയില്ല. അഗ്നിയിൽ വീണ കർപ്പൂരം പൂർവാധികം സൗരഭ്യത്തെ പ്രദാനംചെയ്യുന്നു.

408

ദുർജനവചനാംഗാരൈർ
ദഗ്ധോപി ന വിപ്രിയം വദത്യാര്യ:

അഗുരുരപി ദഹ്യമാന:
സ്വഭാവഗന്ധം പരിത്യജതി കിംനു. 4–22

ദുർജ്ജനങ്ങളുടെ കൊള്ളിവാക്കുകളാൽ സജ്ജനങ്ങൾ അപഹസിക്കപ്പെട്ടാലും അവർ ചീത്തപറയുകയില്ല. അകിൽ കത്തിച്ചാലും സ്വതവെയുള്ള സൗരഭ്യം പരിത്യജിക്കുന്നുണ്ടോ?

409

അഹോ ഖലഭുജംഗസ്യ വിപരീതോ വധക്രമ:
ഏകസ്യ ദശതി ശ്രോത്രമന്യ: പ്രാണൈർവി
മുച്യതേ. 4–27

ദുർജ്ജനമാകുന്ന സർപ്പത്തിൻെറ വധക്രമം ഒന്നു പ്രത്യേകമാണ്. അതു ഒരുവൻെറ ചെവിയിൽ കടിക്കുകയും മറ്റൊരുവൻ മരിക്കയും ചെയ്യുന്നു.

410

അപൂർവാ രസനാവ്യാളാ: ഖലാനനബിലേശയാ:
കർണ്ണമൂലേ സ്പൃശന്ത്യന്യം ഹരന്ത്യന്യ
സ്യജീവിതം 4–28

ദുർജ്ജനവദനമാകുന്ന മാളത്തിൽ കിടക്കുന്ന നാക്കാകുന്ന സർപ്പങ്ങൾ അപൂർവതരങ്ങളാകുന്നു. ഇവ ഒരുവൻെറ കർണ്ണമൂലത്തെ സ്പർശിക്കുന്നു. അതുവഴി മറ്റൊരുവൻെറ ജീവനെ അപഹരിക്കയും ചെയ്യുന്നു.

411

ദുർജ്ജനദൂഷിതമനസാം
സുജനേപി നാസ്തി വിശ്വാസ:
പാണൗ പയസാ ദഗ്ധേ
തക്രംഫൂൽകൃത്യ ബാലക:പിബതി 4-30

ദുർജ്ജനങ്ങളാൽ വഞ്ചിതരായവർക്ക് സജ്ജനങ്ങളിൽ പോലും വിശ്വാസമില്ലാതാകുന്നു. ചൂടുപാലിൽ കൈകൾ പൊള്ളിയ കുട്ടി ഊതിയശേഷമേ മോരുപോലും കുടിക്കയുള്ളു.

412

പരവാദേ ദശവദന: പരരന്ധ്രനിരീക്ഷണേ
സഹസ്രാക്ഷ:

സദ്‌വൃത്തവിത്തഹരണേ
ബാഹുസഹസ്രാർജ്ജുന: പിശുന: 5–1

ദുർബുദ്ധിക്കു പരദൂഷണം പറയുന്നതിന് പത്തുനാക്കും, മററുള്ളവരുടെ ദുർബലതകൾ കണ്ടുപിടിക്കുന്നതിന് ആയിരം കണ്ണുകളും സജ്ജനങ്ങളുടെ ധനത്തെ അപഹരിക്കുന്നതിനു അർജ്ജുനനെപ്പോലെ ആയിരം കൈകളും ഉണ്ടായിരിക്കും.

413

പിശുനതൈവ വിദ്യാ പരദൂഷണമേവ
ഭൂഷണം യേഷാം
പരദു:ഖമേവ സൗഖ്യം ശിവശിവ തേ
കേന ഃവധസാ സൃഷ്ടാ: 5–3

ആരു കൌടില്യത്തെ വിദ്യയായും പരദൂഷണത്തെ ഭൂഷണമായും പരദു:ഖത്തെ സൗഖ്യമായും കരുതുന്നുവോ, ശിവ ശിവ! അവരെ ഏതു ബ്രഹ്മാവാണ് സൃഷ്ടിച്ചത്?

414

യാ സ്വസദ്മനി പദ്മേപി സന്ധ്യാവധി
വിജൃംഭതേ
ഇന്ദിരാ മന്ദിരേന്യേഷാം കഥം സ്ഥാ
സ്യതി നിശ്ചലാ 5-6

സ്വവസതിയായിരിക്കുന്ന താമരപൂവിൽപോലും സന്ധ്യാസമയംവരെ മാത്രമെ ലക്ഷ്മി പ്രസന്നതയോടെ കഴിയുന്നുള്ളു. പിന്നെ എങ്ങിനെയാണ് ആ ലക്ഷ്മി അന്യഭവനത്തിൽ സ്ഥിരമായി പാർക്കുന്നതു?

415

ന വിത്തം ദർശയേത് പ്രാജ്ഞ:
കസ്യചിത് സ്വല്പമപ്യഹോ
മുനേരപി യതസ്തസ്യ ദർശനാച്ചലതേ മന: 5–17

ബുദ്ധിമാൻ, കുറച്ചായാലും ധനം ആർക്കും കാണിയ്ക്കരുത്. കാരണം, അതുകണ്ടാൽ മുനിയുടെപോലും മനസ്സിളകിപ്പോകും.

416

സ്ത്രീരൂപം മോഹകം പുംസോ യൂന
ഏവ ഭവേത് ക്ഷണം.
കനകം സ്ത്രീബാലവൃദ്ധ
ഷണ്ഡാനാമപി സർവദാ 5–20

യൗവനപ്രായമുള്ള പുരുഷന് മാത്രമെ സ്ത്രീരൂപം മോഹജനകമായിരിക്കുന്നുള്ളു. കനകമാകട്ടെ സ്ത്രീകൾക്കും കുട്ടികൾക്കും വൃദ്ധന്മാർക്കും എന്നുവേണ്ട നപുംസകങ്ങൾക്കുപോലും മോഹം ഉളവാക്കുന്നു.

417

ദുന്ദുഭിസ്തു സുതരാമചേതന
സ്തൻമുഖാദപി ധനം ധനം ധനം
ഇത്ഥമേവ നിനദ: പ്രവർതതേ
കിംപുനർയദി ജന: സചേതന: 5–24

മദ്ദളത്തിന് ജീവനശേഷമില്ലെങ്കിലും, അതിൻെറ മുഖത്തുനിന്നുപോലും ധനം ധനം ധനം എന്ന ശബ്ദമാണ് പുറപ്പെടുന്നത്. അങ്ങനെയെങ്കിൽ ചൈതന്യമുള്ള മനുഷ്യൻെറ കാര്യം പറയാനുണ്ടോ?

418

ലക്ഷ്മീവന്തോ ന ജാനന്തി പ്രായേണ
പരവേദനാം
ശേഷേ ധരാഭരക്ളാന്തേ ശേതേ
നാരായണ: സുഖം 5–26

സമ്പന്നന്മാർ ഇതര ജനങ്ങളുടെ ദു:ഖത്തെ അശേഷം അറിയുന്നില്ല. ഭൂമിയെ ചുമക്കുന്ന ഭാരത്താൽ ക്ഷീണിതനായിരിക്കുന്ന ശേഷൻെറമേൽ ഹരി സുഖമായി കിടന്നുറങ്ങുന്നു.

419

ഹേതുപ്രമാണയുക്തം വാക്യം
ന ശ്രൂയതേ ദരിദ്രസ്യ
അപ്യതിപരുഷമസത്യം പൂജ്യം വാക്യം
സമൃദ്ധസ്യ 5–27

ദരിദ്രൻ പറയുന്നതു കാര്യകാരണസഹിതമായിരുന്നാലും, ആരും അതു വകവയ്ക്കുന്നില്ല. എന്നാൽ ധനവാൻെറ വാക്ക് അതിപരുഷവും അസത്യവുമായിരുന്നാലും അതിനെ എവരും സ്വീകാര്യമായി കരുതുന്നു.

420

ദ്വാവിമാവംഭസി ക്ഷേപ്യൗ ഗാഢം
ബദ്ധ്വാ ഗളേ ശിലാം
ധനിനം ചാപ്രദാതാരം ദരിദ്രം ചാ
തപസ്വിനം. 5–31

ധർമ്മം ചെയ്യാത്ത ധനവാൻേറയും ഇന്ദ്രിയങ്ങളെ നിഗ്രഹിക്കാത്ത ദരിദ്രൻേറയും കഴുത്തിൽ കല്ലുകെട്ടി വെള്ളത്തിൽ താഴ്ത്തേണ്ടതാണ്.

421

യദ്ദദാസി വിശിഷ്ടേഭ്യോ യച്ചാശ്നാസി
ദിനേ ദിനേ
തത്തേ വിത്തമഹം മന്യേ ശേഷമന്യസ്യ
രക്ഷസി 6–3

സജ്ജനങ്ങൾക്കായിട്ടു നീ നൽകുന്ന ദാനവും, അനുദിനം നീ കഴിക്കുന്ന ഭക്ഷണവും മാത്രമാണ് നിൻെറ സമ്പത്തായിട്ടു ഞാൻ കരുതുന്നത്. ശേഷമെല്ലാം നീ അന്യർക്കായിട്ടു സൂക്ഷിച്ചു വക്കുകയാണ്.

422

ത്യാഗ ഏകോ ഗുണ: ശ്ലാഘ്യ:
കിമന്യൈർ ഗുണരാശിഭി:
ത്യാഗാജ്ജഗതി പൂജ്യന്തേ
പശുപാഷാണപാദപാ: 6–4

പ്രതിഫലേച്ഛ കൂടാതെയുള്ള ദാനം ഏററവും സ്തുത്യർഹമായ ഗുണമാണ്. ഇതരഗുണസമൃദ്ധികൊണ്ട് എന്തുപ്രയോജനമാണുള്ളതു? പ്രതിഫലേച്ഛകൂടാതെയുള്ള ദാനംമൂലം മൃഗങ്ങളും കല്ലുകളും വൃക്ഷങ്ങളും ലോകത്ത് പൂജ്യങ്ങളാകുന്നു.

423

ഗൗരവം പ്രാപ്യതേ ദാനാന്ന തു
വിത്തസ്യ സഞ്ചയാത്
സ്ഥിതിരുച്ചൈ: പയോദാനാം
പയോധീനാമധ:സ്ഥിതി: 6–6

ദാനംവഴി മാഹാത്മ്യം സിദ്ധിക്കുന്നു. ധനത്തിൻെറ സഞ്ചയംകൊണ്ടതുണ്ടാകുന്നില്ല. ജലത്തെ പ്രദാനം ചെയ്യുന്ന മേഘങ്ങളുടെ സ്ഥിതി ഉയർന്നതും ജലത്തെ സംഭരിക്കുന്ന സമുദ്രത്തിൻെറ സ്ഥിതി താണതുമാകുന്നു.

424

ദാതവ്യം ഭോക്തവ്യം
സതി വിഭവേ സംഗ്രഹോ ന കർത്തവ്യഃ
പശ്യാമി മധുകരീണാം
സഞ്ചിതമർത്ഥം ഹരന്ത്യന്യേ. 6–8

സമ്പത്തുള്ളപ്പോൾ ദാനം ചെയ്കയും അനുഭവിക്കയും വേണം. (ലോഭം നിമിത്തം) അതു കൂട്ടിവയ്ക്കരുതു. തേനീച്ചകൾ സംഭരിച്ചുവയ്ക്കുന്നതെല്ലാം അന്യന്മാർ എടുത്തുകൊണ്ടുപോകുന്നതു നാം കാണാറില്ലെ?

425

ദാനേന ഭൂതാനി വശീഭവന്തി
ദാനേന വൈരാണ്യപി യാന്തി നാശം
പരോപി ബന്ധുത്വമുപൈതി ദാനൈർ
ദാനം ഹി സർവവ്യസനാനി ഹന്തി. 6-9

ദാനംവഴി സർവജീവികളും ആകർഷിക്കപ്പെടുന്നു. അതുവഴി വിരോധഭാവം ഇല്ലാതാകുന്നു. ദാനത്താൽ ശത്രുക്കൾപോലും മിത്രങ്ങളായിത്തീരുന്നു. ദാനം എല്ലാതരത്തിലുമുള്ള ആകുലചിന്തകളേയും ദൂരീകരിക്കുന്നു.

426

മാതരം പിതരം പുത്രം ഭ്രാതരം വാ സുഹൃത്തമം
കോപാവിഷ്ടോ നരോ ഹന്തി സ്വാമിനം
വാ സഹോദരം. 6–11

കോപാന്ധനായ മനുഷ്യൻ, മാതാവ്, പിതാവ്, പുത്രൻ, ബന്ധു, ഉററമിത്രം, യജമാനൻ, സഹോദരൻഎന്നിവരിൽ ആരെയെങ്കിലും വധിക്കും.

427

ലോഭാവിഷ്ടോ നരോ വിത്തം വീക്ഷതേ
ന സ ചാപദം
ദുഗ്ധം പശ്യതി മാർജാരോ യഥാ
ന ലഗുഡാഹതിം 6–13

പൂച്ച പാൽ കാണുകയും കടകോലു കൊണ്ടുള്ള അടി കാണാതിരിക്കയും ചെയ്യുന്നതുപോലെ, ലോഭാന്ധനായ മനുഷ്യൻ ധനത്തെ കാണുന്നു, എന്നാൽ അതിനാൽ വന്നുഭവിക്കുന്ന വിപത്തിനെ കാണുന്നില്ല.

428

ശതേഷു ജായതേ ശൂരഃ സഹസ്രേഷു ച
പണ്ഡിത:
വക്താ ദശസഹസ്രേഷു ദാതാ
ഭവതി വാ ന വാ 6–15

ജനിക്കുന്നവരിൽ നൂറിനൊന്നേ ശൂരനായിട്ടുള്ളു. ആയിരത്തിൽ ഒന്നേ പണ്ഡിതനായിട്ടുള്ളു. പതിനായിരത്തിൽ ഒന്നെ വാഗ്മിയായിട്ടുള്ളു. എന്നാൽ ദാതാവായിട്ടു ആരെങ്കിലും ജനിക്കുന്നുണ്ടോ ഇല്ലയോ–ആർക്കറിയാം!

429

ദാതാരം കൃപണം മന്യേ മൃതോപ്യർത്ഥം
ന മുഞ്ചതി
അദാതാ ഹി ധനത്യാഗീ ധനം ഹിത്വാ
ഹി ഗച്ഛതി 6–16

ദാതാവിനെ ലുബ്ധനായിട്ടാണ് ഞാൻ പരിഗണിക്കുന്നത്. മരണശേഷം അവൻ ധനം ഒട്ടുംതന്നെ ദാനം ചെയ്യുന്നില്ല. എന്നാൽ ലുബ്ധനൊ ഉള്ള ധനമെല്ലാം ഉപേക്ഷിച്ചിട്ടു വലിയ ധാരാളിയെപ്പോലെ മരിക്കുന്നു,

430

കൃപണേന സമോ ദാതാ ന ഭൂതോ ന ഭവിഷ്യതി
അസ്പൃശന്നേവ വിത്താനി യ:
പരേഭ്യ: പ്രയച്ഛതി. 6–17

സ്വന്ത സമ്പാദ്യമെല്ലാം കൈകൊണ്ടുപോലും തൊടാതെ അന്യർക്കു കൊടുക്കുന്ന ലുബ്ധനോട് തുല്യനായിട്ട് ഒരു ദാതാവ് ഉണ്ടായിട്ടില്ല, ഇനി ഉണ്ടാകയുമില്ല.

431

യദർജ്യതേ പരിക്ളേശൈരർജിതം യന്ന ഭുജ്യതേ
വിഭജ്യതേ യദന്തേന്യൈ:
കസ്യചിന്മാസ്തു തദ്ധനം. 6–21

വളരെ ബുദ്ധിമുട്ടി സമ്പാദിക്കുകയും അനുഭവിക്കാതിരിക്കയും, മരണസമയത്ത് അതെല്ലാം അന്യർക്കു ഭാഗിച്ചുകൊടുക്കുകയും ചെയ്യുന്ന ഈദൃശധനം ഒരുത്തർക്കും ഉണ്ടാകാതിരിക്കട്ടെ.

432

ജീര്യന്തി ജീര്യത: കേശാ ദന്താ ജീര്യന്തി ജീര്യത:
ജീവനാശാ ധനാശാ ച ജീര്യതോപി ന
ജീര്യതേ. 6–25

വാർദ്ധക്യത്തിൽ എത്തിയവൻെറ തലമുടി നരക്കുകയും പല്ലുകരം ഇളകുകയും ചെയ്യുന്നു. എന്നിരുന്നാലും ഇങ്ങനെയുള്ളവന് ജീവനിലും ധനത്തിലുമുള്ള ആശ നശിക്കുന്നില്ല.

433

പ്രാപ്താനപി ന ലഭന്തേ ഭോഗാൻ ഭോക്തും
സ്വകർമഭി: കൃപണാ:
മുഖപാക: കില ഭവതി ദ്രാക്ഷാപാകേ
ബലിഭുജാം ഹി 6-27

കർമ്മഫലം മൂലം, കൈവന്ന സുഖം പോലും പിശുക്കന് അനുഭവിയ്ക്കാൻ കഴിയാതെ പോകുന്നു. മുന്തിരിങ്ങ പഴുത്തു പാകമാകുമ്പോരം കാക്കകരംക്കു വായ്പുണ്ണ് ഉണ്ടാകുന്നതുപോലെ.

434

രവിശ്ചന്ദ്രോ ഘനാ വൃക്ഷാ നദീർഗാവ
ശ്ച സജ്ജനാഃ
ഏതേ പരോപകാരായ യുഗേ ദേവേന
നിർമിതാഃ 7-2

സൂര്യൻ, ചന്ദ്രൻ, മേഘങ്ങൾ, വൃക്ഷങ്ങൾ, നദികൾ, പശുക്കൾ, സുകൃതികൾ എന്നിവയെല്ലാം ഓരോ യുഗത്തിലും പരോപകാരത്തിനായിട്ടു ഈശ്വരനാൽ സൃഷ്ടിക്കപ്പെട്ടവയാണ്.

435

പരോപകാരായ ഫലന്തി വൃക്ഷാ:
പരോപകാരായ വഹന്തി നദ്യ:
പരോപകാരായ ദുഹന്തി ഗാവ:
പരോപകാരാർത്ഥമിദം ശരീരം. 7-3

വൃക്ഷങ്ങൾ കായ്ക്കുന്നതും, നദികൾ ഒഴുകുന്നതും, പശുക്കൾ പാലുതരുന്നതുമെല്ലാം പരോപകാരത്തിനായിട്ടാണല്ലോ. നമ്മുടെ ഈ ശരീരവും പരോപകാരത്തിനായിട്ടാണ്.

436

ശ്രോത്രം ശ്രുതേനൈവ ന കുണ്ഡലേന
ദാനേന പാണിർന തു കങ്കണേന
വിഭാതി കായ: ഖലു സജ്ജനാനാം
പരോപകാരേണ ന ചന്ദനേന. 7_5

സജ്ജനങ്ങളുടെ കാതുകൾകടുക്കൻകൊണ്ടെന്നതിനേക്കാൾ സത്കീർത്തികൊണ്ടും, കരം വീരശ്രംഖലകൊണ്ടെന്നതിനേക്കാൾ ദാനംകൊണ്ടും, ശരീരം ചന്ദനം കൊണ്ടെന്നതിനേക്കാൾ പരോപകാരംകൊണ്ടും ആകർഷകമായിതീരുന്നു.

437

സന്തോഷാമൃതതൃപ്താനാം യത്
സുഖം ശാന്തചേതസാം
കുതസ്തദ്ധനലുബ്ധാനാമിത
ശ്ചേതശ്ച ധാവതാം 7-8

സന്തുഷ്ടരും തൃപ്തരുമായിരിക്കുന്ന ശാന്തശീലർക്കുള്ള സുഖം ധാനലോഭം നിമിത്തം അങ്ങോട്ടും ഇങ്ങോട്ടും ഓടി നടക്കുന്നവർക്കു എങ്ങിനെ ഉണ്ടാകും?

438

വലിഭിർമുഖമാക്രാന്തം പലിതൈരങ്കിതം ശിര:
ഗാത്രാണി ശിഥിലായന്തേ തൃഷ്ണൈകാ
തരുണായതേ. 7–12

ചുളിവുകൾകൊണ്ട് മുഖവും, നരകൊണ്ടു തലയും ആക്രമിക്കപ്പെട്ടിരിക്കുന്നു. ശരീരാവയവങ്ങളാകട്ടെ ബലഹീനങ്ങളായി തീർന്നിരിക്കുന്നു. എന്നാൽ ആശ ഒന്നുമാത്രം ശക്തി പ്രാപിച്ചുവരുന്നു.

439

ആശാ നാമ മനുഷ്യാണാം കാചിദാ
ശ്ചര്യശൃംഖലാ
യയാ ബദ്ധാ: പ്രധാവന്തി മുക്താസ്തിഷ്ഠ
ന്തി പംഗുവത്. 7–13

മനുഷ്യരെ സംബന്ധിച്ച് ആശ എന്നത് ആശ്ചര്യകരമായ ഒരു തുടലാണ്. അതിനാൽ ബദ്ധരായിരിക്കുമ്പോൾ ഓടുകയും, സ്വതന്ത്രരാക്കപ്പെടുമ്പോൾ മുടന്തരെപ്പോലെ നില്ക്കുകയും ചെയ്യുന്നു.

440

ആശായാ യേ ദാസാ
സ്തേ ദാസാഃ സർവലോകസ്യ
ആശാ യേഷാം ദാസീ
തേഷാം ദാസായതേ ലോക: 7–14

ആരു ആശയുടെ അടിമയായിത്തീരുന്നുവോ അവർ സർവലോകത്തിനും ദാസരായി ഭവിക്കുന്നു. ആശ ആർക്ക് വിധേയമായി ഭവിക്കുന്നുവൊ അവർക്കു ലോകം അടിമപ്പെടുന്നു.

441

യൗവനം ജരയാ ഗ്രസ്തമാരോഗ്യം
വ്യാധിഭിർഹതം

ജീവിതം മൃത്യുരഭ്യേതി തൃഷ്ണൈകാ
നിരുപദ്രവാ 7–15

യൗവനത്തെ വാർദ്ധക്യം ബാധിക്കുന്നു. ആരോഗ്യം രോഗങ്ങളാൽ നശിപ്പിക്കപ്പെടുന്നു. ജീവിതംതന്നെ മരണത്താൽ ആക്രമിക്കപ്പെടുന്നു. എന്നാൽ ആശഒന്നുമാത്രം നിരുപദ്രവമായിരിക്കുന്നു.

442

അംഗം ഗളിതം പലിതം മുണ്ഡം
ദശനവിഹീനം ജാതം തുണ്ഡം
വൃദ്ധോ യാതി ഗൃഹീത്വാ ദണ്ഡം
തദപി ന മുഞ്ചത്യാശാ പിണ്ഡം. 7–16

അവയവങ്ങൾ തളർന്നു പോകുന്നു, തല നരക്കുന്നു, വായിൽ പല്ലൊന്നുമില്ലാതായിത്തീരുന്നു. വൃദ്ധനായ മനുഷ്യൻ വടിയും കുത്തി നടക്കുന്നു. ഇങ്ങനെയെല്ലാമാണെങ്കിലും ആശ ശരീരത്തെ വിട്ടുമാറുന്നില്ല.

443

തേജസ്വിനി ക്ഷമാസാരേ
നാതികാർകശ്യമാചരേത്
അതിനിർമഥനാദഗ്നി
ശ്ചന്ദനാദപി ജായതേ. 7–21

ശാന്തശീലത്തിന് പ്രസിദ്ധിനേടിയിട്ടുള്ളവരോടുപോലും വളരെ കാഠിന്യത്തോടെ പെരുമാററരുത്. അതിയായ ഉരസൽ നിമിത്തം ചന്ദനത്തിൽനിന്നുപോലും തീ പുറപ്പെടാറുണ്ട്.

444

ഗുണവജ്ജനസംസർഗാദ്
യാതി സ്വല്പോപി ഗൗരവം
പുഷ്പമാലാപ്രസംഗേന
സൂത്രം ശിരസി ധാര്യതേ. 7–22

നല്ലവരായ ആളുകളുമായിട്ടുള്ള സഹവാസംകൊണ്ട് നിസ്സാരരായിട്ടുള്ളവർപോലും മഹത്വം പ്രാപിക്കും. പുഷ്പങ്ങളെ മാലയായി കൂട്ടിചേർക്കുന്ന ചരടുകൂടി തലയിൽ ധരിക്കപ്പെടുന്നു.

445

ഗുണവന്ത: ക്ളിശ്യന്തേ
പ്രായേണ ഭവന്തി നിർഗുണാ: സുഖിന:
ബന്ധനമായാന്തി ശുകാ:
യഥേഷ്ടസഞ്ചാരിണ: കാകാ: 7–26

നല്ല ആളുകൾ പലപ്പോഴും ക്ളേശങ്ങൾ സഹിച്ച് ജീവിക്കുന്നു. ദുർജ്ജനങ്ങളാകട്ടെ യഥേഷ്ടം ജീവിക്കുന്നു. തത്തകൾ കൂട്ടിൽ അടക്കപ്പെട്ടു ജീവിക്കുന്നു. കാക്കകളാകട്ടെ ഇഷ്ടാനുസരണം സഞ്ചരിക്കുന്നു.

446

ഉദ്യോഗ: ഖലു കർതവ്യ: ഫലം മാർജാരവദ് ഭവേത്
ജന്മപ്രഭൃതി ഗൗർനാസ്തി പയ:
പിബതി നിത്യശ: 7–2

പൂച്ചക്കു ലഭിക്കുന്നതുപോലെയുള്ള അനുഭവം നമുക്കുമുണ്ടാകുന്നതിനായി നാമോരോരുത്തരും യഥാശക്തി പരിശ്രമിക്കണം. പൂച്ചക്കു ഒരുനാളും പശുവില്ല. എങ്കിലും അതു നിത്യവും പാലു കുടിക്കുന്നുണ്ട്.

447

ഉദ്യമ: സാഹസം ധൈര്യം ബുദ്ധി:
ശക്തി: പരാക്രമ:
ഷഡേതേ യത്ര വർതന്തേ തത്ര ദേവ:
സഹായകൃത് 7–29

പരിശ്രമം, സാഹസം, ധൈര്യം, ബുദ്ധി, ശക്തി, പരാക്രമം എന്നിവ ആറും യോജിപ്പിച്ചുള്ള പ്രവർത്തനം എവിടെ ഉണ്ടോ അവിടെ ദൈവവും സഹായിക്കുന്നതാണ്.

448

ന ദൈവമിതി സംചിന്ത്യ ത്യജേദുദ്യോഗമാത്മന:
അനുദ്യമേന കസ്തൈലം
തിലേഭ്യ: പ്രാപ്തുമർഹതി 7–31

എല്ലാം ദൈവാധീനമെന്നു കരുതി അവനവന് ചെയ്യാവു

ന്ന പരിശ്രമം ചെയ്യാതിരിക്കരുത്. ബുദ്ധിമുട്ടാതെ എള്ളിൽ നിന്നും എണ്ണ ആർക്കാണ് ലഭിക്കുക?

449

ക്ഷമാ ശസ്ത്രം കരേ യസ്യ ദുർജന:
കിം കരിഷ്യതി
അതൃണേ പതിതോ വഹ്നി:
സ്വയമേവോപശാമ്യതി 8–9

ക്ഷമയാകുന്ന ആയുധം കയ്യിലുള്ളവനോട് ദുർജ്ജനങ്ങൾക്കു എന്തുചെയ്യുവാൻ സാധിക്കും? വെറും മണ്ണിൽവയ്ക്കപ്പെട്ട അഗ്നി സ്വയമേവ കെട്ടുപോകുന്നു.

450

നരസ്യാഭരണം രൂപം രൂപസ്യാഭരണം ഗുണ:
ഗുണസ്യാഭരണം ജ്ഞാനം
ജ്ഞാനസ്യാഭരണം ക്ഷമാ 8–10

മനുഷ്യന്റെ ആഭരണം വടിവൊത്ത ആകൃതിയാകുന്നു. ഈ ആകൃതിക്കു ആഭരണം ഗുണമാകുന്നു. ഗുണത്തിന് ഭൂഷണമായിരിക്കുന്നതു ജ്ഞാനവും, ജ്ഞാനത്തിന് അലംകാരമായിരിക്കുന്നതു ക്ഷമയുമാണ്.

451

ക്ഷമാ ബലമശക്താനാം ശക്താനാം
ഭൂഷണം ക്ഷമാ
ക്ഷമാ വശീകൃതിർലോകേ ക്ഷമയാ കിം
ന സിദ്ധ്യതി 8–11

അശക്തർക്കു ക്ഷമ ബലവും ശക്തന്മാർക്കു ക്ഷമ അലംകാരവുമാണ്. ലോകത്തു ക്ഷമ വശീകരണശക്തിയുള്ളതാകുന്നു. ക്ഷമകൊണ്ട് സാധിക്കാത്തതു എന്തുണ്ട്?

452

കിം കുലേന വിശാലേന ശീലമേവാത്ര കാരണം
കൃമയ: കിന്നു ജായന്തേ കുസുമേഷു
സുഗന്ധിഷു 8–16

ഉത്കൃഷ്ടകുലത്തിൽ ജനിച്ചതുകൊണ്ടുമാത്രം എന്തുഫലം? ഈ ജീവിതത്തിൽ സകലത്തിനും കാരണം സ്വഭാവമൊന്നുമാത്രമാകുന്നു. സുഗന്ധപുഷ്പങ്ങളിൽപോലും കൃമികൾ ഉണ്ടാകുന്നില്ലേ?

453

ആത്മനോ മുഖദോഷേണ ബദ്ധ്യന്തേ
ശുകശാരികാ:
ബകാസ്തത്ര ന ബദ്ധ്യന്തേ മൗനം
സർവാർത്ഥസാധകം 8–18

തത്തയും മൈനയും സംസാരിക്കുന്നതുകൊണ്ട് അവ കൂട്ടിലാക്കപ്പെടുന്നു. സംസാരിക്കാത്ത കൊക്കുകൾ ബന്ധിക്കപ്പെടുന്നില്ല. മൗനം എല്ലാം നേടിത്തരുന്നു.

454

അശ്വഃ ശസ്ത്രം ശാസ്ത്രം വീണാ വാണീ
നരശ്ച നാരീ ച
പുരുഷവിശേഷം പ്രാപ്താ: ഭവന്തി
യോഗ്യാ അയോഗ്യാ വാ 8-21

കുതിര, ആയുധം, ശാസ്ത്രം, വീണ, വാക്ക്, പുരുഷൻ, സ്ത്രീ എന്നിതെല്ലാം ആരുമായി ബന്ധപ്പെടുന്നുവോ അവരുടെ ഗുണാഗുണങ്ങളെ ആശ്രയിച്ച് ഉത്തമമോ അധമമോ ആയിത്തീരുന്നു.

455

മഹാജനസ്യ സംസർഗ: കസ്യ നോന്നതികാരക:
പദ്മപത്രസ്ഥിതം വാരി ധത്തേ
മുക്താഫലശ്രിയം 8–22

മഹാന്മാരോടുകൂടിയുള്ള സഹവാസം ആർക്കാണു ഉന്നതിക്കു കാരണമാകാത്തതു? താമരയിലയിൽ സ്ഥിതിചെയ്യുന്ന വെള്ളത്തുള്ളി മുത്തുമണിയുടെ ശോഭയുള്ളതായി തീരുന്നു.

456

സാധൂനാം ദർശനം പുണ്യം തീർഥഭൂതാ ഹി സാധവ:
കാലേന ഫലതേ തീർത്ഥം സദ്യ:
സാധുസമാഗമ: 8–24

വിശിഷ്ടന്മാരുടെ ദർശനം തന്നെ പുണ്യമാണ്. വിശിഷ്ടരായവർ തീർത്ഥങ്ങളായി തീർന്നവരാണ്. തീർത്ഥസ്ഥലങ്ങൾ ദർശിക്കുന്നതുകൊണ്ടുള്ള ഫലം കാലക്രമേണയും വിശിഷ്ടരെ സന്ദർശിക്കുന്നതുകൊണ്ടുള്ള പ്രയോജനം ഉടനടിയും ലഭിക്കുന്നു.

457

അണുരപ്യസതാം സംഗോ സദ്ഗുണം
ഹന്തി വിസ്തൃതം
ഗുണരൂപാന്തരം യാതി തക്ര
യോഗാദ്യഥാ പയഃ 8–27

മോരിന്റെ സംയോഗംകൊണ്ട് പാല് എപ്രകാരം സ്വഗുണം നഷ്ടപ്പെടുത്തുന്നുവോ, അപ്രകാരംതന്നെ ദുർജ്ജനങ്ങളുമായിട്ടുള്ള സമ്പർക്കം അല്പമായിരുന്നാലും അതു മഹത്തായ സദ്ഗുണത്തെ നശിപ്പിക്കുന്നു.

458

കരാവിവ ശരീരസ്യ നേത്രയോരിവ പക്ഷ്മണീ
അവിചാര്യ പ്രിയം കുര്യാത്തന്മിത്രം
മിത്രമുച്യതേ 8–31

ശരീരത്തിനു കരങ്ങൾ എന്നപോലെയും, കണ്ണുകൾക്കു കൺപോളകൾ പോലെയും വിചാരിക്കാത്ത നേരത്ത് പ്രിയമുള്ളവയെ ചെയ്യുന്ന മിത്രത്തെയാണു മിത്രമെന്നു വിളിക്കുന്നത്.

459

ന്യായാർജിതധനസ്തത്വജ്ഞാന
നിഷ്ഠോതിഥിപ്രിയഃ
ശാസ്ത്രവിത് സത്യവാദീ ച ഗൃഹസ്ഥോപി
വിമുച്യതേ 9–1

ധനസമ്പാദനത്തിൽ അന്യായം പ്രവർത്തിക്കാത്തവനും തത്വജ്ഞാനതത്പരനും, അതിഥിപ്രിയനും ശാസ്ത്രജ്ഞനും സത്യവാദിയുമായിരിക്കുന്ന ഗൃഹസ്ഥൻ വിമുക്തിയെ പ്രാപിക്കുന്നു.

460

കിം മൃഷ്ടം സുതവചനം
മൃഷ്ടതരം കിം തദേവ സുതവചനം
മൃഷ്ടാത് മൃഷ്ടതമം കിം
ശ്രുതിപരിപക്വം തദേവ സുതവചനം 9-11

ഒരുവന് ഹൃദ്യമായിട്ടുള്ളതു ബാലനായ സ്വപുത്രന്റെ സംഭാഷണമാകുന്നു. കൂടുതൽ ഹിതകരമായിട്ടുള്ളതും സുതവചനംതന്നെ. ഏററവും ഹൃദ്യവും കർണ്ണാനന്ദകരമായിരിക്കുന്നതും സുതവചനംതന്നെ.

461

ഏകേനാപി സുപുത്രേണ
വിദ്യായുക്തേന ഭാസതേ
കുലം പുരുഷസിംഹേന
ചന്ദ്രേണേവ ഹി ശർവരീ 9–16

രാത്രി ചന്ദ്രനാലെന്നപോലെ, ഏകനായിരുന്നാലും പണ്ഡിതനും പുരുഷകേസരിയുമായ പുത്രനാൽ സ്വകുലം മഹത്തായിത്തീരുന്നു.

462

ഏകേന ശുഷ്ക്കവൃക്ഷേണ
ദഹ്യമാനേന വഹ്നിനാ
ദഹ്യതേ തദ്വനം സർവം
ദുഷ്പുത്രേണ കുലം യഥാ 9–24

തീ പിടിച്ചു കത്തുന്ന ഒരൊററ ഉണക്കവൃക്ഷം ഒരുവനം മുഴുവനും ദഹിപ്പിക്കുന്നതുപോലെ ദുഷ്ടപുത്രൻവഴി തറവാടുമുഴുവൻ നശിക്കുന്നു.

463

ദൈവമുല്ലംഘ്യ യത്കാര്യം
ക്രിയതേ ഫലവന്ന തത്
സരോംഭശ്ചാതകേനാത്തം
ഗളരന്ധ്രേണ ഗച്ഛതി. 9-23

ഈശ്വരേച്ഛയെ അതിലംഘിച്ചു ചെയ്യപ്പെടുന്ന യാതൊരു പ്രവൃത്തിയും ഫലവത്തായി പരിണമിക്കയില്ല. വേഴാമ്പൽ

കുളത്തിൽനിന്നും കുടിക്കുന്നവെള്ളം കണ്ഠത്തിലുള്ള ദ്വാരത്തിൽക്കൂടി വെളിയിൽപോകുന്നു.

464

സച്ഛിദ്രോ മധ്യകുടിലഃ കർണ്ണഃ
സ്വർണ്ണസ്യ ഭാജനം
ധിഗ്ദൈവം നിർമലം ചക്ഷുഃ
പാത്രം കജ്ജലഭസ്മനഃ 9–30

ദ്വാരമുള്ളതും നടുവിൽ കോട്ടമുള്ളതുമായ ചെവി സ്വർണ്ണത്തിന്റെ ഇരിപ്പിടമാകുന്നു. ഹാ കഷ്ടം! നിർമ്മലമായിരിക്കുന്ന കണ്ണു് കറുത്തമഷിയുടെ ആവാസസ്ഥാനവും.!

465

ഭഗവന്തൗ ജഗന്നേത്രേ സൂര്യചന്ദ്രമസാവപി
പശ്യ ഗച്ഛത ഏവാസ്തം നിയതിഃ
കേന ലംഘ്യതേ. 10–1

ലോകത്തിന്റെ കണ്ണുകളായിരിക്കുന്ന സൂര്യചന്ദ്രഭഗവാന്മാർപോലും അവസാനത്തെ പ്രാപിക്കുന്നതു കണ്ടാലും. ദൈവേച്ഛയെ അതിലംഘിക്കുന്നതിന് ആർക്കു സാധിക്കും?

466

യഥാ ധേനുസഹസ്രേഷു വത്സോ
വിന്ദതി മാതരം
തഥാ പൂർവകൃതം കർമ കർത്താരമനുഗച്ഛതി 10–6

ആയിരം പശുക്കളുണ്ടെങ്കിലും, പശുക്കുട്ടി അതിന്റെ തള്ളയെ എങ്ങനെ തിരിച്ചറിയുന്നുവോ, അതുപോലെ, മുമ്പെ ചെയ്തിട്ടുള്ള പ്രവൃത്തിയും തത്കർത്താവിനെ അനുഗമിക്കുന്നു.

467

അഘടിതഘടിതം ഘടയതി സുഘടിത
ഘടിതാനി ദുർഘടീകുരുതേ
വിധിരേവ താനി ഘടയതി യാനി
പുമാന്നൈവ ചിന്തയതി. 10–16

ദൈവം പരസ്പരം ചേരാത്തതിനെ സംബന്ധിപ്പിക്കുന്നു. പരസ്പരം ബന്ധിതമായിരിക്കുന്നവയെ വേർപെടുത്തുന്നു. മനുഷ്യൻ യാതൊന്നു ചിന്തിക്കാതിരിക്കുന്നുവൊ അതു സംഭവിക്കുന്നു.

## 468

സ്വയം മഹേശ:ശ്വശുരോ നഗേശ:
സഖാ ധനേശസ്തനയോ ഗണേശ:
തഥാപി ഭിക്ഷാടനമേവ ശംഭോ-
ർബലീയസീ കേവലമീശ്വരേച്ഛാ 10–24

സ്വയം മഹേശ്വരനാണ്, ഭാര്യയുടെ അച്ഛൻ ഹിമവാനാകുന്നു. മിത്രമാകട്ടെ കുബേരൻ. പുത്രനൊ ഗണേശനും. അപ്രകാരമെല്ലാമായിരുന്നിട്ടും ശിവനു ഭിക്ഷാടനംതന്നെ. കണ്ടാലും! എല്ലാത്തിലുംവെച്ച് ഈശ്വരേച്ഛ ബലിഷ്ഠമാകുന്നു.

## 469

ധനാനി ഭൂമൗ പശവശ്ച ഗോഷ്ഠേ
ഭാര്യാ ഗൃഹദ്വാരി ജന: ശ്മശാനേ
ദേഹശ്ചിതായാം പരലോകമാർഗേ
കർമാനുഗോ ഗച്ഛതി ജീവ ഏക: 10–26

സമ്പത്തെല്ലാം ഭൂമിയിലും, മൃഗാദികൾ തൊഴുത്തിലും, ഭാര്യ പുരവാതുക്കലും, ബന്ധുമിത്രാദികൾ ശ്മശാനഭൂമിയിലും, മൃതശരീരം ചിതയിലും സ്ഥിതിചെയ്യുമ്പോൾ സ്വകർമ്മത്താൽ അനുഗതമായിരിക്കുന്ന ആത്മാവ് ഏകനായിട്ടു പരലോകമാർഗത്തിൽക്കൂടി പ്രയാണം ചെയ്യുന്നു.

## 470

മലിനൈ രളകൈരേതൈ: ശുക്ലത്വം
പ്രകടീകൃതം
തദ്രോഷാദപി നിര്യാതാ വദനാദ്
രദനാവലി: 11–8

മലിനങ്ങളായ ഈ തലമുടികളാൽ ശുക്ലത്വം പ്രകടിപ്പിക്കപ്പെട്ടു. അതിനാലുള്ള അതൃപ്തി നിമിത്തം വായിൽനിന്നു പല്ലുകളെല്ലാം പുറത്തുപോയി.

## 471

ഇയത്യാമപി സാമഗ്ര്യാം സുകൃതം
ന കൃതം ത്വയാ
ഇതീവ കുപിതോ ദന്താനന്തക:
പാതയത്യലം. 11–10

ഇത്ര അധികം സാമഗ്രികൾ ഉണ്ടായിരുന്നിട്ടും നീ ഒരു സുകൃതവും ചെയ്തില്ലല്ലൊ എന്നിങ്ങനെ ചിന്തിച്ച് കുപിതനായിതീർന്ന യമൻ പല്ലെല്ലാം തല്ലികളഞ്ഞു.

## 472

യമമിവ കരധൃതദണ്ഡം ഹരിമിവ സഗദം
ശശാങ്കമിവ വക്രം
ശിവമിവ വിരൂപാക്ഷം ജരാ കരോത്യകൃത
പുണ്യമപി 11–11

ജര സുകൃതമഭ്യസിച്ചിട്ടില്ലാത്തവനെ യമനെപ്പോലെ കയ്യിൽ വടിപിടിച്ചവനും, വിഷ്ണുവിനെപ്പോലെ രോഗമുള്ളവനും, ചന്ദ്രനെപ്പോലെ കൂനുള്ളവനും, ശിവനെപ്പോലെ വിരൂപാക്ഷനും ആക്കിത്തീർക്കുന്നു.

## 473

വദനം ദശനവിഹീനം
വാചോ ന പരിസ്ഫുടാ ഗതാ ശക്തി:
അവ്യക്തേന്ദ്രിയശക്തി:
പുനരപി ബാല്യം കൃതം ജരയാ 11–12

പല്ലില്ലാത്ത വായും. തെളിവില്ലാത്ത വാക്കുകളും ക്ഷയിച്ച ശക്തിയും തളർന്ന ഇന്ദ്രിയങ്ങളും ആയിരിക്കുന്നു. ഇങ്ങനെ വാർദ്ധക്യം വീണ്ടും ബാല്യാവസ്ഥ നൽകിയിരിയ്ക്കുന്നു.

## 474

പടു രടതി പലിതദൂതോ
മസ്തകമാസാദ്യ സർവലോകസ്യ
പരിഭവതി ജരാ മരണം
കുരു ധർമം വിരമ പാപേഭ്യ: 11–14

നര ആകുന്ന ദൂതൻ സർവ്വമനുഷ്യരുടേയും തലയിൽവന്നിരുന്നിട്ടു ജര മരണത്തെകൊണ്ടുവരുന്നു, ധർമ്മംചെയ്താലും, പാപകർമ്മങ്ങളിൽനിന്നും പിന്മാറിയാലും എന്നു ഉച്ചത്തിൽ വിളിച്ചു പറയുന്നു.

475

വിനാ കാര്യേണ യേ മൂഢാ ഗച്ഛന്തി പരമന്ദിരം
അവശ്യം ലഘുതാം യാതി കൃഷ്ണപക്ഷേ
യഥാ ശശീ 11–17

ആവശ്യമില്ലാതെ അന്യഗൃഹത്തിൽ ചെന്നിരിക്കുന്നവർ ആരായിരുന്നാലും ആ മൂഢന്മാർ കറുത്തപക്ഷത്തിലെ ചന്ദ്രനെപ്പോലെ ചെറുതായിതീരുന്നു.

476

ചലം വിത്തം ചലം ചിത്തം ചലേ ജീവിതയൗവനേ
ചലാചലമിദം സർവം കീർതിര്യസ്യ
സ ജീവതി 11–20

ധനവും മനസ്സും ജീവിതവും യൗവനവും എന്നുവേണ്ട ഈ ലോകം തന്നെയും അസ്ഥിരവും നശ്വരവുമാകുന്നു. ആർക്കു സത്കീർത്തിയുണ്ടോ അവൻ ജീവിക്കുന്നു.

477

യോ നാത്മജേ ന ച ഗുരൗ ന ച ഭൃത്യവർഗേ
ദീനേ ദയാം ന കുരുതേ ന ച ബന്ധുവർഗേ
കിം തസ്യ ജീവിതഫലം ഹി മനുഷ്യലോകേ
കാകോപി ജീവതി ചിരായ ബലിം ച
ഭുംക്തേ 11–22

സ്വപുത്രനോ, ഗുരുവിനോ, ആശ്രിതന്മാർക്കോ, ബന്ധുമിത്രാദികൾക്കോ യാതൊരനുഗ്രഹവും ചെയ്തുകൊടുക്കാത്തവന് ഈ ലോകത്തു എന്തു ജന്മസാഫല്യമാണുള്ളത്? കാക്കപോലും ദീർഘകാലം ജീവിക്കുകയും പിണ്ഡമുണ്ണുകയും ചെയ്യുന്നുണ്ടല്ലോ.

478

ന വിഷം വിഷമിത്യാഹുർദേവസ്വം വിഷമുച്യതേ
വിഷമേകാകിനം ഹന്തി ദേവസ്വം
പുത്രപൗത്രികം 11–25

വിഷം വിഷമല്ലെന്നും, ദേവസ്വം-ദേവസ്വത്തു- തന്നെ വിഷമെന്നും പറയപ്പെടുന്നു. വിഷം ഒരുവനെമാത്രം കൊല്ലുന്നു. ദേവസ്വമാകട്ടെ മക്കളെയും അവരുടെ സന്താനങ്ങളേയും ഹനിക്കുന്നു.

479

പാപം കർത്തുമൃണം കർത്തും മന്യന്തേ മാനവ: സുഖം
പരിണാമോതിഗഹനോ മഹതാമപി
നാശകൃത്. 11-26

അധർമ്മം പ്രവർത്തിക്കുന്നതും കടംവാങ്ങുന്നതും സുഖകരമെന്ന് ജനങ്ങൾ കരുതുന്നു. ഇവയുടെ പരിണാമഫലം ഗൗരവമേറിയതാണ്. മഹത്തുക്കൾക്കുപോലും അതു നാശകരമായിതീരുന്നു.

480

യോ ന സഞ്ചരതേ ദേശാൻ യോ ന സേവേ
ത പണ്ഡിതാൻ
തസ്യ സംകുചിതാ ബുദ്ധി: ഘൃത
ബിന്ദുരിവാംഭസി 11-27

ദേശസഞ്ചാരംചെയ്യാതെയും, വിദ്വജ്ജനങ്ങളുമായി സഹവസിക്കാതെയും ജീവിക്കുന്നവന്റെ ബുദ്ധി വെള്ളത്തിൽ നെയ്ത്തുള്ളിപോലെ സംകുചിതമായിരിക്കും.

481

യസ്തു സഞ്ചരതേ ദേശാൻ യസ്തു
സേവേത പണ്ഡിതാൻ
തസ്യ വിസ്താരിതാ ബുദ്ധിഃ
തൈലബിന്ദുരിവാംഭസി 11-28

ദേശാടനം ചെയ്കയും പണ്ഡിതന്മാരുമായി സഹവസിക്കുകയും ചെയ്യുന്നവന്റെ ബുദ്ധി വെള്ളത്തിൽ എണ്ണ എന്നപോലെ വിശാലമായിരിക്കും.

482

സീദന്തി സന്തോ വിലസന്ത്യസന്ത:
പുത്രാ മ്രിയന്തേ ജനകശ്ചിരായു;

പരേഷു മൈത്രീ സ്വജനേഷു വൈരം
പശ്യന്തു ലോകാ: കലികൗതുകാനി 12–1

സജ്ജനങ്ങൾ ദു:ഖിക്കയും ദുർജനം സന്തോഷിക്കയും പിതാവ് ദീർഘനാൾ ജീവിക്കയും പുത്രന്മാർ അകാലമരണമടയുകയും ചെയ്യുന്നു. അന്യരിൽ മൈത്രിയും സ്വജനങ്ങളിൽ വൈരവും വർദ്ധിക്കുന്നു. ഇത്തരം കലിചേഷ്ടകളെ ലോകർ കാണട്ടെ!

483

നിർവീര്യാ പൃഥിവീ നിരൗഷധിരസാ
നീചാ മഹത്വം ഗതാ:
ഭൂപാലാ നിജധർമകർമരഹിതാ:
വിപ്രാ: കുമാർഗേ ഗതാ:
ഭാര്യാ ഭർതൃവിരോധിനീ പരരതാ പുത്രാ:
പിതൃദ്വേഷിണ:
ഹാ കഷ്ടം ഖലു വർതതേ കലിയുഗേ
ധന്യാ നരാ യേ മൃതാ: 12–3

കലിയുഗത്തിൽ ഭൂമിയുടെ വീര്യമില്ലാതായിത്തീരുന്നു. ഔഷധാദികൾ ഇല്ലാതാകുന്നു. നീചന്മാർ മാഹാത്മ്യംപ്രാപിക്കുന്നു. ഭരണാധികാരികൾ സ്വപ്രജാസംരക്ഷണത്തിൽ വിമുഖരായിതീരുന്നു. ബ്രാഹ്മണർ അധർമ്മപ്രവർത്തകരും, ഭാര്യ ഭർതൃവിരോധിനിയും, പരപുരുഷനിൽ രതിയുള്ളവളും, പുത്രന്മാർ പിതൃദ്വേഷികളുമായി ഭവിക്കുന്നു. ഹാ കഷ്ടം! കലിയുഗത്തിൽജീവിച്ചിരിക്കുന്നവരേക്കാൾ മരിക്കുന്നവർ തന്നെ ഭാഗ്യവാന്മാർ.

484

സന്ത: ക്വാപി ന സന്തി സന്തി യദി വാ
ദു:ഖേന ജീവന്തി തേ
വിദ്വാംസോപി ന സന്തി സന്തി യദി വാ
മാത്സര്യയുക്താശ്ച തേ
രാജാനോപി ന സന്തി സന്തി യദി വാ
ലോഭാത്ദ്ധനഗ്രാഹിണോ
ദാതാരോപി ന സന്തി സന്തി യദി വാ
സേവാനുകൂലാ: കലൗ 12 4

കലിയുഗത്തിൽ നല്ലവർ എങ്ങാനുമുണ്ടോ? ഇല്ല. ഇനി ഉണ്ടെങ്കിൽ തന്നെ അവർ ക്ലേശിച്ചാണ് ജീവിക്കുന്നത്. വിദ്വജ്ജനങ്ങളും തീരെയില്ല. ഉണ്ടെങ്കിൽതന്നെ അവർ മത്സരബുദ്ധികളായിട്ടാണ് വർത്തിക്കുക. ഭരണാധികാരികളും വളരെ ചുരുക്കം. ഉണ്ടായിരുന്നാൽ തന്നെയും അവർ സ്വാർത്ഥതത്പരരായി ധനത്തെ ഇച്ഛിക്കുന്നവരാകുന്നു. ദാനംചെയ്യുന്നവരും ഇല്ല. ഉണ്ടെങ്കിൽതന്നെയും അവർ സേവാവശഗരായിതീരുന്നു.

485

ധർമഃ പ്രവ്രജിതസ്തപഃ പ്രചലിതം
സത്യം ച ദൂരേ ഗതം
പൃത്ഥ്വീ മന്ദഫലാ നരാഃകപടിന
ശ്ചിത്തം ച ശാഠ്യോർജിതം
രാജാനോർത്ഥപരാ ന രക്ഷണപരാഃ
പുത്രാഃ പിതൃദ്വേഷിണഃ
സാധുഃ സീദതി ദുർജനഃ പ്രഭവതി
പ്രാപ്തേകലൗ ദുര്യുഗേ 12–5

കലിയുഗത്തിൽ ധർമ്മം നാടുവിട്ടുപോകുന്നു; തപസ്സ് ചഞ്ചലമാകുന്നു; സത്യം ദൂരത്താകുന്നു; ഭൂമി വിഫലമായിത്തീരുന്നു; മനുഷ്യർ കുടിലഹൃദയരും അവരുടെ മനസ്സ് ശാഠ്യോന്മുഖവുമായിത്തീരുന്നു; ഭരണാധികാരികൾ പ്രജാസംരക്ഷണമെന്നതിനേക്കാൾ ധനാർജനത്തിൽ തത്പരരാകുന്നു; പുത്രന്മാർ പിതാക്കളെ ദ്വേഷിക്കയും നല്ലവർ ദുഃഖിക്കയും ദുർജനം ആനന്ദിക്കുകയും ചെയ്യുന്നു.

486

വൈകല്യം ധരണീപാതമയഥോചിതജല്പനം
സന്നിപാതസ്യ ചിഹ്നാനി മദ്യം സർവാണി
ദർശയേത് 12–6

അവശതയും നിലംപതിക്കലും വിവരമില്ലാത്ത സംസാരവും മദ്യപന്മാർക്കും സന്നിപാതത്തിനും ഒരുപോലെയുള്ള ലക്ഷണങ്ങളാകുന്നു.

487

അയുക്തം ബഹുഭാഷന്തേ യത്രകുത്രാപി ശേരതേ
നഗ്നാ വിക്ഷിപ്യ ഗാത്രാണി
ബാലകാ ഇവ മദ്യപാ: 12-7

മദ്യപന്മാർ അസഭ്യം വളരെ പറയും. കുട്ടികളെപ്പോലെ അവയവങ്ങൾ വെളിയിൽ കാണിച്ചുകൊണ്ടു നഗ്നരായിട്ടു, എവിടെയെങ്കിലും കിടക്കുകയും ചെയ്യും.

488

നികടസ്ഥം ദഹത്യഗ്നിർന തു ദൂരവിസർപ്പിതം
കുലം ദഹതി രാജാഗ്നി:
സപശുദ്രവ്യബാന്ധവം 12-13

അഗ്നി അടുത്തുള്ളതിനെയല്ലാതെ ദൂരത്തുള്ളതിനെ ദഹിപ്പിക്കുന്നില്ല. രാജാവാകുന്ന അഗ്നി മൃഗങ്ങൾ, സമ്പത്തു, ബന്ധുക്കൾ എന്നിവയടക്കം കുലത്തെ തന്നെ നശിപ്പിക്കുന്നു.

489

സുലഭാ: പുരുഷാ രാജൻ സതതം പ്രിയവാദിന:
അപ്രിയസ്യ ച പഥ്യസ്യ വക്താ
ശ്രോതാ ച ദുർല്ലഭ: 12-24

അല്ലയൊ രാജാവെ, എപ്പോഴും സ്തുതിപറഞ്ഞുനടക്കുന്ന ആളുകൾ ധാരാളമുണ്ട്. ഇഷ്ടമില്ലാത്തതും എന്നാൽ ഉപകാരപ്രദവുമായ കാര്യങ്ങൾ പറയുന്നവരും കേൾക്കുന്നവരും വളരെ ചുരുക്കമാണ്.

490

ആത്മാനം പ്രഥമം രാജാ വിനയേ
നോപപാദയേത്
തതോമാത്യാംസ്തതോ ഭൃത്യാംസ്തതഃ
പുത്രാംസ്തതഃ പ്രജാ: 12-25

രാജാവ് ആദ്യമായി തന്നെത്തന്നെയും, അനന്തരം മന്ത്രിമാരേയും പിന്നീട് ഉദ്യോഗസ്ഥന്മാരേയും അതിനുശേഷം പുത്രന്മാരേയും അവസാനം പ്രജകളേയും വിനയംകൊണ്ട് സംസ്ക്കരിക്കട്ടെ.

491

പ്രത്യഹം പ്രത്യവേക്ഷേത
നരശ്ചരിതമാത്മന:
കിം നു മേ പശുഭിസ്തുല്യം
കിം നു സത്പുരുഷൈരിതി 12–26

തന്റെ പ്രവർത്തനരീതി മൃഗങ്ങളുടേതിനോടാണോ സജ്ജനങ്ങളുടെതിനോടാണോ സദൃശം എന്ന് മനുഷ്യൻ ഓരോ ദിവസവും പരിശോധിക്കണം.

492

വൃഥാ വൃഷ്ടിഃ സമുദ്രേഷു
വൃഥാ തൃപ്തസ്യ ഭോജനം
വൃഥാ ദാനം സമർഥസ്യ വൃഥാ ദീപോ
ദിവാപി ച 12–29

സമുദ്രത്തിൽ മഴപെയ്യുന്നതും ഉണ്ടു തൃപ്തനായവന് ഭക്ഷണം കൊടുക്കുന്നതും, ജോലി ചെയ്യുവാൻ കഴിവുള്ളവനു ദാനംചെയ്യുന്നതും പകൽ സമയത്തു വിളക്കുകൊളുത്തുന്നതും വൃഥാവിലാകുന്നു.

493

അർത്ഥനാശം മനസ്താപം ഗൃഹേ
ദുശ്ചരിതാനി ച
വഞ്ചനം ചാപമാനം ച മതിമാൻ ന
പ്രകാശയേത്. 12-30

അർത്ഥനാശവും മന:ക്ലേശവും കുടുംബകലഹവും പററിയ വഞ്ചനയും മാനഹാനിയും ബുദ്ധിയുള്ളവൻ പുറത്തുപറയാതെ കഴിച്ചുകൂട്ടണം.

494

അനായകേ ന വസ്തവ്യം ന വസേദ് ബഹുനായകേ
സ്ത്രീനായകേ ന വസ്തവ്യം ന വസേദ്
ബാലനായകേ 12–32

നായകനില്ലാത്തിടത്തും അനേകം നായകന്മാരുള്ളിടത്തും സ്ത്രീ നായികയായിരിക്കുന്ന ദിക്കിലും നായകൻ ബാലകനായിരിക്കുന്നിടത്തും ഒരുനാളും വസിക്കരുത്

495

ധന്യാസ്തേ യേ സ്വാത്മനി സ്യുർദരിദ്രാ-
സ്തേഷാം നൂനം വിദ്യതേ സ്വർഗരാജ്യം
ശോകാർത്താ യേ തേപി ധന്യാ ഭവേയുർ
യല്ലപ്സ്യന്തേ സാന്ത്വനം ശാന്തിദായി. 17-2

യഥാർത്ഥത്തിൽ ദരിദ്രരായിരിക്കുന്നവർ ഭാഗ്യവാന്മാരാകുന്നു. സ്വർഗ്ഗരാജ്യം അവരുടേതാകുന്നു. വിലപിക്കുന്നവരും ഭാഗ്യവാന്മാർ– എന്തെന്നാൽ അവർക്കു സമാധാനവും ആശ്വാസവും ലഭിക്കും.

496

ധന്യാ നൂനം സൗമ്യശീലാ യതസ്തേ
ലപ്സ്യന്തേ ദായാംശവദ്ഭൂതധാത്രീം
ധർമാദ്ധേതോഃ ക്ഷുത്പിപാസേ ച യേഷാം
ധന്യാസ്തേ സംതൃപ്തിമാപ്സ്യന്തി
ധീരാ: 17-3

സാമ്യശീലമുള്ളവർ ഭാഗ്യവന്മാരാകുന്നു. എന്തെന്നാൽ അവർക്കു ഭൂമി അവകാശമായി ലഭിക്കും. നീതിക്കുവേണ്ടി വിശപ്പും ദാഹവുമനുഭവിക്കുന്നവർ ഭാഗ്യവാന്മാരാകുന്നു. ധീരന്മാരായ അവർ സംതൃപ്തരാകും.

497

ധന്യാ: കാരുണ്യാർദ്രശീലാശ്ച യേ സ്യുർ
ലപ്സ്യന്തേ തേ പുണ്യകാരുണ്യദാനം
യേഷാമസ്തി സ്വീയചിത്തേ വിശുദ്ധിർ
ധന്യാസ്തേ ദ്രക്ഷ്യന്തി സർവേശ്വരം തം 17-4

കരുണയുള്ളവർ ഭാഗ്യവന്മാരാണ്. എന്തെന്നാൽ അവർക്കു കാരുണ്യമെന്ന ദാനം ലഭിക്കും. ഹൃദയവിശുദ്ധിയുള്ളവരും ഭാഗ്യവന്മാർ. അവർ ഈശ്വരനെ കാണും.

498

സന്ധാതാരശ്ചാപി ധന്യാ യതസ്താൻ
സർവേ ശംസിഷ്യന്തി സർവേശപുത്രാൻ

ധന്യാസ്തേ യേ പീഡിതാ ധർമഹേതോ-
സ്തേഷാം നൂനം വിദ്യതേ സ്വർഗരാജ്യം 17-5

സമാധാനമുളവാക്കുന്നവർ ഭാഗ്യവന്മാർ, കാരണം അങ്ങനെയുള്ളവരെ ദൈവസുതരെന്ന് ഏവരും വിളിക്കും. നീതിക്കുവേണ്ടി പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവന്മാർ– അങ്ങനെയുള്ളവർക്കുള്ളതാണ് ദൈവരാജ്യം.

499

ധന്യാ യൂയം യന്മദർഥേ മനുഷ്യാ
യുഷ്മാംസ്തേ നിന്ദന്തി വാ പീഡയന്തി
ഭാഷന്തേ വാ ദുഷ്പ്രവാദം യദൈതേ
മോദധ്വം യൂയം തദാ ഹ്ളാദവന്ത: 17-6

മനുഷ്യർ ഞാൻ നിമിത്തം, നിങ്ങളെ നിന്ദിക്കുകയും, പീഡിപ്പിക്കുകയും, നിങ്ങൾക്കെതിരായി എല്ലാത്തരത്തിലുമുള്ള ദൂഷണം പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവന്മാരാണ്. അപ്പോൾ നിങ്ങൾ സന്തോഷിക്കയും സന്തുഷ്ടരായിരിക്കുകയും ചെയ്യുക.

500

യൂയം പൃഥിവ്യാ ലവണം സുരുച്യം
വിസ്വാദുകം തത്ഖലു ജായതേ ചേത്
കേനാപ്യുപായേന കരിഷ്യതേ തത്
സുസ്വാദുയുക്തം തദുപേക്ഷണീയം. 17-7

നിങ്ങൾ ഭൂമിയുടെ നല്ല ഉപ്പാകുന്നു. ഉപ്പിൻെറ ഉറകെട്ടുപോയാൽ അത് ഉറയുള്ളതാക്കി തീർക്കുന്നതിന് എന്തുമാർഗമാണുള്ളത്? അതു പുറത്തുകളയേണ്ടിവരും.

501

മാ കാർഷീസ്ത്വം വ്യഭിചരണമിത്യേവ
മുക്തം പുരാണൈർ
യുഷ്മാഭിസ്തദ്വിദിതമധുനാഹം
ത്വ യുഷ്മാൻ ബ്രവീമി

യ: കശ്ചിൻമൻമഥരസദൃശാ
യോഷിതം വീക്ഷതേ ചേ
ച്ചിത്തേ നൂനം സപദി കൃതവാൻ
പാരദാര്യം സ തസ്യാം 17-19

പൂർവികന്മാർ പണ്ടു പറഞ്ഞിട്ടുണ്ട്, നീ വ്യഭിചാരം ചെയ്യരുതെന്ന്. നിങ്ങൾ അതറിയുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇപ്പോൾ ഞാൻ പറയുന്നു, ആരെല്ലാം കാമവികാരത്തോടുകൂടി ഒരു സ്ത്രീയെ നോക്കുന്നുവോ അവൻ ആ സ്ത്രീയുമായി മനസാ വ്യഭിചാരം ചെയ്തുകഴിഞ്ഞു—എന്ന്.

502

സ്വദക്ഷിണാക്ഷി ധ്രുവമേനസേ ഹി ചേദ്
ഭവേത്തദുത്പാട്യ വിദൂരത: ക്ഷിപ
ഹിതം തവൈകാംഗവിനാശനം പരം
ന നാരകേ കൃത്സ്നശരീരപാതനം 17-20

നിന്റെ വലതുകണ്ണു നിനക്കു പാപകാരണമാകുന്നെങ്കിൽ അതു ചൂഴ്ന്നെടുത്തു വലിച്ചെറിഞ്ഞു കളയുക. പൂർണ്ണശരീരത്തോടുകൂടി നരകത്തിൽ നിപതിക്കുന്നതിലും മെച്ചം നിന്റെ അവയവങ്ങളിൽ ഒന്നു നഷ്ടമാകുന്നതാണ്.

503

ബ്രവീമ്യഹം തു യുഷ്മാൻ യദ്യൂയം
സ്നിഹ്യത ശത്രുഷു
പ്രാർഥയധ്വം ച യുഷ്മാകം
പീഡകാനാം കൃതേ സദാ 17-33

എന്നാൽ ഞാൻ പറയുന്നു 'നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുക' നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി സദാ പ്രാർത്ഥിക്കുക.

504

പ്രേമകാരിഷു യത് പ്രേമ കൃതം തന്നാഭിനന്ദ്യതേ
കിം ശുല്കാദായിനശ്ചാപി ന
കുർവന്തി തദേവ ഹി 17-35

നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിക്കുന്നെങ്കിൽ അതത്ര വലിയ കാര്യമൊന്നുമല്ല. ചുങ്കക്കാർപോലും അങ്ങനെ ചെയ്യുന്നില്ലേ ?

505

അഭിവാദയസേ ത്വം ചേത്

സ്വഭ്രാതൃനിഹ കേവലം

കോ വാ വിശേഷ: കുർവന്തി വിജാതീയാശ്ച

തന്ന കിം. 17–36

നീ നിൻെറ സഹോദരങ്ങളെ മാത്രം അഭിവാദനം ചെയ്യുന്നെങ്കിൽ അതിൽ പ്രത്യേകത വല്ലതുമുണ്ടോ? പുറജാതിക്കാരും അതു ചെയ്യുന്നുണ്ടല്ലൊ

506

യഥാ പിതാ വ: സ്വർഗസ്ഥ: പരിപൂർണോ

വിരാജതേ

തഥൈവ പുത്രകാ യൂയം ലഭധ്വം

പരിപൂർണതാം. 17–37

സ്വർഗ്ഗസ്ഥിതനായ നിങ്ങളുടെ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ, പുത്രന്മാരായിരിക്കുന്ന നിങ്ങളും പൂർണ്ണത പ്രാപിക്കണം.

507

ഭിക്ഷാ ത്വയാ ദക്ഷിണഹസ്തദത്താ

മാ ജ്ഞായതാം വാമകരേണ തേ സാ

ദാനസ്യ ചൈവം നിഭൃതം കൃതസ്യ

പിതാ ഫലം ദാസ്യതി ഗുപ്തദർശീ. 17-40

നിൻെറ വലതു കൈകൊണ്ടു നല്കപ്പെട്ട ദാനം ഇടതു കൈ അറിയരുത്. ഇങ്ങനെ രഹസ്യത്തിൽ നല്കപ്പെട്ട ദാനത്തെ രഹസ്യമായി ദർശിക്കുന്ന പിതാവ് നിനക്ക് പ്രതിഫലം നല്കുന്നതാണ്.

508

അപരാധാൻ മനുഷ്യാണാം യദി

യൂയം ഹി മൃഷ്യഥ

മർഷിഷ്യതി സ യുഷ്മാകമപി സ്വർഗ്ഗ

സ്ഥിത: പിതാ. 17-48

നിങ്ങൾ മററുള്ളവരുടെ കുററവും കുറവുകളും ക്ഷമിക്കുമെങ്കിൽ, സ്വർഗ്ഗത്തിൽ ഉള്ള നിങ്ങളുടെ പിതാവ് നിങ്ങളുടേതും ക്ഷമിക്കുന്നതാണ്.

509

യൂയം മാ സഞ്ചിനുത നിധിമാത്മാർത്ഥ
മുർവ്യാം ഹി യസ്മാത്
കീടാദ്യാസ്തം ക്ഷയമുപനയന്ത്യത്ര
മുഷ്ണന്തി ചൌരാ:
സ്വർഗ്ഗേ താൻ സഞ്ചിനുത വിഭവാൻ
യേ ഹി നൈർന്ന് ഹ്രിയന്തേ
വിത്തം യസ്മിൻ ഭവതി ഭുവനേ
തത്ര ചിത്തം ച വ: സ്യാത് 17–52

നിങ്ങൾ ഭൂമിയിൽ സമ്പത്തു കൂട്ടിവയ്ക്കരുത്. കാരണം കീടാദികൾ അവയെ നശിപ്പിക്കയും, മോഷ്ടാക്കൾ അവ അപഹരിക്കയും ചെയ്യും. നിങ്ങളുടെ ധനം സ്വർഗ്ഗത്തിൽ ആയിരിക്കട്ടെ. എന്തെന്നാൽ ഇവയൊന്നും അവിടെ അവ നശിപ്പിക്കയില്ല. നിൻെറ സമ്പത്തു എവിടെയൊ ആ ലോകത്തായിരിക്കും നിൻെറ ഹൃദയവും.

510

അശക്യം സേവനം കർത്തും കേനാപി
സ്വാമിനോർദ്വയോ:
ദ്വേഷ്ടേ്യകം സ പുന: സ്നിഹ്യത്യ
പരസ്മിംശ്ച നിശ്ചിതം. 18-4

ഒരേസമയത്തു രണ്ടേജമാനന്മാരെ സേവിക്കുവാൻ ഒരുത്തർക്കും സാധ്യമല്ല. ഒന്നുകിൽ ഒരാളെ ദ്വേഷിക്കുകയും ഇതരനെ സ്നേഹിക്കുകയും ചെയ്യുമെന്നുള്ളതു തീർച്ചയാണ്.

511

സ ഏകസ്മിൻ രജ്യതേ ചേദപരസ്മാദ്വിരജ്യതേ
ദുഷ്കരം യുഗപദ്ദാസ്യമീശ്വരസ്യ
ധനസ്യ ച. 18–5

മറിച്ച് അവൻ ഒരുവനെ സ്നേഹിക്കുന്നെങ്കിൽ ഇതരനെ ദ്വേഷിക്കും. ദൈവത്തെയും സമ്പത്തിനെയും ഒരേസമയത്തു സേവിക്കുക സാധ്യമല്ല.

512

ഭക്ഷിഷ്യാമോ വയം കിംവാ
കിംവാ പാസ്യാമ ഇത്യപി

വിചിന്ത്യൈവം പ്രാണഹേതോർ
മാ ഭൂതോത്കുണ്ഠിതാ: സ്വയം 18-6

നിങ്ങളുടെ ജീവനെ സംബന്ധിച്ച്, എന്തു ഭക്ഷിക്കും, എന്തു കുടിക്കും എന്നിങ്ങനെ ചിന്തിച്ച് ആകുലരാകരുത്.

513

കിം വസിഷ്യാമഹേ താവദിതി ശാരീരചിന്തയാ
കിം പ്രാണാ ന പരേ ഭക്ഷ്യാത് കിം
ശരീരം ന വാസസ: 18-7

ഞാൻ എന്തുടുക്കും എന്ന് ശരീരത്തെക്കുറിച്ചും നീ വിഷമിക്കരുതു. ജീവൻ ഭക്ഷണത്തെക്കാൾ ശ്രേഷ്ഠമല്ലേ? ശരീരം വസ്ത്രത്തേക്കാളും?

514

നഭശ്ചരാൻ നിരീക്ഷധ്വം
പക്ഷിണോ നോപ്യതേ ഹി തൈ:
ന കൃത്യതേ കുസൂലേഷു
ന ച സഞ്ചീയതേ ഗൃഹേ. 18-8

ആകാശപ്പറവകളെ നോക്കുക. അവ വിതക്കുന്നില്ല, കൊയ്യുന്നില്ല, വീട്ടിലെ കളപ്പുരകളിൽ ശേഖരിച്ചുവക്കുന്നുമില്ലല്ലോ.

515

യൂയം തു മാ കുരുത ദോഷവിചാരണാം യത്
കാര്യേത നോ ഖലു തയൈവ വിചാരണാ വ:
മാനേന യേന പരദോഷഗുണൌ മിമീധ്വേ
മായിഷ്യതേ ദൃഢമനേന ച യുഷ്മദർഥം 18-16

മററുള്ളവരെ വിധിക്കരുത്, അതേ മാനദണ്ഡംവച്ച് വിധിക്കപ്പെടാതിരിക്കുന്നതിന്. ഏതൊരു തോതുവച്ച് അന്യരുടെ ഗുണങ്ങളും തെററുകളും നീ വിധിക്കുന്നുവൊ, അതെ തോതുവച്ച് നീയും വിധിക്കപ്പെടും.

516

കുതസ്ത്വം ഭ്രാതൃചക്ഷു:സ്ഥം
കണം സൂക്ഷ്മം നിരീക്ഷസേ

ത്വച്ചക്ഷുഷി സ്ഥിതം കിന്തു
കാഷ്ഠം സ്ഥൂലം ന പശ്യസി 18–17

നീ നിൻെറ സഹോദരൻെറ കണ്ണിലുള്ള കരട് കാണുകയും, നിൻെറ സ്വന്തം കണ്ണിലുള്ള തടിക്കഷണം കാണാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്?

517

യാചധ്വം തേന യുഷ്മഭ്യം ദാസ്യതേ തദസംശയം
അന്വിച്ഛത തതസ്തേന
നൂനമാസാദയിഷ്യഥ. 18–20

നീ ചോദിക്കുക. അപ്പോൾ നിനക്കു ലഭിക്കും, അതിൽ സംശയിക്കണ്ട. അന്വേഷിക്കുക. നീ തീർച്ചയായും കണ്ടെത്തും.

518

ദ്വാരം താഡയതാഭീക്ഷ്ണം തേന
ചോദ്ഘാടയിഷ്യതേ
യോ യാചതേ സ ലഭതേ യോന്വി
ച്ഛതി സ ചാപ്സ്യതി. 18–21

കതകിൽ വീണ്ടും വീണ്ടും മുട്ടുക, അപ്പോൾ തുറന്നുകിട്ടും. ആരെല്ലാം ചോദിക്കുന്നുവൊ അവർക്കെല്ലാം ലഭിക്കും. ആരെല്ലാം അന്വേഷിക്കുന്നുവൊ അവരെല്ലാം കണ്ടെത്തും.

519

സർവസ്മിൻ വിഷയേ മർത്യൈര്യുഷ്മാൻ
പ്രതി യഥാ സദാ
ക്രിയമാണം സമീഹധ്വേ തഥാ
കുരുത താൻ പ്രതി. 18–24

ഏതുകാര്യത്തിലും മററു മനുഷ്യർ നിന്നോട് എങ്ങനെ വർത്തിക്കണമെന്നാഗ്രഹിക്കുന്നുവൊ, അതെ വിധം നീ അവരോട് വർത്തിക്കുക.

520

ദ്വാരേണ സങ്കടേനൈവ വിശതാന്തരശങ്കിതം
വിനാശം നീയതേ യേന വിശാലം
ഗോപുരം ഹി തത്. 18–26

യാതൊരു ശങ്കയും കൂടാതെ ഇടുങ്ങിയ വാതിലിൽക്കൂടി പ്രവേശിക്കുക. നാശത്തിലേക്കു നയിക്കുന്നവാതിൽ എപ്പോഴും വിസ്താരമുള്ളതാണ്.

521

ഏവം സുതരവ: സർവേ ഫലന്തി മഹിതം ഫലം
കുവൃക്ഷാ: കുഫലാന്യേതേ പ്രതീപം
ശക്നുവന്തി നോ. 18–31

നല്ലവൃക്ഷങ്ങൾ അങ്ങനെ നല്ല ഫലങ്ങൾ കായ്ക്കുന്നു. ചീത്തമരങ്ങളാകട്ടെ ചീത്തപഴങ്ങളും. അവക്കു മറിച്ചാകാൻ സാധ്യമല്ല.

522

യേന നോത്പദ്യതേ സുഷ്ഠുഫലം
വൃക്ഷസ്തു താദൃശ:
ഉഛിദ്യ ക്ഷിപ്യതേ വഹ്നൗ പ്രമാണം
തത്ര തത്ഫലം 18–32

നല്ല ഫലം കായ്ക്കാത്ത വൃക്ഷമെല്ലാം മുറിച്ച് അഗ്നിയിൽ ഇടപ്പെടും. ഫലമനുസരിച്ച് അവ വിധിക്കപ്പെടുകയും ചെയ്യും.

523

അല്പിഷ്ഠാനാം മമൈതേഷാമേകം
പ്രതി ന ചക്ര തത്
യാവത്താവന്ന ചാകാർഷ്ട യൂയം
മാം പ്രതി കേവലം 26–65

നിസ്സാരരായ എൻെറ ഈ ജനത്തോട് നിങ്ങൾ ചെയ്യാതിരുന്നത് എനിക്കു ചെയ്യാതിരുന്നതായി ഞാൻ കരുതുന്നു.

524

സോഹം വശ്ചരണാനാം പ്രക്ഷാളനം
കൃതവാൻ യദി
യുഷ്മാഭിസ്തർഹി കർത്തവ്യം
ക്ഷാളനം ച പരസ്പരം 27–23

ഈ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും നിങ്ങളുടെ പാദങ്ങൾ പരസ്പരം കഴുകണം.

525

പ്രഭോർമഹത്തരോ നാസ്തി ദാസഃ
പ്രേഷിതപുരുഷഃ
മഹത്തരഃ പ്രേഷകാന്ന ജാനീഥാ
ചരതോചിതം. 27–24

യജമാനനേക്കാരം വലിയ ഭൃത്യനില്ല. അയക്കുന്നവനേക്കാരം വലിയവനല്ല അയക്കപ്പെടുന്നവൻ. ഇതു മനസിലാക്കി പ്രവർത്തിക്കുക.

526

ആജ്ഞാം ച നൂതനാമേകാം
യുഷ്മഭ്യം പ്രദദാമ്യഹം
കുരുധ്വം സർവദാ യൂയം
ഭ്രാതൃപ്രേമ പരസ്പരം 27–33

നിങ്ങരംക്കു ഞാനൊരു പുതിയ കല്പന നല്കുന്നു. നിങ്ങരം പരസ്പരം സഹോദരസ്നേഹത്തോടെ വർത്തിക്കുക.

527

യദി യൂയം സദാ പ്രേമ കരിഷ്യഥ പരസ്പരം
ജ്ഞാസ്യന്തി തർഹി സർവേപി യൂയം
ശിഷ്യാ മമേതി യത് 27–39

നിങ്ങരം പരസ്പരം സ്നേഹിക്കുന്നെങ്കിൽ, നിങ്ങരം എന്റെ ശിഷ്യരാണെന്ന് ഏവരും അറിയും.

528

ഹിതായ നിജമിത്രാണാം പ്രാണത്യാഗാന്മഹത്തരം
പ്രേമ നാസ്തി വിധേയാ മേ
യൂയം മിത്രാണി മേ ഭുവി 27–54

സ്വന്തജീവനെ സ്വസ്നേഹിതനുവേണ്ടി അർപ്പിക്കുന്നതിലും വലിയ സ്നേഹമില്ല. എന്നെ അനുസരിക്കുന്നവരായ നിങ്ങരം ഈ ഭൂമിയിൽ എന്റെ സ്നേഹിതരാകുന്നു.

529

ക്രുശമാരോപിതോ യേശുർ
യയാചേ 'താത! മർഷയ

തേഷാം ദോഷാൻ ന ജാനന്തി
യത്തേ കുർവന്ത്യവിദ്യയാ' 31-30

കുരിശിൽ തറക്കപ്പെട്ട ഈശോനാഥൻ ഇങ്ങനെ പ്രാർത്ഥിച്ചു. 'പിതാവെ! അവരുടെ അപരാധം അവരോട് ക്ഷമിക്കണമെ. എന്തെന്നാൽ അവരുടെ അജ്ഞത നിമിത്തം എന്താണ് ചെയ്യുന്നതെന്ന് അവർ അറിയുന്നില്ല.'

## മേഘസന്ദേശം

530

അവ്യാപന്ന: കുശലമബലേ
പൃഛതി ത്വാം വിയുക്ത:
പൂർവാഭാഷ്യം സുലഭവിപദാം
പ്രാണിനാമേതദേവ. 2-38

നിന്നിൽ നിന്നും വേർപിരിഞ്ഞു, ഇപ്പോഴും ജീവിച്ചിരിക്കുന്ന ഈയുള്ളവൻ ഭവതിയുടെ സുഖവർത്തമാനങ്ങൾ അന്വേഷിക്കുന്നു. നാനാതരത്തിലുള്ള വിപത്തുകൾക്കു വിധേയരായ മനുഷ്യരെ സംബന്ധിച്ച് ആദ്യമെ തിരക്കേണ്ടതു ഇതാണല്ലൊ.

## കുമാരസംഭവം

531

ജഗദ്യോനിരയോനിസ്ത്വം
ജഗദന്തോ നിരന്തക:
ജഗദാദിരനാദിസ്ത്വം
ജഗദീശോ നിരീശ്വര: 2/9

ഈ പ്രപഞ്ചത്തിന്റെ ആദികാരണമായ അങ്ങ് കാരണമില്ലാത്തവനാണ്. പ്രപഞ്ചത്തിന്റെ അന്ത്യമാകുന്ന അവിടത്തെക്കു അവസാനമില്ല. ഈ ലോകത്തിന്റെ ആരംഭം അങ്ങിൽനിന്നാണ്, എന്നാൽ അങ്ങ് ആരംഭരഹിതനാണ്. പ്രപഞ്ചത്തിന്റെ സർവാധിപതിയായിരിക്കുന്ന അങ്ങ് നിരീശ്വരനാണ്

532

ഏകൈവ മൂർതിർബിഭിദേ ത്രിധാ സാ
സാമാന്യമേഷാം പ്രഥമാവരത്വം

വിഷ്ണോർഹരസ്തസ്യ ഹരി: കദാചി-
ദേധാസ്തയോസ്താവപി ധാതുരാദ്യൗ 7/44

ഈശ്വരൻ ഏകനാണ്; എന്നാൽ ഈശ്വരനിൽ മൂന്നാളുകളുണ്ടു. ഈ മൂവർക്കും മൂപ്പും ഇളമയും ഒരുപോലെയാണ്. ചിലപ്പോൾ വിഷ്ണുവിനേക്കാൾ ശിവനാണ് ആദ്യൻ. ചിലപ്പോൾ ശിവനേക്കാൾ വിഷ്ണുവും, ചിലപ്പോൾ ബ്രഹ്മാവാണു ഇവരിരുവരെയുംകാൾ ആദ്യൻ. ചിലപ്പോൾ ഇവരിരുവരും ബ്രഹ്മാവിനേക്കാൾ ആദ്യരാണ്.

## ശ്ലോകസംഗ്രഹം

533

ദേവസിദ്ധിരയം ലോക: ദേവോദൃശ്യ: കദാചന
ദൈവം തു കാരണം വിദ്യാത്
കാര്യം ലോകം ച നിശ്ചയം (3)

ഈ ലോകത്തിന്റെ ഉദ്ഭവം ഈശ്വരനിൽനിന്നുമാണ്. ഈശ്വരനെ കാണുവാൻ ഒരിക്കലും സാധ്യമല്ല. ലോകത്തിന്റെ സ്രഷ്ടാവ് ഈശ്വരനും ലോകം സൃഷ്ടിയുമാണെന്നുള്ളതു തീർച്ചയാണു.

534

ഏകോ ദേവോ ലോകസൃഷ്ട്യാ
മഹിമാ തസ്യ ജ്ഞായതേ
സൃഷ്ടിസ്തു ജാതാ ഏകസ്മാ-
ദ്ദേവാദന്യൈർന്ന സാ തഥാ. (7)

ദൈവം ഏകനാണ്. അവിടത്തെ മഹത്വം ലോകസൃഷ്ടിയാൽ അറിയപ്പെടുന്നു. സൃഷ്ടവസ്തുക്കൾ ഏക ദൈവത്താൽ ഉണ്ടായതാണ്. മററൊന്നിനാലല്ല. തീർച്ച.

535

അദ്വതം നിശ്ചയം ദേവം
അനാദിം നിത്യമേവ ച
നാമരൂപക്രിയാഹീനം
ദേവരാഢിതി തം ഭവേത്. (12)

അത്യുന്നതനായ ദൈവം ഏകനാണു. അദ്ദേഹം ആരംഭമില്ലാത്തവനും നിത്യനുമാണ്. ദൈവത്തിനു നാമമാകട്ടെ, രൂപമാകട്ടെ ശരീരക്രിയകളാകട്ടെ ഇല്ല.

536

സൃഷ്ടിസ്ഥിതിലയസ്യൈകം
പുണ്യദം പാപനാശകം
മാനദം സിദ്ധിദം മോക്ഷം
നരകപ്രദകാരണം (14)

സൃഷ്ടിസ്ഥിതിലയകാരണം ഏകനായ ദൈവമാണ്. അവിടന്നാണ് പുണ്യം നല്കുന്നതും, പാപം ഇല്ലാതാക്കുന്നതും, പ്രതിസമ്മാനം നല്കുന്നതും മോക്ഷമേകുന്നതും നരകം കല്പിക്കുന്നതും.

537

ഏകോ ദേവോധിപോ ഹ്യേക:
കൃതാകൃതവിചാരക:
പുണ്യപാപകൃതേ ലോകേ
മോക്ഷദോ നരകപ്രദ: (15)

ഈശ്വരൻ ഏകനാണു. ഏകാധിപതിയായ അവിടന്നാണ് സുകൃതങ്ങളേയും തെററുകളെയും വിചാരണ ചെയ്യുന്നതും, പുണ്യവും പാപവും ചെയ്തവർക്കു മോക്ഷവും നരകവും കല്പിക്കുന്നതും.

538

ആദേസ്തു കാരണം നാസ്തി
പരാധീനശ്ച ന സർവഥാ
ആദിദേവ: സ്വയംസിദ്ധ:
സർവേഷാന്തു സ്വയംപ്രഭു: (16)

ആദ്യനായ ദൈവത്തിനു സൃഷ്ടികർത്താവില്ല. അദ്ദേഹം ഒരിക്കലും അന്യാധീനനുമല്ല. ദൈവം സ്വയംഭൂവും സർവത്തിൻെറയും കർത്താവുമാകുന്നു.

539

കാലത്രയേ മിതിർനാസ്തി
ആദ്യന്ത തസ്യ ന മൃതിഃജനനം

നാസ്തി തസ്മാച്ച നിത്യം
വിദ്യാദവിചക്ഷണ: (17)

ദൈവം കാലത്രയങ്ങൾക്കു അധീനനല്ല. ആദിയാകട്ടെ അന്ത്യമാകട്ടെ, ജനനമാകട്ടെ മരണമാകട്ടെ അവനില്ല തന്മൂലം ഈശ്വരൻ നിത്യനാണെന്ന് ബുദ്ധിമാൻ ഗ്രഹിച്ചിരിക്കേണ്ടതാണ്.

540

നിരംജനോ നിരാകാര: അരൂപോദൃശ്യ ഏവ ച
നിർഗുണോ നിഷ്കളങ്കസ്സ്യാദഖണ്ഡ:
സകലേശ്വര: (20)

ഈശ്വരൻ നിർമ്മലനും, നിരാകാരനും, അരൂപിയും, അദൃശ്യനും, നിർഗുണനും നിഷ്ക്കളങ്കനും അഖണ്ഡനുമായിരിക്കണം.

541

സർവവ്യാപീ സ്ഥലേനാപി
മിതിർനാസ്തി വിഭുസ്തഥാ
ഊർധ്വാധോമദ്ധ്യലോകേഷു
വർതതേ പരിപൂർണവാൻ. 21

സർവവ്യാപിയായിരിക്കുന്ന ദൈവം സ്ഥലംകൊണ്ടുപോലും അതിർത്തിയില്ലാത്ത സർവാധിപതിയായി സ്ഥിതി ചെയ്യുന്നു. തന്നിമിത്തം മൂന്നുലോകങ്ങളിലും പരിപൂർണ്ണനായി സ്ഥിതി ചെയ്യുന്നു.

542

സർവദൃഷ്ടസ്സർവശ്രോത
സ്സർവകർതാ ച രക്ഷക:
സർവജ്ഞ: സർവബോധശ്ച
സർവേഷാം സർവദ: പിതാ 23

ഈശ്വരൻ എല്ലാം കാണുന്നവനും കേൾക്കുന്നവനും, സർവത്തിന്റെയും കർത്താവും രക്ഷകനും, സർവവും അറിയുന്നവനും, ഗ്രഹിക്കുന്നവനും, ഏവർക്കും എല്ലാം കൊടുക്കുന്ന പിതാവുമാകുന്നു.

543

നിത്യമേകം വിദേദ്ദേവം
സർവം ധൂമാത്മകം ജഗത്

കാര്യരൂപം ജഗന്നാശ്യം
കാരണന്തു ന നശ്യതേ. 28

ഈശ്വരൻ നിത്യനും ഏകനുമായിരിക്കുന്നു എന്നും, ഈ ലോകം പുകപോലെയുള്ളതും, ഉണ്ടാക്കപ്പെട്ടതും, തന്മൂലം നശിക്കുന്നതുമാണെന്നും, കാരണകർത്താവായ ഈശ്വരൻ നാശമില്ലാത്തവനാണെന്നും അറിയുക.

544

ജീവാത്മരൂപം വിജ്ഞാനം
രത്നനിക്ഷേപതോ വരം
സൂര്യാച്ച സർവജഗതസ്തസ്മാത്
ജ്ഞാനം വിശിഷ്ഠതേ. 35

ആത്മാവ് ജ്ഞാനസ്വരൂപിയാണ്. അതു രത്നത്തേയും നിക്ഷേപത്തേയും, സൂര്യനേയും, സർവ ലോകത്തേയും കാൾ ശ്രേഷ്ഠമാണ്. അതിനാൽ ജ്ഞാനസ്വരൂപം മുഖ്യമായതാകുന്നു.

545

സ്വതന്ത്രരൂപോ ജീവാത്മാ
സ്വേച്ഛയാ കർമ്മ കുർവതേ
ന ചേത് സ്വതന്ത്രകസ്സോപി
പാപപുണ്യം കഥം ലഭേത്. 36

ജീവാത്മാവ് സ്വാതന്ത്ര്യമുള്ളതാകുന്നു. സ്വന്ത ആഗ്രഹത്താലാണ് അതു പ്രവർത്തിക്കുന്നതു. അതിനു സ്വാതന്ത്ര്യമില്ലാതിരുന്നാൽ, പുണ്യമൊ പാപമൊ ഉണ്ടാകുന്നതു എങ്ങനെയാണ്?

546

നിത്യം മോക്ഷേ സർവസൗഖ്യം
സർവദുഃഖഞ്ച നരകേ
ദ്വിസ്ഥാനം പ്രാപ്യതേ പുംസാം
ജ്ഞാനാജ്ഞാനവിശേഷത: 38

മോക്ഷത്തിൽ സകല സുഖങ്ങളും നരകത്തിൽ സർവ ദു:ഖങ്ങളും നിത്യമായിട്ടുണ്ട്. ഇവ പ്രാപിക്കുന്നതു മനുഷ്യരുടെ ജ്ഞാനത്തിൻെറയും അജ്ഞാനത്തിൻെറയും വിശേഷതയെ ആശ്രയിച്ചിരിക്കും.

547

സർവകാലസ്ഥിതോ ജന്മ
മൃതിവർജിതരൂപിണേ
ജ്ഞാനദൃശ്യൈകരൂപായ
നമോ ദേവായ സർവദാ. 41

എല്ലാക്കാലങ്ങളിലും സ്ഥിതിചെയ്യുന്നവനും, ജനനവും മരണവുമില്ലാത്തവനും, ദിവ്യജ്ഞാനത്താൽ അറിയുന്ന ഏകസ്വരൂപനുമായിരിക്കുന്ന ദൈവത്തിനു എന്നും സ്തുതി.

548

കാരണേന വിനാ കാര്യം സർവഥാ ന ഭവിഷ്യതി
കാരണാജ്ജന്മമരണം പ്രമാണമിതമേവ ച 4

കാരണമില്ലാതെ ഒരു കാര്യവും സംഭവിക്കില്ല. കാരണം കൊണ്ടു മാത്രമാണ് ജനനവും മരണവും, പ്രമാണവും സമ്മതവും ഉണ്ടാകുന്നത്.

549

ദേവലോകദ്വയോർഭേദ: കാര്യകാരണയോരപി
അംഗുല്യശില്പിനോർഭേദോ യഥാ
സത്യസ്തഥൈവ സ: 5

കാര്യവും കാരണവും തമ്മിൽ വ്യത്യാസമുള്ളതുപോലെയും മോതിരവും തട്ടാനും തമ്മിൽ ഭേദമുള്ളതുപോലെയും ലോകവും ദൈവവും തമ്മിൽ ഭേദമുണ്ട് (രണ്ടും ഒന്നല്ല) ഇതു ഒരു സത്യമാണ്.

550

സർവകാലസ്ഥലേ വ്യാപി
സമ്യഗ്ജ്ഞാനമനോഖില:
അനാദ്യന്താധികം ന്യൂനം
നവപൂർവം വിവർജിതം. 13

എല്ലാ കാലങ്ങളിലും സ്ഥലങ്ങളിലും വ്യാപിച്ചിരിക്കുന്നവനും, പൂർണ്ണജ്ഞാനമാനസനും, അനാദിയും, അനന്ത്യനും, ന്യൂനതയും നവത്വവും വാർദ്ധക്യവുമില്ലാത്തവനുമാകുന്നു.

# സുഭാഷിതസുധ

| ഈ പുസ്തകത്തിലെ ക്രമസംഖ്യ | ഉദ്ധൃതഗ്രന്ഥത്തിലെ ക്രമസംഖ്യ | ശ്ലോകസാരം<br>ഉദ്ധൃതഗ്രന്ഥം<br>ഹിതോപദേശം ആമുഖം |
|---|---|---|
| 1 | 3 | വിദ്യാധനസുകൃത സമ്പാദനം |
| 2,3,4 | 4,6,7 | വിദ്യാമഹത്ത്വം |
| 5 | 11 | യൗവനം അപകടം |
| 6,7 | 12,13 | കുപുത്രൻ |
| 8,9 | 17,18 | സുപുത്രൻ |
| 10 | 24 | അലസപുത്രൻ |
| 11 | 25 | കർത്തവ്യബോധം |
| 12,13 | 31,36 | പരിശ്രമശീലം |
| 14 | 38 | മാതാപിതാക്കൾ ശത്രുക്കൾ.... |
| 15 | 40 | മൗനം ഭൂഷണം |
| 16 | 42 | ഉത്കൃഷ്ടസമ്പർക്കം |
| | ഹിതോപദേശം | മിത്രലാഭം |
| 17 | 1 | വിനോദങ്ങൾ |
| 18 | 3 | മൂഢന്മാർക്ക് ഹാ കഷ്ടം! |
| 19 | 4 | ആപത്തിൽ മുൻകരുതൽ |
| 20 | 6 | ഉപാധി നന്നായിരിക്കണം |
| 21 | 7 | സാഹസികത ആവശ്യം |
| 22 | 12 | ഭൂതദയ |
| 23 | 16 | ശരിയായ ദാനം |

| | | |
|---|---|---|
| 24 | 20 | സ്വഭാവം പ്രഥമം |
| 25 | 22 | നന്മയ്ക്കാധാരം |
| 26 | 25 | നിത്യദു:ഖിതന്മാർ |
| 27 | 27 | പാപകാരണംദുരാഗ്രഹം |
| 28 | 32 | മഹത്തുക്കളുടെ ലക്ഷണം |
| 29 | 34 | ഭൂതികാമൻ ഉപേക്ഷിയ്ക്കേണ്ടവ |
| 30 | 35 | നിസ്സാരം സാരമുള്ളത് |
| 31 | 36 | ,, ,, |
| 32 | 39 | സുമിത്രസൗഭാഗ്യം |
| 33 | 44 | പരാർത്ഥ സമർപ്പണം ധന്യം |
| 34 | 56 | ആളെഅറിയാതെവീട്ടിൽ കടത്തരുത് |
| 35 | 59 | അതിഥിപൂജ |
| 36 | 63 | ,, ,, |
| 37 | 66 | സുകൃതം മിത്രം |
| 38 | 67 | മാംസഭക്ഷണം |
| 39 | 70 | മരമില്ലാത്തിടത്ത് ആവണക്ക് മരം |
| 40 | 71 | ലോകമേ തറവാട് |
| 41 | 72 | മിത്രശത്രുക്കൾ |
| 42,43 | 73,75 | യഥാർത്ഥമിത്രാദികൾ |
| 44,45 | 83,84 | ദുർജ്ജനം |
| 46 | 95 | ദുർജ്ജന സജ്ജന ഭേദം |
| 47 | 97 | മിത്രലക്ഷണം |
| 48 | 102 | ദുഷ്ടശിഷ്ടഭേദം |
| 49 | 103 | വിവേകിയായ മനുഷ്യൻ |
| 50 | 105 | ചീത്തനാടു വിടണം |
| 51 | 108 | അതിഥിപൂജ |
| 52 | 119 | സ്ത്രീ സ്വഭാവം |
| 53 | 120 | സ്ത്രീ പുരുഷാകർഷണം |

| | | |
|---|---|---|
| 54 | 122 | സ്ത്രീ അസ്വാതന്ത്ര |
| 55,56,57 | 123,127,129 | ധനത്തിന്റെ കഴിവ് |
| 58 | 133 | അഭിമാനി |
| 59 | 142 | അത്യാഗ്രഹം |
| 60,61 | 143,145 | സന്തുഷ്ടി |
| 62 | 148 | കടമകൾ |
| 63,64 | 150,155 | പരിത്യാഗം |
| 65 | 159 | ലുബ്ധന്റെ ധനം |
| 66 | 160 | യഥാർത്ഥ ദാനജ്ഞാനാദികൾ |
| 67 | 166 | ശരിയായ ധനം |
| 68 | 167 | സമനില |
| 69 | 168 | പഠിച്ചത് പ്രയോഗികമാക്കണം |
| 70,71 | 174,177 | സമനില |
| 72,73 | 179,180 | ഈശ്വരപാലനം |
| 74,75,76<br>77,78 | 181,182,184<br>186,187 | ധനം ആപത്ത്. |
| 79,80,81 | 189,190,191 | മഹദ്ബന്ധം |
| 82 | 192 | നാലുതരം മിത്രങ്ങൾ |
| 83 | 197 | യഥാർത്ഥഭാര്യ |
| 84 | 204 | സത്സംഗഗുണം |
| 85 | 211 | യഥാർത്ഥമിത്രം |
| 86 | 212 | ഉള്ളതുകളയരുത്. |


ഹിതോപദേശം സുഹൃദ്ഭേദം


| | | |
|---|---|---|
| 87,88 | 4,8 | ധനപരിചരണം |
| 81,90,91 | 9,11,12 | ധനാഭിവിനിയോഗം |
| 92 | 13 | മനുഷ്യന്റെ കഴിവ് |
| 93 | 15 | തീരുമാനമില്ലായ്ക |
| 94 | 19 | മഹത്വം സ്വതഃസിദ്ധം |
| 95 | 21 | തപസ്സാണ് മെച്ചം |
| 96 | 22 | സ്വാതന്ത്ര്യം |
| 97 | 23 | അത്യാഗ്രഹം അടിമത്തം |

| | | |
|---|---|---|
| 98,99,100 | 25,26,34 | ദാസരുടെ സ്ഥിതി |
| 101,102,103 | 37,39,43 | വിലയുള്ളജീവിതം |
| 104 | 45 | വിവേകികരം |
| 105 | 46 | പ്രവൃത്തിവിലപ്പെട്ടത്. |
| 106 | 47 | സത്കർമ്മം എളുപ്പമല്ല ഉയർച്ചയും താഴ്ചയും |
| 107 | 43 | സ്വകർമ്മമനുസരിച്ച് |
| 103 | 50 | ചേഷ്ടാദികളാൽ ഉള്ളറിയാം |
| 109 | 57 | വീഴുമെന്നുകരുതി നടക്കാതിരിയ്ക്കരുത് |
| 110 | 72 | മാന്യനെ മാനിയ്ക്കാത്തവൻ കുററക്കാരൻ |
| 111 | 75 | വല്ലഭനു പുല്ലുമായുധം |
| 112 | 79 | ബാലനേയും ശ്രവിയ്ക്കണം |
| 113 | 82 | ഭരണാധികാരി പൂജ്യൻ |
| 114 | 83 | ഭൃത്യൻശ്രദ്ധിയ്ക്കണം |
| 115,116 | 93,94 | ധനക്ഷയകാരണം |
| 117 | 105 | ദുഷിച്ചഉദ്യോഗസ്ഥന് ശിക്ഷ |
| 118 | 108 | ഭരണാധിപൻെറ ചുമതല |
| 119 | 111 | അസത്യത്തെ സത്യമായി പ്രദർശിപ്പിയ്ക്കുക |
| 120 | 122 | നല്ലവൻെറ സേവനം |
| 121 | 131 | ഇഷ്ടൻ തെററു ചെയ്താലും |
| 122,128 | 135,136 | ദുർജ്ജനം നന്നാവില്ല |
| 124 | 138 | നല്ലവരുടെ കടമ |
| 125 | 139 | നല്ലവരുടെ ലക്ഷണങ്ങരം |

| | | |
|---|---|---|
| 126 | 141 | വരാപവാദം ശ്രവിയ്ക്കരുത് |
| 127 | 142 | അന്യൻെറ വാക്കുകേട്ട് പ്രവർത്തിയ്ക്കരുത് |
| 128 | 144 | കർത്തവ്യം ഉചിത സമയത്ത് |
| 129 | 148 | സ്വയമറിയുക എളുപ്പമല്ല |
| 130 | 149 | നാശത്തിലേയ്ക്ക് നാലുമാർഗ്ഗങ്ങൾ |

ഹിതോപദേശം വിഗ്രഹം

| | | |
|---|---|---|
| 131 | 31 | കലഹിയ്ക്കരുത് |
| 132 | 32 | കാര്യങ്ങൾ രഹസ്യത്തിൽ |
| 133 | 44 | ആപത്തിൽ ധൈര്യം |
| 134 | 54 | യോഗ്യരെ നിയോഗിയ്ക്കണം |
| 135 | 56 | രസങ്ങളിൽ ഉത്തമം ഉപ്പ് |
| 136 | 61 | വൃദ്ധരില്ലെങ്കിൽ സദസ്സില്ല |
| 137 | 98 | നന്മചെയ്യുന്നവൻ ബന്ധു |
| 138 | 100 | ധനം ദാനത്തിന്ന് |
| 139 | 102 | നാലു ശീലങ്ങൾ |
| 140 | 104 | മുഖസ്തുതിക്കാർ നാശകാരണം |
| 141 | 114 | അറിവില്ലെങ്കിൽ അതുള്ളവനെ സേവിയ്ക്കുക |
| 142 | 118 | ചില നാശകാരണങ്ങൾ |
| 143 | 119 | സാമാന്യബുദ്ധിയില്ലെങ്കിൽ |
| 144 | 122 | വിഭ്രാന്തിയരുത് |
| 145 | 125 | മൂഢൻ മുടിയ്ക്കും |

| | | |
|---|---|---|
| 146 | 141 | നല്ലയജമാനനും നല്ലഭൃത്യനും ദുർലഭം |
| 147 | 143 | പരാർത്ഥം ജീവത്യാഗം |
| 148 | 149 | ധീരയോദ്ധാക്കൾ |
| 149 | 150 | നയതന്ത്രങ്ങൾകൊണ്ട് യുദ്ധം |

ഹിതോപദേശം സന്ധി

| | | |
|---|---|---|
| 150 | 11 | ശത്രുക്കളെ വിശ്വസിക്കരുത് |
| 151 | 12 | നല്ലഭൃത്യനെ പ്രശംസിയ്ക്കണം |
| 152 | 13 | ഗൗനിയ്ക്കാത്തവനെ വെറുതെ വിടുക |
| 153 | 28 | സത്യവാൻ വ്യതിചലിയ്ക്കില്ല |
| 154 | 69 | രാജാക്കന്മാർ എവിടെ? |
| 155 | 70 | എല്ലാം നശ്വരം |
| 156 | 71 | ശരീരം നശ്വരം |
| 157 | 72 | മരണം അടുത്തടുത്തു വരുന്നു |
| 158 | 73 | എല്ലാം മായം |
| 159, 160 | 74,75 | മനുഷ്യസമ്പർക്കം നൈമിഷികം |
| 161 | 76 | മരണം പഞ്ചഭൂത പരിണാമം |
| 162 | 77 | കൂടുതൽ അടുപ്പം കൂടുതൽ ദു:ഖം |
| 163,164 | 78,79 | സ്വശരീരബന്ധംപോലും താത്കാലികം |
| 165 | 81 | ആയുസ്സ് നദീജലം പോലെ |
| 166 | 82 | സന്തോഷാനുസരണം ദു:ഖം |

| | | |
|---|---|---|
| 167 | 86 | ഓരോദിവസവും മരണ ത്തോടടുക്കുന്നു |
| 168 | 88 | ദു:ഖത്തെ വിസ്മരിയ്ക്കുക |
| 169 | 89 | നല്ലവന് വീട് തപോവനം |
| 170 | 91 | സംയമമുള്ളവൻ വിജയിയ്ക്കും |
| 171 | 92 | ആത്മാവ് ഒരു നദി |
| 172 | 93 | ലോകത്തെ ത്യജിയ്ക്കുന്നവനു സുഖം |
| 173 | 100 | കാലം കാത്തിരിക്കയില്ല |
| 174 | 101 | സന്തുഷ്ടിയ്ക്ക് ആറുകാരണങ്ങൾ |
| 175 | 103 | വിവേകവും വീണ്ടുവിചാരവും |
| 176 | 105 | അല്പജ്ഞാനി അപകടക്കാരൻ |
| 177,178 | 107,108 | വഞ്ചിതന് സത്യത്തിൽ പോലും ശങ്ക |
| 179 | 110 | എങ്ങനെ സ്വാധീനിയ്ക്കണം |
| 180 | 133 | ലോകമേ തറവാട് |
| 181,182 | 135,136 | ശരീരത്തിന്നുവേണ്ടി അധർമ്മമോ ? |
| 183 | 137 | സജ്ജനസംസർഗ്ഗം |
| 184 | 138 | സത്യം അശ്വമേധത്തിലും ശ്രേഷ്ഠം |

നീതിശതകം

| | | |
|---|---|---|
| 185 | 5 | ദുഷ്ടനെ പ്രസാദിപ്പിക്കുക വിഷമം |
| 186 | 6 | ദുഷ്ടനെ മാനസാന്തരപ്പെടുത്തുക ശക്യമല്ല. |

| | | |
|---|---|---|
| 187 | 7 | അജ്ഞനു മൗനം ഭൂഷണം |
| 188 | 8 | യഥാർത്ഥജ്ഞാനം വിനയം നല്കുന്നു. |
| 189 | 11 | ദുഷ്ടനു ഔഷധമില്ല |
| 190 | 12 | വിദ്യയില്ലാത്തവൻ മൃഗതുല്ല്യൻ |
| 191 | 13 | ,, ,, ,, |
| 192 | 14 | മൂർഖജന സമ്പർക്കം വർജ്യം |
| 193 | 16 | വിദ്യാ മാഹാത്മ്യം |
| 194 | 19 | മനുഷ്യനു ഭൂഷണം വാണി |
| 195 | 20 | വിദ്യയില്ലാത്തവൻ മൃഗം |
| 196 | 21 | വിദ്യയുണ്ടെങ്കിൽ ധനമെന്തിന്? |
| 197 | 22 | സാമൂഹസുസ്ഥിതിക്കു കാരണങ്ങൾ |
| 198 | 23 | സത്സംസർഗ ഗുണം |
| 199 | 27 | ഉത്തമർ തുടങ്ങിയതു തുടരണം |
| 200 | 29 | സിംഹം-പുല്ലു തിന്നുമോ? |
| 201 | 33 | ഉത്തമർക്കു രണ്ടുഗതി |
| 202 | 38 | നാശകാരണങ്ങൾ |
| 203 | 40 | ധനമില്ലാതായാൽ |
| 204 | 41 | ധനത്തിന്റെ കഴിവ് |
| 205 | 42 | നാനാതര നാശങ്ങൾക്കു കാരണം |
| 206 | 43 | ധനവിനിയോഗം മൂന്നു വിധം |
| 207 | 46 | ജന ഐശ്വര്യം രാജ്യസമ്പത്തു |
| 208 | 53 | ദുഷ്ടനെ വർജിക്കണം |

| | | |
|---|---|---|
| 209 | 64 | നല്ലവരുടെ പ്രവർത്തനരീതികൾ |
| 210 | 65 | മഹത്തുക്കളുടെ ഭൂഷണങ്ങൾ |
| 211 | 66 | മഹത്തുക്കളുടെസ്വഭാവം |
| 212 | 69 | ഈദൃശരെ ആരാണു പുകഴ്ത്താത്തത് |
| 213 | 70 | പരോപകാരി വിനീതൻ |
| 214 | 71 | പരോപകാരം മർത്ത്യഭൂഷണം |
| 215 | 72 | യഥാർത്ഥ മിത്രലക്ഷണം |
| 216 | 73 | നല്ലവർ-പരോപകാരികൾ |
| 217 | 74 | പരോപകാര പദവികൾ |
| 218 | 75 | പാലും ജലവും തമ്മിലുള്ള സൗഹൃദം |
| 219 | 77 | നല്ലവരുടെ ലക്ഷണങ്ങൾ |
| 220 | 78 | ഈദൃശരായവർ ചുരുക്കം |
| 221 | 80 | ധീരന്മാർ നിശ്ചയദാർഢ്യമുള്ളവർ |
| 222 | 81 | ധീരന്മാർ ഒന്നും കാര്യമായി ഗണിക്കാറില്ല |
| 223 | 82 | സത്സ്വഭാവവിശിഷ്ടത |
| 224 | 83 | ധീരന്മാർ സത്പഥത്തിൽനിന്നും മാറുകയില്ല |
| 225 | 84 | വിപത്തിലും ധീരത |
| 226 | 86 | വിപത്തു വന്നുപോകും |
| 227 | 88 | സത്സ്വഭാവഫലം |
| 228 | 89 | ധൈര്യപ്രാപ്തിമാർഗ്ഗം |
| 229 | 93 | പാപി-പാതാളം |

| | | |
|---|---|---|
| 230 | 102 | സുകൃത, വിട്ടുപിരിയുകയില്ല |
| 231 | 105 | ഭവിഷ്യത്തിനെപ്പററി ചിന്തിക്കണം |
| 232 | 1 | മടി മനുഷ്യശത്രു |
| 233 | 15 | സത്തുക്കളിൽ പ്രഥമൻ |
| 234 | 18 | സത്തുക്കളുടെ പതനം ഉയർച്ചക്ക് |
| 235 | 19 | ,, ,, ,, |
| 236 | 21 | സ്വാഭാവിക ഗുണങ്ങൾ |

വൈരാഗ്യശതകം

| | | |
|---|---|---|
| 237 | 2 | സുഭാഷിതം ശ്രവിക്കാനാളില്ല |
| 238 | 9 | അത്യാർത്തിക്കു ശമനമില്ല |
| 239 | 10 | വാർദ്ധക്യത്തിലും മരണഭീതി |
| 240 | 16 | കഷ്ടാരിഷ്ടതകളിലും വിഷയാസക്തി |
| 241 | 19 | ഭോഗാസക്തി എത്ര ശക്തിമത്ത് |
| 242 | 30 | ധനതൃഷ്ണ |
| 243 | 32 | സന്യാസംമാത്രം അപകടരഹിതം |
| 244 | 34 | മരണാധിപത്യം |
| 245 | 35 | എല്ലാം കടന്നുപോകും പരോപകാരം ചെയ്യുക |
| 246 | 36 | എല്ലാം ശൂന്യം യോഗനിഷ്ഠനാവുക |
| 247 | 39 | മരണാസന്നൻ-എങ്കിലും തിന്മ ചെയ്യുന്നു |
| 248 | 44 | മനുഷ്യർക്കു ഭ്രാന്താണൊ? |

| | | |
|---|---|---|
| 249 | 49 | നാം വീഴാറായിനില്ക്കു ന്ന മരത്തിനു തുല്ല്യർ |
| 250 | 50 | ഈ ദൃശ ലോകത്തിൽ സുഖമെവിടെ? |
| 251 | 51 | മനുഷ്യൻ ഒരു നടൻ |
| 252 | 54 | സന്തുഷ്ടി സർവപ്രധാനം |
| 253 | 55 | എനിക്കിതുമതി ധനം വേണ്ട |
| 254 | 62 | ദുരാഗ്രഹങ്ങളിൽ നിന്നും മുക്തനാവുക |
| 255 | 74 | വാർദ്ധക്യകാല വിഷമതകൾ |
| 256 | 76 | ആരോഗ്യമുള്ളപ്പോൾ ആത്മരക്ഷനേടുക |
| 257 | 81 | വനവാസം ഉത്തമം |
| 258 | 97 | സന്യാസിയെ ഒന്നും അലട്ടുന്നില്ല |
| 259 | 101 | ലോകത്തോടു വിടവാങ്ങൽ |
| 260 | 10 | അറിവിന്റെ വിപരീത ഫലങ്ങൾ |
| 261 | 14 | മനുഷ്യരേക്കാൾ ഈശ്വരനെ സേവിക്കുക |
| 262 | 16 | ഈദൃശനു എവിടെയും സുഖം |
| 263 | 22 | സ്നേഹിത, ഇനി എന്തു ഭാഗമാണഭിനയിക്കുക? |
| 264 | 1/44 | പാരമ്പര്യംവെടിയരുതു |
| 265 | 2/38 | സുഖദു:ഖസമഭാവം |
| 266 | 2/47 | നിഷ്ക്കാമകർമ്മം |
| 267 | 2/58 | ഇന്ദ്രിയ നിഗ്രഹം |
| 268 | 2/60 | ഇന്ദ്രിയങ്ങൾ ശല്ല്യക്കാർ |

| | | |
|---|---|---|
| 269 | 2/61 | ഇന്ദ്രിയങ്ങളെ നിയന്ത്രിക്കണം |
| 270 | 2/62 | കാമക്രോധാദികൾ |
| 271 | 2/63 | ബുദ്ധിനാശം |
| 272 | 2/65 | പ്രസന്ന മനസ്സ് |
| 273 | 2/71 | നിർമ്മമത്വം |
| 274 | 3/5 | മനുഷ്യൻ കർമ്മനിരതൻ |
| 275 | 3/6 | മിഥ്യാചാരം |
| 276 | 3/13 | യാഗശിഷ്ട ഭക്ഷണം |
| 277 | 3/19 | പ്രത്യേകാസക്തി അരുത് |
| 278 | 3/21 | ഉത്തമരുടെ പ്രവൃത്തി മാനദണ്ഡം |
| 279 | 3/34 | ഇന്ദ്രിയവിഷയങ്ങൾക്കടിമ ആകരുതു |
| 280 | 4/7 | അവതാരകർമ്മം |
| 281 | 4/8 | ” ” |
| 282 | 4/10 | ഈശ്വരസായൂജ്യം |
| 283 | 4/26 | ഇന്ദ്രിയാർത്ഥ യജ്ഞം |
| 284 | 4/33 | ജ്ഞാനയജ്ഞത്തിന്റെ ശ്രേഷ്ഠത |
| 285 | 4/34 | ജ്ഞാനസമ്പാദന യത്നം |
| 286 | 4/36 | ജ്ഞാനംവഴി പാപമോചനം |
| 287 | 4/40 | സംശയബുദ്ധിക്കു രക്ഷയില്ല |
| 288 | 6/6 | അധമാംശ വിജയം |
| 289 | 6/26 | മനസ്സിനെ ഈശ്വരനിൽ കേന്ദ്രീകരിക്കുക |
| 290 | 6/30 | സദാപി ഈശ്വര ദൃഷ്ടിയിൽ |
| 291 | 6/40 | കല്ല്യാണകൃത്തിനു നാശമില്ല |

| | | |
|---|---|---|
| 292 | 9/29 | ഈശ്വരൻ നമ്മിൽ |
| 293 | 9/30 | പാപി വിശുദ്ധനാകും |
| 294 | 9/31 | ഈശ്വരഭക്തൻ നശിക്കയില്ല |
| 295 | 9/32 | ,, ,, ,, |
| 296 | 9/33 | ഏവരും ഈശ്വരനെ ഭജിക്കട്ടെ |
| 297 | 10/8 | ഈശ്വരനിൽ ജീവിക്കുന്നു |
| 298 | 10/9 | ,, ,, ,, |
| 299 | 10/11 | ഈശ്വരൻ അന്ധകാരത്തെ നീക്കുന്നു |
| 300 | 10/20 | ഈശ്വരൻ ആദ്യവും മധ്യവും അന്ത്യവും |
| 301 | 10/33 | ഈശ്വരൻ സർവപാലകൻ |
| 302 | 10/38 | ഈശ്വരൻ സർവവും |
| 303 | 10/40 | ഈശ്വരന്റെ ഏകദേശരൂപം |
| 304 | 11/8 | ഈശ്വരൻ അദൃശ്യൻ |
| 305 | 11/12 | ഈശ്വരൻ അതുല്യപ്രഭാവവാൻ |
| 306 | 11/18 | അക്ഷയൻ–സംരക്ഷകൻ |
| 307 | 11/20 | സർവവ്യാപി–ത്രൈലോക്യൻ |
| 308 | 11/36 | നല്ലവർ ആനന്ദിക്കുന്നു |
| 309 | 11/40 | അങ്ങേക്കു നമസ്കാരം എല്ലാവശത്തുനിന്നും |
| 310 | 11/43 | ഈശ്വരനെക്കാൾ വലിയവനില്ല |
| 311 | 11/44 | താണു നമിക്കുന്നു ക്ഷമിക്കണെ |
| 312 | 11/55 | എന്റെ ഭക്തൻ എന്നെ പ്രാപിക്കും |

| | | |
|---|---|---|
| 313 | 12/10 | കർമ്മാനുഷ്ഠാനംവഴി സൗഭാഗ്യം |
| 314 | 12/13 | ഈശ്വരനു പ്രിയപ്പെട്ടവൻ |
| 315 | 12/14 | ,, ,, ,, |
| 316 | 12/18 | ,, ,, ,, |
| 317 | 13/13 | ഈശ്വരൻ സർവവ്യാപി |
| 318 | 13/15 | ,, ,, |
| 319 | 13/17 | ഈശ്വരൻ എല്ലാ ഹൃദയങ്ങളിലും |
| 320 | 14/5 | ആത്മശരീരബന്ധം സത്വാദിഗുണത്താൽ |
| 321 | 14/6 | സത്വഗുണം |
| 322 | 14/7 | രജോഗുണം |
| 323 | 14/8 | തമോഗുണം |
| 324 | 14/9 | ത്രിഗുണഫലങ്ങൾ |
| 325 | 15/16 | ആത്മാവ് അനശ്വരം |
| 326 | 16/2 | നല്ലവരുടെ ലക്ഷണങ്ങൾ |
| 327 | 16/3 | ,, ,, ,, |
| 328 | 16/4 | ദുഷ്ടന്റെ ലക്ഷണം |
| 329 | 16/15 | ആത്മവഞ്ചകനു നരകം |
| 330 | 16/16 | ,, ,, ,, |
| 331 | 16/21 | നരകത്തിലേക്കുള്ള വഴികൾ |
| 332 | 16/23 | ഈദൃശനു സുഖം പോലുമില്ല |
| 333 | 16/24 | വേദശാസ്ത്രം പ്രമാണം |
| 334 | 17/8 | സാത്വികരുടെ ഭക്ഷണം |
| 335 | 17/9 | രാജസരുടെ ഭക്ഷണം |
| 336 | 17/11 | സാത്വികബലി |
| 337 | 17/14 | ശാരീരിക തപസ്സ് |
| 338 | 17/15 | വാചിക തപസ്സ് |
| 339 | 17/16 | മാനസിക തപസ്സ് |

| | | |
|---|---|---|
| 340 | 17/20 | സാത്വിക ദാനം |
| 341 | 18/36 | ആനന്ദം മൂന്നുതരം |
| 342 | 18/37 | ,, ,, ,, |
| 343 | 18/38 | രാജസാനന്ദം |
| 344 | 18/39 | താമസികാനന്ദം |
| 345 | 18/45 | കർത്തവ്യനിർവഹണം |
| 346 | 18/46 | സ്വർഗ്ഗപ്രാപ്തിക്കുള്ള മാർഗം |
| 347 | 18/58 | വിപരീതമായി വർത്തിച്ചാൽ നാശം |
| 348 | 18/62 | ഈശ്വരനിൽ ശരണം തേടുക |
| 349 | 18/65 | ആത്മസമർപ്പണം |
| 350 | 18/66 | പാപമോചനം |
| 351 | 18/68 | എന്റെ ഭക്തൻ എന്നെ പ്രാപിക്കും |
| 352 | 18/67 | എന്നെ സ്നേഹിക്കുന്നവനെ ഞാനും |
| | കുമാരസംഭവം | |
| 353 | 5/5 | ദൃഢനിശ്ചയത്തെ ആരു മാററും |
| 354 | 5/16 | സത്തുക്കളിൽ പ്രായപരിഗണനയില്ല |
| 355 | 5/33 | ശരീരം ധർമ്മസാധനം |
| 356 | 5/36 | സൗന്ദര്യം പാപകാരണമല്ല |
| 357 | 5/39 | സത്സംഗതം സാപ്തപദീനം |
| 358 | 5/45 | രത്നം ആരേയും അന്വേഷിക്കാറില്ല |
| 359 | 5/75 | വിഡ്ഢികളെ കുററം പറയു |
| 360 | 5/82 | സ്നേഹമുള്ളിടത്തു കുററമില്ല |

| | | |
|---|---|---|
| 361 | 5[83 | കുററം കേൾക്കുന്നതും തെററാണ് |
| 362 | 5/36 | കാര്യസിദ്ധിയിൽ ക്ലേശമുന്മേഷകാരണം |
| 363 | 6/18 | ഏററവും ഭാഗ്യവാൻ |
| 364 | 6/20 | പ്രശംസ ആത്മവിശ്വാസമുളവാക്കും |
| 365 | 6/55 | സപ്തർഷി സന്ദർശന ഭാഗ്യം |
| 366 | 6/56 | ഇതൊരു തീർത്ഥമായി |
| 367 | 6/62 | പ്രവർത്തിപ്പിക്കുക ഭൃത്യനാനന്ദം |
| 368 | 6/80 | അവളെ അമ്മയെന്നു വിളിക്കും |
| 369 | 7/93 | കാലവും നേരവും നോക്കി സംസാരിക്കണം |

മണിമാലിക

| | | |
|---|---|---|
| 370 | 1/1 | സുഭാഷിതം |
| 371 | 1/3 | ,, |
| 372 | 1/4 | ,, ,, |
| 373 | 1/9 | വിദ്യ |
| 374 | 1/11 | ,, |
| 375 | 1/13 | ,, |
| 376 | 1/18 | നല്ലവർ |
| 377 | 1/20 | ,, |
| 378 | 1/22 | ,, |
| 379 | 1/23 | ദുർജ്ജനം |
| 380 | 1/24 | ,, |
| 381 | 2/1 | സാധുക്കളുടെദയനീയത |
| 382 | 2/4 | കർത്തവ്യബോധം |
| 333 | 2/5 | ,, ,, |
| 384 | 2/6 | ,, ,, |
| 385 | 2/14 | ,, ,, |

| | | |
|---|---|---|
| 386 | 2/18 | പുത്രനോടുള്ള ചുമതല |
| 387 | 2/20 | സ്ത്രീ വശീകരണ ശക്തി |
| 388 | 2/21 | ,, ,, |
| 389 | 2/22 | ,, ,, |
| 390 | 2/25 | ധനവും വിദ്യയും |
| 391 | 2/27 | സ്വസ്ഥാനം വിടരുത്. |
| 392 | 3/5 | മനസ്സിന്റെ ഒരുക്കം |
| 393 | 3/7 | ദുരാസക്തി അപകടകരം |
| 394 | 3/10 | അല്പനുമുണ്ട് കഴിവ് |
| 395 | 2/12 | ഈശ്വരശക്തി |
| 396 | 3/14 | ദുർജ്ജന സജ്ജന സ്വഭാവം |
| 397 | 3/18 | കാവ്യാസ്വാദനം |
| 398 | 3/25 | ധനസ്വാധീനം |
| 399 | 3/30 | ദുർജനത്തെ വിദ്യ നന്നാക്കുന്നില്ല |
| 400 | 4/6 | മുറിവൈദ്യൻ |
| 401 | 4/10 | നല്ലവർക്കു മാററമില്ല |
| 402 | 4/11 | ,, ,, |
| 403 | 4/13 | ഉപദേശം എളുപ്പം |
| 404 | 4/15 | നല്ലവരുടെ സ്വഭാവം |
| 405 | 4/16 | യഥാർത്ഥ ഉപകാരി |
| 406 | 4/17 | ഉത്തമരുടെ ലക്ഷണം |
| 407 | 4/19 | സജ്ജന സ്വഭാവം |
| 408 | 4/22 | ,, ,, |
| 409 | 4/27 | ദുർജന സ്വഭാവം |
| 410 | 4/28 | ,, ,, |
| 411 | 4/30 | ചൂടുവെള്ളത്തിൽ കൈമുക്കിയ കുട്ടി |
| 412 | 5/1 | ദുഷ്ടതയുടെ സ്വാധീനം |
| 413 | 5/3 | ,, ,, ,, |

| | | |
|---|---|---|
| 414 | 5/6 | ധനത്തിന്റെ ക്ഷണികത |
| 415 | 5/17 | ധനത്തിന്റെ സ്വാധീനം |
| 416 | 5/20 | ധനത്തിന്റെ വശീകരണശക്തി |
| 417 | 5/24 | ധനസ്വാധീനം |
| 418 | 5/26 | സമ്പന്നർ ക്ലേശമറിയുന്നില്ല |
| 419 | 5/28 | ധനത്തിന്റെ സ്വാധീനം |
| 420 | 5/30 | ധനവിനിയോഗം ഇന്ദ്രിയനിഗ്രഹം |
| 421 | 6/3 | ധനവിനിയോഗം |
| 422 | 6/4 | ദാനമാഹാത്മ്യം |
| 423 | 6/6 | ,, ,, |
| 424 | 6/8 | ,, ,, |
| 425 | 6/9 | ,, ,, |
| 426 | 6/11 | കോപഫലം |
| 427 | 6/13 | ലുബ്ധുവഴിയുള്ള വിപത്ത് |
| 428 | 6/15 | ദാനശീലർ ദുർല്ലഭം |
| 429 | 6/16 | ദാതാവ് വലിയ ലുബ്ധൻ |
| 430 | 6/17 | ലുബ്ധൻ ഏററവും വലിയ ധാരാളി |
| 431 | 6/21 | ധനത്തിന്റെ ശരിയായ വിനിയോഗം |
| 432 | 6/25 | ധനാശ വാർദ്ധക്യത്തിലും |
| 433 | 6/27 | തിന്നേണ്ടസമയത്തു വാപ്പുണ്ണ് |
| 434 | 7/2 | സർവതും പരോപകാരത്തിന് |
| 435 | 7/3 | ,, ,, ,, |

| | | |
|---|---|---|
| 436 | 7/5 | പരോപകാരം അതിശ്രേഷ്ഠം |
| 437 | 7/8 | തൃപ്തർക്ക് ഭാഗ്യം |
| 438 | 7/12 | വാർദ്ധക്യത്തിലും അത്യാശ |
| 439 | 7/13 | ആശ ഒരു ചങ്ങല |
| 440 | 7/14 | ആശയെ അടിമപ്പെടുത്തുക |
| 441 | 7/15 | ആശ എന്നും നില നില്ക്കുന്നു |
| 442 | 7/16 | ,, ,, ,, |
| 443 | 7/21 | ശാന്തരായതുമൂലം കാഠിന്യമരുതു |
| 444 | 7/22 | സജ്ജനസമ്പർക്കം |
| 445 | 7/26 | നല്ലവർക്കു ബന്ധനം |
| 446 | 7/28 | പരിശ്രമശീലം |
| 447 | 7/29 | പരിശ്രമശീലനെ ദൈവം സഹായിക്കും |
| 448 | 7/31 | താൻ പാതി ദൈവം പാതി |
| 449 | 8/9 | ക്ഷമ |
| 450 | 8/10 | ക്ഷമ |
| 451 | 8/11 | ,, |
| 452 | 8/16 | സ്വഭാവഗുണം |
| 453 | 8/18 | മൗനം |
| 454 | 8/21 | സത്സംസർഗം |
| 455 | 8/22 | ,, |
| 456 | 8/24 | ,, |
| 457 | 8/27 | ദുർജ്ജനസംസർഗ്ഗം |
| 458 | 8/31 | മിത്രം |
| 459 | 9/1 | ഉത്തമഗൃഹസ്ഥൻ |
| 460 | 9/1 | സത്പുത്രൻ |
| 461 | 9/16 | ,, ,, |
| 462 | 9/24 | ദുഷ്ടപുത്രൻ |

| | | |
|---|---|---|
| 463 | 9/28 | ഈശ്വരപാലനം |
| 464 | 9/30 | നല്ലവർക്ക് ചീത്ത അനുഭവം |
| 465 | 10/1 | ഈശ്വരേച്ഛ |
| 466 | 10/6 | ,, ,, |
| 467 | 10/16 | ,, ,, |
| 468 | 10/24 | ,, ,, |
| 469 | 10/26 | കർമ്മഫലം |
| 470 | 11/8 | വാർദ്ധക്യം |
| 471 | 11/10 | ,, |
| 472 | 11/11 | ,, |
| 473 | 11/12 | ,, |
| 474 | 11/14 | ,, |
| 475 | 11/17 | പരഗൃഹഗമനം |
| 476 | 11/10 | കീർത്തിമാൻ ജീവിയ്ക്കുന്നു |
| 477 | 11/22 | നിർദയൻ ജീവിയ്ക്കുന്നില്ല |
| 478 | 11/25 | ദേവസ്വം വലിയ വിഷം |
| 479 | 11/26 | പാപവും കടവും നാശഹേതുക്കൾ |
| 490 | 11/27 | ബുദ്ധി വികാസ ഹേതുക്കൾ |
| 481 | 11/23 | ,, ,, |
| 482 | 12/1 | കലികാലവൈഭവം |
| 483 | 12/3 | ,, ,, |
| 484 | 12/4 | ,, ,, |
| 485 | 12/5 | ,, ,, |
| 486 | 12/6 | മദ്യം ഒരുതരം സന്നിപാതം |
| 487 | 12/7 | മദ്യപാനികൾ ശിശുതുല്യർ |
| 483 | 12/13 | അഗ്നിയും രാജകോപവും |

| | | |
|---|---|---|
| 489 | 12/24 | പ്രിയംപറയുന്നവനും പത്ഥ്യംപറയുന്നവനും |
| 490 | 12/25 | രാജധർമ്മം |
| 491 | 12/26 | നിത്യവും ആത്മപരിശോധന നടത്തണം |
| 492 | 12/29 | നിഷ്ഫല പ്രയത്നം |
| 493 | 12/30 | വെളിപ്പെടുത്തരുതാത്ത കാര്യങ്ങൾ |
| 494 | 12/32 | തങ്ങാൻ കൊള്ളാത്ത സ്ഥലങ്ങൾ |

## ക്രിസ്തുഭാഗവതം

| | | |
|---|---|---|
| 495 | 17/2 | ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ |
| 496 | 17/3 | സൗമ്യരും ധീരരും ഭാഗ്യവാന്മാർ |
| 497 | 17/4 | കരുണയും ഹൃദയശുദ്ധിയുമുള്ളവർ ഭാഗ്യവാന്മാർ |
| 408 | 17/5 | പീഡിതർ ഭാഗ്യവാന്മാർ |
| 499 | 17/6 | ദുഃഖത്തിൽ സന്തോഷിയ്ക്കുക |
| 500 | 17/7 | നിങ്ങൾ ഭൂമിയുടെ ഉപ്പാണ് |
| 501 | 17/19 | മാനസികവ്യഭിചാരം |
| 502 | 17/20 | പാപഹേതുവായ അവയവം ഉപേക്ഷിയ്ക്കുക |
| 503 | 17/33 | ശത്രുക്കളെ സ്നേഹിയ്ക്കുക |
| 504 | 17/35 | ,, ,, |
| 505 | 17/36 | ,, ,, |
| 506 | 17/37 | പൂർണ്ണത നേടാൻ ശ്രമിയ്ക്കുക |

| | | |
|---|---|---|
| 507 | 17/40 | ദാനം പ്രകടനമാകരുത് |
| 508 | 17/48 | അന്യരോട് പൊറുക്കുക |
| 509 | 17/52 | മനസ്സ് സ്വന്തം സമ്പത്തുള്ളേടത്ത് |
| 510 | 18/4 | ഒരേസമയം രണ്ടാളെ സേവിയ്ക്കാനാവില്ല |
| 511 | 18/5 | ദൈവത്തേയും സമ്പത്തും ഒരുമിച്ച് സേവിയ്ക്കാനാവില്ല |
| 512 | 18/6 | ജീവിതവൃത്തിയിൽ ഉത്ക്കണ്ഠപ്പെടരുത് |
| 513 | 18/7 | ജീവൻ ഭക്ഷണത്തേക്കാൾ ശ്രേഷ്ഠം |
| 514 | 18/8 | സമ്പത്ത് ശേഖരിയ്ക്കരുത് |
| 515 | 18/6 | വിധിയ്ക്കുന്നവൻ വിധിയ്ക്കപ്പെടും |
| 516 | 18/17 | പരദോഷം വലുതായി കാണരുത് |
| 517 | 18/20 | ചോദിച്ചാൽ കിട്ടും |
| 518 | 18/21 | മുട്ടുവിൻ തുറന്നുകിട്ടും |
| 519 | 18/24 | അന്യരോട് ആത്മതുല്യം പെരുമാറുക |
| 520 | 18/26 | നാശദ്വാരം വിസ്തൃതമാണ് |
| 521 | 18/31 | നന്മയ്ക്കു നന്മ; തിന്മയ്ക്കു തിന്മ |
| 522 | 18/32 | ,, ,, |
| 523 | 26/65 | ജനനന്മ ഈശ്വരാർപ്പണം |
| 524 | 27/23 | പരസ്പരം മാനിയ്ക്കുക |

| | | |
|---|---|---|
| 525 | 27/24 | യജമാനനേക്കാൾ വലിയവനല്ല ഭൃത്യൻ |
| 526 | 27/38 | സഹോദരസ്നേഹത്തോടെ വർത്തിയ്ക്കുക |
| 527 | 27/39 | പരസ്പരം സ്നേഹിച്ചാലേ എന്റെ ശിഷ്യരാകൂ |
| 528 | 27/54 | സ്വജീവാർപ്പണം ഏററവും വലിയ സ്നേഹം |
| 529 | 31/30 | അജ്ഞരോടു പൊറുക്കണേ |
| | മേഘസന്ദേശം | |
| 530 | 2/38 | ആദ്യം ചോദിയ്ക്കേണ്ടതു കുശലം |
| | കുമാരസംഭവം | |
| 531 | 2/9 | ഈശ്വരന്റെ വിഭുത്വം |
| 532 | 7/44 | ത്രിമൂർത്തികളിൽ മൂപ്പിളമയില്ല |
| 533 | 3 | ഈശ്വരനും പ്രപഞ്ചവും |
| 534 | 7 | ഈശ്വരൻ ഏകൻ |
| 535 | 12 | ദൈവം നാമരൂപവിഹീനൻ |
| 536 | 14 | ദൈവം സൃഷ്ടിസ്ഥിതിലയഹേതു |
| 537 | 15 | ഈശ്വരൻ വിധികർത്താവ് |
| 538 | 16 | ദൈവം സ്വയംഭൂ |
| 539 | 17 | ഈശ്വരൻ കാലത്രയാതിവർത്തി |
| 540 | 20 | ഈശ്വരൻ ഗുണാതീതൻ |
| 541 | 21 | ഈശ്വരൻ പരിപൂർണ്ണൻ |

| | | |
|---|---|---|
| 542 | 23 | ഈശ്വര മഹത്ത്വം |
| 543 | 28 | ,, ,, |
| 544 | 35 | ആത്മാവ് സർവ്വോന്നതം |
| 545 | 36 | ജീവാത്മാവ് സ്വതന്ത്രം |
| 546 | 38 | സുഖദുഃഖങ്ങൾ |
| 547 | 41 | ദൈവത്തിന്നു സ്തുതി |
| 548 | 4 | കാര്യകാരണബന്ധം |
| 549 | 5 | കാര്യകാരണഭേദം |
| 550 | 13 | ഈശ്വര മഹത്ത്വം |


10015

ACHARYA PALACKAL JEEVASSKENDRAM
LIBRARY
ALUVA

# സുഭാഷിതസുധാ

ഫാ. ജെ. മാഴ്സൽ

ചിന്തോദീപകങ്ങളും സരസങ്ങളുമായ ആപ്തവാക്യങ്ങൾ മനുഷ്യമനസ്സിനെ ചലിപ്പിക്കുന്നു; പ്രവർത്തനനിരതമാക്കുന്നു. ഇവ പദ്യത്തിലാവുമ്പോൾ സമാകർഷകതയും പ്രേരകശക്തിയും വർദ്ധിക്കുന്നു. പ്രസിദ്ധങ്ങളും പ്രാക്തനങ്ങളുമായ സംസ്കൃതഗ്രന്ഥങ്ങളിൽനിന്നു തിരഞ്ഞെടുത്ത അഞ്ഞൂറിലധികം ശ്ലോകങ്ങളുടെ സമാഹാരമാണ് ഈ സുഭാഷിതസുധാ. മനുഷ്യസമൂഹത്തെ സ്ഥായിയായി സ്പർശിക്കുന്ന എല്ലാ വിശിഷ്ടാശയങ്ങൾക്കും ഇതിൽ സ്ഥാനമുണ്ട്. പ്രായമോ രുചിഭേദമോ ഇവയുടെ ആസ്വാദനത്തിനു് വിഘാതമാകയില്ല. ശ്ലോകങ്ങളോടൊപ്പം അവയുടെ അർത്ഥവും നല്കിയിരിക്കുന്നതു് വളരെ സമീചീനമായിട്ടുണ്ട്. ദീർഘകാലം സംസ്കൃതാധ്യാപകനായിരുന്ന ഫാ. മാഴ്സൽ തന്റെ ഉള്ളിൽത്തട്ടിയ സുന്ദരങ്ങളായ ഈ സുഭാഷിതങ്ങൾ ഇങ്ങനെ കോർത്തിണക്കിയതു നിരന്തരാധ്വാനത്തിന്റെ ഫലമായാണ്. ആ ഫലമനുഭവിച്ച് നമുക്കു സമ്പന്നരാകാം.

വില 7.00

ജനത ബുക്ക്സ്റ്റാൾ
തേവര – എറണാകുളം – ആലുവാ